ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

പാലരുവി

വഴിയോരവിശ്രമ കേന്ദ്രം

അമ്പനാട് തേയില തോട്ടം

വികസന റിപ്പോർട്ട് 1996



അധികാരം ജനങ്ങളിലേയ്ക്ക്



രാഷ്ട്രപിതാവ്

"ഒരുപിടി ആളുകൾക്ക് അധികാരം കൈയാളാൻ അവസരം ലഭിക്കുമ്പോഴല്ല, മറിച്ച് ആ അധികാരം തെറ്റായി ഉപയോഗിക്കുന്നതിനെ നേരിടാൻ ജനങ്ങൾ ശക്തി സംഭരിക്കുമ്പോഴാണ് യഥാർത്ഥ സ്വരാജ്യം കരഗതമാകുന്നത്"

ഗാന്ധിജി

ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട്

പകർപ്പാവകാശം
ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് ഭരണ സമിതി.

പ്രസിദ്ധീകരണം
ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

വിതരണം
സെക്രട്ടറി
ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്, കഴുതുരുട്ടി
ഫോൺ: 344 533 (0475)

ഫോട്ടോസ്: **നീനു സ്റ്റുഡിയോ, കഴുതുരുട്ടി**

ഡി. റ്റി. പി. ടൈപ്പ്സെറ്റിംഗ്
ഹൈടെക്ക് കമ്പ്യൂട്ടേഴ്സ്
പുനലൂർ

കമ്പ്യൂട്ടർ ലേ ഔട്ട്
അനിൽ, ഹൈടെക്ക്

അച്ചടി
ജെറ്റ് ലൈൻ 0475 – 335637, 335837, 335767

കോപ്പികൾ: 500

ഉള്ളടക്കം

എ. പൊതുവിവരങ്ങൾ

ബി. ആമുഖം

സി. ചരിത്രപശ്ചാതലം

ഡി. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.

ഇ. സാമൂഹിക സാമ്പത്തിക മേഖലകൾ.

1. കൃഷി ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനം.
3. വ്യവസായം.
4. വിദ്യാഭ്യാസം.
5. കുടിവെള്ളം, പൊതുജനാരോഗ്യം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടം, സാമൂഹ്യക്ഷേമം.
8. സംസ്കാരം
9. വനിത
10. സഹകരണം.
11. പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം
12. വിഭവസമാഹരണം
13. ടൂറിസം
14. വനം

എഫ് ഉപസംഹാരം

INDIA – OUTLINE

Scale 1:17,000,000 1cm = 170 kms
Lambert Conical Orthomorphic Projection


ഭൂപടം കേരളം
SCALE
0 15 30 45 60Km
KASARAGOD
KANNUR
KOZHIKODE
WAYANAD
MALAPPURAM
PALAKKAD
THRISSUR
ERNAKULAM
IDUKKI
KOTTAYAM
ALAPPUZHA
PATHANAMTHITTA
KOLLAM
THIRUVANANTHAPURAM
KARNATAKA
TAMILNADU
LAKSHADWEEP SEA
REFERENCE
STATE BOUNDARY
DISTRICT BOUNDARY
IMPORTANT ROAD
RAILWAY
STATE HQ.
IMPORTANT PLACES
DISTRICT HQ.

ഭൂപടം. കൊല്ലംജില്ല

പഞ്ചായത്തുകൾ

Source : PRM Programme. CESS

ചിത്രം 1

ARYANCAVU GRAMA PANCHAYAT

ADMINISTRATIVE INDEX MAP 1996



1. Panchayth Office
2. Q. S. Road
3. Q. S. Railway Line
4. Kalthuruthy River
5. Edappalyam Railway Stn.
6. K. T. D. C. Motel
7. Palaruvi Falls
8. Aryancavu Railway Stn.
9. Aryancavu Temple
10. Achenkovil Temple
11. Achenkovil I. B
12. Achankovil G. H. S.
13. St. Mary's H.S
14. T. C. N. M. H. S
15. Aryancavu L. P .S
16.. St. Mary's U. P. S
17. Edappalyam L. P. S
18. Venture L. P. S
19. Ambanadu L. P. S
20. Isfield Factory
21. Ambanadu Factory
22. Venture Estate
23. V. V. M. S
24. P. H. C. Kalthuruthy
25. P. O. Kalthuruthy
26. R. O. Jn. Aryancavu
27. II nd Division
28. Gap Division
29. Top Anachady
30. Thakarapura
31. Karuppuswamy Temple

കേരളം ഒറ്റ നോട്ടത്തിൽ

വിസ്തീർണ്ണം	38,863 ച. കി. മീ.
തീരദേശ ദൈർഘ്യം	580 കി മീ.
നദികൾ	44
ജില്ലകൾ	14
താലൂക്കുകൾ	63
റവന്യൂ വില്ലേജ്	1452
സിറ്റി കോർപ്പറേഷൻ	3
നഗരസഭകൾ	54
കന്റോൺമെന്റ്	1
ജനസംഖ്യ (1991 സെൻസസ്)	2,90,98,518
സ്ത്രീകൾ	1,48,09,523
പുരുഷന്മാർ	1,42,88,995
ഗ്രാമീണ ജനത	2,14,18,224
നഗര ജനത	76,80,294
ജനസാന്ദ്രത (ച. കി. മീ.)	749
സ്ത്രീ—പുരുഷ അനുപാതം	1036 : 1000
സാക്ഷരത	89.81%
പുരുഷന്മാർ	93.62%
സ്ത്രീകൾ	86.17%
കൂടുതൽ ജനസംഖ്യയുള്ള ജില്ല	മലപ്പുറം (30,96,330)
കുറഞ്ഞ ജനസംഖ്യയുള്ള ജില്ല	വയനാട് (6,72,128)
നിയമസഭാമണ്ഡലങ്ങൾ	140
നോമിനേറ്റഡ് മെമ്പർ	1
സംവരണ നിയോജക മണ്ഡലം (പട്ടിക ജാതി)	13
സംവരണ നിയോജക മണ്ഡലം (പട്ടിക വർഗ്ഗം)	1
ലോകസഭാമണ്ഡലങ്ങൾ	20
സംവരണ മണ്ഡലം	2
രാജ്യസഭാംഗങ്ങൾ	9
വിസ്തീർണ്ണം കൂടിയ ഗ്രാമ പഞ്ചായത്ത്	കുമിളി (ഇടുക്കി)
വിസ്തീർണ്ണം കുറഞ്ഞ ഗ്രാമപഞ്ചായത്ത്	വളപട്ടണം (കണ്ണൂർ)
ജനസംഖ്യകൂടിയ ഗ്രാമപഞ്ചായത്ത്	മൂന്നാർ (78343) ഇടുക്കി
ജനസംഖ്യ കുറഞ്ഞ ഗ്രാമപഞ്ചായത്ത്	വട്ടവട (4589) ഇടുക്കി
ഔദ്യോഗിക മൃഗം	ആന
,, പക്ഷി	വേഴാമ്പൽ
,, വൃക്ഷം	തെങ്ങ്
,, പുഷ്പം	കണിക്കൊന്ന
നീളം കൂടിയ നദി	ഭാരതപ്പുഴ (251.1 കി.മീ.)
ഉയരംകൂടിയ കൊടുമുടി	ആനമുടി (2652.3 മീ.)

ത്രിതല പഞ്ചായത്തുകൾ

ഗ്രാമ പഞ്ചായത്തുകൾ	**991**
സ്പെഷ്യൽ ഗ്രേഡ്	340
ഒന്നാം ഗ്രേഡ്	435
രണ്ടാം ഗ്രേഡ്	206
മൂന്നാം ഗ്രേഡ്	10
ആകെ നിയോജകമണ്ഡലങ്ങൾ	10734
വനിതാ സംവരണം	3883
പട്ടികജാതി സംവരണം	1257
പട്ടികജാതി വനിതാ സംവരണം	275
പട്ടികവർഗ്ഗ സംവരണം	136
പട്ടികവർഗ്ഗ വനിതാ സംവരണം	40
ബ്ലോക്ക് പഞ്ചായത്തുകൾ	**152**
ആകെ നിയോജകമണ്ഡലങ്ങൾ	1545
വനിതാ സംവരണം	563
പട്ടികജാതി സംവരണം	179
പട്ടികജാതി വനിതാ സംവരണം	32
പട്ടികവർഗ്ഗ സംവരണം	17
പട്ടികവർഗ്ഗ വനിതാ സംവരണം	4
ജില്ലാപഞ്ചായത്തുകൾ	**14**
ആകെ നിയോജകമണ്ഡലങ്ങൾ	300
വനിതാ സംവരണം	104
പട്ടികജാതി സംവരണം	30
പട്ടികജാതി വനിതാ സംവരണം	12
പട്ടികവർഗ്ഗ സംവരണം	4
പട്ടികവർഗ്ഗ വനിതാ സംവരണം	1

നഗര സഭകൾ

മുനിസിപ്പാലിറ്റികൾ	—	***54***
ആകെ വാർഡുകൾ	—	1432
വനിതാസംവരണം	—	493
പട്ടികജാതി സംവരണം	—	111
പട്ടികവർഗ്ഗ സംവരണം	—	2
പട്ടികജാതി വനിതാസംവരണം	—	2
പട്ടികവർഗ്ഗ വനിതാസംവരണം	—	1
കോർപ്പറേഷനുകൾ	—	***3***
ആകെ വാർഡുകൾ	—	150
വനിതാസംവരണം	—	51
പട്ടിക ജാതിസംവരണം	—	8
പട്ടികജാതി വനിതാ സംവരണം	—	4

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	ആര്യങ്കാവ്, തെന്മല
ബ്ലോക്ക് പഞ്ചായത്ത്	:	അഞ്ചൽ
ജില്ലാ പഞ്ചായത്ത്	:	കൊല്ലം
താലൂക്ക്	:	പത്തനാപുരം
അസംബ്ലി നിയോജക മണ്ഡലം	:	പത്തനാപുരം
പാർലമെന്റ് നിയോജക മണ്ഡലം	:	അടൂർ
വിസ്തീർണ്ണം	:	196.84 ച: കി: മി
അതിരുകൾ	:	വടക്ക്-പത്തനംതിട്ട ജില്ല-വനം തെക്ക്-കുളത്തൂപ്പുഴ പഞ്ചായത്ത് കിഴക്ക്-തമിഴ്നാട് ബോർഡർ പടിഞ്ഞാറ്-തെന്മല, പിറവന്തൂർപഞ്ചായത്തുകൾ.
ജനസംഖ്യ (1991 സെൻസസ്)	:	15,585
പുരുഷന്മാർ	:	7903
സ്ത്രീകൾ	:	7682
പട്ടികജാതി ജനസംഖ്യ	:	3904
പട്ടികവർഗ്ഗ ജനസംഖ്യ	:	530
സാക്ഷരർ	:	11148
വാർഡുകൾ	:	9
സംവരണ വാർഡുകൾ	:	4
വനിതാ സംവരണം	:	2
പട്ടിക ജാതി സംവരണം	:	1
പട്ടികജാതി വനിതാ സംവരണം	:	1
പ്രസിഡന്റ്	:	കെ. കെ. രാധ
വൈസ്. പ്രസിഡന്റ്	:	പി. ഒ. യോഹന്നാൻ
സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻ	:	മാമ്പഴത്തറ സലിം
സെക്രട്ടറി	:	ജെ. രാജേന്ദ്രകുമാർ
ഗ്രാമപഞ്ചായത്ത് ജീവനക്കാർ	:	10

ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് വാർഡുകളിലൂടെ

വാർഡ് നമ്പർ	വാർഡിന്റെ പേര്	വാർഡ്മെമ്പർ	വാർഡിന്റെ സ്വഭാവം	ജനസംഖ്യ 1991 കാനേഷുമാരി
1	നെടുമ്പാറ	പി. മാരിയപ്പൻ	ജനറൽ	1140
2	പൂത്തോട്ടം	പി. ഒ. യോഹന്നാൻ (വൈസ്. പ്രസിഡന്റ്)	ജനറൽ	1140
3	വെഞ്ചർ	പി. എം. ബാലയ്യ	പട്ടികജാതി സംവരണം	1203
4	ഫ്ളോറൻസ്	എച്ച്. അബ്ദുൽ ഖാദർ	ജനറൽ	1381
5	അമ്പനാട് (കിഴക്ക്)	കനകമ്മാൾ ഡേവിഡ്	വനിതാ സംവരണം	1418
6	അമ്പനാട് (പടിഞ്ഞാറ്)	കെ. കെ. രാധ (പ്രസിഡന്റ്)	പട്ടികജാതി വനിതാ സംവരണം	1021
7	അച്ചൻകോവിൽ	അച്ചൻകോവിൽ അജിത്കുമാർ	ജനറൽ	2575
8	കഴുതുരുട്ടി	മാമ്പഴത്തറ സലിം (സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ)	ജനറൽ	2207
9	ആര്യങ്കാവ്	എൽസി തോമസ്	വനിതാ സംവരണം	3492

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റുമാർ

1. ടി. സി. നരിയാരത്ത്
(1968–73)
2. പി. എം. ബാലയ്യ
(1973–79)
3. പി. എസ്. ചെറിയാൻ
(1979–84)
4. അഡ്മിനിസ്ട്രേറ്റർ ഭരണം
(1984–88)
5. പി. ഒ. യോഹന്നാൻ
(1988–95)

കെ. കെ. രാധ
പ്രസിഡന്റ്



മാമ്പഴത്തറ സലീം
സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ

പി. ഒ. യോഹന്നാൻ
വൈസ് പ്രസിഡന്റ്



ജെ. രാജേന്ദ്രകുമാർ
സെക്രട്ടറി

പി. മാരിയപ്പൻ
പഞ്ചയാത്ത് മെംമ്പർ

പി. എം. ബാലയ്യ
പഞ്ചയാത്ത് മെംമ്പർ

എച്ച്. അബ്ദുൽഖാദർ
പഞ്ചയാത്ത് മെംമ്പർ

കനകമ്മാൾ ഡേവിഡ്
പഞ്ചയാത്ത് മെംമ്പർ



അച്ചൻകോവിൽ അജിത്കുമാർ
പഞ്ചയാത്ത് മെംമ്പർ

എൽസി തോമസ്
പഞ്ചയാത്ത് മെംമ്പർ

വത്സലാ സോമരാജൻ
ജില്ലാപഞ്ചായത്ത് പ്രതിനിധി

കുമാരി. ബി. സബീന
ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധി

ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് ജീവനക്കാർ

സെക്രട്ടറി	:		ജെ. രാജേന്ദ്രകുമാർ
ഹെഡ് ക്ലാർക്ക്	:		വിജയൻപിള്ള
യു. ഡി. ക്ലാർക്ക്	:	1	രവീന്ദ്രൻപിള്ള. ആർ.
		2	ശശിധരൻ. എം.
എൽ. ഡി. ക്ലാർക്ക്	:	1	എം. അരവിന്ദകുറുപ്പ്
		2	കെ. കലാകുമാർ
		3	വേക്കന്റ്
പ്യൂൺ	:		കെ. വിദ്യാസാഗരൻ
പാർട്ട് ടൈം സീപ്പേഴ്സ്	:	1	വേക്കന്റ്
		2	വേക്കന്റ്
		3	വേക്കന്റ്

ആമുഖം

സ്വതന്ത്ര ഭാരതം 9-ാം പഞ്ചവത്സര പദ്ധതിയിലേക്ക് കടക്കുകയാണ്. കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. വികേന്ദ്രീകൃത ഭരണ സമ്പ്രദായത്തോടു കൂടിയ ത്രിതല പഞ്ചായത്തു സംവിധാനത്തിൽ ഗ്രാമതലത്തിലുള്ള വികസന ആസൂത്രണത്തിന്റെ പ്രസക്തി എടുത്തു പറയേണ്ടതില്ലല്ലോ. ആസൂത്രണ പ്രക്രിയയിൽ ജനങ്ങളെ പങ്കാളികളാക്കിക്കൊണ്ടുള്ള മാതൃകകൾ നിലവിലില്ല. സംസ്ഥാന ആസൂത്രണ ബോർഡ് രൂപകല്പന ചെയ്ത ജനകീയാസൂത്രണ പദ്ധതിയുടെ സന്ദേശം വിവിധ സംസ്ഥാനങ്ങളുടെ ശ്രദ്ധയാകർഷിച്ചു. കക്ഷി രാഷ്ട്രീയത്തിനതീതമായി നാടിന്റെ വികസന പ്രശ്നങ്ങളിൽ പരസ്പരം കൈകോർക്കുന്ന ഒരു പുത്തൻ രാഷ്ട്രീയ സംസ്കാരം രൂപപ്പെടുത്തുവാൻ ജനകീയാസൂത്രണ പരിപാടിയുടെ പ്രാരംഭ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

ഈ പരിപാടിയുടെ ഭാഗമായി ജില്ലാ റിസോഴ്സ് പേഴ്സൺ മാരുടെ ഒന്നാം ഘട്ട പരിശീലനം 1996 സെപ്തംബർ 8, 9, 10 തീയതികളിൽ പുനലൂരിൽ നടന്നു. പഞ്ചായത്തു പ്രദേശത്തുനിന്ന് 4 പേരെയാണ് പരിശീലനത്തിനയച്ചത്. 21,-09-96 ൽ പഞ്ചായത്തു തലത്തിലുള്ള റിസോഴ്സ് പേഴ്സൺ മാർക്ക് ഏകദിന പരിശീലനം നൽകി. തുടർന്ന് പഞ്ചായത്തിന്റെ 9 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് വികസന പ്രശ്നങ്ങൾ ചർച്ചചെയ്തു. 1996 നവംബർ 15, 16, 17 തീയതികളിൽ ജില്ലാറിസോഴ്സ് പേഴ്സൺമാരുടെ രണ്ടാംഘട്ടം പരിശീലനം അഞ്ചലിൽ നടന്നു. ഈ പഞ്ചായത്തിൽ നിന്ന് 5 പേരെ പരിശീലനത്തിനു നിയോഗിച്ചു. 30-11-96 ൽ പ്രാദേശിക പരിശീലകർക്കുള്ള ഏകദിന ശില്പശാലയും നടന്നു. രണ്ടാം ഘട്ട ശില്പശാലയിൽ പ്രാതിനിധ്യം കുറവായിരുന്നു. ഉദ്യോഗസ്ഥർ, കാരണവന്മാർ തുടങ്ങിയവരുടെ യോഗങ്ങളും, ദ്വിതീയ വിവരശേഖരണവും സമയബന്ധിതമായി പൂർത്തിയാക്കി.

ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ, സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരങ്ങൾ, ഉദ്യോഗസ്ഥരുടേയും, കാരണവന്മാരുടേയും യോഗങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ എന്നിവ സൂക്ഷ്മമായി വിശകലനം ചെയ്ത് തയ്യാറാക്കിയതാണ് ഈ വികസന റിപ്പോർട്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വിദഗ്ദ്ധന്മാരുടെ അഭാവം റിപ്പോർട്ട് തയ്യാറാക്കിയ വേളയിൽ അനുഭവപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ സമഗ്ര വികസനറിപ്പോർട്ട് വികസന സെമിനാറിൽ സജീവ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

ജെ. രാജേന്ദ്രകുമാർ
സെക്രട്ടറി
ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

കെ. കെ. രാധ
പ്രസിഡന്റ്
ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

ചരിത്ര പശ്ചാത്തലം

സ്വാതന്ത്ര്യ ലബ്ധിയ്ക്കു മുമ്പ് ആര്യങ്കാവ് തിരുവിതാംകൂർ രാജാക്കന്മാരുടെ ഭരണത്തിലായിരുന്നു. ഇപ്പോൾ തമിഴ് നാടിന്റെ ഭാഗമായ ചെങ്കോട്ട, തിരുവിതാംകൂറിന്റെ അതിർത്തി ആയിരുന്നു. 1956 ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനരൂപീകരണം നടന്നപ്പോൾ ചെങ്കോട്ട ഉൾപ്പെടുന്ന പ്രദേശം തമിഴ് നാടിന്റെ ഭാഗമായി കേരളത്തിന്റെ കിഴക്കേ അതിരായ പശ്ചിമഘട്ടം (സഹ്യപർവ്വതം) ആര്യങ്കാവ് കോട്ടവാസലിൽ കൂടികടന്നുപോകുന്നു. സഹ്യ പർവ്വതത്തിലുള്ള ചരിത്ര പ്രസിദ്ധമായ ആര്യങ്കാവ്ചുരം കേരളത്തെ തമിഴ് നാടുമായി ബന്ധിപ്പിയ്ക്കുന്ന പാതയാണ്.

ഈ പ്രദേശത്തിന്റെ ചരിത്രം പ്രസ്ദ്ധങ്ങളായ രണ്ട് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടിരിയ്ക്കുന്നു. ആര്യങ്കാവ് ശ്രീ ധർമ്മശാസ്താ ക്ഷേത്രവും, അച്ചൻ കോവിൽ ശ്രീധർമ്മശാസ്താ ക്ഷേത്രവും. പരശുരാമൻ പ്രതിഷ്ഠനടത്തിയ ഈ ക്ഷേത്രങ്ങളിൽ ധാരാളം ഭക്തജനങ്ങൾ ദർശനത്തിന് എത്തുന്നു. വാഹനഗതാഗതം ഇല്ലാതിരുന്ന കാലത്ത് കാൽനടയായി തീർത്ഥാടകർവന്നിരുന്നു. രാജഭണകാലത്ത് യാത്രക്കാർക്ക് സൗജന്യ ഭക്ഷണം നൽകിയിരുന്ന ഒരു ഊട്ടുപുര കഴുതുരുട്ടിയിൽ പ്രവർത്തിച്ചിരുന്നതായി കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാട്ടുമൃഗങ്ങളിൽ നിന്നും രക്ഷ നേടാൻ ഈ ഊട്ടുപുരയ്ക്കു ചുറ്റും കിടങ്ങുകൾ നിർമ്മിച്ചിരുന്നു. കടുവ, പുലി, കരടി, ആന തുടങ്ങിയ വന്യമൃഗങ്ങൾ ഇന്നത്തെ കൊല്ലം ചെങ്കോട്ട റോഡിലൂടെ യഥേഷ്ടം വിഹരിച്ചിരുന്നു. ആര്യങ്കാവ്, അച്ചൻകോവിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു വന്ന ജോലിക്കാരും തീർത്ഥാടകരിൽചിലരും ഈ പ്രദേശത്ത് താമസം ആരംഭിച്ചു. കാലക്രമത്തിൽ അവരുടെ ബന്ധുക്കളും ഇവിടെ സ്ഥിരതാമസത്തിനായി എത്തി. ചെങ്കോട്ട കരയാളർ കുടുംബങ്ങളുടെ വകയായിരുന്നു കൃഷിഭൂമിയിലധികവും. 1947-48 കാലഘട്ടത്തിൽ കോട്ടയം ജില്ലയിൽ നിന്നുള്ള ക്രിസ്ത്യൻ സമുദായത്തിൽപെടുന്ന ആളുകൾ കഴുതുരുട്ടി, ഇടപ്പാളയം, ആര്യങ്കാവ് തുടങ്ങിയ പ്രദേശങ്ങളിൽ കുടിയേറി. കരയാളർമാരുടെ ഭൂമിപാട്ടത്തിനെടുത്തും വനഭൂമിവെട്ടിത്തെളിച്ചും കുടിയേറ്റകർഷകർ കൃഷിയിറക്കി. കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലടിച്ച് മണ്ണിൽപൊന്നു വിളയിച്ച ഈ കർഷകർക്ക് കേരളത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതോടെ പാട്ടഭൂമിയ്ക്ക് പട്ടയം ലഭിച്ചു. 1960-70 കാലഘട്ടത്തിൽ നെടുമങ്ങാട് താലൂക്കിൽ നിന്നു വന്നുകൂടിയേറ്റക്കാർ റെയിൽവേ പുറമ്പോക്കിലും റോഡ് പുറമ്പോക്കിലും താമസമാക്കി.

ഈ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ ഭൂരിഭാഗം ആറ് വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന റബ്ബർ, തേയില തോട്ടങ്ങളാണ്. തിരുവിതാംകൂർ മഹാരാജാവിൽനിന്നും വിദേശികൾ പാട്ടത്തിനെടുത്തതാണ് ഈ തോട്ടങ്ങൾ. ആദ്യകാലത്ത് തമിഴ്നാട്ടിൽ നിന്നും കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ കൊണ്ടുവന്ന് വനംവെട്ടിത്തെളിച്ച് റബ്ബർ, തേയില തോട്ടങ്ങൾ ഉണ്ടാക്കി. ഇപ്രകാരം കൊണ്ടുവന്ന തൊഴിലാളികൾക്ക് നാലണയായിരുന്നു ദിവസക്കൂലി. കരാറുകാരായ കങ്കാണി മാർക്ക് ഇതിൽനിന്നും അര അണ കമ്മീഷൻ കൊടുക്കണമായിരുന്നു. ജോലിസമയത്തിന് ക്ലിപ്തത ഇല്ലായിരുന്നു. മലമ്പനിമൂലം വളരെ അധികം തൊഴിലാളികൾ മരണമടഞ്ഞു. കാലക്രമത്തിൽ തൊഴിൽ തേടി ചില മലയാളികളും എത്തി. 1951 ൽ ദാനിയൽ ഡേവിഡ്, ജോസഫ് വെട്ടിക്കാടൻ എന്നിവരുടെ നേതൃത്വത്തിൽ ഐ. എൻ. റ്റി. യു. സി എന്ന ട്രേഡ് യൂണിയൻ തോട്ടം മേഖലയിൽ പ്രവർത്തനം ആരംഭിച്ചു.

കേരളത്തിൽ പഞ്ചായത്തുകൾ നിലവിൽവരുമ്പോൾ ഏരൂർ പഞ്ചായത്തിലെ ഹിൽക്കര വാർഡിൽ ഉൾപ്പെട്ടതായിരുന്നു ഈ പ്രദേശം തെന്മല പഞ്ചായത്ത് രൂപംകൊണ്ടപ്പോൾ ഈ പ്രദേശം അതിന്റെ ഭാഗമായി. 1968-69 ൽ ആര്യങ്കാവ് പഞ്ചായത്ത് രൂപംകൊണ്ടു. ശ്രീ. റ്റി. സി നരിയാർത്ത് ആയിരുന്നു ആദ്യ പ്രസിഡന്റ്. ഈ പ്രദേശത്തിന് ആര്യങ്കാവ് എന്ന പേരുവന്നതിന് പഴമക്കാർ പലവ്യാഖ്യാനങ്ങളും നൽകുന്നുണ്ട്. ഒന്ന്: ഈ പ്രദേശത്ത് ആയിരം കാവുകൾ ഉണ്ടായിരുന്നു എന്നും അതിനാൽ ആയിരംകാവ് എന്ന് അറിയ



പാലരുവി മണ്ഡപം



ആര്യങ്കാവ് റെയിൽവേ തുരങ്കം

അച്ചൻ കോവിൽ ക്ഷേത്രനട

പ്പെട്ടു. കാലാന്തരത്തിൽ ആയിരം കാവ് ആര്യങ്കാവ് ആയി മാറി.

രണ്ട്: ആര്യന്മാരുടെ വരവുമായി ബന്ധപ്പെട്ട് ഈ പ്രദേശത്തിന് ആര്യങ്കാവ് എന്ന പേരുവന്നു.

മൂന്ന്: അച്ചൻകോവിൽ ക്ഷേത്ര പ്രതിഷ്ഠ അരശനും ആര്യങ്കാവിൽ അയ്യനും ആണ് അരശന്റെ കോവിൽ അരശൻകോവിലും അയ്യന്റെ കാവ് അയ്യൻ കാവും കാലക്രമേണ ഇത് യഥാക്രമം അച്ചൻ കോവിലും ആര്യങ്കാവുമായി മാറി.

ആര്യങ്കാവിൽ നിന്നും 4 കി: മീ അകലെ ഉൾവനത്തിൽ പ്രകൃതി ദത്തമായ ഒരു വെള്ളച്ചാട്ടമുണ്ട്. പാലരുവി എന്ന പ്രസിദ്ധമായ വെള്ളച്ചാട്ടം(കുറ്റാലം). ധാരാളം സഞ്ചാരികളെ ആകർഷിക്കുന്നു. രാജഭരണകാലത്ത് നായാട്ടിനും വിശ്രമത്തിനുമായി രാജാക്കന്മാർ ഇവിടെ എത്തിയിരുന്നു. കരിങ്കല്ലിൽ തീർത്ത വിശ്രമ മണ്ഡപങ്ങളും കുതിരലായങ്ങളുടെ അവശിഷ്ടങ്ങളും ഇപ്പോഴും ഇവിടെ ഉണ്ട്. കൊല്ലവർഷം 1099 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ പാലരുവിയിലെ സ്നാനഘട്ടം തകർന്നുതരിപ്പണമാകുകയും രാജാക്കന്മാർ തെങ്കാശി-കുറ്റാലത്തേയ്ക്ക് ശ്രദ്ധതിരിക്കുകയും ചെയ്തതായി പറയപ്പെടുന്നു.

കേരളത്തിലെ ആദ്യ റെയിൽപാതയായ കൊല്ലം-തിരുനൽവേലിപാത ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. ഈ പാതയിലെ ഏറ്റവും വലിയ തുരങ്കം ആര്യങ്കാവിലാണ്. മലതുരന്ന് ഒരു കി:മീ. ദൂരത്തിൽ ഉണ്ടാക്കിയിരിക്കുന്ന ഈ തുരങ്കത്തിന്റെ മൂന്നിൽ രണ്ടു ഭാഗം കേരളാതിർത്തിക്കുള്ളിലാണ്.

ലോകത്ത് ആദ്യമായി സ്റ്റമ്പ് നട്ട് തേക്ക്തോട്ടം ഉണ്ടാക്കിയത് ആര്യങ്കാവിലാണ്. ബോർഡിലോൺ പ്ലോട്ട് എന്ന് അറിയപ്പെടുന്ന ഈ തേക്ക്തോട്ടം ആര്യങ്കാവ് 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

നാലുവശവും വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രകൃതി രമണീയമായ ഈ പ്രദേശത്ത് 1992 ഒക്ടോബർ, നവമ്പർ മാസങ്ങളിൽ ഉണ്ടായ പേമാരിയിലും ഉരുൾപൊട്ടലിലും ഭൂരിഭാഗം കൃഷിഭൂമിയുടെയും ഫലഭൂയിഷ്ടത നഷ്ടപ്പെടുകയും പ്രകൃതിഭംഗിയ്ക്ക് മങ്ങലേൽക്കുകയും ചെയ്തു. പതിനൊന്നു പേരുടെ മരണത്തിനും വളരെ അധികം വീടുകളുടെ നഷ്ടത്തിനും ഇടയാക്കിയ ഉരുൾപൊട്ടൽ ഈ പ്രദേശത്തെ റോഡുകളും പാലങ്ങളും തകർത്തു. ഉരുൽപൊട്ടലിനെ തുടർന്ന് ഈ പ്രദേശം ഒറ്റപ്പെട്ടനിലയിലായി.

അച്ചൻകോവിൽ, ആര്യങ്കാവ് ക്ഷേത്രങ്ങളും, പാലരുവി ടൂറിസ്റ്റ് കേന്ദ്രവും റെയിൽവേ തുരങ്കവും ബോഡി ലോൺ പ്ലോട്ടും ധാരാളം സന്ദർശകരെ ആകർഷിയ്ക്കുന്നു. ഇവിടെയെത്തുന്ന സഞ്ചാരികൾക്ക് ആതിഥ്യമരുളുവാൻ കെ. റ്റി. ഡി. സിയുടെ വഴിയോര വിശ്രമ കേന്ദ്രം ഒരുങ്ങി നില്ക്കുന്നു.

ഭൂപ്രകൃതിയും വിഭവങ്ങളും

പശ്ചിമഘട്ട പർവ്വതനിരകളുടെ പടിഞ്ഞാറ് ഭാഗത്തായി തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന, മലകളും കുന്നിൻ നിരകളും താഴ്വരകളും കൊച്ച് കൊച്ചു അരുവികളും, ഭൂരിഭാഗവും വനങ്ങളാൽ ആവരണം ചെയ്യപ്പെട്തുമായ ഒരു മലയോര ഗ്രാമമാണ് ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത്. വടക്ക് പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ട കോന്നി ഫോറസ്റ്റും അച്ചൻകോവിൽ ആറിന്റെ ഭാഗങ്ങളും അതിർത്തി കുറിക്കുമ്പോൾ കിഴക്ക് തമിഴ്നാടും പടിഞ്ഞാറ് തെന്മല പിറവന്തൂർ പഞ്ചായത്തുകളും റിസർവ്വ് വനങ്ങളും തെക്ക് റിസർവ്വ് വനങ്ങളും കുളത്തുപ്പുഴ പഞ്ചായത്തും അതിർത്തി കുറിക്കുന്നു.

കൊല്ലം ജില്ലയുടെ ഏറ്റവും കിഴക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് വിസ്തീർണ്ണത്തിൽ ജില്ലയിലെ രണ്ടാമത്തെ വലിയ പഞ്ചായത്താണ്. ആകെ വിസ്തീർണ്ണം 196.84 ചതു.കീ.മീ. പത്താനാപുരം താലൂക്കിലെ അഞ്ചൽ ബ്ളോക്കിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്ത് കൊല്ലം ജില്ലയുടെ വിസ്തൃതിയുടെ 6.07% ഉൾക്കൊള്ളുന്നു. കിഴക്കേ രേഖാംശം 77^0 2' 31" ഉം 77^0 12' 35" ഉം ഇടയ്ക്കും വടക്കേ അക്ഷാംശം 8^0, 55', 32" ഉം 9^0 7' 24" ഉം ഇടയ്ക്കാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം. കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചു കഴിയുന്ന ഇവിടുത്തെ ജനസംഖ്യ 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് 15585 ആണ്. ജനസാന്ദ്രതയാകട്ടെ 79 ഉം . കേരളത്തെ മറ്റു കിഴക്കൻ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന മലമ്പാതയായ കൊല്ലം -ചെങ്കോട്ട റോഡും ദക്ഷിണ റെയിൽവേയുടെ കൊല്ലം ചെങ്കോട്ട മീറ്റർഗേജ് റെയിൽവേ ലൈനും ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. പ്രസിദ്ധമായ പാലരുവി വെള്ളച്ചാട്ടം ഈ പഞ്ചായത്തിലെ ആര്യങ്കാവിൽ നിന്നും ഏകദേശം 4 കി. മീ. തെക്കു മാറി സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ പേര് ആര്യങ്കാവ് എന്നാണെങ്കിലും ഇതിന്റെ ആസ്ഥാനം തെൻമലയിൽ നിന്നും 4 കി.മീ, കിഴക്ക് പഞ്ചായത്തിന്റെ ഏതാണ്ട് തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന കഴുതുരുട്ടിയാണ്. ആര്യങ്കാവ് , കഴുതുരുട്ടി , അച്ചൻകോവിൽ,പാലരുവി, അമ്പനാട് എന്നിവയാണ് ഇവിടുത്തെ പ്രധാന പ്രദേശങ്ങൾ.

ഭൂപ്രകൃതി വിഭാഗങ്ങൾ

ഉയരക്രമത്തേയും കിടപ്പിനേയും അടിസ്ഥാനപ്പെടുത്തി കേരളത്തെ മലനാട്, ഇടനാട് , തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. സമുദ്രതീരത്തോട് അടുത്തായി 8 മീറ്റർ വരെ സമുദ്രനിരപ്പിൽ നിന്നും ഉയർന്ന് കിടക്കുന്ന പ്രദേശങ്ങളെ തീരപ്രദേശങ്ങളെന്നും തീരപ്രദേശങ്ങളോട് ചേർന്ന് 8 മീറ്റർ മുതൽ 75 മീറ്റർ ഉയരത്തിൽ കിടക്കുന്നപ്രദേശങ്ങളെ ഇടനാട് എന്നും, ഇടനാടിന് കിഴക്കായി സമുദ്രനിരപ്പിൽ നിന്നും 75 മീറ്ററിന് മുകളിൽ ശരാശരി ഉയരം വരുന്ന പ്രദേശങ്ങളെ മലനാട് എന്നും പറഞ്ഞു പോരുന്നു.



പട്ടിക 1

കുന്നുകളും അവയുടെ ഉയരവും

ക്രമനമ്പർ	കുന്നുകൾ	ഉയരം(മീറ്ററിൽ)
1	പെരിയനുരുട്ടി മല	894
2	കാട്ടുമാട്ടു തേരി	820
3	നീലൻകോവിൽമൊട്ട	800
4	കോട്ടവാസൽ തേരി	797 തമിഴ്നാട് അതിർത്തികൾ
5	പിള്ളയാർ കോവിൽമല	807
6	മുരുക്കര പാട്രിമൊട്ട	712
7	പശുക്കിടൈമേട്	699
8	ഋഷി മല	1072
9	പുൽമല	723
10	മാട്ടുപെട്ടി മല	907
11	കൊടമല	598
12	ഇനാട്ടു മല	721
13	മോതിര മല	980 തെന്മല പഞ്ചായത്ത് അതിർത്തി
14	നാഗമല	891
15	തീർത്ഥക്കര മല	780
16	കലങ്കമല തേരി	996

തെക്ക് വടക്കായി പാലരുവി മുതൽ അച്ചൻകോവിൽ വരെനേർരേഖയിലുള്ള ഭൂരൂപങ്ങളുടെ രൂപം ചിത്രം ഒന്നിൽ നിന്നും മനസ്സിലാക്കാം. ചിത്ര 2ൽ കിഴക്കു പടിഞ്ഞാറായി പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യ ഭാഗത്ത് കൂടി അതായത് അച്ചൻകോവിൽ എസ്റ്റേറ്റ് മുതൽ അമ്പനാട് എസ്റ്റേറ്റ് വരെയുള്ള നെർരേഖയിലുടെയുള്ള ഭൂരൂപങ്ങൾ മനസ്സിലാക്കാവുന്നതാണ്.

ആര്യങ്കാവ് പഞ്ചായത്തിലെ ഏറ്റവും കുറഞ്ഞ ഉയരം 100 മീറ്ററും ഏറ്റവും കൂടിയ ഉയരം 1072 മീറ്ററുമാണ്. (ഋഷി മല) ഭൂരൂപങ്ങളെ സൂചിപ്പിക്കുന്നത് ചിത്രം 3 ൽകാണാം

പൊതുവേ ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗം കിഴക്കു പടിഞ്ഞാറായി ഉയർന്നു കിടക്കുന്നതും തെക്കോട്ടും വടക്കോട്ടും ചരിഞ്ഞിറങ്ങുന്നതുമാണ്. പള്ളിക്കൊണ്ടൻ ആറ്, ശങ്കുപിള്ളതോട്, ചിറ്റാർ ആറ്, എന്നിവ ഇവിടെ നിന്ന് ഉത്ഭവിച്ച് വടക്കോട്ടൊഴുകി അച്ചൻകോവിൽ ആറുമായി ചേരുന്നു. കൽത്തുരുത്തി ആറും സുവർണ്ണഗിരി ആറും ഇവിടെനിന്നും ഉത്ഭവിച്ച് തെക്കോട്ടൊഴുകി കല്ലടയാറുമായി ചേരുന്നു.

ഭൂരൂപങ്ങൾ : പ്രാദേശികമായി ആര്യങ്കാവ് പഞ്ചായത്തിലെ ഭൂരൂപങ്ങളെ നാലായി തരം തിരിയ്ക്കാവുന്നതാണ്.

1. കുന്നിൻ മണ്ട (ബിൽ ക്രെഡിറ്റ്) : കുന്നുകളുടെയും മലനിരകളുടേയും നെറുകയാണിവ. വിസതൃതി കുറഞ്ഞ ശൃംഗങ്ങളാണിവ. പതിനാറോളം വലിയ കുന്നുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവയുടെ പേരും ഉയ

രവും പട്ടിക 1 ൽ കാണിച്ചിരിക്കുന്നു. മണ്ണിന് കനം കൂടുതലുള്ള പ്രദേശങ്ങളാണിവ . വനങ്ങളാണ് ഇവിടുത്തെ പ്രധാന സസ്യ ജാലങ്ങൾ.

2. ചെരിവുകൾ: ആര്യങ്കാവ് പഞ്ചായത്തിലെ 99% ഭൂമിയും ചരിവുള്ളവയാണ്. കുന്നിന്റെ/ മലകളുടെ നെറുകയിൽ നിന്ന് തുടങ്ങി താഴ് വരകൾ വരെ വ്യാപിച്ചു കിടക്കുകയാണ് ചരിവുകൾ. ഇവയെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. ചരിവിന്റെ അളവിനെ ആസ്പദമാക്കിയാണ് ഈ തരംതിരിവ്.

(1) 10°യ്ക്കും 18°യ്ക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗത്ത് അച്ചൻകോവിൽ ആറിന്റെ തടത്തോട് ചേർന്ന ഭൂവിഭാഗമാണ് ഇത്. അച്ൻകോവിൽ ഈ വിഭാഗത്തിൽപ്പെടുന്നു. ജനവാസം കേന്ദ്രീകരിച്ചിരിക്കുന്നത് ഈ പ്രദേശങ്ങളിലാണ്. വെള്ളത്തിന് പൊതുവെ ദൗർല്ലഭ്യം അനുഭവപ്പെടുന്നില്ല. താഴ്വരകളോട് ചേർന്നു കിടക്കുന്നു. ആഴത്തിലുള്ള മണ്ണാണ് . നാണ്യവിളകളാണ് പ്രധാന സസ്യജാലങ്ങൾ. മൊത്തം വിസ്തൃതിയുടെ 9.48 % ത്തോളം വരുന്ന ഈ പ്രദേശങ്ങൾ ഉയരം കുറഞ്ഞ പ്രദേശങ്ങളാണ്.

പട്ടിക 2

ക്രമനമ്പർ	ഭൂരൂപങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	താഴ് വര	585	2.97
2	10° മുതൽ 18°വരെ ചരിവുള്ളവ	1866	9.48
3	18° മുതൽ 27°വരെ ചരിവുള്ളവ	6366	32.34
4	27°യ്ക്ക് മുകളിൽ ചരിവുള്ളവ	10867	55.20
	ആകെ	19684	99.99

വിസ്തൃതി ഹെക്ടറിൽ

(2) 18° മുതൽ 27° വരെ ചരിവുള്ള പ്രദേശങ്ങൾ: ഈ വിഭാഗത്തിൽപ്പെടുന്ന സ്ഥലങ്ങളുടെ ആകെ വിസ്തൃതി 6366 ഹെക്ടറാണ്. മൊത്തം വിസ്തൃതിയുടെ 32.34 % വരും. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമായി വ്യാപിച്ചു കിടക്കുന്നു. എന്നാൽ വടക്ക് , കിഴക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലാണ് ഈ മേഖല കൂടുതലായിട്ടുള്ളത്. അമ്പനാട്, പാലരുവി , കൽത്തുരുത്തി എന്നീ പ്രദേശങ്ങൾ ഈ മേഖലയിൽപ്പെടുന്നു. പൊതുവെ ഉയരം കൂടിയതിനാലും സാമാന്യം നല്ല ചരിവുള്ളതിനാലും ഈ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. നല്ല കനത്തിലുള്ള ചെങ്കൽ മണ്ണാണ് ഇവിടെ കണ്ടു വരുന്നത്. തോട്ടങ്ങളും വനങ്ങളും ഈ മേഖല കയ്യടക്കിയിരിക്കുന്നു. ചില പ്രദേശങ്ങൾ ഒഴികെ ജനവാസം പൊതുവെ കുറവാണ്.

(3) 27°യ്ക്ക് മുകളിൽ ചരിവുള്ള പ്രദേശങ്ങൾ: പഞ്ചായത്തിന്റെ ആകെ വിസതൃതിയുടെ 55.2 % വും ഈ വിഭാഗത്തിൽപ്പെടുന്നു. വിസ്തൃതി 108.67 ച.കി.മീ.ആണ്. ഉയരക്കുടുതൽ കാരണം ജനവാസം തീരെ ഇല്ലാത്ത ഭൂവിഭാഗമാണ് .

(4) താഴ് വരകൾ : താഴ് വരകൾ അച്ചൻകോവിൽ ആറിന്റെ തടങ്ങളാണ്. ചരിവ് 5°യിൽ കുറവാണ്. ഈ തടപ്രദേശങ്ങൾ ഏറെക്കുറെ വിസ്തൃതമാണ്.മണ്ണ് വേണ്ടത്ര ആഴത്തിൽ കണ്ടു വരുന്നു. നദിയുടെ സാമിപ്യം ഉള്ളതിനാൽ വെള്ളം സുലഭമാണ്. എല്ലാത്തരത്തിലുമുള്ള കൃഷിയും ഈ പ്രദേശങ്ങളിൽ കണ്ടു വരുന്നു. നെൽക്കൃഷിക്ക് അനുയോജ്യമായ സ്ഥലമാണെങ്കിലും ആയത് ചെയ്തു വരുന്നില്ല. 586 ഹെക്ടറോളം വ്യാപിച്ചു കിടക്കുന്ന ഈ മേഖല പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 2.97 ശതമാനം മാത്രമേ ഉൾക്കൊള്ളുന്നുള്ളു.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ ആസ്പദമാക്കി ഈ പഞ്ചായത്തിനെ ഏഴായി തരം തിരിക്കുന്നു.

പട്ടിക 3

ക്രമനമ്പർ	ഉയരക്രമം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1	100 ച.മീറ്ററിൽ താഴെ ഉയരമുള്ളപ്രദേശങ്ങൾ	459.38	2.36
2	100 മീറ്ററിനും 200 മീറ്ററിനും ഇടയ്ക്ക് ഉയരമുള്ള പ്രദേശങ്ങൾ	2906.25	14.92
3	200 മീറ്ററിനും 400 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ	8765.27	44.99
4	400 മീറ്ററിനും 600 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ	4910.93	25.20
5	600 മീറ്ററിനും 800 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ	1943.75	9.98
6	800 മീറ്ററിനും 1000 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ	467.18	2.40
7	1000 മീറ്ററിന് മേൽ ഉയരമുള്ള പ്രദേശങ്ങൾ	31.25	.16
	ആകെ	19684	100

(i) 100 മീറ്ററിൽ താഴെ ഉയരമുള്ള പ്രദേശങ്ങൾ:

അച്ചൻകോവിൽ ആറിന്റെ കടവ്, അതിന്റെ സമീപ പ്രദേശങ്ങൾ ഇവയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ. ഇവയുടെ വ്യാപ്തി 459.38 ഹെക്ടർ ആണ്. ജനവാസം കൂടിയ അച്ചൻകോവിൽ മുതലായ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ശങ്കുപ്പിള്ള തോട്, അച്ചൻകോവിൽ ആറുമായി ബന്ധിക്കുന്ന പ്രദേശമാണ് വിസ്തൃതിയിൽ കൂടുതൽ. അച്ചൻകോവിൽ മുതൽ പാലക്കാപാറ വരെ ഈ നദീതടത്തോട് ചേർന്ന് വീതി കുറഞ്ഞ് കാണപ്പെടുന്നു. വെള്ളം സുലഭമായ പ്രദേശമാണ്.

(ii) 100 മീററിനും 200 മീററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ:

പഞ്ചായത്തിൻറ മൊത്ത വിസ്തൃതിയുടെ 14.92 ശതമാനത്തോളം ഈ ഭൂവിഭാഗം വ്യാപിച്ചു കിടക്കുന്നു. വിസ്തൃതി 2906.28 ഹെക്ടർ ആര്യങ്കാവ് പഞ്ചായത്തിന്റെ വടക്കുഭാഗത്താണ് ഈ ഭൂവിഭാഗം. പാലയ്ക്കപാറ, ഈരതോടിന്റെയു, ശങ്കപ്പിള്ള തോടിന്റെയും, ചിററാർ പള്ളിക്കൊണ്ടൻ ആറ് എന്നിവ അച്ചൻകോവിൽ ആറുമായി ചേരുന്നഭാഗത്തിന്റെ മുകൾ ഭാഗത്തായിട്ടാണ് ഈ പ്രദേശം. വെള്ളം സുലഭമാണ്. മിക്കവാറും തോട്ടങ്ങളും റിസർവ്വ് വനങ്ങളും ഈ പ്രദേശത്ത് കാണപ്പെടുന്നു.

(iii). 200 മീററിനും 400 മീററിനും ഇടയ്ക്ക് ഉയരമുള്ള പ്രദേശങ്ങൾ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 45 ശതമാനവും ഈ വിഭാഗത്തിൽപ്പെടുന്നു. വിസ്തൃതി 8765.27 ഹെക്ടർ ആണ്. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് അമ്പനാട്, അമ്പനാട് എസ്റ്റേറ്റ് എന്നീപ്രദേശ

ങ്ങളും തെക്ക് ഭാഗത്ത് കൽത്തുരുത്തി, ഇടപ്പാളയം,ആര്യങ്കാവ് എന്നീ പ്രദേശങ്ങളും ഈ മേഖലയിൽപ്പെടുന്നു. ചരിഞ്ഞ ഭൂപ്രദേശമായതിനാൽ ജലദൗർലഭ്യം അനുഭവപ്പെട്ടുവരുന്നു. പ്രധാനമായും തേക്ക്, റബ്ബർ, റിസർവ്വ് വനങ്ങൾ എന്നിവ ഈ പ്രദേശത്തെ സസ്യജാലങ്ങളിൽപ്പെടുന്നു.

(iv) 400 മീററിനും 600 മീററിനും ഇടയ്ക്ക് ഉയരമുള്ള പ്രദേശങ്ങൾ

സാമാന്യം ചരിവുള്ള പ്രദേശമാണ്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 25.2 ശതമാനം ഈവിഭാഗത്തിൽപ്പെടുന്നു. വിസ്തൃതി 4910.93 ഹെക്ടർ. ജനവാസം തീരെ ഇല്ല. പശ്ചിമഘട്ട പർവ്വതനിരകളുടെ ചരിവും ഉൽപ്പെടുന്ന ഈ പ്രദേശത്ത് നിബിഡവനങ്ങളാണ്.

(V) 600 മീററിനും 800 മീററിനും ഇടയ്ക്ക് ഉയരമുള്ള പ്രദേശങ്ങൾ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 9.92 ശതമാനം വരുന്ന ഈ പ്രദേശത്തിന്റെ വിസ്തൃതി 1943.75 ഹെക്ടറാണ്. കുത്തനെ ചരിവുള്ള മലപ്രദേശങ്ങൾ ആണ്. ജനവാസം തീരെയില്ല. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തായി പശ്ചിമഘട്ട പർവ്വത നിരകളുടെ ചരിവു പ്രദേശങ്ങളാണ് ഇവ. പൂർണ്ണമായും വന പ്രദേശമാണ്.

(VI) 800 മീറ്ററിനും 1000 മീറ്ററിനും ഇടയ്ക്ക് ഉയരമുള്ള പ്രദേശങ്ങൾ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 2.4 ശതമാനം വരും ഈ വിഭാഗം. മലഞ്ചരുവുകൾ. പൂർണ്ണമായും വനമേഖലയാണ്. ജനവാസം തീരെയില്ല.

(VII) ആയിരം മീറ്ററിന് മുകളിൽ ഉയരമുള്ള പ്രദേശങ്ങൾ.

പശ്ചിമഘട്ടമലനിരകളുടെ ഭാഗങ്ങളും മറ്റും ഉൾപ്പെട്ട ഈ പ്രദേശത്തിന്റെ മൊത്തം വിസ്തൃതി പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 0.16% മാത്രമാണ്. പുൽപ്പടർപ്പുകളും മുൾപ്പടർപ്പുകളും വൃക്ഷങ്ങളും ഈ പ്രദേശത്ത് വളരുന്നു. ജനവാസം ഇല്ല.

ജലവിഭവങ്ങൾ

അച്ചൻകോവിൽ ആറ്, അതിന്റെ ഏഴോളം പോഷക നദികൾ, പാലരുവി ആറ്, സുവർണ്ണ ഗിരി ആറ്, എന്നിവയും കല്ലട ആറിന്റെ പോഷക നദികളും ഏതാനും കുളങ്ങൾ, കിണറുകൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസുകൾ. കൂടാതെ എട്ടോളം നീരുറവകളും ഉണ്ട്. ജൂൺ ജൂലൈ മാസങ്ങളിലും ഒക്ടോബർ, നവമ്പർ മാസങ്ങളിലും ആണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. വടക്കുകിഴക്കൻ മൺസൂൺ വർഷപാതം ഇവിടെ പ്രബലമായി അനുഭവപ്പെടുന്നു. സമൃദ്ധമായ കാടുകളും വനങ്ങളും മഴലഭിക്കുന്നതിന് ഒരു കാരണമാണ്. പക്ഷേ കുത്തനെ ചരിവുള്ള മലഞ്ചരിവുകൾ ആയതിനാൽ പെയ്തു കിട്ടുന്ന മഴവെള്ളം മുഴുവനും അപ്പഴപ്പോൾ തന്നെ ഒഴുകിപോകുന്നു. കൂടെ മണ്ണൊലിപ്പും ഉണ്ടാകുന്നു. ജലം ഒട്ടും തന്നെ മണ്ണിലേയ്ക്ക് ഊർന്നിറങ്ങുന്നില്ല. തൽഫലമായി മിക്കപ്രദേശങ്ങളിലും വർഷത്തിന്റെ ഭൂരിഭാഗംസമയത്തും ജലക്ഷാമം അനുഭവപ്പെടുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലാണ് വെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത്. വെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ വാർഡ് തിരിച്ച് പട്ടിക 4 ൽ ചേർത്തിരിയ്ക്കുന്നു.




77° 5'
77° 10'
9° 5'
9° 0'
77° 2' 35"
77° 5'
77° 10'
N 8° 55' 32"
8° 55' 22"
1
2
സൂചന


ആര്യൻകാവ് പഞ്ചായത്ത്
ഭൂവിനിയോഗ
സ്കെയിൽ 1: 50,000
പിറവന്തൂർ
പഞ്ചായത്ത്
കുളത്തൂപ്പുഴ
ആര്യങ്കാവ്
സൂചന
ജലവിതരണം
കനാൽ നെറ്റ്
ചതുപ്പ്
നെൽവയൽ
10 മുതൽ 15 വരെ ചരിവുള്ള പ്രദേശങ്ങൾ
15 മുതൽ 25 വരെ ചരിവുള്ള പ്രദേശങ്ങൾ
25 ൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങൾ
ചിത്രം 4
തെന്മല ഇക്കോ ടൂറിസം പദ്ധതി


സൂചന
100 മീറ്ററിന്നു താഴെ
100 m. 200 മീറ്ററിന്നും മേലെ
200 m. 400 " "
400 m. 600 " "
600 m. 800 " "
800 m. 1000 " "
1000 മീറ്ററിന്നു മുകളിൽ
A B
E
F
C
D
NGO A
GGO
PRM CESS

	പട്ടിക. 4
വാർഡ്	ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങൾ
I	എസ്റ്റേറ്റ് ഏരിയായ്ക്കു ചുറ്റുമുള്ള പ്രദേശങ്ങൾ.
II	10 ഏക്കർ, ആശുപത്രി പരിസരങ്ങൾ (V.V.M.S)
III	ഇരുളൻകാട് പ്രദേശം രാജാചോലയും ചുറ്റുമുള്ള പ്രദേശങ്ങളും.
IV	9 ഏക്കർ, ഇരുളൻകാട് വെസ്റ്റ്
V	വട്ടപ്പാറ, മെത്താപ്പ് കോളനി, അച്ചൻകോവിൽ എസ്റ്റേറ്റ്
VI	ആശുപത്രികവല, മെത്താപ്പ്, കറുപ്പ് സ്വാമി ക്ഷേത്രപരിസരം ലോവർ ഡിവിഷൻ കോളനി, ഗവ. ഹൈസ്കൂളിനുചുറ്റുമുള്ള പ്രദേശങ്ങൾ.
VII	ഗവ ഹൈസ്കൂളിന് ചുറ്റുമുള്ള പ്രദേശം
VIII	ഇടപ്പാളയം റയിൽവേസ്റ്റേഷൻ ഭാഗങ്ങൾ, ഇടപ്പാളയം പള്ളി ജംഗ്ഷൻ കൽത്തുരുത്തി ജംഗ്ഷനും പരിസരപ്രദേശങ്ങളും
IX	കോട്ടവാസൽ, കരിമ്പിൻ തോട്ടം, കരയാളർ തോട്ടം, പാണ്ഡ്യൻ പാറ, കടമാൻപാറ, കരയാളർമെത്ത്, ചേമ്പോട് കുന്ന്

പട്ടിക 5 ൽ വാർഡ് തിരിച്ചുള്ള കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ കൊടുത്തിരിയ്ക്കുന്നു.

പട്ടിക 5

വാർഡ്	കിണറുകൾ വറ്റുന്നവ	വറ്റാത്തവ	ആകെ	കുളങ്ങൾ വറ്റുന്നവ	വറ്റാത്തവ	ആകെ
1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	ഇല്ല	28	28	ഇല്ല	2	2
4	4	2	6	ഇല്ല	2	2
5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	27	61	88	ഇല്ല	ഇല്ല	ഇല്ല
8.	10	55	65	ഇല്ല	8	8
9	15	59	64	ഇല്ല	11	11

അവലംബം: കിണറുകളെ സംബന്ധിയ്ക്കുന്ന വാളണ്ടിയറന്മാരുടെ ഗ്രാമസഭാ റിപ്പോർട്ട്, ഡയറി

കുളങ്ങളിൽ ഏതു കാലത്തും സുലഭമായി വെള്ളം ലഭിയ്ക്കത്തക്കവിധം വേണ്ടത്ര സംരക്ഷിയ്ക്കപ്പെടുകയാണെങ്കിൽ കൂടി വെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിയ്ക്കാൻ കഴിയും. കുളങ്ങളിലേയും കിണറുകളിലേയും വെള്ളം ശുദ്ധമാണ്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ആകെ 251 കിണറുകൾ ആണ് ഇവിടെ ഉള്ളത്. ഇതിൽ 205 എണ്ണം വറ്റാത്തവയുമാണ്. കിണറുകൾ എല്ലാം തന്നെ ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്നവയാണ്. ജലസേചനത്തിന് കിണർ ജലം ഉപയോഗിക്കുന്നില്ല. നീരുറവകൾ പലഭാഗത്തും ഉണ്ടെങ്കിലും അവ എല്ലാം തന്നെ വേനൽക്കാലാരംഭത്തോടുകൂടി വറ്റിവരളുന്നവയാണ്.

അച്ചൻ കോവിൽ ആറ് പഞ്ചായത്തിന്റെ വടക്കേ അതിരിന്റെ ഭാഗമാണെന്നു പറഞ്ഞുവല്ലോ? പശ്ചിമഘട്ട പർവ്വത നിരകളിൽ നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ പതിയ്ക്കുന്ന ഈ നദിയുടെ ഒരു കൈവഴി ഈ പഞ്ചായത്തിലെ കിഴക്കൻ മലനിരകളിൽ നിന്നാണ് ഉത്ഭവിയ്ക്കുന്നത്. 129 കി. മീ. നീളം വരുന്ന അച്ചൻകോവിൽ ആറിന്റെ 23.25 കി. മീ ഈ പഞ്ചായത്തിന്റെ വടക്കേ അതിരിലൂടെ ഒഴുകുന്നു. ഇതിൽ 5.5 കി.മീ ഭാഗത്തു മാത്രമേ വർഷാവസാനം നീരൊഴുക്ക് ഉള്ളു. ഏതാനും ചില വളവുകൾ ഒഴിച്ചാൽ ഈ നദി ഒഴുകുന്നത് ഏതാണ്ട് വടക്കുപടിഞ്ഞാറായിനേർരേഖയിൽ ആണെന്നുകാണാം. വടക്കുപടിഞ്ഞാറായി കിടക്കുന്ന അച്ചൻകോവിൽ ലീനിയമെന്റിലൂടെയാണ് ഈ നദി ഒഴുകുന്നത് എന്നതാണ് ഇതിന് കാരണം. ഈ ലീനിയമെന്റ് എന്നത് ഒരംശരേഖയോ വലനത്തിന്റയോ (പാറകൾ ഒടിഞ്ഞു മടങ്ങുന്നതിനെയാണ് വലനം എന്ന് പറയുന്നത്) വിള്ളലുകളുടെ നിരയോ ആയിരിക്കാം എന്നാണ് ഭൗമശാസ്ത്രജ്ഞരുടെ അഭിപ്രായം. അച്ചൻകോവിൽ ആറിന്റെ അരുവികളുടെ നീളവും അവയുടെ നീർമറിപ്രദേശങ്ങളുടെ വിസ്തീർണ്ണം പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6

ക്രമനമ്പർ	അരുവി/തോട്	നീളം(കി. മി.)	വൃഷ്ടിപ്രദേശവും അതിന്റെ അളവും ശതമാനം	
1.	സരളി തോട്/ആറ്	4	590	2.98
2.	ഋഷിമലതോട്	4	410	2.08
3.	അവകർ കൈത്തോട്	5.50	812.5	4.13
4.	പള്ളി കൊണ്ടൻആറ്	7.80	2104.5	10.69
5.	എംതോട്	2.50	296.8	1.50
6.	ശങ്കുപ്പിള്ളതോട്	3.75	1506.00	7.65
7.	ചിറ്റാർ ആറ്	12.90	2770	14.07
8.	തുരതോട്	9.40	2694	13.69
9.	കൽതുരുത്തി പുഴ	8.75	1448	7.36
10.	വെഞ്ചർ ആറ്	3.55	1212.5	6.16
11.	സുവർണ്ണഗിരി ആറ്	11.00	2681.5	13.62
12.	തീർത്തക്കര ആറ്	8.60	1596.87	8.11
13.	പാലരുവി	8.75	1561.16	7.93
	ആകെ		1968378	99.97

ആര്യങ്കാവ് പഞ്ചായത്തിന്റെ ഭൂവിസ്ത്രിതിയുടെ 56.44% അച്ചൻകോവിൽ ആറിന്റെ കൈവരിയാകുന്ന വൃഷ്ടിപ്രദേശങ്ങളും 43.56% കല്ലടയാറിന്റെ പോഷകനദികളുടെ വൃഷ്ടിപ്രദേശങ്ങളുമാണ്. ഈ പഞ്ചായത്തിലെ അരുവികളുടെ ആകെ നീളം 90.5 കി. മിറ്ററോളം വരും ഇതിൽ 40.45 കി. മീറ്റർകല്ലടയാറിന്റെ പോഷകനദികളുടേയും 50 കി. മീറ്റർ അച്ചൻകോവിൽ ആറിന്റെ പോഷകനദികളുടേതുമാണ്.

ഭൂപ്രകൃതിയും ജലലഭ്യതയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. താഴ്വരകളിലും ചരിവ് കുറഞ്ഞ പ്രദേശങ്ങളിലും വെള്ളം സുലഭമാകുമ്പോൾ കുത്തനെ ചരിവുള്ളപ്രദേശങ്ങളിലും ഉയരകൂടുതലുള്ളപ്രദേശങ്ങളിലും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിൽ ശരാശരി 2651 മില്ലിമീറ്റർ മഴ ലഭിക്കുന്നുണ്ട്. ഭൂമിയുടെ ചരിവ് വളരെ കൂടിയതാണ് ഇതിന് കാരണം. ഭൂമിയിൽ പതിക്കുന്ന വെള്ളം ഒഴുകി വന്ന് ഭൂതലത്തിൽ അൽപ്പംപോലും തങ്ങി നിൽക്കാതെ ഒഴുകി പ്പോകുന്നു. എന്നാൽ ഈ വെള്ളം ഒഴുകി പോകാതെ ഭൂതലത്തിൽ തന്നെ തടഞ്ഞു നിർത്താൻ കഴിഞ്ഞാൽ അത് ഭൂനിരപ്പിൽ നിന്നും പാറകളുടെ വിള്ളലുകളിലൂടെയും വിടവുകളിലൂടെയും തരികൾ തമ്മിലുള്ള വിടവുകളിലൂടെയും ഊർന്നിറങ്ങുകയും തത് ഫലമായി ഭൂഗർഭജലനിരപ്പ് ഉയരുകയും ചെയ്യുന്നു. കുത്തനെ ഉള്ള ചരിവുകളിൽ പോലും ഇത്തരത്തിലുള്ള തടഞ്ഞുനിർത്തൽ പ്രാവർത്തികമാണ് എന്ന് ഉദാഹരണങ്ങൾ കാണിക്കാൻ കഴിയും. കുത്തനെ ഉള്ള ചരിവുകൾ തട്ടുതട്ടുകളാക്കി കൃഷി ചെയ്യുക, ചരവുകൾ നിരപ്പാക്കുക. ചരിവുകളിൽ തോട്ടങ്ങൾക്ക് പകരം സ്ഥിരമായി വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക എന്നിവയൊക്കെയാണ് ഇന്ന് അനുവർത്തിച്ചുവരുന്ന മണ്ണ് സംരക്ഷണ പരിപാടികൾ. ഇതിന് വേണ്ടത്ര ആക്കം കൊടുക്കേണ്ടതുണ്ട്. എന്നാൽ ഒരു പരിധി വരെ മണ്ണൊലിപ്പും അതുവഴി ജലസംഭരണവും സാദ്ധ്യമാക്കാം.

നീർമറിപ്രദേശങ്ങൾ

തികച്ചും വൈവിദ്ധ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയും അനുഭവപ്പെടുന്നു കേരളത്തെസംബന്ധിച്ചിടത്തോളം മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾക്ക് അതിയായ പ്രാധാന്യം ഉണ്ട്. ഇത്തരത്തിലുള്ള മണ്ണ്, ജല ജൈവ സംരക്ഷണം നീർമറിപ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയാകുമ്പോൾ നീർമറിപ്രവർത്തനങ്ങൾക്ക് അതിയായ പ്രാധാന്യം കൈവരുന്നു. ഒരു പ്രദേശത്തെ മഴവെള്ളം മുഴുവനും ഒരു സ്ഥലത്തുകൂടി പുറത്തേയ്ക്ക് ഒഴുകുകയാണെങ്കിൽ ആ പ്രദേശത്തെയാണ് നീർതടം/നീർമറി/വൃഷ്ടിപ്രദേശങ്ങൾ എന്നു പറയുന്നത്. പുറത്തേയ്ക്ക് ഒഴുകുന്ന സ്ഥലത്തു വച്ചുതന്നെ നീർതടത്തിലെ മൊത്തം ജലത്തെ നിയന്ത്രിയ്ക്കാൻ പറ്റും. ഇങ്ങനെ പുറത്തേയ്ക്ക് ഒഴുകുന്ന ജലത്തെ തോടോ, പുഴയോ, നീർചാലോ ആക്കാം. ശാസ്ത്രീയ നിർവ്വചനം അനുസരിച്ച് നീർമറിയെ ഇങ്ങനെ നിർവചിക്കാം. "ഏകജല നിർഗ്ഗമന മാർഗ്ഗ മാത്രംമുള്ള നിശ്ചിത ജല ശേഖരണ വ്യാപന മേഖല" നീർമറിപ്രദേശ ആസൂത്രണം എന്നാൽ കേവലം ജല സംരക്ഷണപ്രവർത്തനങ്ങൾ മാത്രമല്ല, മറിച്ച് ഭൂമിയുടെയും ജലസ്ത്രോതസ്സുകളുടേയും സസ്യജൈവസമ്പത്തന്റെയും സംയോജിതമായ ആസൂത്രണം ആണ് ഇതിന്റെ അടിസ്ഥാന ലക്ഷ്യം. വിവിധ വിളകളുടെ ഉത്പാദന വർദ്ധനവും, മൃഗ, പക്ഷി, മത്സ്യ കൃഷിമെഖലകൾ ശക്തിപ്പെടുത്തുകയും, കാർഷിക വിഭവങ്ങലുടെ സംസ്കരണ വിപണന സംവിധാനങ്ങളിലൂടെയുള്ള തൊഴിൽ വർദ്ധനവുമാണ്. ' ശാസ്ത്രീയമായ പഠനം ഈ രംഗത്ത് അത്യന്താപേക്ഷിതമാണ്.

ആര്യങ്കാവ് പഞ്ചായത്തിലെ പ്രധാന നീർമറി പ്രദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ആകെ 13 നീർമറി പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. അതാതു പ്രദേശത്തെ തോടിന്റെ/ അരുവിയുടെ പേരാണ്നീർമറികൾക്ക് നൽകിയിട്ടുള്ളത്.

1. സരളിതോട്/ ആറ് നീർമറി

സരളിതോട്/ ആറും അതിന്റെ അരുവികളും ചേർന്നതാണ് ഈ നീർമറി പഞ്ചായത്തിന്റെ കിഴക്കുഭാഗത്താണ് ഈ നീർമറി ഇവിടെകൂടുതൽ വനപ്രദേശങ്ങളാണ്. പൊതുവെ ഉയരം കൂടിയ പ്രദേശങ്ങളാണ്.കുത്തനെ ചരിവുകൾ ഉണ്ട്. ഇതിന്റെ വിസ്തൃതി 590 ആണ്. ആകെ വിസ്തൃതിയുടെ 2.98% ആണ്.

2. ഋഷി മല തോട് നീർമറി: ഋഷിമലയിൽ നിന്നും ഉത്ഭവിക്കുന്നതുകൊണ്ടാണ് ഇതിന് ഈ പേര് നൽകപ്പെട്ടിരിക്കുന്നത്.. കൂടിയ ഉയരം 1072 മീറ്ററും കുറഞ്ഞ ഉയരം 150 മീറ്ററും ആണ്. തോടിന്റെ നീളം 4 കി.മീ. ആണ്. വിസ്തൃതി 410 ഹെക്ടർ.ആകെ വിസ്തൃതിയുടെ 2.08 ശതമാനത്തോളം വരും.

3. അവർകൾ കൈത്തോട് നീർമറി : ഉത്ഭവ സ്ഥാനത്തുനിന്നും 2 കി.മീറ്ററോളം കുത്തനെ ചരിഞ്ഞിറങ്ങുന്താണെങ്കിലും ബാക്കി ഭാഗം അഭിവൃദ്ധിപ്പെടിത്താവുന്നതാണ്. വടക്കോട്ട പിരിഞ്ഞിറങ്ങുന്ന നീർമറിയുടെ വിസ്തീർണ്ണം 812.5 ഹെക്ടറാണ്. പഞ്ചായത്തിലെ ആകെ വിസ്തൃതിയുടെ 4.13 ശതമാനത്തോളം വരുമിത്. ഏറ്റവും കൂടിയ ഉയരം കുറഞ്ഞ ഉയരം എന്നിവ യഥാക്രമം 945 മീറ്റർ, 140 മീറ്റർ എന്നിങ്ങനെയാണ്. പള്ളിവാസൽ മുതലായ സ്ഥലങ്ങൾ ഈ നീർമറിപ്രദേശത്ത് ഉൾപ്പെട്ടതാണ്.

4. പള്ളികൊണ്ടൻ ആറ് നിർമറി : വനപ്രദേശങ്ങളാണ്. വിസ്തൃതി 2104. 5 ഹെക്ടർ. ഏറ്റഴും കൂടിയ ഉയരം 996 കുറഞ്ഞ ഉയരം 120 മീറ്ററാണ്. തോടിന്റെ നീളം 7.8 കി.മീറ്ററാണ്. ഏകദേശം 2 കീ.മീറ്ററോളം കുത്തനെയുള്ള ചരിവുകളാണെങ്കിലും ബാക്കി ഭാഗം അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

5. എം തോട് : പള്ളികൊണ്ടൽ ആറിനും എങ്കുപ്പിള്ള തോട് നീർമറിക്കും ഇടയ്ക്കുള്ള നീർമറിപ്രദേശങ്ങളാണിത്. വിസ്തൃതി 296.8 ഹെക്ടറാണ്. സെറിൽമെന്റ് പ്രദേശമായ അച്ചൻകോവിൽ ഇതിന്റെ പ്രധാന്യം വർദ്ധിപ്പിക്കുന്നു. തോടിന്റെ നീളം 2.5 കി.മീറ്ററാണ്. കൂടിയ ഉയരം 440 മീററും കുറഞ്ഞ ഉയരം 110 മീറ്ററുമാണ്.

6. ശങ്കുപ്പിള്ളതോട് നീർമറി:- ഇതിന്റെ വിസ്തൃതി 1506 ഹെക്ടറാണ്. മൊത്തം വിസ്തൃതിയുടെ 7.65 ശതമാനം ഇത് ഉൾക്കൊള്ളുന്നു. തോടിന്റെ നീളം 3.75 കി. മീ ആണ്. കൂടിയ ഉയരം 300 മീറ്ററും കുറഞ്ഞ ഉയരം 110 മീറ്ററുമാണ്.

7. ചിറ്റാർ നീർമറി: വളരെയധികം വികസന സാദ്ധ്യതകൾ ഉള്ള ഒരു നീർമറി പ്രദേശമാണിത്. ഈ നീർമറിയുടെ വ്യാപ്തി 2770 ഹെക്ടർ ആണ്. ഇത് മൊത്തം ഭൂവിസ്തൃതിയുടെ 14% ത്തോളം വരും. ഈ പഞ്ചായത്തിലെ ഏറ്റവും വിസ്തൃതി കൂടിയ നീർമറിയാണ് ഇത്. തോടിന്റെ നീളം 12.9 കീ.മീ. ആണ്.

8. ഈരതോട് നീർമറി: ഈ നീർമറിയുടെ വലത് ഭാഗം മാത്രമേ ഈ പഞ്ചായത്തിൽ വരുന്നുള്ളു. ഉൾപ്പെടുന്ന ഭാഗത്തെ നീർമറിയുടെ വിസ്തൃതി 2694 ഹെക്ടർ ആണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 13.69 %ത്തോളം വരും. പരമാവധി ഉയരം 721 മീറ്ററും കുറഞ്ഞ ഉയരം 100 മീറ്ററും ആണ്. സെറ്റിൽമെന്റ് പ്രദേശമാണ്. തോടിന്റെ ആകെ നീളം 9.4 കി.മീ. ആണ്. ആദ്യത്തെ ഏതാനും കി. മീറ്ററുകൾ ഒഴിച്ചാൽ സാദ്ധ്യതകൾ ഉള്ള ഒരു നീർമറിപ്രദേശമാണിത്. മേൽപ്പറഞ്ഞ 8 നീർമറി പ്രദേശങ്ങളെല്ലാം അച്ചൻകോവിൽ ആറിന്റെ വൃഷ്ടി പ്രദേശങ്ങളിലാണ്.

9. കൽത്തുരുത്തി നീർമറി: കല്ലടയാറിന്റെ പോഷക നദിയായ കൽത്തുരുത്തിയാറ് വടക്കു നിന്നും തെക്കോട്ടാണൊഴുകുന്നത്. ഇതിന്റെ വിസ്തൃതി 1448 ഹെക്ടറാണ്. ഈ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 7.30 ശതമാനത്തോളം വരും. ആറിന്റെ നീളം 8.75 കി.മീ. ആണ്. ശരാശരി ഉയരം 900 മീറ്ററും കുറഞ്ഞ ഉയരം 140 മീറ്ററും ആണ്. പുത്തോട്ടം , നെടുമ്പാറ, എന്നീ സെറ്റിൽമെന്റ് പ്രദേശങ്ങൾ ഈ നീർമറിപ്രദേശത്ത് ഉൾപ്പെടുന്നു.

10. വെഞ്ചർ ആറ് നീർമറി: – കൽത്തുരുത്തിയാറിന്റെ കിഴക്കായി സ്ഥിതി ചെയ്യുന്നു. കല്ലടയാറിന്റെ നീർമറി പ്രദേശത്ത് ഉൾപ്പെടുന്നു. വിസ്തൃതി 1212.5 ഹെക്ടർ. മൊത്തം വിസ്തൃതിയുടെ 6.166.16 ശതമാനത്തോളം വരുമിത്. തോടിന്റെ നീളം 3.55 കി. മീറ്ററാണ്. കൂടിയ ഉയരം 500 മീറ്ററും കുറഞ്ഞ ഉയരം 160 മീറ്ററും ആണ്. തേയിലത്തോട്ടങ്ങളും റബ്ബർതോട്ടങ്ങളുമാണ് ഈ നീർമറിപ്രദേശത്തെ സസ്യപ്രകൃതം

11. സുവർണ്ണഗിരി നീർമറി:– തലപ്പാറ ആറ്, കൊരട്ടിപാറ തോട് , കുളത്തിതോട് എന്നീ ഉപവൃഷ്ടി പ്രദശങ്ങൾ ചേർന്നതാണിത് . വിസ്തൃതി 2681.25 ഹെക്ടർ. ആകെ വിസ്തൃതിയുടെ 13.62 ശതമാനം .കൂടിയഉയരം 996 മീറ്ററും കുറഞ്ഞ ഉയരം 220 മീറ്ററും ആണ്. റിസർവ്വ് വനങ്ങളാണ് ഈ നീർമറിപ്രദേശത്ത് അധികവും. തോടിന്റെ ആകെ നീളം 11 കി.മീറ്റർ

12. തീർത്ഥകര ആറ് നീർമറി: – (പാലരുവി നിർമറി) കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞിറങ്ങുന്ന നീർമറി പ്രദേശമാണിത്. പാലരുവി വെള്ളച്ചാട്ടം ഈ നീർമറിയിൽപ്പെടുന്നു. ആറിന്റെ ആകെ നീളം 8.6 കി മീറ്ററാണ്. 8.22 ശതമാനത്തോളം വരുന്ന ഈ നീർമറി 1596 ഹെക്ടർ പ്രദേശത്ത് വ്യാപിച്ചി കിടക്കുന്നു. കൂടിയ ഉയരം 894 മീറ്ററും കുറഞ്ഞ ഉയരം 220 മീറ്ററും ആണ്

13. കല്ലടയാറിന്റെ പ്രഭവസ്ഥാനത്തെ നീർമറി:– ഇത് ഏകദേശം 1596 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്നു.മൂന്ന് കൈവഴികളുടെ നീർമറിയും ഇതിൽപ്പെടുന്നു.അരുവികളുടെ ആകെ സീറ്റ് 10 കി.മീറ്ററോളം വരും. ഇടതൂർന്ന വനങ്ങൾ ഈ പ്രദേശത്ത് കണ്ടു വരുന്നു. താഴ്ഭാഗങ്ങളിൽ തോട്ട വിളകളും ഉണ്ട്. പരമാവധി ഉയരം 791 മീറ്ററും കുറഞ്ഞ ഉയരം 140 മീറ്ററും ആണ്.

കല്ലടയാറിന്റെ കൈവഴികളുടെ മൊത്തം നീർമറി പ്രദേശത്തിന്റെ വ്യാപ്തി 8500 ഹെക്ടർ ആണ്. ഇത് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 43.56% ത്തോളം വരും.

ഉപരിതല വസ്തുക്കൾ : ഉപരിതലത്തിൽ കണ്ടു വരുന്ന മണൽ തരങ്ങൾ, പാറകൾ, എന്നിവയാണ് ഉപരിതല വസ്തുക്കൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഈ പഞ്ചായത്തിലെ പ്രധാന മണ്ണിനങ്ങൾ ചെങ്കൽമണ്ണ്, ജൈവാംശം കലർന്ന ഫോറസ്റ്റ്സോയിലും ആണ്.

ചെങ്കൽമണ്ണ് : – കൽത്തുരുത്തി ഭാഗങ്ങളിലാണ് ഈ മണ്ണ് കണ്ടു വരുന്നത്. ഈ മണ്ണിനെക്കുറിച്ച് വളരെയധികം ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മഴയും വേനലും ഇടവിട്ട് അനുഭവപ്പെടുന്ന മൺസൂൺ കാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മാത്രമാണ് ഈ മണ്ണ് കണ്ടു വരുന്നത്.ഈ കാലാവസ്ഥയിൽ പിതൃശില, രാസഭൗതിക അപക്ഷയങ്ങൾക്ക് വിധേയമായി പൊടിയും . ഇങ്ങനെ മാറ്റം നടക്കുമ്പോൾ പിതൃശിലയിലെ ലോഹാംശങ്ങൾ, (ഇരുമ്പ്, അലൂമിനിയം എന്നിവ ഒഴികെ) ജലം വഴി നഷ്ടപ്പെടുന്നു. പിതൃശില സാവധാനം മാറി ലാറ്ററൈറ്റ് അഥവാ ചെങ്കല്ലായി മാറുന്നു. ഉയരം കൂടിയ കുന്നിൻപ്രദേശങ്ങളിലും മറ്റുമാണ് ഇത്തരത്തിലുള്ള മണ്ണ് കണ്ടു വരുന്നത് പൂർണ്ണമായും ലാറ്ററൈസേഷനുവിധേയമായ പ്രദേശത്ത് വ്യത്യസ്ത രാസഭൗതിക ഘടനകൾ കാണിക്കുന്ന പാളികൾ കാണാവുന്നതാണ്. ഈ ചെങ്കൽ രൂപീകരണ പ്രക്രിയ (ലാറ്ററൈസേഷൻ) എല്ലായിടത്തും പൂർത്തിയാകണം എന്നില്ല. അതിനാൽ ചില സ്ഥലങ്ങളിൽ മൂന്ന് പാളികൾക്ക് പകരം രണ്ടു പാളികൾ മാത്രമെ കണ്ടു വരുന്നുള്ളു. ആര്യങ്കാവ് പ്രദേശത്തെ മണ്ണ് 99 ശതമാനവും ചെമ്മണ്ണാണ്. വനപ്രദേശങ്ങളിൽ ഇതിൽ ജൈവാംശങ്ങൾ കലരുന്നതിനാൽ കറുത്തിരിക്കും. അതിനാൽ ഈ മണ്ണിനെ ഫോറസ്റ്റ് സോയിൽ എന്നും കരിമണ്ണ് എന്നും പ്രാദേശികമായി അറിയപ്പെടുന്നു. പൂർണ്ണമായും ലാറ്ററൈസേഷനു വിധേയമായ പ്രദേശങ്ങൾ ഇവിടെ അപൂർവ്വമാണ്.

വനഭൂമിയിലെ മണ്ണ്: – ഈ പഞ്ചായത്തിലെ 90% പ്രദേശത്തും കണ്ടു വരുന്ന മണ്ണാണിത്. കരിമണ്ണ് എന്ന്

പ്രാദേശികമായി അറിയപ്പെടുന്ന ഈ മണ്ണ് യഥാർത്ഥത്തിൽ ജൈവാംശം നിറഞ്ഞ ചെങ്കൽ മണ്ണാണ്. ഈ മണ്ണ് നല്ല ആഴത്തിൽ കണ്ടു വരുന്നു. നല്ല പോലെ നീർവാഴ്ചയുള്ളതും ജലസംഭരണശേഷി വളരെ കൂടുതൽ ഉള്ളതുമായ മണ്ണാണിത്. ഈ മണ്ണിൻരെ PH അഥവാ ഹൈഡ്രജൻ അയോണുകളുടെ ഗാഢത 5.5 മുതൽ 5.8 വരെയാണ്. മണ്ണിലെ ജൈവീയ കാരബണിന്റെ അളവ് , രാസ വളങ്ങളുടെ പ്രയോഗം എന്നിവ PH നെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

3. എക്കൽ മണ്ണ് : അച്ചൻകോവിൽ ആറിന്റെ താഴ് വരകളിലും നദീതടങ്ങളിലുമാണ് ഈ മണ്ണ് കണ്ടു വരുന്നത്. നദികൾ ഒഴുക്കിക്കൊണ്ടു വരുന്ന വസ്തുക്കളും മറ്റും നിക്ഷേപിച്ച് ഉണ്ടാകുന്ന മണ്ണാണിത്. അത്യന്തം ഫലഭൂയിഷ്ടമായ മണ്ണാണിത്. ജൈവാംശം വളരെ കുടുതൽ ആയിരിക്കും. മണലിന്റെ അംശം കുറവും കളിമണ്ണിന്റെ അംശം കൂടുതലും ആയിരിക്കും. നീർവാഴ്ച വളരെ കുറവാണ് എന്നത് എടുത്തു പറയേണ്ട വസ്തുതയാണ. ഈർപ്പം സംഭരിച്ചു വയ്ക്കാനുള്ള കഴിവ് വളരെ കുടുതലാണ്. നെൽക്കൃഷിക്ക് അനുയേജ്യമാണ് എങ്കിലും നെൽക്കൃഷി ഇവിടെ ചെയ്തു വരുന്നില്ല. അച്ചൻകോവിലിലും അതിന്റെ സമീപപ്രദേശങ്ങളിലുമാണ് ഈ മണ്ണ് കണ്ടു വരുന്നത്. തെങ്ങ്, കമുക്, എന്നിവ പ്രധാന കൃഷിയിനങ്ങളിൽപ്പെടുന്നു.

ഭൂവിനിയോഗം

ആര്യങ്കാവ് പഞ്ചായത്തിന്റെ ഭൂരിഭാഗവും സംരക്ഷിത വനങ്ങളാണ്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 63 ശതമാനവും വനങ്ങളാണ്. കേരളത്തിലെ പ്രതിശീർഷ വനഭൂമിയുടെ വിസ്തീർണ്ണം 0.038 ഹെക്ടർ ആണെങ്കിൽ ഈ പഞ്ചായത്തിൽ അത് 1.25 ഹെക്ടർ ആണ്. അതായത് സംസ്ഥാന ശരാശരിയേക്കാൾ 68% കൂടുതൽ. സംരക്ഷിത വനങ്ങൾ 12422 ഹെക്ടർ പ്രദേശത്ത് വ്യാപിച്ചു കിടക്കുന്നു. ഉയർന്ന കുന്നിൻ പ്രദേശങ്ങളിലും കുന്നിൻചരിവുകളിലുമാണ് ജനങ്ങൾ ഉള്ളത്. 2991 ഹെക്ടർ പ്രദേശത്ത് തേക്കു തോട്ടങ്ങൾ ആണ്. സംരക്ഷിത വനങ്ങൾ ഒഴികെ ഉള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 41.18 ശതമാനത്തോളം വരും. ഈ ഭൂവിഭാഗം തോട്ടങ്ങളിൽ തേക്ക് കഴിഞ്ഞാൽ രണ്ടാം സ്ഥാനം റബ്ബറിനാണ്. 2600 ഹെക്ടർ അതായത് (33.8 ശതമാനത്തോളം) യൂക്കാലിപ്റ്റസ് മരങ്ങൾ 180 ഹെക്ടറിലും (2.48 ശതമാനം) തേയില തോട്ടങ്ങൾ 913 ഹെക്ടറിലും (15.59 ശതമാനം) റബ്ബറും തേയിലയും കൂടി 419 ഹെക്ടറിലും ശ്ര21.9 ശതമാനം) കണ്ടു വരുന്നു. മൊത്തം ഭൂമിയുടെ 37% പ്രദേശത്തു മാത്രമെ കൃഷിചെയ്യുന്നുള്ളു. അതായത് 7262 ഹെക്ടറിൽ ബാക്കി 63 % പ്രദേശങ്ങളും സംരക്ഷിത വനങ്ങളാണ്. പൊതുവായ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 7

ക്രമനമ്പർ	ഭൂവിനിയോഗം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1	തേക്ക് തോട്ടങ്ങൾ	2991	40.18
2	യൂക്കാലിപ്റ്റസ്	180	2.48
3	തേയില	913	15.57
4	റബ്ബർ തോട്ടങ്ങൾ	2600	33.80
5	റബ്ബറും, തേയിലയും	419	5.77
6	മിശ്രിത മരങ്ങൾ	159	2.19
	ആകെ	**7262**	**59.99**

(അവലംബം : വിവേ ഭൂപടം)

കൃഷിഭവൻ സംബന്ധിച്ച രേഖകൾ പട്ടിക 8 ൽ ചേർത്തിട്ടുണ്ട്.

മറ്റിന ഭൂവിനിയോഗം

പട്ടിക 8

ക്രമനമ്പർ	ഇനം	വിസ്തൃതി	ഉത്പാദനം	ഉത്പാദനക്ഷമത
1	നെല്ല്			
2	കുരുമുളക്	2340	3510 ടൺ	1.55 ടൺ/ഹെക്ടർ
3	റബ്ബർ	2600	5200 ടൺ	2 ടൺ/ഹെക്ടർ
4	മരച്ചീനി	1475	26.560 ടൺ	18 ടൺ/ഹെക്ടർ
5	വാഴ	460	6900 ടൺ	15 ടൺ/ഹെക്ടർ
6	തെങ്ങ്	295	140715 എണ്ണം	4770 ടൺ/ഹെക്ടർ
7	ഇഞ്ചി	105	267.5 ടൺ	3.5 ടൺ/ഹെക്ടർ
8	കമുക്	100	225000 ടൺ	2250 ടൺ/ഹെക്ടർ
9	ഗ്രാമ്പൂ	75	75 ടൺ	1 ടൺ/ഹെക്ടർ
10	കശുമാവ്	62.5	31.25 ടൺ	.5 ടൺ/ഹെക്ടർ
11	പയർ	25	10 ടൺ	400 കി. ഗ്രാം ഹെക്ടർ
12	പച്ചക്കറികൾ	15	225 ടൺ	15 ടൺ/ഹെക്ടർ

അവലംബം : കൃഷിഭവൻ, ആര്യങ്കാവ് രേഖകൾ)

നെൽക്കൃഷി ഈ പഞ്ചായത്തിൽ ചെയ്തു വരുന്നില്ല എന്നത് എടുത്തു പറയേണ്ടതാണ്. റബ്ബർ കഴിഞ്ഞാൽ പ്രാധാന്യം നൽകുന്നത് കുരുമുളകിനും മരച്ചീനിക്കുമാണ്. റബ്ബറിന്റെ സംസ്ഥാന ശരാശരി ഉല്പാദനക്ഷമത 1.164 ടൺ/ഹെ. ആണ്. എന്നാൽ ഇവിടെ അത് 2 ടൺ/ഹെ ആണ്.

കാലാവസ്ഥ

നാഷണൽ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള അഗ്രികൾച്ചറൽ റിസർച്ച് പ്രോജക്ട് മണ്ണ്, കാലാവസ്ഥ, സസ്യജാലങ്ങൾ, വിളകൾ, പരിസ്ഥിതി, ഭൂപ്രകൃതി എന്നി ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി കേരളത്തെ 5 കാർഷീക കാലാവസ്ഥാമേഘലകൾ (Agro climatic Zones) ആയി തരംതിരിച്ചിട്ടുണ്ട്. ഇതിൽ അഞ്ചാമത്തെ വിഭാഗമായ സതേൺ സോണിലാണ് ഈ പ്രദേശങ്ങം സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ കാലാവസ്ഥ ആർദ്രശീതോഷ്ണ കാലാവസ്ഥയാണ്. ശക്തമായവെയിലും പ്രാദേശികമായ മഴയും ഇവിടുത്തെ കാലാവസ്ഥയുടെ പ്രത്യേകതകളാണ്. (The Committee On Agriclimatic Zones and Cropping Pattern) പ്രകാരം മഴ, ഉയരക്രമം, മണ്ണിന്റെ തരം ഭൂപ്രകൃതി എന്നിവയെ അടിസ്ഥാനമാക്കി കേരളത്തെ 13 കാർഷികകാലാവസ്ഥാമേഖലകളായി തരംതിരിച്ചിട്ടുണ്ട്. അതിൽ ഏഴാമത്തെ മേഖലയിലാണ് ഈ പ്രദേശം ഉൽപ്പെടുന്നത്. ഈ ഏഴാമത്തെ മേഖലയുടെ പ്രധാന മണ്ണിൻ തരം പൂർണ്ണമായും ലാറ്ററൈസേഷനുവിധേയമാകാത്ത ചെങ്കൽ മണ്ണും, കൃഷി, റബ്ബർ, കുരുമുളക്, തെങ്ങ് എന്നിവയുമാണ്.

1975–76 വർഷംമുതൽ 1995–96 വർഷംവരെ സംസ്ഥാനത്തെയും കൊല്ലം ജില്ലയിലെയും വാർഷിക മഴ ലഭ്യത (മില്ലീമീറ്ററിൽ)

വാർഷികമഴ

കേരള സംസ്ഥാനം	കൊല്ലം ജില്ല	ശരാശരി വാർഷിക മഴ
3063	2554	
2729	2354	75–76
2731	2594	76–77
3256	2637	77–78
2788	2839	78–79
2799	4780	79–80
3039	3958	80–81
2215	2634	81–82
1396	897	82–83
3049	2197	83–84
2734	2059	84–85
1970	913	85–86
2046	NA	86–87
1828	1163	87–88
2466	2337	88–89
2801	2559	89–90
2966	2745	90–91
2840	2430	91–92
3432	3265	92–93
3100	2985	93–94
3098	3010	94–95
1956	1743	95–96


1993 ലെ മഴയുടെ മാസ ശരാശരി
(പൂനെയിലെ 6 സ്റ്റേഷൻ)
J F M A M J J A S O N D
ഞ്ഞാനാണിയത്ത് PRM CESS

ചിത്രം 8


വാർഷിക വർഷപാതം 1975-1993
പൂനെയിലെ സ്റ്റേഷനിൽ
ശരാശരി മഴയിലും
മി.മീ.
5000
4000
3000
2000
1000
0
1975-76
1976-77
1977-78
1978-79
1979-80
1980-81
1981-82
1982-83
1983-84
1984-85
1985-86
1986-87
1987-88
1988-89
1989-90
1990-91
1991-92
1992-93
1993-1994
വർഷം
ഞ്ഞാനാണിയത്ത് PRM CESS

ചിത്രം 9


ആപേക്ഷിക ആർദ്രതയും കാറ്റിന്റെ വേഗതയും
1994 ജനുവരി - ഡിസംബർ
(പൂനെയിലെ സ്റ്റേഷനിൽ)
°C
40
35
30
25
20
15
ആപേക്ഷിക ആർദ്രത
കാറ്റിന്റെ വേഗത
J F M A M J J A S O N D
Farm guide 94
ഞ്ഞാനാണിയത്ത് PRM CESS

വൈവിദ്ധ്യമാർന്ന ഭൂപ്രകൃതി, മണ്ണ് എന്നിവ പോലെ തന്നെ വൈവിദ്ധ്യമാർന്ന കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. കാർഷികവൃത്തിയെ പൂർണ്ണമായും ആശ്രയിച്ചുകഴിയുന്ന ഇവിടുത്തെ ജനജീവിതത്തെ കാലാവസ്ഥ ഗണ്യമായ രീതിയിൽ സ്വാധീനിക്കുന്നുണ്ട്.

തെക്ക്പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കിഴക്കൻ പർവ്വത മേഖല ആയതിനാൽ തീരപ്രദേശങ്ങളിൽ കാലവർഷം എത്തി ഏതാനും ദിവസങ്ങൾക്കു ശേഷമാണ് ഇവിടെ മഴ പെയ്തു തുടങ്ങുന്നത്. പെയ്യുന്ന മഴയുടെ 75% ജൂൺ ജൂലൈ മാസങ്ങളിലാണ് ലഭിക്കുന്നത്. ശരാശരി ഇവിടെ ലഭിക്കുന്ന മഴ 2554 മില്ലിമീറ്ററാണ്. സംസ്ഥാനത്തെ ശരാശരിയെക്കാൾ (3063 മി. മീ) 509 മി.മീറ്റർ കുറവാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ യഥാക്രമം 487 മി. മീ, മഴ ലഭിക്കുമ്പോൾ സംസ്ഥാന ശരാശരി ഇത് യഥാക്രമം 691 മി. മീയാണ്,790 മി.മീ എന്നീ ക്രമത്തിലാണ്. (Farm Guide 1994). 1975 മുതൽ 1993 വരെയുള്ള വർഷങ്ങലിൽ ഇവിടെ ലഭ്യമായ മഴയുടെ അളവ് പരിശോധിച്ചാൽ (പട്ടിക9) ഏറ്റവും കൂടുതൽ മഴലഭിച്ചത് 1979, 80 വർഷങ്ങളിൽ ആണെന്നു കാണാം. 4750 മില്ലിമീറ്റർ. ഏറ്റവും കുറവ് 1982-1983 വർഷങ്ങളിലും ആയിരുന്നു 897 മി:മീറ്റർ

ഏറ്റവും കൂടിയ താപനില അനുഭവപ്പെടുന്നത് മാർച്ച് ഏപ്രിൽ മാസങ്ങളിലാണ്. ഇവ യഥാക്രമം 37.1 ഡിഗ്രി സെൽഷ്യസ് 35.4 ഡിഗ്രി സെൽഷ്യസ് എന്നിങ്ങനെയാണ്. ഈ മാസങ്ങളിലെ കുറഞ്ഞചൂട് 22 ഡിഗ്രി സെൽഷ്യസ് 23.7 ഡിഗ്രിസെൽഷ്യസ് എന്നിങ്ങനെയാണ്. മറ്റു സ്ഥലങ്ങളിൽ ഇത് 1994 ലെ കൂടിയ താപനിലയും കുറഞ്ഞതാപനിലയും പട്ടിക 10 ൽ ചേർത്തിരിയ്ക്കുന്നു.

പട്ടിക 10

1994 വർഷത്തെ കൂടിയതും കുറഞ്ഞതുമായ താപനില.

മാസം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ
കൂടിയ താപനില	34.0	35.9	37.1	35.4	33.6	30.7	30.3
കുറഞ്ഞ താപനില	19.9	20.4	22.0	23.7	23.7	23.4	22.3
	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോ	നവമ്പർ	ഡിസം		
	30.6 23.1	32.7 22.9	31.9 22.8	32.4 22.5	34.2 21.6		

(ഡിഗ്രി സെൽഷ്യസിൽ) പുനലൂർ സ്റ്റേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത്)

വായുവിലുള്ള നീരാവിയുടെ അളവിനെയാണ് ആർദ്രത എന്നതുകൊണ്ട് ഉദ്ദേശിയ്ക്കുന്നത്. ആർദ്രത ഏറ്റവും കൂടിയിരിയ്ക്കുന്നത് ആഗസ്റ്റ്, സെപ്റ്റമ്പർ എന്നീ മാസങ്ങളിലാണ്. യഥാക്രമം 94, 93 ശതമാനം വീതമാണ്. കാലത്ത് 8.30 നും വൈകിട്ട് 5.30 നും ആയി ദിവസത്തിൽ രണ്ട് സമയത്താണ് ആർദ്രത രേഖപ്പെടുത്താറുള്ളത് 1994 ൽ ഈ പ്രദേശത്ത് രാഖപ്പെടുത്തിയ ആപേക്ഷിക മാസ ശരാശരി ആർദ്രതയുടെ ഗ്രാഫ് ആണ് ചിത്രം ൽ കാണിച്ചിരിയ്ക്കുന്നത്..

പട്ടിക 11

കാലത്ത് 8.30 നും വൈകിട്ട് 5.30 നും 1994 ൽ രേഖപ്പെടുത്തിയ ആപേക്ഷിക ആർദ്രത

സമയം	ജനു	ഫെബ്രു	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗ	സെപ്റ്റ	ഒക്ടോ	നവ	ഡിസ
8.30	90	92	92	91	88	94	94	95	93	93	91	88
5.30	60	61	57	69	70	79	82	78	69	82	71	59

(പുനലൂർ സ്റ്റേഷനിൽ രേഖപ്പെടുത്തിയത്)



പട്ടിക 12

ഉരുൾപൊട്ടൽ സാധ്യതയുള്ളപ്രദേശം

വാർഡ് നമ്പർ	വാർഡിന്റെ പേര്	ഉരുൾപൊട്ടൽ സാധ്യയുള്ള പ്രദേശം
1	നെടുമ്പാറ	നെടുമ്പാറ, മൂന്നാംഡിവിഷൻ, 27 മല.
2	പൂത്തോട്ടം	രണ്ടാംഡിവിഷൻ, പൂത്തോട്ടം മല, മേക്കാട് മല, പത്തേക്കർ, വെഞ്ചർമല
3	വെഞ്ചർ	വെഞ്ചർമല, ഇരുളൻകാട്, രാജച്ചോല, നീലാണ്ടൻ ചോല.
4	ഫ്ളോറൻസ്	9 ഏക്കർ മല, ഫ്ളോറൻസ്, തകരപ്പുര, തലപ്പാറ, സ്വർണ്ണഗിരിമല, ചേനഗിരി
5	അമ്പനാട് (കിഴക്ക്)	അറണ്ടൽ, അച്ചൻകോവിൽ എസ്റ്റേറ്റ്.
6	അമ്പനാട് (പടിഞ്ഞാറ്)	അമ്പനാട് മിഡിൽ, ലോവർ
7	അച്ചൻകോവിൽ	അച്ചൻകോവിൽ, കല്ലാർ, കാനാർ, കോട്ടവാസൽ, ഹരിജൻകോളനി
8	കഴുതുരുട്ടി	കഴുതുരുട്ടി, ഇടപ്പാളയം വനമേഖല.
9	ആര്യങ്കാവ്	ആര്യങ്കാവ്, കരിമ്പിൻതോട്ടം മല, പാണ്ഡൻപാറ മല, രാജാക്കൂപ്പ്, കരയാളംമെത്ത്, സ്വർണ്ണപിള്ളക്കാട് മല, 47 മല, പാലരുവിമല, അഞ്ചുമുക്ക് മല, മുരുകപഞ്ചാൽമല

വിനോദ സഞ്ചാരം

വിനോദ സഞ്ചാരത്തിന് വളരെ അധികം സാദ്ധ്യതകൾ ഉള്ള ഒരു പ്രദേശമാണ് ആര്യങ്കാവ് പഞ്ചായത്ത്. ആര്യങ്കിവാൽനന്നും 4 കി.മീ തെക്ക് മാറിയണ് പ്രസിദ്ധമായ പാലരുവി വെള്ളച്ചാട്ടം. കൊല്ലം ചെങ്കോട്ട റോഡും, റയിൽപാതയും ഇതിന്റെ വികസന സാദ്ധ്യതയിലേയ്ക്ക് വളരെ ഏറെ ആക്കം കൂട്ടും. കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ ഗ്രാമ ഭംഗിനിലനിറുത്തിക്കൊണ്ടുതന്നെ ഒരു പൂന്തോട്ടവും ഒരു പാർക്കും നിർമ്മിച്ചാൽ നന്നായിരിയ്ക്കും.

പരിസ്ഥിതി പ്രശ്നങ്ങൾ:-

മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ എന്നിവയാണ് ഇവിടുത്തെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ. മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ എന്നിവ അനുഭവപ്പെടുന്ന പ്രദേശങ്ങൾ വാർഡുതലത്തിൽ പട്ടിക 12 ൽ കാണിച്ചിരിക്കുന്നു. ഇവിടുത്തെ ഭൂമിയുടെ 97% വും ചരിവു ഭൂമിയാണ്. അതിൽ 87% വും കുത്തനെ ചരിവുള്ള കുന്നിൻ ചരിവുകളോ മലനിരകളോ ആണ്. മഴവെള്ളം ഈ ഭൂമിയിൽ വീണാൽ അല്പംപോലും തങ്ങിനിൽക്കാറില്ല. വെള്ളത്തോടൊപ്പം ഫലഭൂയിഷ്ടമായ മണ്ണ് നഷ്ടപ്പെടുന്നു. ഒരു സെ.മീറ്റർ കനത്തിൽ മണ്ണുണ്ടാകുന്നതിന് ഏതാണ്ട് 100 വർഷങ്ങൾ വേണ്ടിവരും എന്നറിയുമ്പോൾ മാത്രമേ ഈ മണ്ണൊലിപ്പിന്റെ ഗൗരവം മനസ്സിലാവുകയുള്ളു. ഉയര ക്രമം അനുസരിച്ച് കൃഷിചെയ്യുക, ചരിവുള്ള സ്ഥലങ്ങളെ തട്ടുകളായി നിരപ്പുള്ളതാക്കുക ചരിവുകളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക എന്നിവയൊക്കെയാണ് മണ്ണൊലിപ്പ് തടയുന്നതിനായി അനുവർത്തിച്ചു വരുന്ന മാർഗ്ഗങ്ങൾ. ഈ മാർഗ്ഗങ്ങൾ കർശനമായി പാലിക്കുകയാണെങ്കിൽ മണ്ണൊലിപ്പ് ഒരു പരിധിവരെ തടയുവാനും അതുവഴി ഫലഭൂയിഷ്ടമായ മണ്ണ് നഷ്ടപ്പെടാതിരിക്കുകയും ചെയ്യും. തുടർച്ചയായി ശക്തമായ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ പാറകളുടേയും മറ്റും വിടവുകളിലേക്ക് വെള്ളം ആഴ്ന്നിറങ്ങുന്നു. ഇങ്ങെനെ ആഴ്ന്നിറങ്ങുന്ന വെള്ളത്തിന്റെ അളവ് വർദ്ധിക്കുമ്പോൾ പാറകൾ അടിസ്ഥാന ശിലയുമായുള്ള ഘർഷണം കുറയുകയും അവയുമായുള്ള ബന്ധം വേർപെടുകയും ചെയ്യുന്നു. ഒരു പരിധി കഴിഞ്ഞാൽ വെള്ളം പാറകളും മണ്ണും മറ്റും ശക്തിയോടെ താഴേക്ക് ഒഴുക്കുന്നു. ഇതാണ് ഉരുൾപൊട്ടൽ. പാറകളെ തമ്മിൽതമ്മിൽ ചേർത്ത് നിർത്തുന്നതിന് വൃക്ഷങ്ങളുടെ വേരുകൾ വളരെയധികം സഹായിക്കുന്നു. അതിയായ വർഷം കുത്തനെയുള്ള ചരിവ്, പാറകളുടെ പ്രകൃതം എന്നിവ ഉരുൾപൊട്ടലിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആണ്.

1992 ഒക്ടോബർ 9 നവംബർ 13, തീയതികളിൽ അതിവർഷത്തിൽ ഈ പ്രദേശത്തെ ഒമ്പതു മുക്ക് ജംഗ്ഷൻ, ഇടപ്പാളയം, ഇരുളൻകാട്, രാജാചോല, മേക്കാട്, അമ്പനാട്, നെടുമ്പാറ, ഫ്ളോറൻസ്, ഒൻപതേക്കർ, ചേനഗിരി, സുവർണ്ണഗിരി, ആര്യങ്കാവ് എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വമ്പിച്ച നാശ നഷ്ടങ്ങൾ ഉണ്ടായി. പൂത്തോട്ടം, 10 ഏക്കർ, ആശുപത്രിഭാഗം, 47 ഏക്കർ, കോട്ടവാസൽ, കരിമ്പിൻതോട്ടം, പാലരുവി എന്നിവിടങ്ങളിലും ശക്തമായ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്.

മനുഷ്യ വിഭവങ്ങൾ

1991 കാനിഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ജന സംഖ്യ 15,585 ആണ്. (NIC Kerala Unit) ജനസാന്ദ്രതയാകട്ടെ വെറും 79 ഉം, കൊല്ലം ജില്ലയിലെ ജനസാന്ദ്രത 967 ഉം സംസ്ഥാന ജനസാന്ദ്രത 74 ഉം ആണ്. കൊല്ലം ജില്ലയിലെ ജന സാന്ദ്രത ഏറ്റവും കുറഞ്ഞ രണ്ടാമത്തെ പഞ്ചായത്താണ് ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്. ഇവിടുത്തെ പ്രതിശീർഷ ഭൂമിയുടെ അളവ് 1.62 ഹെക്ടർ ആണ്. സംസ്ഥാനത്ത് ഇതുവെറും 0.13 ഹെക്ടറാണ് (32.5 സെന്റ്). ജനസഖ്യയിൽ 7903 പേർ പുരുഷൻമാരും, 7682 സ്ത്രീകളുമാണ്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷൻമാർ 221 കൂടുതൽ. സംസ്ഥാന സ്ത്രീ പുരുഷ അനുപാതം 1036 ആകുമ്പോൾ ഇവിടെ 1000 പുരുഷൻമാർക്ക് 972 സ്ത്രീകൾ എന്ന് കാണുന്നു. വാർഡ് തലത്തിൽ നോക്കുകയാണെങ്കിൽ, 2, 3 എന്നീവാർഡുകളിൽ മാത്രമാണ് ഇതിന് വിവരീതമായി കാണുന്നത്. 2-ാം വാർഡിൽ 1075 ഉം, 3-ാം വാർഡിൽ 1012 ഉം ആണ് സ്ത്രീ പുരുഷ അനുപാതം (പട്ടിക 13)

ആറ് വയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 1866 ആണ്. ഇത് 924 ആൺകുട്ടികളും 942 പെൺകുട്ടികളുമാണ്. സ്ത്രീ പുരുഷാനുപാതമാകട്ടെ 1019 ഉം, പട്ടികജാതിക്കാരുടെ എണ്ണം 3904 ആണ്. അതിൽ 1949 പുരുഷൻമാരും 1955 സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1003 ആണ്. പട്ടിക വർഗ്ഗത്തിപെട്ടവരുടെ എണ്ണം 368. ഇതിൽ 178 പുരുഷൻമാരും 190 സ്ത്രീകളും സ്ത്രീപുരുഷാനുപാതം 1067 ആണ്. സാക്ഷരതരടെ എണ്ണം 11148. സാക്ഷരതാ നിരക്ക് 81.25 ഇതിൽ 6024 പേർ പുരുഷന്മാരും 5119 പേർ സ്ത്രീകളുമാണ്. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് പുരുഷന്മാരുടേതുമായി താരതമ്യം ചെയ്താൽ 11% ത്തോളം കുറവാണെന്ന് കാണാം. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 75.9 ഉം, പുരുഷന്മാരുടേത് 86 ഉം ആണ്. വാർഡുതലത്തിലുള്ള ജനസംഖ്യാ വിവരങ്ങൾ പട്ടിക 13 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ 5561 പേർ ഏതെങ്കിലും വിധത്തിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. 558 പേർ കൃഷിക്കാരും 1106 പേർ കാർഷിക വൃത്തിയിലും ഏർപ്പെട്ടിരിക്കുന്നു. ആടു മാടുകളുടെ വളർത്തൽ തൊഴിലാക്കിയവരുടെ എണ്ണം 2417. തൊഴിൽ ഇല്ലാത്തവരുടെ മൊത്തമെണ്ണം 9623. ഇത് മൊത്ത ജനസഖ്യയുടെ 70%ത്തോളം വരുമെന്നത് വളരെ ഏറെ ഗൗരവമേറിയ വസ്തുതയാണ്. തൊഴിൽ രഹിതരിൽ 5838 സ്ത്രീകളും 3785 പുരുഷന്മാരും ഉൾപ്പെടുന്നു. തൊഴിലില്ലായ്മയുടെ നിരക്ക് 86.6 ആണ് (സ്ത്രീകൾ). പുരുഷന്മാരുടേതാകട്ടെ 54%ത്തോളവും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വളരെ വളരെ കുറഞ്ഞുകാണുന്നത് ഗൗരവമായി കണക്കാക്കേണ്ടതാണ്.

പട്ടിക 13

വാർഡ്	ആകെ കുടുംബം	ജനസംഖ്യ	പുരുഷൻ	സ്ത്രീ	സ്ത്രീ.പു അനുപാതം	6 വയസിൽ കുറവുള്ള കുട്ടികൾ	പട്ടിക ജാതി	പട്ടിക വർഗ്ഗം	സാക്ഷരർ
1	274	1140	575	565	983	123	244	-	920
2	285	1140	548	592	1075	116	287	-	904
3	274	1203	598	605	1012	116	546	-	832
4	314	1389	701	688	982	158	514	6	923
5	381	1418	719	699	978	248	651	-	794
6	358	1021	516	505	979	130	424	-	672
7	605	2575	1304	1271	975	297	610	250	1687
8	515	2207	1110	1097	989	256	206	5	1694
9	769	3492	1832	1660	897	422	422	107	2722
ആകെ	**3675**	**15585**	**7903**	**7682**	**972**	**1866**	**3904**	**468**	**11148**

പട്ടിക 14

വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിയ്ക്കുന്നവരുടേയും തൊഴിൽ ഇല്ലാത്തവരുടേയും വാർഡ് തലത്തിലുള്ള വിവരങ്ങൾ.

വാർഡ്	തൊഴിലിൽ ഏർപ്പെട്ടിരിയ്ക്കുന്നവർ		കൃഷിക്കാർ		കർഷകതൊ തൊഴിലാളികൾ		കാർഷികേതര തൊഴിലിൽ ഏർപ്പെട്ടവർ		തൊഴിലില്ലാത്തവർ	
	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
1	255	106	18	–	16	–	221	106	314	456
2	232	151	18	–	8	–	206	151	291	436
3	200	146	30	–	26	6	144	140	342	411
4	300	171	20	–	115	30	165	141	371	485
5	413	373	1	–	28	26	384	349	298	293
6	212	174	4	–	27	1	181	173	264	293
7	681	105	78	21	422	61	181	23	548	1069
8	552	97	108	3	147	22	297	72	551	987
9	997	196	245	12	180	51	572	113	806	1408
ആകെ	3842	1519	522	36	969	197	2351	1268	3785	5838

മണ്ണ് സംരക്ഷണം

ഭൂപ്രകൃതി അനുസരിച്ച് ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് കിഴക്കാം തൂക്കായ കുന്നിൻ പ്രദേശം കൊണ്ട് നിറഞ്ഞതാണ്. അതുകൊണ്ടുതന്നെ മണ്ണ് സംരക്ഷണം അർത്ഥവത്തായ ഒന്നാണ്.സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റും പല പദ്ധതികളും ഇതിനായി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ "കടലിൽ കായം കലക്കി"യതുപോലെയാണ്. വർഷകാലത്ത് ഈ പഞ്ചായത്തിലെ മിക്ക കൃഷിഭൂമിയിലേയും വളർക്കൂറുള്ള മണ്ണ് കല്ലടയാറിൽ എത്തിചേർന്നുകൊണ്ടിരിക്കുന്നു.

പരിഹാരമാർഗ്ഗ നിർദ്ദേശങ്ങൾ

1. നിലവിലുള്ള എല്ലാ തോടുകളുടെയും കരയ്ക്ക് ഈടി കയ്യാലകൾ നിർമ്മിക്കുക
2. കഴുതുരുട്ടി ആറിന് സമീപം കോൺക്രീറ്റ് ഭിത്തിയില്ലാത്ത ഭാഗങ്ങളിൽ പാറയടുക്കുക.
3. അച്ചൻകോവിൽ ആറിന്റെ ഇരുകരകളിലും പാറയടുക്കി സംരക്ഷണഭിത്തികെട്ടുക.
4. കുത്തനെചരിഞ്ഞ ഭൂപ്രദേശങ്ങളിൽ ഘട്ടം ഘട്ടമായി ഈടികൈയ്യാല കെട്ടുക.
5. ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി മനസ്സിലാക്കി സംരക്ഷണ നടപടി സ്വീകരിക്കുക.
6. മണ്ണ് സംരക്ഷണ വകുപ്പ് പഞ്ചായത്തു വകുപ്പുമായി ബന്ധപ്പെടുത്തുക.

സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

വനത്താൽ ചുറ്റപ്പെട്ട ഒരു കാർഷിക ഗ്രാമമാണ് ആര്യങ്കാവ്. കൃഷിഭൂമി കുന്നും, കുഴിയും, ചെരിവും ആണ്. പഞ്ചായത്തിന്റെ കൃഷിഭൂമിയുടെ വിസ്തീർണ്ണം 13770 ഏക്കർ ആണ്. കൃഷിഭൂമിയിൽ ഭൂരിഭാഗവും 100 വർഷങ്ങൾക്കുമുമ്പ് ലണ്ടൻ ആസ്ഥാനമാക്കി കാർഷിക വ്യവസായ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന വെള്ളക്കാരുടെ ഒരു കമ്പനി വക തേയില, കാപ്പി തോട്ടങ്ങളായിരുന്നു. മറ്റുപ്രദേശങ്ങളിൽ ചില സ്ഥലങ്ങളിലായി ഓറഞ്ച്, ഏലം, നാരകം തുടങ്ങിയ കൃഷികളും ആയിരുന്നു. ആര്യങ്കാവ് പഞ്ചായത്തിന്റെ കാർഷിക മേഖലയെ രണ്ട്ഘട്ടമായി വേർതിരിക്കാം പഞ്ചവത്സരപദ്ധതി ആരംഭത്തിനുമുമ്പുള്ള ഒന്നാംഘട്ടവും ആധുനിക കാർഷിക സമ്പ്രദായങ്ങളെ സ്വീകരിച്ചു തുടങ്ങിയ രണ്ടാംഘട്ടവും. ഈ രണ്ടുഘട്ടങ്ങലിലും പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ല. കൃഷിയ്ക്ക് ഉപയോഗിച്ചിരുന്ന ഭൂമി കഴിഞ്ഞ 45 വർഷങ്ങളായി പലരൂപത്തിൽ മാറിയിട്ടുണ്ട്. തേയിലതോട്ടങ്ങളിലെ ഭൂരിഭാഗവും റബ്ബർതോട്ടങ്ങളായിമാറി. 7530 ഏക്കർ റബ്ബർ തോട്ടമായി മാറുകയും 4200 ഏക്കർ തേയിലതോട്ടമായി നിലനില്ക്കുകയും ചെയ്യുന്നു. 2040 ഏക്കർ മറ്റുവിവിധ കാർഷിക വിളകൾ നടത്തുന്ന പ്രദേശങ്ങളും ബാക്കിയുള്ളവ വന മേഖലയുമാണ്. കേരളത്തിന്റെ കിഴക്ക് സഹ്യാദ്രിയോടുചേർന്നുകിടക്കുന്ന പ്രദേശവും ശക്തമായ വേനലും കാലികമായ മഴയും കിഴക്കൻകാറ്റും ലഭിക്കുന്ന ആർദ്ര ഉഷ്ണമേഖലാ കാലാവസ്ഥയാണ് ഈ പ്രദേശത്ത് ലഭിയ്ക്കുന്നത്.

കാർഷികമേഖലയെ രണ്ടായി തരംതിരിയ്ക്കാം ഒന്നുമുതൽ 4 വരെ വാർഡുകളിലെ ഹാരിസൺസ് മലയാളം കമ്പനിവക ഇസ്ഫീൽഡ്, വെഞ്ചർ എസ്റ്റേറ്റുകൾ സ്വകാര്യമേഖലയിൽ കുളിർകാട് എട്ടാം വാർഡിലെ ബഡ്ഫോർഡ് തുടങ്ങിയ എസ്റ്റേറ്റുകളിൽ റബ്ബർ കൃഷിയും അഞ്ച്, ആറ്, വാർഡുകളിലെ ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി, പ്രിയാ റബ്ബർ & റ്റീ പ്ലാന്റേഷൻ ലിമിറ്റഡ് തുടങ്ങിയ എസ്റ്റേറ്റുകളിൽ പ്രധാനമായി തേയില, ഗ്രാമ്പു, കുരുമുളക്, റബ്ബർ എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ ശാസ്ത്രീയമായി കൃഷിചെയ്തുവരുന്നു. കർഷകരും കർഷകതൊഴിലാളികളും അധിവസിയ്ക്കുന്ന അച്ചൻകോവിൽ, കഴുതുരുട്ടി, ആര്യങ്കാവ് വാർഡുകളിലേയും നെടുമ്പാറ, പൂത്തോട്ടം, പത്തേക്കർ, കരിമരക്കാന പ്രദേശം, രാജചോല, ഇരുളൻകാട്, ഒമ്പതേക്കർ, തലപ്പാറ എന്നീപ്രദേശങ്ങളിലേയും പ്രധാന കാർഷിക വിളകൾ കുരുമുളക്, തെങ്ങ്, കശുമാവ്, കമുക്, ഗ്രാമ്പു, ജാതി, മാവ്, പ്ലാവ് റബ്ബർ തുടങ്ങി സ്ഥിര കൃഷികളും വാഴ, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, മറ്റുകിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറി ഉൾപ്പെടുന്ന ചെറുകൃഷികളുമാണ്. റബ്ബർ ഒഴികെയുള്ളമറ്റു കൃഷികൾ ഇടകലർത്തി ചെയ്തു വരുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ കൃഷി ഭവൻ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും പ്രവർത്തന രീതി തൃപ്തികരമല്ല. കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കരീതിയിൽ കൃഷിഭവൻ ഉണർന്നുപ്രവർത്തിക്കേണ്ടതുണ്ട്. കൃഷിഭവനു സ്വന്തമായി സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടത്തിന്റെ ഇല്ലായ്മ ഉണ്ട്.

കുരുമുളക്:- വിദേശ നാണ്യം നേടിത്തരുന്ന കറുത്ത പൊന്നായ കുരുമുളകിന് ഈ ഗ്രാമത്തിൽ വളരെ പ്രാധാന്യം കൊടുത്ത് കൃഷിചെയ്തുവരുന്നു. നാടൻ ഇനങ്ങളിൽ കരിമുണ്ടയും നാരായക്കൊടിയും വിരളമായി പന്നിയൂർ ഒന്നും ഇടവിളയായി കുരുമുളകുമാത്രമായും കൃഷിചെയ്തുവരുന്നു. ദ്രുതവാട്ടം, തണ്ടുചീയൽ, മഞ്ഞളിപ്പ്, സാവധാന വാട്ടം തുടങ്ങിയ രോഗങ്ങൾ ബാധിയ്ക്കുന്നു. ഉല്പാദനം കാര്യമായ തോതിൽ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. ഈ പ്രദേശത്തെ പ്രത്യേകത കണക്കിലെടുത്ത് മേൽപറഞ്ഞതിനൊക്കെ പരിഹാരം കണ്ടെത്തി ശാസ്ത്രീയാടിസ്ഥാനത്തിൽ കൃഷിചെയ്താൽ ഉല്പാദനം 100 മേനി വർദ്ധിപ്പിയ്ക്കാൻ സാധ്യതകൾ ഉണ്ടെന്ന് കർഷകർ ചൂണ്ടികാണിയ്ക്കുന്നു.

തെങ്ങ്:- കേര കൃഷി എല്ലാ പ്രദേശങ്ങളിലും ചെയ്തുവരുന്നുണ്ട്. ഇടത്തരം ചരിവായതും താഴ് വര പ്രദേശത്തുമാണ് പ്രധാനമായും തെങ്ങ് കൃഷിചെയ്തുവരുന്നത്. ഭൂരിഭാഗവും നാടൻ തെങ്ങിനങ്ങളാണ്. ഉല്പാദ

നം 50 ൽ കുറവാണ്. ഓലകരിപ്പ്, കാറ്റുവീഴ്ച, വാട്ടൽ എന്നീ രോഗങ്ങൾ പിടിപെട്ട് നിശേഷം നശിച്ചുകൊണ്ടിരിയ്ക്കുന്നു. ജലസേചന അഭാവംമൂലം വേനൽ കാലങ്ങളിൽ മടൽ ഒടിഞ്ഞുവീഴുന്നു.

കശുമാവ്:- ചരിവുള്ള പ്രദേശങ്ങളിലാണ് പ്രധാനമായും കൃഷിചെയ്യുന്നത്. ശാസ്ത്രീയ കൃഷിസമ്പ്രദായത്തിലൂടെ വിളവ് വർദ്ധിപ്പിക്കാവുന്നതാണ്. കൊതുകുകുത്ത്, പൂപൊഴിച്ചിൽ തുടങ്ങിയ രോഗങ്ങൾ ബാധിയ്ക്കുന്നു. എസ്റ്റേറ്റ് മേഖല ഒഴിച്ചുള്ള പ്രദേശങ്ങളിൽ കൃഷിചെയ്തുവരുന്നു.

കമുക്:- ആദ്യകാലഘട്ടത്തിൽ കർഷകരുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്നു കമുകു കൃഷി. ഇന്ന് നാമാശേഷമായിരിയ്ക്കുകയാണ്. മഞ്ഞളിപ്പ്, കാറ്റുവീഴ്ച, കുമ്പുചീയൽ, മാകാളിരോഗം തുടങ്ങിയ രോഗങ്ങൾ ബാധിയ്ക്കുന്നു. ഉല്പാദനത്തിൽ ഗണ്യമായകുറവുണ്ട്. മണ്ണ് കമുകുകൃഷിയ്ക്ക് അനുയോജ്യമാണ്.

ഗ്രാമ്പു, ജാതി:- ആര്യങ്കാവ് വാർഡിലും എസ്റ്റേറ്റ് മേഖലകളിൽ തേയിലയുടെ ഇടകൃഷിയായും പ്രധാനമായും കൃഷിചെയ്തുവരുന്നു. മറ്റു പ്രദേശങ്ങളിൽ ചെറിയ തോതിൽ കൃഷിചെയ്തുവരുന്നുണ്ട്. ഗ്രാമ്പുവിന് 300 രൂപയിൽ നിന്ന് 100 രൂപയായി വിലകുറഞ്ഞത് കൃഷിയെബാധിച്ചിട്ടുണ്ട്. ഈ വിലക്കുറവ് ഉല്പാദനചെലവുമായി പൊരുത്തപ്പെടാത്തതാണ് കാരണം. ചുവടുചീയൽ, ശിഖരങ്ങളിൽ പൂപ്പൽ, പൂപൊഴിച്ചിൽ തുടങ്ങിയ രോഗങ്ങൾ ബാധിയക്കുന്ന.

റബ്ബർ:- ആദ്യകാലങ്ങളിൽ നാടൻ ഇനങ്ങളാണ് കൃഷിചെയ്തിരുന്നത്. 25 സെന്റ് മുതൽ 5 ഏക്കറിനു താഴെയുള്ള ചെറുകിട റബ്ബർ കൃഷി ആധുനീകരീതിയിൽ ചെയ്യാൻ കർഷകർ തുടക്കം കുറിച്ചിട്ടുണ്ട്. പ്രധാനമായും ചെരിവു പ്രദേശങ്ങളിൽ തെങ്ങ്, കശുമാവ്, കമുക് തുടങ്ങിയ മറ്റു സ്ഥിരകൃഷികളെ മുറിച്ചുമാറ്റി റബ്ബർ കൃഷിചെയ്യുന്നു. പട്ടമരവിപ്പ്, പിങ്ക് തുടങ്ങിയ രോഗങ്ങൾ ബാധിയ്ക്കുന്നു. റബ്ബർബോർഡിന്റെ സഹായത്തോടുകൂടി അച്ചൻകോവിൽ പട്ടികവർഗ്ഗകോളനിയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി റബ്ബർ കൃഷിചെയ്ത് ടാപ്പിങ്ങ് തുടങ്ങിയിരിക്കുന്നു. ചെറുകിട കർഷകർക്കിടയിൽ റയിൽ റായിൽ ഗാഡ് സമ്പ്രദായം നിലവിലില്ല. കർഷകരുടെ അശ്രദ്ധമൂലം വേണ്ടത്ര ഉല്പാദനം ലഭിക്കുന്നില്ല.

മറ്റു ഭക്ഷ്യവസ്തുക്കൾ:- മരച്ചീനിയും, നെല്ലും വന പ്രദേശങ്ങളിൽ വ്യാപകമായി കൃഷിചെയ്തുവരികയായിരുന്നു. വാഴ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയ മറ്റു ഭക്ഷ്യവസ്തുക്കൾ കർഷകരുടെ പുരയിടങ്ങളിൽ കൃഷിചെയ്തുവരുന്നു. വനത്താൽ ചുറ്റപ്പെട്ട പ്രദേശമാകയാൽ വന്യമൃഗങ്ങളുടെ ഉപദ്രവംമൂലം കൃഷികുറഞ്ഞുവരികയാണ്. നെൽകൃഷിപൂർണ്ണമായും അപ്രത്യക്ഷമായിരിയ്ക്കയാണ്.

പച്ചക്കറികൃഷി:- പച്ചക്കറി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ കൃഷികൾക്ക് സാധ്യതകൾ ഏറെ ഉണ്ട്. വീട്ടമ്മമാരെ ശാസ്ത്രീയമായി പരിശീലിപ്പിച്ച് പച്ചക്കറികൃഷി നടത്തിയാൽ ആരംഗത്ത് സ്വയം പര്യാപ്തത ഓരോവീടിനും കൈവരിയ്ക്കാവുന്നതാണ്. വീടിന് ഒരു പച്ചക്കറിപയർ വർഗ്ഗതോട്ടം എന്നരീതിയിൽ പഞ്ചായത്ത് നേതൃത്വത്തിൽ കൃഷിചെയ്ത് ഉല്പാദനം വർദ്ധിപ്പിയ്ക്കുകയും സഹകരണാടിസ്ഥാനത്തിൽ സ്റ്റാളുകൾ തുടങ്ങാവുന്നതുമാണ്.

ഓറഞ്ച്:- അമ്പനാട്, അച്ചൻ കോവിൽ എസ്റ്റേറ്റ് പ്രദേശങ്ങളിൽ ഓറഞ്ച് പരിമിതമായി കൃഷിചെയ്യുന്നു.

നെല്ല്:- നിലവിൽ നെൽകൃഷി ഇല്ല. റവന്യൂ റിക്കാർഡിൽ 24.71 ഏക്കർനിലം എന്നുകാണുന്നുണ്ടെങ്കിലും കരവയൽ ആയതിനാൽ എല്ലാം നാണ്യവിളയായി മാറുകയും ചെയ്തു.

ആര്യങ്കാവ് പഞ്ചായത്തിലെ കാർഷികോല്പന്നങ്ങളുടേയും കൃഷി ഭവൻ മൂലം നടപ്പാക്കിയിട്ടുള്ള പദ്ധതികളുടേയും വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	24.71 ഏക്കർ
പരയിടം	13770 ഏക്കർ
പുറമ്പോക്ക് (വനം, റയിൽവേ)	38586.84 ഏക്കർ
പുറമ്പോക്ക് (റവന്യൂ)	7.21 ഏക്കർ
തരിശ്	0.15
ആകെ	52388.91 ഏക്കർ

പട്ടിക 2

നീളം, വിസ്തീർണ്ണം, ഉല്പാദനം

വിള	വിസ്തീർണ്ണം (ഏക്കർ)	മൊത്തഉല്പാദനം (ഏക്കർ)	ഉല്പാദനക്ഷമത (ഏക്കർ)
പയർ	60	5000 കി.	200 കി.
പച്ചക്കറികൾ	35	35000 കി	1000 കി
തെങ്ങ്	755	1407150 എണ്ണം	1863 എണ്ണം
വാഴ	1135	2270 ടൺ	2 ടൺ
മരച്ചീനി	3643	26550 ടൺ	7 ടൺ
കുരുമുളക്	5780	3510 ടൺ	600 കി.
കശുമാവ്	1540	3125 ടൺ	25 ടൺ
റബ്ബർ	7530	15060 ടൺ	2 ടൺ
കമുക്	250	225000 ടൺ	900 കി
ഇഞ്ചി	260	367 ടൺ	1.5 ടൺ
ഗ്രാമ്പു	185	185 ടൺ	1 ടൺ

(അവലംബം-കൃഷിഭവൻ റജിസ്റ്റർ)

പട്ടിക 3

രാസവള, കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94		1994-95		1995-96	
	രാസവളം	കീടനാശിനി	രാസവളം	കീടനാശിനി	രാസവളം	കീടനാശിനി
സഹകരണ സംഘം	70.5 ടൺ	-	60.5	15 ലി	75.5 ടൺ	-

(അവലംബം-കൃഷിഭവൻ റജിസ്റ്റർ)

പട്ടിക 4

നടീൽ വസ്തുവിതരണം

ഇനം	എണ്ണം 93–94	94–95	95–96
തെങ്ങ്	350	– –	500
കശുമാവ്	80	– –	– –
കുരുമുളക്	– –	300 കവർ	300 കവർ
കമുക്	– –	– –	180
മാവ്	– –	60	20
പ്ലാവ്	– –	30	100
ഗ്രാമ്പൂ	– –	– –	270
ജാതി	– –	– –	180
പേര	– –	– –	65

(അവലംബം–കൃഷിഭവൻ റജിസ്റ്റർ)

പട്ടിക 5

തെങ്ങ് കൃഷി

വാർഡ്	വിസ്തീർണ്ണം	തെങ്ങ് എണ്ണം			രോഗം ബാധിച്ചവ	
		കായ്ക്കുന്നത്	കായ്ക്കാത്തത്	ആകെ	റൂട്ട്‌വിൽട്ട്	ബഡ്‌നട്ട്
1	1 ഹെ:	80	17	97	–	–
2	4 ഹെ:	209	94	303	–	–
3	4 ഹെ:	188	90	278	–	–
4	5 ഹെ:	280	120	400	–	–
5	––	––	––	––	–	–
6	1 ഹെ:	60	10	70	–	–
7	70 ഹെ:	6035	6740	12775	400	––
8	48 ഹെ:	6700	2084	8784	180	––
9	173 ഹെ:	24000	7659	31659	1230	60

പട്ടിക 6

കാർഷികോപകരണങ്ങൾ

വാർഡ്		മരുന്നു തളി ഉപകരണങ്ങൾ		ഉഴവുപകരണങ്ങളും മറ്റും
	റോക്ക് സ്പ്രയർ	നാവസ്റ്റാക്ക്സ്പ്രയർ	മറ്റുള്ളവ	
1	--	--	--	--
2	3	7	--	--
3	--	--	--	--
4	--	--	--	--
5	--	--	--	--
6	--	--	--	--
7	4	11	--	--
8	--	2	--	--
9	3	12	--	--

പട്ടിക 7

1991 മുതൽ 1996 വരെ കൃഷിഭവൻ മുഖേനെ നടത്തിയിട്ടുള്ള പദ്ധതികൾ.

ക്രമ	പദ്ധതികളുടെ പേര്	കർഷകരുടെ എണ്ണം					അനുവദിച്ചതുക	റിമാർക്ക് നമ്പർ
		91-92	92-93	93-94	94-95	95-96		
1	ബയോഗ്യാസ് വികസന പദ്ധതി.	3	1	1	1	-	24100.00	-
2.	പച്ചക്കറി കൃഷിയും വിദ്യാർത്ഥികളും	3	-	-	-	1	930.00	-
3.	കൊക്കോവികസന പരിപാടിയിൽ പമ്പ്സെറ്റ്വിതരണം	6	-	-	-	-	700.00	
4.	സുഗന്ധദ്രവ്യവികസനപരിപാടിയിൽ പമ്പ്സെറ്റ് സബ്സിഡി	3	2	-	-	3	7010.00	
5.	പ്രത്യേകതൊഴിൽദഹപരിപാടി							
	1. കയ്യാലകെട്ട്	15	-	-	-	-	14195	
	2. ജലസേചനടാങ്ക്	1	-	-	-	-	8420.00	
	3. കിണറുകൾ പുതുക്കൽ	1	-	-	-	-	4282.00	
	4. ജലസേചന കിണറുകൾ	10	-	-	-	-	9693.00	
6.	സ്കൂൾ വളപ്പിൽ പച്ചക്കറികൃഷി	1	1	-	-	-	330.00	
7.	പ്രത്യേകഘടക പദ്ധതിയിൽ സമൂഹ കിണറുകൾ കുഴിക്കുക	1	-	-	-	-	5000.00	
8.	കുരുമുളക് ഗ്രൂപ്പ്മാനേജ്മെന്റ് സ്പ്രെയർവിതരണം	1	6	-	-	-	9020.00	
9.	കേരവികസനം	3	-	-	-	-	2625.00	
10.	പ്രകൃതിക്ഷോഭം	-	384	-	-	-	132848.00	

11.	കമ്പോസ്റ്റ്കുഴി	–	3	–	5	–	4350.00
12.	ലൊക്കേഷൻ സ്പെസിഫിക്കൽ സ്കീം		–	8	–	7	– 16000.00
13.	കിഴങ്ങുവർഗ്ഗ കൃഷി	–	15	–	5	–	3250.00
14.	മാവ് പുനരുജ്ജീവനം	–	2	–	–	–	595.00
15.	പ്രധാനമന്ത്രിയുടെ പരിപാടിയിൽ കിണറുകൾ	–	–	6	–	–	12000.00
16.	കശുമാവ് വികസന പരിപാടി	–	–	84	8	84	9240.00
17.	വിളമത്സരം	–	–	–	2	–	1000.00
18.	ഇഞ്ചികൃഷി പ്രദർശനം	–	–	–	6	9	9400.00
19.	മഞ്ഞൾകൃഷി പ്രദർശനം	–	–	–	2	6	4375.00
20.	മിക്സഡ് നഴ്സറി	–	–	1	–	–	25000.00
21.	സ്പ്രേയർ വിതരണം	–	–	5	–	–	3267.00
22.	സംരക്ഷണ ഉപകരണങ്ങൾ (കൃഷി)	–	–	–	–	1	750.00
23.	വെറ്റിലകൃഷി വികസനം	–	–	–	–	1	500.00

ഇവകൂടാതെ പട്ടികജാതി കോളനികളിൽ മൺവെട്ടി, വെട്ടുകത്തി തുടങ്ങിയ കാർഷികോപകരണങ്ങൾ നൽകുകയും കാലാ കാലങ്ങളിൽ തെങ്ങിൻതൈകൾ, കുരുമുളക് വള്ളികൾ തുടങ്ങിയ നടീൽ വസ്തുക്കൾ മറ്റു മേഖലകളിലും നൽകിയിട്ടുള്ളതായികാണുന്നു.

പ്രശ്നങ്ങൾ:–

1. മണ്ണൊലിപ്പും നീർവാഴ്ചയും
2. ഉല്പാദനക്ഷമതയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്
3. ജലലഭ്യതകുറവ്
4. യഥാകാലങ്ങളിൽ മണ്ണ് പരിശോധന ഇല്ലായ്മ
5. ജൈവവളത്തിന്റെ അപര്യാപ്തതയും രാസവളത്തിന്റെ വർദ്ധിച്ചവിലയും
6. രോഗങ്ങളെ സംബന്ധിച്ചുള്ള കർഷകരുടെ അജ്ഞത
7. കൃഷിഭവനങ്ങളിൽ നിന്നും യഥാസമയങ്ങളിൽ രോഗപ്രതിരോധ നടപടികൾ സ്വീകരിക്കാതിരിയ്ക്കൽ
8. കേര, കുരുമുളക് വികസന സമിതികളുടെ പ്രവർത്തന അപര്യാപ്തത.
9. തെങ്ങ്, കുരുമുളക് കശുമാവ്, ഗ്രാമ്പു, കമുക് എന്നിവയുടെ ഉല്പാദനചെലവും ഉല്പാദനവും തമ്മിലുള്ള വലിയ അന്തരം
10. നാണ്യവിളകളുടെ ശാസ്ത്രീയ സംസ്കരണം.
11. നാണ്യവിളകളുടെ മാർക്കറ്റിങ്ങ് സംവിധാനം ഇല്ലായ്മ
12. കാർഷികമേഖലയെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള റോഡുകളുടെ അപര്യാപ്തത.
13. വന്യമൃഗങ്ങളുടെ ശല്യം.

സാദ്ധ്യതകൾ

1. അച്ചൻകോവിൽ, ആര്യങ്കാവ്, കഴുതുരുട്ടി വാർഡുകളിലേയും മറ്റു വാർഡുകളിലെ നെടുമ്പാറ, പൂത്തോട്ടം, പത്തേക്കർ കരിമരകാന പ്രദേശം, രാജാചോല, ഇരുളൻകാട്, ഒമ്പതേക്കർ എന്നീസ്ഥലങ്ങളിലേയുംകൃഷിഭൂമികൾ ശാസ്ത്രീയ രീതിയിൽ കോണ്ടൂർ ബണ്ടുകളും കയ്യാലകളും കെട്ടി സംരക്ഷിയ്ക്കുക. അച്ചൻകോവിൽ ആര്യങ്കാവ് വാർഡുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾക്ക് ഈ പദ്ധതിയിൽ പ്രത്യേക മുൻഗണന കൊടുക്കുക.

2. ഉല്പാദനക്ഷമതയുള്ള നടീൽ വസ്തുക്കളുടെ നഴ്സറികൾ സ്ഥാപിച്ച് സബ്സിഡിനിരക്കിൽ തൈകൾ വിതരണം ചെയ്യുക.

3. കൃഷിഭവൻ മുഖേന ശാസ്ത്രീയമായി മണ്ണ് പരിശോധിയ്ക്കാൻ സംവിധാനം ഏർപ്പെടുത്തുക.

4. ഏക്കർ ഒന്നിന് ഒരു കമ്പോസ്റ്റ് കുഴി എന്ന രീതിയിൽ കർഷകർക്ക് സബ്സിഡി നൽകി കമ്പോസ്റ്റ് വളം നിർമ്മാണം ത്വരിതപ്പെടുത്തുക. സബ്സിഡി നിരക്കിൽ രാസവളം ലഭ്യമാക്കുക.

5. രോഗങ്ങളെ സംബന്ധിച്ച് കർഷകർക്ക് ബോധവല്ക്കരണം നടത്തുകയും രോഗപ്രതിരോധ നടപടികൾ യഥാസമയങ്ങലിൽ കൃഷിഭവൻമുഖേന കൃഷിസമിതികൾ വഴി നടപ്പിലാക്കുക.

6. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനും റീപ്ലാന്റിംങ്ങ് ചെയ്യുന്നതിനും സാമ്പത്തിക സഹായവും സബ്സിഡിയുംനൽകുക.

7. ചെലവ് കുറച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങൾ നടപ്പാക്കുക.

8. നാണ്യവിളകൾ ശാസ്ത്രീയസംസ്കരണം നടത്താൻ കർഷകർക്ക് ബോധവല്ക്കരണം നടത്തുകയും ഗ്രൂപ്പ് അടിസ്ഥാനത്തിൽ റബ്ബർ റോളർ, പുകപ്പുര ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക

9. നാണ്യവിളകൾക്ക് ന്യായമായ വിലലഭിക്കുവാൻ മാർക്കറിറിങ്ങ് സംവിധാനവും സഹകരണ സംഘങ്ങളും സ്ഥാപിയ്ക്കുക.

10. കാർഷിക മേഖലകളെ പ്രധാനറോഡുകളുമായി ബന്ധപ്പെടുത്തി പുതിയ റോഡുകൾ നിർമ്മിയ്ക്കുകയും നിലവിലുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.

11. വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന കാർഷിക മേഖലകളെ സോളാർ ഫെൻസിങ്ങോ ബൗണ്ടറി ഇരുവാകയ്യാലയോ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് മുഖേനകെട്ടി വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കി കൃഷിയെ സംരക്ഷിയ്ക്കുക.

മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കൈവശ ഭൂമിയ്ക്ക് പട്ടയംലഭിയ്ക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുക.

2. കർഷകർക്ക് കിണറുകൾ കുഴിയ്ക്കാൻ സബ്സിഡി നൽകുക.

3. എല്ലാ തോടുകളും കൈതോടുകളും സംരക്ഷിയ്ക്കുക. വിള ഇൻഷ്വറൻസ് പദ്ധതിയിലെ നിയന്ത്രണം നീക്കി ഏതവസരത്തിലും ഉണ്ടാക്കുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുക.

4. കൃഷിഭവന് സബ്സെന്ററുകൾ സ്ഥാപിക്കുക.

5. വെറ്റിലകൃഷി വ്യാവസായികാടിസ്ഥാനത്തിൽ വ്യാപിപ്പിക്കുക.

6. തേക്ക് പ്ലാന്റേഷൻ റീപ്ലാന്റ് ചെയ്യുമ്പോൾ മൂന്നുവർഷത്തേക്ക് മരച്ചീനി, നെല്ല് തുടങ്ങിയ കൃഷിനടത്താൻ സൗകര്യമുണ്ടാക്കുക.

7. കുറ്റിമുല്ല, കൂൺകൃഷി, സെറികൾച്ചർ, ഓർക്കിഡ് എന്നീ കൃഷികൾക്ക് കർഷകർക്ക് സബ്സിഡിയും മറ്റ് പ്രോത്സാഹനവു നൽകുക.

8. അത്യുല്പാദനശേഷിയുള്ള കശുവാമിന്റെ തൈകൾ വിതരണം നടത്തി കൃഷിയ്ക്ക് പ്രോത്സാഹനം കൊടുക്കുക.

ജലസേചനം

കാർഷിക രംഗത്തെ നട്ടെല്ലാണ് ജലസേചനം. കാലവർഷം സാധാരണയായി ജൂൺ മുതൽ നവംബർ വരെയാണു ലഭിക്കുന്നത്. ഡിസംബർ ഫെബ്രുവരി മാസംമുതൽ മാസംവരെ വരണ്ടകാലാവസ്ഥയും. മാർച്ച് മാസം മുതൽ ജൂൺ മാസംവരെ വരൾച്ചയും അനുഭവപ്പെടുന്നു. പഞ്ചായത്ത് പ്രദേശം ഭൂപ്രകൃതിയിൽതന്നെ കനാൽ ജലസേചനയധനിയ്ക് അനുയോജ്യമല്ല. ആര്യങ്കാവ് പഞ്ചായത്തിലൂടെ ഒഴുകുന്ന ചില പ്രകൃതി ദത്തമായ തോടുകൾ ഉണ്ടെങ്കിലും ഇതിൽനിന്നുമുള്ള ജലത്തേ കൃഷിയ്ക്ക് ആശ്രയിക്കാൻ പറ്റുകയില്ല. വേനൽകാലത്ത് അവ രണ്ട് മാസത്തോളം വറ്റികിടക്കും. പഞ്ചായത്തിന്റെ പലപ്രദേശങ്ങളിലും രൂക്ഷമായ വ

രൾച്ച അനുഭവപ്പെടാറുണ്ട്. പഞ്ചായത്തിനുള്ളിൽ വൻകിട ജലസേചന പദ്ധതികൾ ആവിഷ്കരിക്കാനാവശ്യമായ ജലസ്രോതസുകളുടെ അഭാവത്തിൽ ചെറുതും വലുതുമായ ജലസചന പദ്ധതികൾ വഴി സ്ഥിരമായ ജലസേചനം ഉറപ്പാക്കേണ്ടതുണ്ട്. നീർമറിപദ്ധതിയിലൂടെ ശാസ്ത്രീയ ജലസംഭരണ മാർഗ്ഗങ്ങളും ജലവിനിയോഗരീതികളും അവലംബിച്ചാൽ ഭൂഗർഭ ജലസ്രോതസ്സുകൾ ഉപയോഗിച്ച് പഞ്ചായത്തിലെ കാർഷിക വിളകൾക്ക് ആവശ്യമായ ജലസേചന പദ്ധതികളാവിഷ്കരിയ്ക്കുവാൻ കഴിയും.

രണ്ടാം വാർഡിൽ പൂത്തോട്ടം പത്തേക്കർ എന്ന സ്ഥലത്ത് പ്രവർത്തന രഹിതമായികിടക്കുന്ന നിലവിലുള്ള ജലസേചന പദ്ധതിപുനരാവിഷ്ക്കരിയ്ക്കുക. രണ്ടാം വാർഡിൽ രണ്ടാം ഡിവിഷൻ കരിമരക്കാന പ്രദേശത്ത് നീരുറവ സംരക്ഷിച്ച് ടാങ്കെട്ടി പൈപ്പ് വഴി 80 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുക.

മൂന്നാം വാർഡിൽ 15-ാം ഭാഗത്തുള്ളനീരുറവ സംരക്ഷിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി ജലസേചന സൗകര്യം ആവിഷ്കരിയ്ക്കുക.

നാലാം വാർഡിൽ പരമശിവൻവക വസ്തുവിൽ ജലലഭ്യതയുള്ള ഭാഗത്ത് കുളംനിർമ്മിച്ച് ഉയർന്ന സ്ഥലത്ത് ടാങ്കുകെട്ടി വെള്ളംപമ്പ് ചെയ്ത് 300 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം ഉണ്ടാക്കുക.

ഏഴാം വാർഡിൽ പട്ടികജാതി കോളനിയിൽ പ്രവർത്തനരിതമായി കിടക്കുന്ന കുളം ഉപയോഗിച്ച് 100 ഏക്കർ സ്ഥലത്ത് ജലസേചനസൗകര്യം ലഭ്യമാക്കുക. അച്ചൻ കോവിൽ ആറ്റിൽ തടയണകെട്ടി പമ്പ് ചെയ്ത് 200 ഏക്കർ ഭൂമിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക.

എട്ടാംവാർഡിൽ ഇടപ്പാളയം കോട്ടുതുണ്ടിയിൽ ശ്രീ മാത്യുവക കുളത്തിൽ നിന്നും പൈപ്പ് വഴി ജലം സംഭരിച്ച് ഇടപ്പാളയംപള്ളി ഭാഗത്തും കഴുതുരുട്ടി ആറ്റിൽ തടയണകെട്ടി ടാങ്കിൽ വെള്ളം ശേഖരിച്ച് പൈപ്പ് വഴി ജലസേചന സൗകര്യം ലഭ്യമാക്കി 250 ഏക്കർ സ്ഥലത്ത് കൃഷി ആവശ്യത്തിന് ഉപയോഗിക്കുക.

ഒൻപതാം വാർഡിൽ പാലരുവിതോട്ടിൽ തടയണകെട്ടി പമ്പ്ചെയ്ത് ടാങ്കിൽ ജലം സംഭരിച്ച് 40 ഏക്കർ ഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കുക. മുരുകപാഞ്ചാൽ തോട്ടിൽ കുളംകുഴിച്ച് പമ്പ് ചെയ്ത് ടാങ്കിൽ വെള്ളം സംഭരിച്ച് 80 ഏക്കർ കൃഷിഭൂമിയ്ക്ക് ജലസേചനം ലഭ്യമാക്കുക. രാജാകൂപ്പിൽ കിഴക്കറ്റം ഒരു കുളം നിർമ്മിച്ച് ടാങ്കിൽ വെള്ളം പമ്പ്ചെയ്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക. തന്മൂലം പട്ടികജാതി കോളനി ഉൾപ്പെടെ 110 ഏക്കർ ഭൂമിയിൽ കൃഷിനടത്താൻ കഴിയും. മുടുക്കുപണിവലിൽ ഗവ. എൽ. പി സ്കൂളിനു സമീപം കുളംകുഴിച്ച് വെള്ളം പമ്പുചെയ്ത് 35 ഏക്കർ ഭൂമിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക. കരിമ്പിൻതോട്ടം ഭാഗത്ത് കുളംകുഴിച്ച് വെള്ളം പമ്പ്ചെയ്ത് 50 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക. പാണ്ഡ്യൻപാറ വടക്കറ്റം കുളംനിർമ്മിച്ച് ടാങ്കിൽ വെള്ളം പമ്പ്ചെയ്ത് 40 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുക. കടമാൻപാറ ഭാഗത്ത് കുളം കുഴിച്ച് ടാങ്കിൽ വെള്ളം പമ്പ് ചെയ്ത് പൈപ്പ് വഴി 40 ഏക്കർ ഭൂമിയിൽ ജലസേചന സൗകര്യം ഉറപ്പു വരുത്തുക.

അഞ്ച് മുക്ക് എന്ന സ്ഥലത്ത് കുളം കുഴിച്ച് പമ്പ് ചെയ്ത് ടാങ്കിൽവെള്ളം സംഭരിച്ച് കരയാളർമെത്ത് ചേമ്പോട ഭാഗത്ത് 60 ഏക്കർ ഭൂമിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക.

ആര്യങ്കാവ് 47 ഏക്കറിന്റെ പടിഞ്ഞാറ് ഭാഗത്ത് കുളം നിർമ്മിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് പൈപ്പ് വഴി 60 ഏക്കർ ഭൂമിയിൽ ജലസേചനം ലഭ്യമാക്കുക.

കൂടാതെ ചില പ്രത്യേകസ്ഥലങ്ങളിൽ ചെറുകുളങ്ങളും കിണറുകളും സ്ഥാപിച്ച് ടാങ്ക് കെട്ടിവെള്ളം പമ്പ് ചെയ്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

മൃഗപരിപാലനവും മത്സ്യബന്ധനവും

ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ, ദൈനം ദിന വരുമാന വർദ്ധന, പോഷക പ്രധാന ഭക്ഷ്യവസ്തുക്കളായ, പാൽ, മുട്ട, മാംസം എന്നിവയുടെ അധികോല്പാദനം കൂടാതെ വ്യാവസായിക പ്രാധാന്യമുള്ള തുകൽ, ജലാറ്റിൻ, ഓഡിൻ, എന്നിവയുടെ ഉല്പാദനം, ഔഷധ നിർമ്മാണത്തിനുള്ള ബയോഗ്യാസ് പോലുള്ള ഊർജ്ജ സ്ത്രോതസ്സുകൾ, ജൈവ വളങ്ങൾ, പരിസ്ഥിതിക്ക് ഇണങ്ങുന്ന മൃഗ ശക്തി എന്നിവ ആകെ മൃഗ സംരക്ഷണ മേഖലയുടെ സംഭാവനകളാണ്. പേവിഷ നിർമ്മാർജ്ജനം, മാംസപരിശോധനകളിലൂടെ സംശുക്തമായ മാംസോല്പാദനം തുടങ്ങിയവ ഈ മേഖലനൽകുന്ന പൊതു ജനാരോഗ്യ സേവനങ്ങളാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാകുന്ന അപൂർവ്വം തൊഴിൽ മേഖലകളിൽ ഒന്നാണ് മൃഗസംരക്ഷണം. ഈ മേഖലയിലെ ഉല്പാദനങ്ങൾ ഏറിയ പങ്കും സംസ്ഥാനത്തിനകത്ത് ഉപയോഗിക്കുന്നതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളംതെറ്റലുകളും കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയവും ഈ ഉല്പന്നങ്ങളുടെ വിപണിയിയെ സാരമായി ബാധിക്കുന്നില്ല. ആളോഹരി ഭൂമി ലഭ്യത കുറവുള്ള നമ്മുടെ സംസ്ഥാനത്ത് ഈ മേഖലയിൽ ഇനിയും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കാം. ഈ മേഖലയിലെ പ്രവർത്തനങ്ങളെ കാലാവസ്ഥമാറ്റങ്ങൾ കാര്യമായി ബാധിക്കുന്നില്ല. ഏർപ്പെടുന്ന തൊഴിൽ ലാഭകരമല്ലായെങ്കിൽ ഈ മേഖലയിൽ തന്നെ മറ്റൊരു തൊഴിലിലേക്ക് മാറ്റിവിടാനും കർഷകന് കഴിയുന്നു.

മൃഗ സംരക്ഷണ മേഖലയിലെ നേട്ടങ്ങൾ കൂടുതലായും പാലുല്പാദന രംഗത്തു മാത്രം ഒതുങ്ങിനിൽക്കുന്നതിനാൽ മുട്ട, മാംസ്യ ഉല്പാദനത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലമുണ്ടെങ്കിൽ ഈ രംഗത്തും വിപ്ലവകരമായ മുന്നേറ്റം കൈവരിക്കാവുന്നതാണ്. ഈ രംഗത്ത് കടന്നുവരാനുള്ള അഭ്യസ്ത വിദ്യരുടെ വിമുഖത, ഈ രംഗത്ത് തൊഴിൽചെയ്യാൻ ആഗ്രഹിക്കുന്നവരോട് സാമ്പത്തിക സ്ഥാപനങ്ങൾ കാണിക്കുന്ന താല്പര്യകുറവ്, പെരുകുന്ന ഉല്പാദന ചിലവ്, അത്യുല്പാദന ശേക്ഷിയുള്ള ജനുസുകളുടെ ദൗർലഭ്യം തുടങ്ങിയ പ്രശ്നങ്ങൾ ഈ രംഗത്തുണ്ടെങ്കിലും ദിശാബോധമുള്ള ആസൂത്രണത്തിലൂടെയും, കൂട്ടായ്മയിലൂടെയും ഈ അവസ്ഥ തരണംചെയ്യാൻ കഴിയും

അനുബന്ധം 1

വളർത്തു മൃഗസംഖ്യ

വാർഡ് നമ്പർ	കാള		കാള		പശു		പശു		എരുമ		പോത്ത്	ആട്	പട്ടി	ആന
	നാടൻ		സങ്കരം		നാടൻ		സങ്കരം							
	വംശവർ	മറുള്ളവ	വംശവർ	മറുള്ളവ	കറവ	ഉറവല്ലാ	കറവ	ഉറവല്ലാ	കറവ	ഉറവല്ലാ				
1	29	–	–	–	130	110	21	20	–	–	–	–	75	–
2	45	–	–	–	200	150	10	9	–	–	–	125	69	–
3	41	–	–	–	190	120	12	17	–	–	–	30	81	–
4	81	–	–	–	300	216	17	24	–	–	–	280	91	–
5	35	–	3	–	235	200	9	12	–	–	–	–	85	–
6	30	–	4	–	240	190	11	18	–	–	–	23	85	–
7	21	–	1	–	150	125	23	19	15	7	4	264	111	–
8	–	–	3	–	35	25	275	225	27	9	3	885	95	–
9	–	5	5	–	18	15	317	290	48	12	8	1125	105	2

അവലെബം–സെക്കന്റഡറി–ആര്യങ്കാവ് മൃഗാശുപത്രി

അനുബന്ധം 2

വളർത്തു പക്ഷിസംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി മുട്ടയിടുന്നത്	മുട്ടയിടാത്തത്	താറാവ് ആൺ	താറാവ് പെൺ	മറ്റുള്ളവ
1	1450	140	800	22	86	510
2	1850	180	970	39	60	700
3	1800	180	920	18	28	700
4	3380	338	2042	21	29	1000
5	2120	212	1200	10	17	708
6	1630	163	967	12	23	500
7	1940	194	1100	40	90	646
8	1990	199	1100	46	72	700
9	2210	221	1100	58	90	789

അവലംബം–മൃഗസെൻസസ്–1996–ആര്യങ്കാവ്മൃഗാശുപത്രി

അനുബന്ധം 3

രോഗവിവരങ്ങൾ

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
ദഹനസംബന്ധമായവ	336	10	65	–	–	–	–	–	–	–
ശ്വാസകോശ സംബന്ധമായ	205	3	29	–	–	115	96	–	–	–
ഉപാപചയസംബന്ധം	21	3	2	–	–	–	–	–	–	–
തൊക് രോഗങ്ങൾ	219	1	27	–	–	9	–	–	–	–
ധാതുലവണങ്ങളുടെ അഭാവം	85	8	15	–	–	–	–	–	–	–
പരാദരോഗങ്ങൾ	525	4	75	–	–	–	–	–	–	–
പ്രത്യുല്പാദനവ്യവസ്ഥയുമായിബന്ധപ്പെട്ടവ	185	2	3	–	–	–	–	–	–	–
വന്ധ്യത	17	–	–	–	–	–	–	–	–	–
അകിടുവീക്കം	217	–	21	–	–	–	–	–	–	–
മുടന്തൻപനി	185	–	–	–	–	–	–	–	–	–
പകർച്ചവ്യാതികൾ	–	–	–	–	–	–	–	–	–	–

അവലംബം–കന്നുകാലി സെൻസ്–1996–ആര്യങ്കാവ് മൃഗാശുപത്രി

അനുബന്ധം 4

മൃഗസംരക്ഷണ വകുപ്പുവഴി വിതരണം ചെയ്തിട്ടുള്ള സഹായപദ്ധതികൾ

പദ്ധതി	കിടാരി				ആട്				മുട്ടക്കോഴി			
	92-93	93-94	94-95	95-96	92-93	93-94	94-95	95-96	92-93	93-94	94-95	95-96
പ്രത്യേക ഘടക പദ്ധതി (പട്ടികജാതി)	-	-	-	5	14	-	-	30	250	-	90	250
പ്രകൃതിക്ഷോപം	-	133	10	-	-	203	-	-	-	-	1984	-
പട്ടികവർഗ്ഗപദ്ധതി	-	-	-	10	-	-	-	-	-	-	-	-
പഞ്ചായത്ത്പൗൾട്രിപദ്ധതി	-	-	-	-	-	-	-	-	-	774	-	-

അവലംബം-ആര്യങ്കാവ്മൃഗാശുപത്രി കണക്കുകൾ

പശുവളർത്തൽ

ആര്യങ്കാവ് പഞ്ചായത്തിൽ 1 മുതൽ 6 വാർഡുകൾ എസ്റ്റേറ്റ് മേഖലയാണ്. കൃഷിഭൂമി കുറവായതിനാൽ മറ്റ്തൊഴിൽചെയ്യാൻ സാധിക്കാത്ത ആയിരക്കണക്കിന് തൊഴിലാളി കുടുംബങ്ങൾക്ക് വരുമാന വർദ്ധനവിനും സ്ത്രീകൾക്ക് തൊഴിൽ പ്രധാനം ചെയ്യുവാനും ഈ പദ്ധതി സഹായകരമാകും. ഈ മേഖലകളിൽ പശുക്കളെ വളർത്തുവാൻ ധാരാളം മേച്ചിൽ സ്ഥലങ്ങളുണ്ട് നിലവിൽ ഈ മേഖലയിൽ ധാരാളം കന്നുകാലികളുണ്ടെങ്കിലും ആവശ്യത്തിനുള്ള പാല് ലഭ്യമാകുന്നില്ല. ഭൂരിഭാഗവും നാടൻ കന്നുകാലികളാണ്. പഞ്ചായത്തിലെ മറ്റ് വാർഡുകളായ അച്ചൻകോവിൽ, കഴുതുരുട്ടി, ആര്യങ്കാവ് എന്നീ പ്രദേശങ്ങൾ പശുവളർത്താൻ അനുയോജ്യമായ മേഖലയാണ്.

ആടുവളർത്തൽ

കുറഞ്ഞ മുതൽ മുടക്കോടെ കുറഞ്ഞകാലയളവിൽ ചെറുകിട കർഷകർക്ക് കൂടുതൽ ലാഭം ഉണ്ടാക്കുകയും സംസ്ഥാനത്തിന്റെ മാംസാവശ്യത്തിന് ഒരുപരിധിവരെ സ്വയം പര്യാപ്തത കൈവരിക്കുകയും വീട്ടമ്മമാരുടെയും കുട്ടികളുടെയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തി ഈ പദ്ധതിയിലൂടെ കുടുംബവരുമാനം മെച്ചപ്പെടുത്തുകയും ചെയ്യാം. ആര്യങ്കാവ്, അച്ചൻകോവിൽ. കഴുതുരുട്ടി എന്നീ വാർഡുകളിലും നെടുമ്പാറ, പൂത്തോട്ടം, വെഞ്ചർ, ഫ്ളോറൻസ്, അമ്പനാട് കിഴക്ക്, അമ്പനാട് പടിഞ്ഞാറ് എന്നീ വാർഡുകളിൽ പട്ടയമുള്ളതും കൈവശമുള്ളതുമായ സ്ഥലങ്ങളിൽ താമസിക്കുന്നവർക്കും ഈ പദ്ധതി ഫലപ്രദമായി നടത്താവുന്നതാണ്. ആട് വളർത്തലിന് അനുയോജ്യമായ കാലാവസ്ഥയാണ് പഞ്ചായത്തിലുള്ളത്.

കോഴിവളർത്തൽ

കോഴി ഇറച്ചിയുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉല്പാദനം ഇനിയും സാധിച്ചിട്ടില്ല. മുട്ടക്കോഴി, ഇറച്ചിക്കോഴി, മുതലായവയുടെ ഉല്പാദനവും വിപണനവും ഇന്നത്തെ സാഹചര്യത്തിൽ തൊഴിൽ സാധ്യതയുള്ള മേഖലകളാണ്. മുട്ട ഉല്പാദനത്തിൽ ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് സ്വയം പര്യാപ്തത കൈവരിച്ചിട്ടില്ല. പഞ്ചായത്തിലെ മുട്ടയുടെ 100% ആവശ്യകതയും അന്യനാടുകളിൽ നിന്നെത്തുന്ന മുട്ടകൾകൊണ്ടാണ് നികത്തുന്നത്. വൻതോതിലുള്ള മുട്ടക്കോഴിവളർത്തൽ കേന്ദ്രങ്ങളെക്കാൾ നല്ലത്. ചെറിയതോതിലുള്ളതോ വീട്ടുമുറ്റത്തെ കോഴിവളർത്തലുകളോ ആണ്. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ 1 മുതൽ 6 വാർഡുകൾ ഇതിനനുയോജ്യമാണ്. മറ്റ് വാർഡുകളിലും

ഇത് വ്യാപിപ്പിക്കാവുന്നതാണ്. പാലരുവി ടൂറിസം വികസനം കണക്കിലെടുത്ത് ഇറച്ചിക്കോഴി യൂണിറ്റ് നടപ്പിലാക്കാവുന്നതാണ്.

മുയൽ വളർത്തൽ

ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് താഴേക്കിടയിലുള്ള കർഷക തൊഴിലാളികൾ, ഭൂരഹിത കർഷകർ സ്ത്രീകൾ കുട്ടികൾ എന്നിവർക്ക് ലാഭകരമായ ഉപ തൊഴിൽ ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്തിൽ എസ്റ്റേറ്റ് മേഖലകളൊഴിച്ച് ബാക്കി പ്രദേശങ്ങൾ മുയൽ വളർത്തലിന് അനുയോജ്യമാണ്.

പന്നിവളർത്തൽ

താഴ്ന്ന വരുമാനമുള്ള കർഷകർക്ക് ലാഭകരമായി പ്രാവർത്തികമാക്കാവുന്ന ഒന്നാണ് പന്നിവളർത്തൽ വ്യാവസായിക-കാർഷികോല്പന്നങ്ങളും ഹോട്ടലുകളിൽ നിന്നും മാർക്കറ്റിൽ നിന്നുമുണ്ടാവുന്ന അവശിഷ്ടങ്ങളുപയോഗിച്ച് വളരെ ലാഭകരമായി വളർത്താം. പ്രജനന യൂണീറ്റുകൾ തൊഴിൽ രഹിതർക്ക് ഒരു മുഖ്യ തൊഴിലായും ചെറു യൂണിറ്റുകൾ വീട്ടമ്മമാർക്ക് ഉള്ള ഒരു ഉപതൊഴിലായും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

അതിർത്തി അറവു ശാലയും മാംസ സംസ്കരണവും

ദിനം പ്രതി വർദ്ധിച്ചുവരുന്ന ഗുണമേന്മയുള്ളമാംസത്തിന്റെ ആവശ്യകത നികത്തുവാൻ പ്രതിവർഷം ഒന്നേകാൽ ലക്ഷത്തിൽപരം കന്നുകാലികളെ ആര്യങ്കാവ് വഴി കടത്തിക്കൊണ്ട് വരുന്നുണ്ട്. ഉദ്ദേശം 50 കോടി രൂപ വിലവരുന്ന ഈ കന്നുകാലികളെ കൊല്ലം, തിരുവനന്തപുരം ജില്ലകളുടെ വടക്കുകിഴക്കൻ പഞ്ചായത്തുകൾ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ചില പ്രദേശങ്ങളിൽ മാംസ ആവശ്യത്തിനുവേണ്ട വിറ്റഴിക്കുകയാണ്. മൊത്തം കണക്കെടുക്കുമ്പോൾ കേരളത്തിലെ എല്ലാ ചെക്ക്പോസ്റ്റുകൾ വഴിയും കൂടി ഏകദേശം 1250 കോടിരൂപയുടെ കന്നുകാലികളെ മാംസ ആവശ്യത്തിനായി കൊണ്ടുവരുന്നുണ്ട്. ഇറച്ചി കേരളത്തിൽ വിറ്റശേഷം എല്ല് തുകൽ എന്നിവ വീണ്ടും തിരികെ അന്യ സംസ്ഥാനത്ത് കൊണ്ടുപോകുകയും അവിടെ സംസ്കരിച്ച് എല്ലുപൊടി മറ്റ് തുകൽ ഉല്പന്നങ്ങളായും വീണ്ടും കേരളത്തിലെ കമ്പോളങ്ങളിൽ പ്രത്യക്ഷപ്പെടുകയുമാണ്. ദിനം പ്രതി 100 കണക്കിന് കന്നുകാലികളെ റോഡിൽകൂടി നടത്തികൊണ്ടുവരുന്നതിനാൽ താഴെ പറയുന്ന പ്രശ്നങ്ങൾ ഉണ്ടാകുന്നു.

1. കന്നുകാലികളുടെ കുളമ്പുകളിൽ ഘടിപ്പിച്ചിരിക്കുന്ന ലാടത്തിലെ ആണികൾ ഈ റോഡിൽ വീണ് നിരവധി വാഹനങ്ങളുടെ ടയറുകൾക്ക് കേടുപാട് സംഭവിക്കുന്നു.
2. കോടിക്കണക്കിന് രൂപ ചിലവാക്കി പണിയുന്ന റോഡുകൾ പെട്ടെന്ന് നശിക്കുന്നു.
3. വാഹനാപകടങ്ങൾ വർദ്ധിക്കുന്നു.
4. പുഴകളുടെ തിട്ടകൾ ഇടിയുന്നതുനിമിത്തം പുഴകൾപെട്ടെന്ന് നികരുകയും വെള്ളപ്പൊക്കത്തിന് ഹേതുആവുകയും ചെയ്യുന്നു.
5. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കാലികൾക്ക് പലതിനും അസുഖങ്ങൾഉണ്ട്. പുഴവെള്ളം കുടിക്കുന്നതുമൂലം രോഗാണുക്കൾ വെള്ളത്തിൽ കടക്കുകയും പഞ്ചായത്തിലെ ആരോഗ്യമുള്ള കന്നുകാലികൾക്ക് രോഗം വരുത്തിവയ്ക്കുകയും ചെയ്യുന്നു.
6. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ പൊട്ടിപ്പുറപ്പെടുന്ന കുളമ്പ് രോഗം, കാലിവസന്ത, അടപ്പൻ എന്നിവയ്ക്ക് മുഖ്യകാരണം ഈ തരത്തിലുള്ള കന്നുകാലികളാണ്.
7. മൃഗങ്ങളിൽ നിന്ന് മനുഷ്യനിലേക്ക് പകരുന്ന അനവധി രോഗങ്ങളുണ്ട്. ഇത്തരത്തിലുള്ള രോഗങ്ങളുള്ള കന്നുകാലികളുടെ ഇറച്ചി മനുഷ്യ ജീവനു തന്നെ ഭീഷണിയാണ്.
8. ഇന്നലെവരെ ലിറ്ററുകളോളം പാൽ നൽകിയ കുടുംബങ്ങൾ രക്ഷിച്ചിരുന്ന ഈ മിണ്ടാപ്രാണികളെ വളരെ പീഡിപ്പിച്ചും ക്രൂരതകാട്ടിയും ചുട്ടുപഴുത്ത റോഡുകളിലൂടെ 300 ഓളം കി. മി നടത്തിക്കൊണ്ടുവരുന്നത്.

കൊല്ലം ചെങ്കോട്ട റോഡുവഴിയുള്ള കന്നുകാലിതിരക്ക്

സാദ്ധ്യതകൾ:-

1. റോഡുകൾ, തോടുകൾ എന്നിവ സംരക്ഷിക്കുവാൻ കഴിയും.
2. രോഗമുള്ള കന്നുകാലികളുടെ വരവ് നിയന്ത്രിക്കപ്പെടുകയും സംസ്ഥാനത്ത് കോടിക്കണക്കിന് വിലയുള്ള മൃഗ സമ്പത്ത് സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.
3. നൂറിൽപരം തൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകാൻ സാധിക്കും.
4. തുകൽ എല്ല് സംസ്കരണത്തിലൂടെ തൊഴിലും ലാഭവും ഉണ്ടാക്കാനാവുന്നു.
5. അറവു ശാലയിലെ മൃഗങ്ങളെ അറവിന് മുമ്പും വെറ്റിനറി ഡോക്ടർ പരിശോധനാവിധേയമാക്കുന്നതിലൂടെ ആരോഗ്യമുള്ള മൃഗങ്ങളെ മാത്രം കശാപ്പ് ചെയ്യാൻ സാധിക്കുന്നു.
6. രോഗാണുക്കളില്ലാത്ത ശുദ്ധിയായ മാംസം ജനങ്ങൾക്ക് ലഭ്യമാകുന്നു.
7. മൃഗങ്ങളോടുള്ള ക്രൂരത തടയാൻ സാധിക്കുന്നു.
8. കോടികണക്കിന് രൂപയുടെ ദേശീയ നഷ്ടം കുറയ്ക്കുവാൻസാധിക്കുന്നു.

പഞ്ചായത്തിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പേവിഷബാധ പ്രതിരോധ ചികിത്സ, കൃത്രിമ ബീജസങ്കലനം തുടങ്ങിയവ താഴെപട്ടികയിൽ കാണാവുന്നതാണ്

അനുബന്ധം അഞ്ച്

പേവിഷബാധ പ്രതിരോധ ചികിത്സ

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ്പ് നൽകിയവരുടെ എണ്ണം	–	–	–	75	–	–
കടിയേറ്റതിനു ശേഷം കുത്തിവയ്പ്പ് നടത്തിയവരുടെ എണ്ണം	3	–	4	–	–	–

(അവലംബം - ആര്യങ്കാവ് മൃഗാശുപത്രി കണക്കുകൾ)

അനുബന്ധം 6

കൃത്രിമ ബീജസങ്കലനം

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലതികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	2400	204	51
കിടാരി	1578	62	29
എരുമ	–	–	–

(അവലംബം - ആര്യങ്കാവ് മൃഗാശുപത്രി കണക്കുകൾ)

പ്രശ്നങ്ങൾ

1. ക്ഷീരോല്പന്നങ്ങളുടെ ഉല്പാദനകുറവ്
2. ക്ഷീര സഹകരണ സംഘങ്ങളുടെ അഭാവം
3. രോഗങ്ങളെ ക്കുറിച്ചുള്ള കർഷകരുടെ അജ്ഞത
4. മൃഗ ചികിത്സാകേന്ദ്രങ്ങളിലെ സജ്ജീകരണ കുറവ്
5. മൃഗ ചികിത്സാ കേന്ദ്രങ്ങളിൽ കാലികളെ എത്തിക്കാനുള്ള സൗകര്യമില്ലായ്മ.
6. ശാസ്ത്രീയ കാലിവളർത്തലിനെക്കുറിച്ച് കർഷകരുടെ അജ്ഞത.
7. കാലിവളർത്തലിൽ സാങ്കേതിക വിദ്യകളും മാനേജുമെന്റ് സമീപനങ്ങളും ഇല്ലായ്മ
8. കാലിതീറ്റയുടെ അപര്യാപ്തതയും വർദ്ധിച്ച വിലയും
9. ജനറൽ വിഭാഗത്തിൽ നടപ്പ് സാമ്പത്തിക പദ്ധതികളുടെ കുറവ്

സാദ്ധ്യതകൾ

1. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക.
2. കാലി വസന്തകളെക്കുറിച്ച് കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തി രോഗപ്രതിരോധ നടപടികൾ യഥാസമയം സ്വീകരിക്കുക
3. നിലവിലുള്ള മൃഗ ചികിത്സാ കേന്ദ്രത്തിൽ ഇലക്ട്രിക് സ്റ്റെറിലൈസർ, ഓപ്പറേഷൻ ടേബിൾ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ആധുനിക വൽക്കരിക്കുകയും, സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.
4. നെടുമ്പാറ, പുത്തോട്ടം വാർഡുകൾ കേന്ദ്രീകരിച്ചും അമ്പനാട് എസ്റ്റേറ്റ് കേന്ദ്രീകരിച്ചും വെഞ്ചർ ഫ്ളോറൻസ് വാർഡുകൾ കേന്ദ്രീകരിച്ചും അച്ചൻകോവിൽ ആര്യങ്കാവ് എന്നീ സ്ഥലങ്ങളിലും ഓരോ മൃഗ ചികിത്സാ സബ്സെന്ററുകൾ സ്ഥാപിക്കുക.
5. സങ്കര വർഗ്ഗ പശുക്കളെ വളർത്തി സ്വന്തമായി വരുമാനം ഉണ്ടാക്കാനുള്ള ക്ഷീരോല്പന്നങ്ങളുടെ ഉല്പാദനംകൈവരിക്കുവാനും കർഷകരെ ശാസ്ത്രീയമായും സാങ്കേതികമായും പരിശീലിപ്പിക്കുക.
6. ഉല്പാദന ക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ സാങ്കേതിക വിദ്യകളും മാനേജ്മെന്റ് സമീപനങ്ങളും പ്രാബല്യത്തിൽവരുത്തുക.
7. ഈ മേഖലയിൽ മുഴുവൻ സമയ തൊഴിലും ഉപ തൊഴിലും സ്വീകരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുക. ദരിദ്ര്യജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഈ മേഖലയിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുക
8. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഈ മേഖലയിൽ തൊഴിൽ തേടുന്നവർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിന് മുൻകൈയെടുക്കുക.
9. പഞ്ചായത്തു തലത്തിലുള്ള സംഘം വഴി കാലിതീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങി സബ്സിഡി നിരക്കിൽ കാലിതീറ്റ ലഭ്യമാക്കുക.
10. പഞ്ചായത്തുതലത്തിൽ ഒരു ക്ഷീര സഹകരണ സംഘം രൂപീകരിച്ച് വാർഡുതല കളക്ഷൻ ഡിപ്പോയും യൂണിറ്റുകളും സ്ഥാപിക്കുകയും ചെയ്യണം. സംഘംവഴി സങ്കരയിനം കാലികളെയും കോഴികളേയും വിതരണംചെയ്ത് പാൽ, മുട്ട എന്നിവയുടെ സംഭരണവും വിപണനവും നടത്തുക. ഈ മേഖലകളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും തൊളിലില്ലായ്മ പരിഹരിക്കുകയും ചെയ്യുക.
11. പഞ്ചായത്ത് തലത്തിൽ ജനപങ്കാളിത്തത്തോടെ പേവിഷനിർമ്മാർജനപദ്ധതി നടപ്പിലാക്കുക.
12. നടപ്പു പദ്ധതികൾ പട്ടികജാതി-പട്ടികവർഗ്ഗക്ഷേമത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ജനറൽ വിഭാഗത്തിൽക്കൂടി വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുക.

ഗ്രാമസഭകളുടെ മറ്റുനിർദ്ദേശങ്ങൾ

1. ദരിദ്രവിഭാഗത്തിൽപ്പെട്ട കർഷകർക്ക് കാലികളേയും കോഴികളേയും സൗജന്യമായി നൽകണം.
2. മൊബൈൽ മൃഗാശുപത്രിയുടെ പ്രവർത്തനം പുനരാരംഭിക്കണം.
3. തമിഴ് നാട്ടിൽ നിന്നും അച്ചൻകോവിലിലേയ്ക്ക് കൊണ്ട് വരുന്ന രോഗം ബാധിച്ച കന്നുകാലികളെ തടയുന്നതിന് നടപടികൾ സ്വീകരിക്കണം.
4. ഗോബർഗ്യാസ് യൂണിറ്റുകൾ സ്ഥാപിക്കണം.
5. റിന്റർ പെസ്റ്റ് എറാഡിക്കേഷൻ ചെക്ക്പോസ്റ്റ് കോട്ടവാസലിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കണം.
6. ഇൻഷുറൻസ് പദ്ധതി ഉദാരവൽക്കരിക്കണം.

മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ പ്രത്യേകിച്ച ജലതടാകങ്ങൾ ഇല്ല. അച്ചൻകോവിൽ, ആര്യങ്കാവ് എന്നീ പ്രദേശങ്ങളിൽ വിസ്തൃതമായ കുളങ്ങൾ ഉണ്ട്. ജലലഭ്യത കൂടുതലുള്ള ആര്യങ്കാവ് രാജാകുപ്പ്, പാലരുവി, മുടുക്കുപത്തുവയൽ, കരയാളത്തോട്ടം, ഇടപ്പാളയം, കഴുതുരുട്ടി, പൂത്തോട്ടം-പത്തേക്കർ എന്നീ സ്ഥലങ്ങളിൽ ആറിനോടും തോടുകളോടും ബന്ധപ്പെടുത്തി ചെറിയ കുളങ്ങൾ നിർമ്മിച്ച ധാരാളം മത്സ്യകൃഷി നടത്തുന്നതിന് സാദ്ധ്യതയുണ്ട്. ജലസേചനത്തിന് ചെക്ക് ഡാം കെട്ടുന്ന ഭാഗങ്ങളിൽ മത്സ്യകൃഷി ചെയ്യാവുന്നതാണ്. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 90% പേരും മത്സ്യം ഭക്ഷിക്കുന്നവരാണ്. ഇവിടങ്ങളിൽ കർണ്ണാടകയിലെ മംഗലാപുരം, തമിഴ് നാട്ടിലെ തൂത്തുക്കുടി, രാമേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ദിവസങ്ങൾക്ക് ശേഷം എത്തുന്ന മത്സ്യങ്ങളാണ് ലഭിക്കുന്നത്. കൊല്ലത്തു നിന്നും നാമമാത്ര മത്സ്യങ്ങളെ ലഭിക്കുന്നുള്ളൂ. ദിനം പ്രതി 1000 കി.ഗ്രാം മത്സ്യമാണ് ഇവിടെ ഉപയോഗിക്കുന്നത്.

വെയിലിനും മഴയ്ക്കുമെതിരെ
ഈടുറ്റതും മനോഹരവുമായ കുടകൾക്ക്

ഫാംകോ കുടകൾ

ചിൽഡ്രൻസ്, ജന്റ്സ്, ലേഡീസ്, ടൂ ഫോൾഡ്, ത്രീ ഫോൾഡ്കുടകൾ
സംസ്ഥാനഫാമിംഗ് കോർപ്പറേഷന്റെ മറ്റൊരുൽപന്നം

സമീപിക്കുക

കേരള സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ ക്ലിപ്തം
നെല്ലിപ്പള്ളി, പി. ഒ. പുനലൂർ
ഫോൺ: 222252, 222245

വ്യവസായം

വ്യവസായ മേഖലയിൽ അധികം സ്ഥാപനങ്ങൾ ഇല്ലാത്ത ഒരു പ്രദേശമാണിത്. റബ്ബർ, തേയില എന്നിവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട മൂന്നു വ്യവസായ ശാലകളും, പനമ്പിന്റെ ഒരു കുടിൽ വ്യവസായവുമാണ് നിലവിലുള്ളത്. വനവുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശമാണെങ്കിലും വന വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായുള്ള വ്യവസായങ്ങൾ നിലവിൽ ഇല്ല.

നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ

ഹാരിസൺ മലയാളം ലിമിറ്റഡ്

ആര്യങ്കാവ് പഞ്ചായത്തിന്റെ 1 മുതൽ 4 വരെയുള്ള വാർഡുകൾ ഉൾപ്പെടുന്ന മുഴുവൻ പ്രദേശവും റബ്ബർ തോട്ടമാണ്. 1069.96 ഹെക്ടർ സ്ഥലത്തു കൃഷിചെയ്യുന്ന റബ്ബർ മരങ്ങളുടെ പാൽ ശേഖരിച്ച് പഞ്ചായത്തിനു പുറത്തുകൊണ്ടു പോകുന്നു. ഒട്ടുകറ മാത്രം നെടുമ്പാറയിലുള്ള റബ്ബർ ഫാക്ടറിയിൽ സംസ്കരിച്ച് ഷീറ്റുകളുണ്ടാക്കുന്നു. ഫാക്ടറിയിലും തോട്ടങ്ങളിലുമായി വളരെയധികം തൊഴിലാളികൾ പണിയെടുക്കുന്നു. മുൻകാലങ്ങളിൽ റബ്ബർ പാൽ പൂർണമായും ഈ ഫാക്ടറിയിൽ സംസ്കരിച്ചിരുന്നു.

ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി

ആര്യങ്കാവ് പഞ്ചായത്തിന്റെ 5, 6 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന റബ്ബർ, തേയില തോട്ടങ്ങളുണ്ട്. തേയില തോട്ടങ്ങളിൽ നിന്നു ശേഖരിക്കുന്ന കൊളുന്ത് അരണ്ടൽ എന്ന സ്ഥലത്തുള്ള തേയില ഫാക്ടറിയിൽ സംസ്കരിക്കുന്നു. വ്യത്യസ്ത ഗുണനിലവാരങ്ങളുള്ള തേയില ഉല്പാദിപ്പിക്കുന്നുണ്ട്. കമ്പനി വക റബ്ബർ തോട്ടങ്ങളിലെ റബ്ബർ പാൽ, ഒട്ടുകറ എന്നിവ പുറത്തുള്ള ഫാക്ടറികളിലാണ് സംസ്കരിക്കുന്നത്.

പ്രിയ എസ്റ്റേറ്റ്

492 ഏക്കർ സ്ഥലത്ത് റബ്ബർ, തേയില എന്നിവ കൃഷിചെയ്യുന്നു. ഒരു തേയില ഫാക്ടറിയും, സാധാരണ റോളർ ഉപയോഗിച്ച് ഷീറ്റുണ്ടാക്കുന്ന റബ്ബർ ഫാക്ടറിയും പ്രവർത്തിക്കുന്നു. ഗുണനിലവാരം കൂടിയ "ചൈനാ തേയില" ഇവടെ കൃഷിചെയ്യുന്നു. ശരിയായ മാനേജ്മെന്റ് സംവിധാനം ഇല്ലാത്തതിനാൽ തോട്ടങ്ങളുടെയും ഫാക്ടറിയുടെയും പ്രവർത്തനം തൃപ്തികരമല്ല. തൊഴിലാളികൾ അസംതൃപ്തരാണ്.

എസ്റ്റേറ്റ് തൊഴിലാളികളുടെ ജീവിതനിലവാരം

ആയിരക്കണക്കിനു തൊഴിലാളികൾ പണിയെടുക്കുന്ന എസ്റ്റേറ്റ് മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനില്ക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, വിനോദം തുടങ്ങിയവയ്ക്ക് പരിമിതമായ സൗകര്യങ്ങളാണുള്ളത്. വൈദ്യുതി എല്ലാ ലയങ്ങളിലും എത്തിയിട്ടില്ല.
മറ്റു മേഖലകളെ അപേക്ഷിച്ച് ഇവിടുത്തെ തൊഴിലാളികളുടെ കൂലി വളരെ കുറവാണ്. റബ്ബർ തോട്ടങ്ങളിൽ സ്ത്രീ-പുരുഷത്തൊഴിലാളികളുടെ ദിവസക്കൂലി 57.71 രൂപയും തേയില തോട്ടങ്ങളിൽ 52.67 രൂപയാണ്.

പനമ്പ് വ്യവസായം

വനപ്രദേശത്തു നിന്നു ലഭിക്കുന്ന ഈറ ഉപയോഗിച്ച് 'പനമ്പ്, കുട്ട, വട്ടി, തുടങ്ങിയവ നിർമ്മിക്കുന്ന ഒരു കുടിൽ വ്യവസായം ഇടപ്പാളയം പ്രദേശത്തു നിലവിലുണ്ട്. ഇടപ്പാളയം പട്ടികജാതി സഹകരണ സംഘവുമായി ബന്ധപ്പെട്ട ഈ വ്യവസായത്തിൽ മുപ്പതോളം കുടുംബങ്ങൾ ഉൾപ്പെടുന്നു. പട്ടികജാതി വനിതകൾക്ക് പനമ്പ്നെയ്ത്തിൽ പരിശിലനം നൽകുന്ന സംവിധാനവും നിലവിലുണ്ട്.

പ്രശ്നങ്ങൾ

1. വനമേഖലയായതിനാൽ വനവിഭവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് അനുമതി ലഭിക്കാനുള്ള ബുദ്ധിമുട്ട്.

2. ആറുവാർഡുകൾ സ്വകാര്യപ്ലാന്റേഷനുകളായതിനാൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സ്ഥലം ലഭ്യമല്ല.

3 വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതി ലഭിക്കാനുള്ള ബുദ്ധിമുട്ട്.

4 മുലധന നിക്ഷേപത്തിനുള്ള ഏജൻസികളുടെ അപര്യാപ്തത.

5 സാങ്കേതിക പരിജ്ഞാനക്കുറവ്.

സാദ്ധ്യതകൾ, ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1 ഇസ്ഫീൽഡ്, അമ്പനാട്, തോട്ടങ്ങളിലെ റബ്ബർ പാൽ കയറ്റി അയയ്ക്കുകയാണ്. നെടുമ്പാറ റബ്ബർ ഫാക്ടറിയോടനുബന്ധിച്ച് ടയർ, റബ്ബർമെത്തകൾ, ചെരുപ്പുകൾ, റബ്ബർ ബാൻഡ്, ഗ്ലൗസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയാൽ ഇസ്ഫീൽഡ് എസ്റ്റേറ്റിലെ മുഴുവൻ ആളുകൾക്കും തൊഴിൽ നൽകാൻ കഴിയും.

അമ്പനാട് എസ്റ്റേറ്റിൽ റബ്ബർ സംസ്കരിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിച്ചാൽ അമ്പനാട് എസ്റ്റേറ്റിലെ മുഴുവൻ ആളുകൾക്കും സ്ഥിരം തൊഴിൽ നൽകാൻ സാധിക്കും.

പ്രീയ എസ്റ്റേറ്റിൽ ഒഴിച്ചിട്ടിരിക്കുന്ന പ്രദേശങ്ങളിൽ റബ്ബർ മരങ്ങൽ വച്ചു പിടിപ്പിച്ച് ഒരു ചെറിയ റബ്ബർ ഫാക്ടറി സ്ഥാപിക്കുവാൻ സാദ്ധ്യത കാണുന്നു. മാനേജ്മെന്റ് സംവിധാനം പുനസംഘടിപ്പിച്ച് ഇപ്പോഴുള്ള ഉൽപാദനമുരടിപ്പ് തടയാവുന്നതാണ്.

2 പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൽ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ബീഡി തെറുപ്പ് തുടങ്ങിയ കുടിൽ വ്യവസായങ്ങൾ പഞ്ചായത്തിലെ ഒമ്പതു വാർഡുകളിലും ആരംഭിക്കാവുന്നതാണ്.

3 കഴുതുരുട്ടി, ആര്യങ്കാവ്, അച്ചൻകോവിൽ പ്രദേശങ്ങളിൽ വനവിഭവങ്ങളായ ചൂരൽ. ഈറ എന്നിവ ഉപയോഗിച്ച് പനമ്പ്, കുട്ട, വട്ടി, കസേര തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനു വളരെയേറെ സാദ്ധ്യയുണ്ട്. തൊഴിൽ രഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാരായ ജനങ്ങളുടെ സഹകരണസംഘം സ്ഥാപിച്ച് ഈ പ്രവർത്തനം ഏറ്റെടുക്കാവുന്നതാണ്.

4 പ്രാദേശികമായി കിട്ടുന്ന റബ്ബർതടി ആധുനികരീതിയിൽ സംസ്കരിച്ച് വിവിധതരം ഫർണ്ണീച്ചറുകൾ നിർമ്മിക്കുന്ന ഒരുവ്യവസായത്തിന് കഴുതുരുട്ടി കേന്ദ്രമായി സാദ്ധ്യതയുണ്ട്.

5 അച്ചൻകോവിൽ ആര്യങ്കാവ് കഴുതുരുട്ടി പ്രദേശങ്ങളിൽ തടികൊണ്ടുള്ള ഫർണ്ണീച്ചറുകൾ, വയറിംഗ് ബോക്സുകൾ എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റിന് സാദ്ധ്യതയുണ്ട്.

6 പാറ, മണൽ എന്നിവ സുലഭമായി ലഭിക്കുന്ന ആര്യങ്കാവ്, അച്ചൻകോവിൽ, കഴുതുരുട്ടി പ്രദേശങ്ങളിൽ വീട് നിർമ്മാണത്തിനാവശ്യമായ കോൺക്രീറ്റ് ഇഷ്ടികകൾ നിർമ്മിക്കുന്ന ഓരോയുണിറ്റിന് സാദ്ധ്യതയുണ്ട്. ഇപ്പോൾ തമിഴ് നാട്ടിൽ നിന്നാണ് ഇഷ്ടിക കൊണ്ട് വരുന്നത്.

7 ആര്യങ്കാവ് കേന്ദ്രമാക്കി മാംസ (മീറ്റ് പ്രോഡക്ട്സ്) സംസ്കരണം, തുകൽ വ്യവസായം, എല്ലുപൊടി നിർമ്മാണം എന്നിവയുടെ വലിയ സാദ്ധ്യതയുണ്ട്. തമിഴ്നാട്ടിൽ നിന്നും ദിനം പ്രതി നൂറ് കണക്കിന് കന്നുകാലികൾ ഇതിലെ കടന്നു പോകുന്നുണ്ട്.

8 ഗ്രാമ്പു, എലയ്ക്കാ, കറുവപ്പട്ട എന്നിവ സുലഭമായി ലഭിക്കുന്നതിനാൽ പഞ്ചായത്തിൽ ഒരു കറിമസാല പായ്ക്കിംഗ് യൂണിറ്റ് ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്.

9 റബ്ബർ അരി സംസ്കരിച്ച് എണ്ണയെടുക്കുന്നതിനും, അനുബന്ധമായി സോപ്പു നിർമ്മാണത്തിനും വലിയ സാദ്ധ്യതയുണ്ട്.

10 ആര്യങ്കാവ്, അച്ചൻകോവിൽ, കഴുതുരുട്ടി പ്രദേശങ്ങളിൽ പട്ടുനൂൽപുഴു വളർത്തലിന് അനുകൂലമായ സാഹചര്യമുണ്ട്. (സെറികൾച്ചർ യൂണിറ്റ് ആരംഭിക്കണം)

11 കുന്തിരിക്കം, കോലരക്ക് തുടങ്ങിയ വനവിഭവങ്ങളുപയോഗിച്ച് വാർണീഷ് പെയിന്റ് എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ആര്യങ്കാവ്, അച്ചൻകോവിൽ പ്രദേശങ്ങളിൽ സാദ്ധ്യതയുണ്ട്.

12 ഒമ്പത് വാർഡുകളിലും അച്ചാർ നിർമ്മാണയൂണിറ്റിനു സാദ്ധ്യതയുണ്ട്.

13 ചന്ദനത്തിരി നിർമ്മാണം ആര്യങ്കാവ്, അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനികളിൽ ആരംഭിക്കാവുന്നതാണ്.

14 കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണയുണ്ടാക്കുന്ന ഒരു യൂണിറ്റ് ആര്യങ്കാവിൽ ആരംഭിക്കാവുന്നതാണ്.

15 അടയ്ക്കാ, ഏലയ്ക്കാ, ഗ്രാമ്പൂ എന്നിവ അസംസ്കൃത വസ്തുക്കളായുള്ള പാൻ മസാലയണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ് ആര്യങ്കാവിൽ ആരംഭിക്കാവുന്നതാണ്.

16 ഈ പഞ്ചായത്തിൽ പപ്പടം പുറത്തുനിന്നു കൊണ്ടുവരികയാണ്. പഞ്ചായത്തിൽ ഒരു പപ്പട നിർമ്മാണയൂണിറ്റിന് സാദ്ധ്യതയുണ്ട്.

17 ഗ്രാമ്പു, എലയ്ക്കാ, കുരുമുളക്, ഇഞ്ചി എന്നിവയുപയോഗിച്ച് സുഗന്ധഎണ്ണകൾ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റിന് ഈ പഞ്ചായത്തിൽ സ്ഥാപിക്കുവാനുള്ള സാഹചര്യം ഉണ്ട്.

18. പപ്പായ കൃഷിക്ക് അനുകൂലമായ പ്രദേശമാണ് ആര്യങ്കാവ്. പപ്പായിൽ നിന്നും ടൂട്ടി ഫ്രൂട്ടി നിർമ്മിക്കുന്ന യൂണിറ്റുകൾ ആര്യങ്കാവ്, അച്ചൻകോവിൽ പ്രദേശങ്ങളിൽ ആരംഭിക്കാവുന്നതാണ്.

19 എല്ലാ വാർഡുകളിലും കറി പൗഡർ നിർമ്മാണ യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 2965

അംഗങ്ങൾക്ക് ആവശ്യമായ കാർഷികവായ്പകളും കാർഷികേതരവായ്പ്പകളും നൽകുന്നു. നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക്. സ്വർണ്ണപണയത്തിൻമേലുംവായ്പകൾ നൽകുന്നു.

പി. ഒ. യോഹന്നാൻ
പ്രസിഡന്റ്

പി. എസ്. സ്കറിയ
സെക്രട്ടറി

വിദ്യാഭ്യാസം

സ്വാതന്ത്യ ലബ്ധിക്ക് മുമ്പ് ആര്യങ്കാവ് പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിച്ചിരുന്നില്ല. പ്രാദേശികമായി സാമാന്യ വിദ്യാഭ്യാസമുള്ള എഴുത്താശാന്മാർ പ്രാഥമിക വിദ്യാഭ്യാസം നൽകിയിരുന്നു. ഇന്ന് തമിഴ്നാടിന്റെ ഭാഗമായുള്ള ചെങ്കോട്ട തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു. ഈ പ്രദേശത്തുനിന്ന് അക്കാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിന് കുട്ടികൾ ചെങ്കോട്ട സ്കൂളിൽ പോയിരുന്നു. അവിടെ ബോധന മാധ്യമം തമിഴായിരുന്നു. ഒരു പീരീയഡ് മലയാളം പഠിപ്പിച്ചിരുന്നു.

1940 ൽ നെടുമ്പാറയിൽ എസ്റ്റേറ്റ് വകയായി ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. ഒരധ്യാപകൻ മാത്രമുണ്ടായിരുന്ന ആ സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 12 കുട്ടികൾ പഠിച്ചിരുന്നു. ആര്യങ്കാവിൽ ശ്രീ. ഏബ്രഹാം വൈദ്യൻ മുൻകൈയെടുത്ത് നാട്ടുകാരുടെ സഹകരണത്തോടെ ഒരു പ്രൈമറിസ്കൂൾ ആരംഭിച്ചു. വൈദ്യരുടെ വീട്ടിലും മുറ്റത്തുമായിരുന്നു അധ്യയനം. 1951 ൽ ആര്യങ്കാവ് ന്യൂ പി. എസ്. എന്നപേരിൽ സ്ഥാപിക്കപ്പെട്ട ഈ സ്കൂളാണ് ഇന്നത്തെ ആര്യങ്കാവ് ഗവ. എൽ. പി. എസ്. സ്കൂളിന് ആവശ്യമായ അരയേക്കർ സ്ഥലം ഗവ അനുവദിക്കുകയും ചെയ്തു. അതിനു ശേഷം കഴുതുരുട്ടി, നെടുമ്പാറ, അച്ചൻകോവിൽ എന്നിവടങ്ങളിലും പ്രൈമറിസ്കൂൾ ആരംഭിച്ചു. നെടുമ്പാറ, അച്ചൻകോവിൽ പ്രൈമറീ സ്കൂളുകൾ പിന്നീട് യു. പി. സ്കൂളുകളായും അതിനു ശേഷം ഹൈസ്കൂളുകളായും അപ്ഗ്രേഡ്ചെയ്തു.

1967 ൽ തെന്മല പഞ്ചായത്തിന്റെ ഭാഗമായിരുന്ന നെടുമ്പാറയിൽ ഈ പ്രദേശത്തെ ആദ്യത്തെ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിന്റെ മാനേജുമെന്റിലുള്ളതാണ് ഈ ഹൈസ്കൂൾ. ആദ്യകാലത്ത് നെടുമ്പാറ സെക്കന്ററി സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ സ്കൂൾ പിൽക്കാലത്ത് ആര്യങ്കാവ് പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായിരുന്ന ശ്രീ. റ്റി. സി. നരിയാരത്തിന്റെ സ്മരണാർത്ഥം റ്റി. ചാക്കോ നരിയാരത്ത് മെമ്മോറിയൽ ഹൈസ്കൂൾ എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു.

ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടി ആര്യങ്കാവ് പ്രദേശം വിദ്യാഭ്യാസ നന്മോത്ഥാനത്തിന് വേദിയായി. 1964 ൽ ആര്യങ്കാവിൽ സെന്റ് മേരീസ് യു. പി. സ്കൂൾ സ്ഥാപിതമായി. ആരംഭകാലത്ത് കന്യാസ്ത്രീകൾ മാത്രമായിരുന്നു അധ്യാപകർ. 1982 ൽ ആര്യങ്കാവിൽ സെന്റ് മേരീസ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു.

എസ്റ്റേറ്റ് തൊഴിലാളികളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി അമ്പനാട് വെഞ്ചർ എന്നീസ്ഥലങ്ങളിൽ എസ്റ്റേറ്റ് മാനേജ്മെന്റ് വകയായി രണ്ട് അംഗീകൃത എൽ. പി. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 1

ക്ര.ന	സ്കൂളിന്റെപേര്	വാർഡ്	ഗവ/എയ്ഡഡ്/ അൺഎയ്ഡഡ്	ബോധനമാധ്യമം
1	ഗവ. എൽ. പി. എസ് ആര്യങ്കാവ്	9	ഗവൺമെന്റ്	മലയാളം
2	ഗവ. എൽ. പി. എസ് കഴുതുരുട്ടി	8	ഗവൺമെന്റ്	മലയാളം
3	എസ്റ്റേറ്റ് എൽ. പി. എസ് വെഞ്ചർ	3	അൺ എയ്ഡഡ്	മലയാളം/തമിഴ്

4	എസ്റ്റേറ്റ് എൽ. പി. എസ് അമ്പനാട്	6	അൺ എയ്ഡഡ്	മലയാളം/തമിഴ്
5	സെന്റ് മേരീസ് യു. പി. എസ് ആര്യങ്കാവ്	9	എയ്ഡഡ്	മലയാളം
6	സെന്റ് മേരീസ് ഹൈസ്കൂൾ ആര്യങ്കാവ്	9	എയ്ഡഡ്	മലയാളം
7	റ്റി. സി. എൻ. എം. ഹൈസ്കൂൾ നെടുമ്പാറ	1	എയ്ഡഡ്	മലയാളം/തമിഴ്
8	ഗവ. എച്ച്. എസ്സ് അച്ചൻകോവിൽ	7	ഗവ	മലയാളം

പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്നതാണ് ഈ പ്രദേശത്തെ സ്കൂളുകൾ. ഭാഷാ ന്യൂനപക്ഷമായ തമിഴ് വംശജരായ തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി അമ്പനാട് വെഞ്ചർ എസ്റ്റേറ്റ് എൽ. പി. സ്കൂളിലും നെടുമ്പാറ റ്റി. സി. എൻ. എം. എച്ച് എസ് ലും തമിഴ് മീഡിയവും പ്രവർത്തിക്കുന്നുണ്ട്.

ഈ പ്രദേശത്തെ വിവിധ സ്കൂളുകളിലായി 2479 കുട്ടികൾ പഠിക്കുന്നു. ഇവരിൽ 1245 പേർ (50.2%) ആൺകുട്ടികളും 1234 പേർ (49.8%) പെൺകുട്ടികളുമാണ്. പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 685 ആണ്. ഇവർ ആകെയുള്ള കുട്ടികളുടെ 27.6% ആകുന്നു. സ്കൂൾ കുട്ടികളുടെ വിഭാഗം തിരിച്ചുള്ള കണക്ക് ചുവടെപട്ടികയിൽ ചേർക്കുന്നു.

പട്ടിക 2

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം

ക്ര.ന	വിഭാഗം	കുട്ടികളുടെ എണ്ണം			SC/ ST കുട്ടികൾ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	എൽ. പി വിഭാഗം	429	422	851	119	147	266
2	യു. പി. വിഭാഗം	367	375	742	93	109	202
3.	എച്ച്. എസ്. വിഭാഗം	449	437	886	109	108	217
	ആകെ	**1245**	**1234**	**2479**	**321**	**364**	**685**

അവലബം-സെക്കൻഡറിഡേറ്റാ

പഠന നിലവാരം

ഈ പ്രദേശത്തെ വിദ്യാലയങ്ങളുടെ പഠന നിലവാരം വിലയിരുത്തിയതിൽ എസ്റ്റേറ്റ് എൽ. പി. സ്കൂളുകൾ, കഴുതുരുട്ടി ഗവ. എൽ. പി. സ്കൂൾ, നെടുമ്പാറ ടി. സി. എൻ. എം ഹൈസ്കൂൾ എന്നിവയിലെ നിലവാരം കുറേവർഷങ്ങളായി കുറഞ്ഞുവരുന്നതായി കാണുന്നു. നെടുമ്പാറ ടി. സി. എൻ. എം എച്ച്. എസ് ലെ എസ്. എസ്. എൽ. സി വിജയ ശതമാനം വളരെ കുറവായി കാണുന്നു. ആര്യങ്കാവ് സെന്റ് മേരീസ് ഹൈസ്കൂൾ തുടക്കത്തിൽ 100% വിജയം നേടിയിരുന്നു. ഇപ്പോൾ 70% മുതൽ 76% വരെയാണ് എസ്. എൽ. സി. വിജയ ശതമാനം. കുറേവർഷങ്ങളായി അധ്യാപകരുടെ കുറവുള്ള ഭൗതീക സാഹചര്യങ്ങളില്ലാത്ത അച്ചൻകോവിൽ ഗവ ഹൈസ്കൂൾ കഴിഞ്ഞവർഷം 95% വിജയം നേടിയെന്നത് പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു.

പട്ടിക

എസ്. എസ്. എൽ. സി വിജയശതമാനം

ക്ര.ന	സ്കൂളിന്റെ പേര്	വിജയശതമാനം				
		1992	93	94	95	96
1.	റ്റി. സി. എൻ. എം. എച്ച്. എസ് നെടുമ്പാറ	43	27.3	26.3	9.4	43.6
2.	സെന്റ് മേരീസ് എച്ച്. എസ് ആര്യങ്കാവ്	80	73	70	76	75
3.	ഗവ. എച്ച്.എസ്. അച്ചൻകോവിൽ	60	77	40	68	95

പഠന നിലവാരം കുറവുള്ള സ്കൂളുകളിൽ പി. റ്റി. എ മാതൃസമിതി തുടങ്ങിയവയുടെ പ്രവർത്തനം തൃപ്തികരമല്ല. അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ എൽ. കെ. ജി., യു. കെ. ജി പ്രൈമറി ക്ലാസ്സുകളിലായി അംഗുലീപരിമിതമായ കുട്ടികൾ കുളത്തൂപ്പുഴയിലുള്ള അൺഎയ്ഡഡ് സ്കൂളുകളിൽ ഈ അടുത്ത കാലത്ത് പോയിതുടങ്ങിയിട്ടുണ്ട്.

പ്രീ പ്രൈമറി സ്കൂളുകളൊന്നും ഇവിടെ നിലവിലില്ല. തോട്ടംമേഖലയിൽ 13 ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആര്യങ്കാവ് ഒമ്പതാം വാർഡിൽ ഒരു സ്വകാര്യ നേഴ്സറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. അച്ചൻകോവിലിൽ ഐ. സി. ഡി. എസ് ന്റെ രണ്ട് അംഗനവാടികൾ പ്രവർത്തിക്കുന്നു.

ഉപരിപഠനം:-

ഉപരിപഠന സാദ്ധ്യതകൾ ഇല്ലാത്ത ഒരു പ്രദേശമാണിത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം പഠന സാദ്ധ്യതകൾ പ്രാദേശികമായി ഇല്ലാത്തതിനാൽ ഭൂരിപക്ഷം കുട്ടികളും പഠനം അവസാനിപ്പിക്കുന്നു. ഏറ്റവും അടുത്തുള്ള കോളേജ് പുനലൂരിലാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെയില്ല. എസ്. എസ്. എൽ. സി. പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് വേണ്ടിയുള്ള ട്യൂട്ടോറിയൽ സംവിധാനവുമില്ല. കഴുതുരിട്ടിൽ ഒരു ടൈപ്പ്റൈറ്റിംങ് ഇൻസ്റ്റിറ്റ്യൂട്ടും ആര്യങ്കാവിൽ ഒരു പാരലൽകോളേജും പ്രവർത്തിക്കുന്നുണ്ട്. ബിരുദാനന്തര ബിരുദവും എം. ബി. ബി. എസ്, എൻജിനിയറിംങ് യോഗ്യതയുമുള്ളവർ ഈ പഞ്ചായത്തിൽ അംഗുലീ പരിമിതമാണ്.

പ്രശ്നങ്ങൾ:-

1. അച്ചൻകോവിൽ ഗവ. ഹൈസ്കൂൾ, ആര്യങ്കാവ് ഗവ. എൽ. പി. എസ്. സ്കൂൾ, കഴുതുരുട്ടി ഗവ. എൽ. പി. എസ്. സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ കുറേവർഷങ്ങളായി ആവശ്യത്തിന് അദ്ധ്യാപകരില്ല.
2. അച്ചൻകോവിൽ ഗവ. ഹൈസ്കൂൾ ആര്യങ്കാവ് ഗവ എൽ. പി. എസ്. സ്കൂൾ എന്നിവയ്ക്ക് ആവശ്യത്തിന് കെട്ടിടങ്ങളില്ല.
3. അച്ചൻ കോവിൽ ഗവ. എച്ച്. എസ്, ആര്യങ്കാവ് ഗവ. എൽ. പി. എസ്, നെടുമ്പാറ റ്റി. സി. എൻ. എം. എച്ച്. എസ്. എന്നിവയിൽ ഉച്ചഭക്ഷണം പാചകം ചെയ്യാൻ പാചകപുരയില്ല.
4. എസ്റ്റേറ്റ് L.P.S കളിൽ ഭൗതീകസാഹചര്യവും ആവശ്യത്തന് അദ്ധ്യാപകരും ഇല്ല.
5. നെടുമ്പാറ T. C. N. M. H. S ൽ പഠനനിലവാരം വളരെ കുറവ്.
6. ആര്യങ്കാവ് സെന്റ് മേരീസ് H. S ൽ ആദ്യകാലത്തുള്ള 100% വിജയം ഇപ്പോൾ ഉണ്ടാകുന്നില്ല.
7. തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് സ്കൂളിലെത്താൻ യാത്രാസൗകര്യം ഇല്ല.
8. പ്രീപ്രൈമറി സ്കൂളുകൾ പഞ്ചായത്തിൽ ഇല്ല.
9. ഉപരി പഠനസാദ്ധ്യതകൾ ഇല്ല.
10. കഴുതുരുട്ടി L. P. S ലും നെടുമ്പാറ ഹൈസ്ക്കൂളിലും ഓരോ വർഷവും കുട്ടികൾ കുറഞ്ഞു വരുന്നു.

11. നെടുമ്പാറ ററി. സി. എൻ. എം.എച്ച്എസ്സി ൽ പി. റ്റി. എ. യോഗങ്ങളിൽ 95% രക്ഷാകർത്താക്കളും പങ്കെടുക്കുന്നില്ല.

സാദ്ധ്യതകൾ, ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. അച്ചൻകോവിൽ ഗവ H. S ൽ 15 മുറികളോടുകൂടിയ സ്ഥിരം കെട്ടിടം, ഉച്ചഭക്ഷണം പാചകം ചെയ്യാനുള്ള പാചകപ്പുര, അദ്ധ്യാപകർക്ക് താമസിയ്ക്കാനുള്ള ക്വാർട്ടേഴ്സ് എന്നിവ അടിയന്തിരമായി നിർമ്മിക്കണം.
2. ആര്യങ്കാവ് L. P. സ്കൂളിന് പാചകപ്പുരയും രണ്ട് ക്ലാസ്മുറികളും നിർമ്മിക്കണം.
3. അച്ചൻകോവിൽ ഗവ. എച്ച്. എസ്., ആര്യങ്കാവ് ഗവ. L. P. S, കഴുതുരുട്ടി ഗവ. L. P. S, എന്നിവിടങ്ങളിൽ ആവശ്യത്തന് അദ്ധ്യാപകരെ നിയമിക്കണം. നിലവിലുള്ള അദ്ധ്യാപകരെ ട്രാൻസ്ഫർ ചെയ്യുമ്പോൾ പകരം ആളിനെ നിയമിയ്ക്കുവാൻ സ്ഥിരം സംവിധാനം വേണം.
4. നെടുമ്പാറ ററി. സി. എൻ. എം. എച്ച് എസിലെ പഠന നിലവാരം ഉയർത്തണം. പഞ്ചായത്ത് ഭരണസമിതി മുൻകൈ എടുത്ത് വിദ്യാഭ്യാസ സുരക്ഷാ സമിതി ഉണ്ടാക്കണം. P. T. A മാതൃസമിതിയോഗങ്ങൾ അടിയന്തിരമായി വിളിച്ച് ചേർക്കണം. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർ തമ്മിലുള്ള ബന്ധങ്ങളിൽ മാറ്റം ഉണ്ടാകണം. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണണം. അഭ്യസ്ഥവിദ്യരായ സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ട്യൂഷൻ നൽകണം. സ്കൂൾ പ്രവർത്തി സമയത്തിന് പുറത്ത് ഇതിനായി സ്കൂൾ കെട്ടിടങ്ങൾ അനുവദിക്കണം. ചെറിയ ട്യൂഷൻ ഫീസ് ഈടാക്കുന്നതിൽ അപാകതയില്ല.
5. എസ്റ്റേറ്റ് L.P.S കളിൽ ഭൗതീക സാഹചര്യവും ആവശ്യത്തിന് അദ്ധ്യാപകരും ഉണ്ടാകണം.
6. എല്ലാവാർഡുകളിലും അംഗനവാടികൾ ഉണ്ടാകണം.
7. തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് സ്കൂളിൽ എത്തുവാൻ പൊതുമേഖലാസ്ഥാപനങ്ങളിലെ പോലെ സൗജന്യയാത്രാ സൗകര്യം നൽകണം.
8. അച്ചൻകോവിൽ എച്ച്. എസ്. ന് ചുറ്റുമതിലും സ്കൂളിലേക്ക് കയറാനുള്ള പടികളും നിർമ്മിക്കണം.
9. അച്ചൻകോവിൽ ഹൈസ്കൂൾ, നെടുമ്പാറ ഹൈസ്കൂൾ ആര്യങ്കാവ്, കഴുതുരുട്ടി എൽ. പി. എസ്. സ്കൂളുകൾ എന്നിവയിൽ വാട്ടർ ടാങ്ക്, പമ്പ് സെറ്റ്, ടാപ്പുകൾ എന്നിവ സ്ഥാപിക്കണം.
10. നെടുമ്പാറ ഹൈസ്കൂൾ സ്റ്റേഡിയത്തിലേക്കുള്ള റോഡ് 50 മീറ്റർ മെറ്റലിംങ്ങും, ടാറിംങ്ങും നടത്തണം.
11. നെടുമ്പാറ ഹൈസ്കൂളിൽ അദ്ധ്യാകർക്ക് കോർട്ടേഴ്സുകൾ നിർമ്മിച്ച് നൽകണം.
12. എൽ. പി. സ്കൂളുകളോടനുബന്ധിച്ച് പി. ടി. എയുടെ സഹകരണത്തോടെ പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കണം.
13. നിലവിലുള്ള എല്ലാ ഹൈസ്കൂളുകളോടും അനുബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കണം.
14. എല്ലാ സ്കൂളുകളിലും പി. റ്റി. എ, മാതൃ സമിതി പ്രവർത്തനം ശക്തമാക്കണം. അവയുടെ യോഗങ്ങളിൽ ജന പ്രതിനിധികൾ പങ്കെടുക്കണം.
15. വിദ്യാഭ്യാസ - ആരോഗ്യ - ബോധവൽക്കരണ ക്ലാസുകൾ രക്ഷകർത്താക്കൾക്കുവേണ്ടി സങ്കടിപ്പിക്കണം.
16. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോപ്ലക്സുകൾ രൂപീകരിക്കണം. വിദ്യാർത്ഥികൾക്കുവേണ്ടി പഞ്ചായത്തു തല മത്സരങ്ങൾ സംഘടിപ്പിക്കണം.

സാക്ഷരത

ഏതൊരു നാടിന്റേയും ഉയർച്ച ആനാട്ടിലെ ജനങ്ങളുടെ ആരോഗ്യത്തേയും വിദ്യാഭ്യാസത്തേയും ആശ്രയിച്ചാണ് ഇരിക്കുന്നത്. വികസിത രാജ്യങ്ങളിലെ സാക്ഷരതാ നിരക്കിൽ നിന്നും ഇത് മനസിലാക്കാവുന്നതാണ്. പഞ്ചായത്തിൽ കാൻഫെഡ്, യൂണിവേഴ്സിറ്റി, ഗ്രന്ഥശാലാസംഘം, ഗ്രാമവികസന ഏജൻസി എന്നിവ വഴി സാക്ഷരതാ പരിപാടി നടത്തിയിരുന്നു എങ്കിലും ഇതിന് വൻ പ്രചരണം ലഭിക്കുന്നത് കേരളാ സാക്ഷരത സമിതിയുടെ നിയന്ത്രണത്തിൽ പ്രവർത്തനം തുടങ്ങിയതോടു കൂടിയാണ്. 1990 ൽ സാക്ഷരതാ സമിതിയുടെ നിയന്ത്രണത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിലും ആവേശോജ്ജ്വലമായ തുടക്കമാണ് ലഭിച്ചത്.

ത്രിതല സാക്ഷരതാ പ്രവർത്തനം

പഞ്ചായത്തിൽ ആകെയുള്ള 9 വാർഡുകളിൽ 6 വാർഡുകൾ എസ്റ്റേറ്റ് മേഖല ഉൾപ്പെടുന്നതാണ്. ഇവിടെ കൂടുതലും തമിഴ് വംശജയായ തോട്ടം തൊഴിലാളികളാണ്. ആര്യങ്കാവ്, അച്ചൻകോവിൽ വാർഡുകളിൽ ആകെയുള്ള രണ്ട് ഗിരിജൻകോളനികളിലായി പട്ടികവർഗ്ഗക്കാർ താമസിക്കുന്നു. എല്ലാ വാർഡുകളിലും മലയാളം സംസാരിക്കുന്നവരുമുണ്ട്. ഇപ്രകാരം ആദിവാസി-തമിഴ്-മലയാളം ത്രിമാന സാക്ഷരതാപ്രവർത്തനമാണ് പഞ്ചായത്തിൽ നടന്നുവരുന്നത്. ആദിവാസി-സാക്ഷരതാ പരിപാടിയുടെ മേൽനോട്ടം വഹിക്കുന്നതിനായി പ്രത്യേക ആദിവാസി പ്രൊജക്ട് ജില്ലാ സാക്ഷരതാ സമിതിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

സാക്ഷരതാ നിരക്ക്

1991 ലെ കാനേഷുമാരി പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യാ 15585 ആയിരുന്നു. ഇവരിൽ പുരുഷൻമാർ 7903 സ്ത്രീകൾ 7682 ഉം മാണ്. പട്ടികജാതി പുരുഷന്മാർ 1949 ഉം, സ്ത്രീകൾ 1955 ഉം ആണ്. പട്ടിക വർഗ്ഗ പുരുഷന്മാരുടെ എണ്ണം 178 ഉം, സ്ത്രീകൾ 190 ഉം ആണ്. 1991 കാനുഷുമാരി പ്രകാരം പഞ്ചായത്തിലെ സാക്ഷരരായ പുരുഷന്മാർ 6029 ഉം, സ്ത്രീകൾ 5119 ഉം ആണ്.

പട്ടിക 1

1991 ലെ കാനുഷുമാരി

ക്രമനം	ആകെ ഭവനങ്ങളുടെ എണ്ണം	ആകെ താമസക്കാരുടെ എണ്ണം	ആകെജനസംഖ്യാ			പട്ടികജാതി ജനസംഖ്യ		പട്ടികവർഗ്ഗ ജനസംഖ്യ		സാക്ഷരർ		തൊഴിൽ രഹിതർ
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പുസ്ത്രീ
1	3640	3675	7903	7682	15585	1949	1955	178	190	6029	5119	3785 5838

അവലംബം-സെൻസസ് റിപ്പോർട്ട്

പഞ്ചായത്തിലെ 45 വയസ്സിൽ താഴെയുള്ളവരുടെ ഇപ്പോഴത്തെ സാക്ഷരതാ ശതമാനം ഇപ്രകാരമാണ് പട്ടിക വർഗ്ഗ സാക്ഷരതാ ശതമാനം 69.98 ഉം, പട്ടിക ജാതി സാക്ഷരതാ ശതമാനം 72.7 ഉം ആണ്. തമിഴ് സാക്ഷരതാ ശതമാനം 90.15 ആണ്

പട്ടിക 2

45 വയസ്സിൽ താഴെയുള്ളവരുടെ സാക്ഷരതാ-കേരള സാക്ഷരതാ സമിതിയുടെ കണക്ക് 1996

ക്ര.നവിഭാഗം	നിരക്ഷരർ		നവസാക്ഷരർ		സാക്ഷരതാ ശതമാനം	
	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
1. പട്ടികജാതി	491	574	78	279	74.8	70.6
2. പട്ടികവർഗ്ഗം	50	60	28	41	71.61	68.35
3. മറ്റുള്ളവർ	1333	1929	411	689	83.10	74.90
ആകെ	1874	2563	507	1009	76.28	66.63
തമിഴ്	96	308	64	215	90.51	89.99

സാക്ഷരതാ അവലോകനം

1990 മുതൽ കേരളാ സാക്ഷരതാ സമിതിയുടെ നിയന്ത്രണത്തിൽ സാക്ഷരതാ പ്രവർത്തനം നടന്നു വന്നു. ആവേശകരമായ പ്രവർത്തനം ആരംഭിച്ചുവെങ്കിലും തമിഴ് സംസാരിക്കുന്ന തോട്ടം തൊഴിലാളികളെ സംബന്ധിച്ച് സാക്ഷരരാക്കുന്നതിന് തുടക്കം മുതൽ കഴിഞ്ഞിരുന്നില്ല. ആദ്യഘട്ടത്തിൽ മലയാളം ക്ലാസ്സുകൾ സജീവമായി നടത്തുകയും മൂല്യനിർണ്ണയം പൂർത്തിയാക്കുകയും ചെയ്തു. 1992 ൽ ഉണ്ടായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും തുടർ സാക്ഷരതാ പ്രവർത്തനം താറുമാറാക്കി. മാസങ്ങൾക്കു ശേഷം പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടത്തിയ ശ്രമവും വിഫലമായി. തുടർ സാക്ഷരതാ പരിപാടിയിൽ തമിഴ് ആദിവാസി മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുകയും എസ്റ്റേറ്റ് മാനേജുമെന്റിന്റെ സഹായത്തോടെ തമിഴ് സാക്ഷരതയും വനംവകുപ്പിന്റെയും പട്ടിക വർഗ്ഗ ക്ഷേമവകുപ്പിന്റെയും സഹായത്തോടെ ആദിവാസി സാക്ഷരതാ പരിപാടിയും ഊർജ്ജിതപ്പെടുത്തി. ജില്ലാ സാക്ഷരതാ സമിതിയുടെയും കേരള സാക്ഷരതാ സമിതിയുടെയും പ്രവർത്തനത്തിലുണ്ടായ സ്തംഭനാവസ്ഥ പഞ്ചായത്തിലും സാക്ഷരതാ പ്രവർത്തനത്തെ സാരമായി ബാധിച്ചു. മലയാളം മേഖലയിൽ മൂന്ന് ജനവിദ്യാകേന്ദ്രങ്ങളും 9 അക്ഷര സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. തമിഴ് വിഭാഗത്തിൽ തോട്ടം ഒന്നിന് ഒരു ജനവിദ്യാകേന്ദ്രവും ഡിവിഷൻ തലത്തിൽ ഓരോ അക്ഷര സംഘവും നിർദ്ദേശിച്ചിട്ടുണ്ട്. സന്നദ്ധ പ്രവർത്തകരുടെ കുറവ്, ഉന്നതവിദ്യാഭ്യാസം ലഭിച്ചവരുടെ പരിമിതി എന്നിവ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ തടസ്സമായിട്ടുണ്ട്.

വിവിധ പരിപാടികൾ

എസ്റ്റേറ്റ് തലത്തിൽ ഫീൽഡ്-ഡിവിഷൻ-എസ്റ്റേറ്റ് സാക്ഷരതാ സമിതികളുടെ രൂപീകരണം, സർവ്വേ പ്രവർത്തനങ്ങൾ, മൃഗ സംരക്ഷണ സെമിനാറുകൾ, ഓണാഘോഷം, ഓണകാഴ്ചകൾ, പഠനയാത്രകൾ, കാർഷികസെമിനാർ, ഗോരക്ഷാക്യാമ്പ്, സാക്ഷരതാ പ്രവർത്തകർക്ക് സഹായ വിതരണം, അക്ഷര സംഘം കർഷക കൂട്ടത്തിൽ, സമൂഹ സദ്യ, സൂര്യവിളക്കുകളുടെ വിതരണം, സൗജന്യ ട്യൂഷൻ പദ്ധതി, പഞ്ചായത്ത് ദിനാഘോഷം, പഞ്ചായത്തീരാജ് സെമിനാർ, മികച്ച സാക്ഷരതാ പ്രവർത്തകർക്കും പഠിതാക്കൾക്കും ക്യാഷ് അവാർഡ് വിതരണം, വ്യവസായ യൂണിറ്റുകളുടെ രൂപീകരണം, കണ്ടൻസ്ഡ് കോഴ്സ്, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി, അക്ഷര സംഘങ്ങളുടെയും ജനവിദ്യാ കേന്ദ്രങ്ങളുടെയും രൂപീകരണം, ശുചീകരണ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മഹാരാഷ്ട ദുരിതാശ്വാസ ഫണ്ട്, വിഭവ ഭൂപടനിർമ്മാണം, നേത്രചികിത്സ്യാ ക്യാമ്പ്, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി, സർട്ടിഫിക്കറ്റുകളുടെയും ഐഡിന്റിഫിക്കേഷൻ കാർഡുകളുടെയും വിതരണം. ജില്ലാകളക്ടറുടെ സന്ദർശന പരിപാടികൾ, ആരോഗ്യസെമിനാറുകൾ, ഗ്രാമത്തിൽ ഒരു ദിവസം തുടങ്ങിയവ സാക്ഷരതാ പ്രവർത്തകരുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടപ്പാക്കിയതാണ്.

കണ്ടൻസഡ് കോഴ്സ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിൻ പ്രകാരം സാക്ഷരതാ സമിതി 35 വയസ്സിൽ താഴെയുള്ള പഠിതാക്കൾക്ക് വേണ്ടി നാലാംക്ലാസ് നിലവാരത്തിലുള്ള പരീക്ഷ രണ്ട് ഘട്ടങ്ങളിലായി പഞ്ചായത്തിലെ നെടുമ്പാറ, ഇടപ്പാളയം, ആര്യങ്കാവ് സ്കൂളുകളിൽ വച്ച് നടത്തുകയും വിജയികളായ 29 പേർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു. ഇവർക്ക് ക്ലാസ്ഫോർ തസ്തികയിൽ നിയമനം ലഭിക്കാൻ യോഗ്യതയുണ്ട്.

സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി

ജില്ലയിലെ പ്രാഥമിക വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോയ 14 വയസ്സിൽ താഴെയുള്ള കുട്ടികളെ കണ്ടെത്തി തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ പ്രാഥമിക വിദ്യാഭ്യാസ സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ പരിപാടിയാണിത്. പഞ്ചായത്തിൽ നിന്നും 14 വയസ്സിൽ താഴെയുള്ള ഇത്തരം 12 കുട്ടികളെ കണ്ടെത്തുകയും അവരെ വിവിധ സ്കൂളുകളിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തു. ഇവരിൽ രണ്ടുപേർക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായവും മറ്റ് നാലുകുട്ടികൾക്ക് വസ്ത്രം, കുട, നോട്ട്ബുക്കുകൾ സഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്ക് ജില്ലാ, ബ്ലോക്ക് തലത്തിൽ കൂടുതൽ സഹായം ലഭിക്കുന്നതാണ്.

പരിഹാരാർഗ്ഗങ്ങൾ

1. അർപ്പണ മനോഭാവമുള്ളതും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തുക
2. എസ്റ്റേറ്റ് മാനേജുമെന്റ്-സാമൂഹ്യ പ്രവർത്തന പദ്ധതിയിൽ സാക്ഷരതാ പരിപാടിക്ക് മുൻതൂക്കം നൽകുക.
3. തൊഴിലില്ലായ്മ വേദനം പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുകയും അത്തരത്തിലുള്ള യുവതീ യുവാക്കളെക്കൊണ്ട് പ്രവർത്തനം നടത്തുന്നതിനും സാധ്യമാകും.
4. ജനവിദ്യാകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ ഫർണിച്ചറുകൾ നിർമ്മിച്ച് നൽകുകയും വേണം.
5. ജനവിദ്യാകേന്ദ്രം കൺവീനർമാർക്ക് പ്രതിമാസ അലവൻസ് അനുവദിക്കേണ്ടതുമാണ്.
6. ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് അതാത് ഗ്രാമ പ്രദേശത്ത് ഒരു വർഷമെങ്കിലും സാക്ഷരതാ പ്രവർത്തനം നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വ്യവസ്ഥചെയ്യുക.
7. ആദിവാസി പഠിതാക്കൾക്ക് പഠനത്തിനോടൊപ്പം അവർക്ക് ആഹാരം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. വനം വകുപ്പിന്റെ ലോക ഭക്ഷ്യപരിപാടിയിൽ ഉൾപ്പെടുത്തി ഇത് നടപ്പാക്കാവുന്നതാണ്.
8. സാക്ഷരതാ ഇൻസെട്രക്ടർമാർക്ക് അലവൻസ് അനുവദിക്കുക.
9. സർട്ടിഫിക്കറ്റുകളുടെ മൂല്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുക.
10. എസ്റ്റേറ്റ് ഏരിയായിൽ സാക്ഷരതാ പ്രവർത്തനത്തിന്റെ പൂർണ്ണചുമതലഎസ്റ്റേറ്റ് മാനേജ്മെന്റ് വഹിക്കുക.
11. സാക്ഷരതാ കേന്ദ്രങ്ങൾക്ക് സൗജന്യമായി വൈദ്യുതി അനുവദിക്കുക

കുടിവെള്ളം

മലയോര ഗ്രാമ പഞ്ചായത്തായതിനാൽ വേനൽ കണ്ടാൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഒന്നു മുതൽ ആറ് വരെ വാർഡുകളിൽ എസ്റ്റേറ്റ് അധികാരികൾ കുടിവെള്ളം ലയങ്ങൾ തോറും എത്തിയ്ക്കുന്നുണ്ടെങ്കിലും വേനൽകാലങ്ങളിൽ പരിമിതമായിട്ടാണ് കുടിവെള്ളം ലഭിക്കുന്നത്. എസ്റ്റേറ്റുകളിൽ കുടിവെള്ളത്തിനു സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള സംവിധാനങ്ങൾ കുറെകൂടി മെച്ചപ്പെടുത്തി എല്ലാ സമയത്തും കുടിവെള്ളം ലഭ്യമാക്കാൻ എസ്റ്റേറ്റ് അധികൃതരുടെ ശ്രദ്ധ വേണ്ടത്ര പതിയുന്നില്ല. എസ്റ്റേറ്റുകളിൽ ചിലഭാഗങ്ങളിൽ ഇന്നും കുടി വെള്ള ക്ഷാമം പരിഹരിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ ആറ് വാർഡുകളിൽ നെടുമ്പാറ, രണ്ടാം ഡിവിഷൻ. പൂത്തോട്ടം, പത്തേക്കർ, കരിമരക്കാന, രാജാച്ചോല, വെഞ്ചർ, ഒമ്പതേക്കർ, തലപ്പാറ എന്നീ പ്രദേശങ്ങലിൽ തനതായിട്ട് കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതുണ്ട്. അച്ചൻകോവിൽ, കഴുതുരുട്ടി, ആര്യങ്കാവ്, എന്നീ വാർഡുകളിൽ അച്ചൻ കോവിൽ വാർഡിൽ കേരളാ വാട്ടർ അതോറിട്ടിയുടെ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പട്ടിക ജാതി പട്ടികവർഗ്ഗകോളനികൾ ഉൾപ്പെടെയുള്ള എല്ലാ ഭാഗത്തും കുടിവെള്ളം എത്തിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ രണ്ട് പമ്പുകൾ ഉണ്ടെങ്കിലും ഒരെണ്ണത്തിനുമാത്രമേ പ്രവർത്തനശേഷിയുള്ളു. കേരളാ വാട്ടർ അതോറിട്ടിയിൽ നിന്നും ആര്യങ്കാവ് കഴുതുരുട്ടി വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിയ്ക്കുന്നതിനായി ആര്യങ്കാവ്, പാലരുവി എന്നീ ഭാഗങ്ങളിൽ ആറിനോടു ചേർന്നു കിണർ കുഴിച്ച് അവിടെ നിന്നും വെള്ളം പമ്പുചെയ്ത് പാണ്ഡ്യൻ പാറയിലെ ടാങ്കിൽ സംഭരിച്ചു ആര്യങ്കാവ്, കഴുതുരുട്ടി വാർഡുകളിലെ കോളനികൾ ഉൾപ്പെടെ ഉള്ള പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് 1992 ൽ പ്രവർത്തനം ആരംഭിച്ചെങ്കിലും ഇന്നും പണിപൂർത്തീകരിച്ചിട്ടില്ല. ആര്യങ്കാവ് പട്ടിക വർഗ്ഗകോളനിയിലെ പദ്ധതിയും പ്രവർത്തന രഹിതമാണ്.

സാദ്ധ്യതകൾ

1. നെടുമ്പാറ വാർഡിൽ രണ്ടാംഡിവിഷനിൽ മേശൻകാനയിൽ നിലവിലുള്ള നീരുറവ ഉപയോഗയോഗ്യമാക്കി പൈപ്പ് വഴി ടാങ്കിൽവെള്ളം സംഭരിച്ച് 57 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിയ്ക്കാം.
2. പൂത്തോട്ടം വാർഡിൽ പത്തേക്കറിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള നീരുറവ ഉപയോഗയോഗ്യമാക്കി പലസ്ഥലങ്ങളിലായി ടാങ്ക് കെട്ടി പൈപ്പ് വഴി 70 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിയ്ക്കാം.
3. വെഞ്ചർ വാർഡിൽ രാജാചോല, വെഞ്ചർ എന്നീ ഭാഗത്തുള്ള നീരുറവ ഉപയോഗയോഗ്യമാക്കി ടാങ്ക് കെട്ടി പൈപ്പ് വഴി 150 കുടുംബങ്ങൾക്ക് വെള്ളം ലഭ്യമാക്കാം.
4. ഫ്ളോറൻസ് വാർഡിൽ ഇരുളൻകാടിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള നീരുറവ വെള്ളം കോരിയെടുക്കാൻ പറ്റിയ രീതിയിൽ സംരക്ഷിച്ച് 25 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കണം. ഇരുളൻകാടിന്റെ കിഴക്കുഭാഗത്തുള്ള ചതുപ്പിൽ കുളം കുഴിച്ച് ഉയർന്ന ഭാഗത്ത് ടാങ്ക് കെട്ടിവെള്ളം പമ്പ് ചെയ്ത് പൈപ്പു വഴി 80 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിയ്ക്കണം. ഒൻപതേക്കർ എന്ന സ്ഥലത്ത് നിലവിലുള്ള നീരുറവ സംരക്ഷിച്ച് ടാങ്കെട്ടി പൈപ്പ് വഴി 30 കുടുംബങ്ങൽക്ക് കുടിവെള്ളം ലഭ്യമാക്കാം.
5. അച്ചൻ കോവിൽ എസ്റ്റേറ്റിൽ മേലേ തോട്ടത്തിൽ നിലവിലുള്ള കിണറുകൾ ആഴം കൂട്ടി ടാങ്കെട്ടി പമ്പ് ചെയത് ലയങ്ങളിൽ താമസിയ്ക്കുന്ന 70 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാം. താഴേതോട്ടത്ത് നിലവിലുള്ള നീരുറവ സംരക്ഷിച്ച് പൈപ്പ് വഴി 42 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിയ്ക്കാവുന്നതാണ്.
6. അറണ്ടൽ വാർഡിൽ കിഴക്കുഭാഗത്തുള്ള നീരുറവ സംരക്ഷിച്ച് ചെക്കുഡാം കെട്ടി പൈപ്പ് വഴിടാങ്കിൽ വെള്ളം സംഭരിച്ച് 210 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാവുന്നതാണ്.

7. അമ്പനാട് കറുപ്പസ്വാമി ക്ഷേത്രത്തിനു താഴെ ഉള്ള ചതുപ്പിൽ കുളം നിർമ്മിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് 150 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക. ലോവർ ഡിവിഷനിൽ നിലവിലുള്ള കമ്പനിവക പദ്ധതി പുനരുദ്ധരിച്ച് പൂർണ്ണമായി കുടിവെള്ളം വിതരണം നടത്തുക. മിഡിൽ ഡിവിഷൻ നാലു ലൈൻഭാഗത്ത് നിലവിലുള്ള നീരുറവ സംരക്ഷിച്ച് 54 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക.

8. അച്ചൻകോവിൽ വാർഡിൽ നിലവിലുള്ള വാട്ടർ സപ്ലേ പദ്ധതി പുനരുദ്ധരിച്ച് പട്ടികജാതി, പട്ടികവർഗ്ഗകോളനികൾ ഉൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കണം. തന്മൂലം 300 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാകും അച്ചൻ കോവിൽ ആറിനു സൈഡിൽ കിണർ കുഴിച്ച് വെള്ളം പമ്പുചെയ്ത് ടാങ്കിൽ വെള്ളം സംഭരിച്ച് ആറിനു വടക്കുഭാഗത്തുള്ള 45 കുടുംബങ്ങൾക്കു കുടിവെള്ളം ലഭ്യമാക്കുക.

9. കഴുതുരുട്ടി വാർഡിൽ നിലവിലുള്ള കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് ശുദ്ധജലം വിതരണം നടത്തുക.

10. ആര്യങ്കാവ് വാർഡിൽ നിലവിലുള്ള വാട്ടർ സപ്ലേ സ്കീം, പാലരുവിയിൽ ടാങ്കെട്ടി ഗവ: എൽ. പി. എസ് ഭാഗത്തുള്ള ടാങ്കിൽ സംഭരിച്ച് അതിൽ നിന്നും വെള്ളം പമ്പുചെയ്ത് പാണ്ഡ്യൻപാറയിൽ ടാങ്കെട്ടി പൈപ്പ് വഴി പാണ്ഡ്യൻപാറ, കടമാൻ പാറ, കോട്ടവാസൽ, സ്വർണ്ണംപിള്ളക്കാട്, പട്ടികവർഗ്ഗ കോളനി, കരയാളർ [illegible]പട്ടിക ജാതി കോളനി, 47 ഏക്കർ എന്നീഭാഗങ്ങലിൽ ശുദ്ധജലം വിതരണം ചെയ്യുക. രാജാ കുപ്പിൽ പ്രത്യേക കുളം നിർമ്മിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പ്ചെയ്ത് പൈപ്പ് വഴി കുടിവെള്ളം ലഭ്യമാക്കുക. ആര്യങ്കാവ് പട്ടികവർഗ്ഗ കോളനിയിൽ നിലവിലുള്ള വാട്ടർ സപ്ലേ പദ്ധതി പുനരുദ്ധരിയ്ക്കുക. ആര്യങ്കാവ് ചേമ്പോട ഭാഗത്ത് കുളംകുഴിച്ചു ചേമ്പോട മലഭാഗത്ത് ശുദ്ധജലം വിതരണം നടത്തുക.

11. നെടുമ്പാറ വാർഡിൽ മൂന്നാം ഡിവിഷനിലും, നെടുമ്പാറയിലും പുത്തോട്ടംവാർഡിൽ രണ്ടാംഡിവിഷൻ, പുത്തോട്ടം, പത്തേക്കർ എന്നീ സ്ഥലങ്ങളിലും വെഞ്ചർ വാർഡിൽ വെഞ്ചർ, താഴെ ആനച്ചാടി, മേലേ ആനച്ചാടി എന്നിവിടങ്ങളിലും ഫ്ളോറൻസ് വാർഡിൽ ഇരുളൻകോട് ഒമ്പതേക്കർ, തകരപ്പുര, ഫ്ളോറൻസ്, ചേനഗിരി, സുവർണ്ണഗിരി എന്നിവിടങ്ങളിലും അമ്പനാട് കിഴക്ക് വാർഡിൽ തെങ്ങുലയം, തെക്കുലയം, മസ്റ്റർഭാഗം , മാമൂട് ലയം, മേട്ടുലയം, മെത്താപ്പ് എന്നിവിടങ്ങളിലും അമ്പനാട് പടിഞ്ഞാറ് വാർഡിൽ 4 ലയം, മിഡിൽ ഡിവിഷൻ, താഴേത്തോട്ടം എന്നിവിടങ്ങളിലും അച്ചൻ കോവിൽ വാർഡിൽ ഹൈസ്കൂൾ, ക്ഷേത്ര ജംഗ്ഷൻ, പട്ടിക വർഗ്ഗകോളനി, പട്ടിക ജാതികോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിലും കഴുതുരുട്ടി വാർഡിൽ മണികെട്ടിപ്ലാവ്, ഇടപ്പാളയം പള്ളി ജംഗ്ഷൻ എന്നിവിടങ്ങളിലും ആര്യങ്കാവ് വാർഡിൽ കരയാളമെത്ത്, കോട്ടവാസൽ, മുരുകപ്പാഞ്ചാൽ കരിമ്പിൻതോട്ടം എന്നിവിടങ്ങളിലും കുഴൽക്കിണർ സ്ഥാപിക്കുക. കൂടാതെ എല്ലാ വാർഡുകളിലും ഉള്ള കിണറുകളും പുനരുദ്ധരിയ്ക്കുന്നതിനോടൊപ്പം നെടുമ്പാറ, രണ്ടാം ഡിവിഷൻ, ഇരുളൻകാട്, മുരുകപ്പാഞ്ചാൽ, ഇടപ്പാളയം, പാണ്ഡ്യൻപാറ, കടമാൻപാറ, കരിമ്പിൻ തോട്ടം, അച്ചൻകോവിൽ പട്ടികജാതി കോളനി, പട്ടിക വർഗ്ഗകോളനി എന്നിവിടങ്ങളിൽ പൊതുകിണറുകളും സ്ഥാപിക്കുക.

12. തേവർകാട് ചതുപ്പ് ഭാഗത്ത് നിന്നും ലക്ഷംവീട് കോളനിയുടെ മുകൾ വശത്തുള്ള വനഭൂമിയിലെ നീരുറവയിൽ നിന്നും വെള്ളം സംഭരിക്കുന്നതിന് ടാങ്ക് കെട്ടി പൈപ്പു വഴി കുടിവെള്ളമെത്തിക്കുക.



ആരോഗ്യം

ആരോഗ്യപരിപാലന രംഗത്ത് വളരെ ഏറെപരിമിതികൾ ഉള്ള പ്രദേശമാണ് ആര്യങ്കാവ് പഞ്ചായത്ത്. ആദ്യകാലത്ത് ആരോഗ്യസ്ഥാപനങ്ങളൊന്നും നിലവിൽ ഇല്ലായിരുന്നു. ചില വീടുകളിൽ പരമ്പരാഗത രീതിയിലുള്ള നാട്ടു ചികിത്സാ സമ്പ്രദായം ഉണ്ടായിരുന്നു. ആദിവാസിമേഖലയിൽ അവരുടേതായ ചികിത്സാരീതികൾ ഉണ്ടായിരുന്നു.

ആകെ ജനസംഖ്യ	**15585**
ആകെ കുടുംബങ്ങൾ	**3675**

ആരോഗ്യസ്ഥാപനങ്ങൾ

1. പ്രാഥമികാരോഗ്യകേന്ദ്രം, കഴുതുരുട്ടി.
2. സെന്റ് മേരീസ്ഹോസ്പിറ്റൽ, ആര്യങ്കാവ്
3. അയ്യപ്പാ ആയുർവ്വേദക്ലിനിക്, ആര്യങ്കാവ്
4. പ്രാഥമികാരോഗ്യകേന്ദ്രം, അച്ചൻകോവിൽ
5. ഗവ: ആയുർവ്വേദ ഡിസ്പൻസറി, അച്ചൻകോവിൽ
6. വി. വി. എം. എസ് ഹോസ്പിറ്റൽ, ഇസ്ഫീൽഡ് എസ്റ്റേറ്റ്
7. എസ്റ്റേറ്റ് ഡിസ്പൻസറി, അമ്പനാട്

പ്രാഥമികാരോഗ്യകേന്ദ്രം, കഴുതുരുട്ടി.

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ എട്ടാംവാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു. ഒരു ഡോക്ടർ ഉൾപ്പെടെ 13 സ്റ്റാഫ് ഉണ്ട്. ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ഒരു വർഷം ശരാശരി 7000 രോഗികൾ എത്തുന്നു.

സെന്റ് മേരീസ് ഹോസ്പിറ്റൽ, ആര്യങ്കാവ്

ക്രിസ്ത്യൻ മിഷണറിമാർ ആതുര സേവനത്തിനായി സ്ഥാപിച്ചതാണിത്. ഇൻപേഷ്യന്റ് ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ പ്രവർത്തിയ്ക്കുന്നു. ആര്യങ്കാവ് ഒൻപതാം വാർഡിൽ പ്രവർത്തിയ്ക്കുന്ന ഈ സ്ഥാപനത്തിൽ ഒരു ഡോക്ടർ ഉണ്ട്. പരിമിതമായ ലബോറട്ടറി സൗകര്യങ്ങളും ഉണ്ട്.

അയ്യപ്പാ ആയുർവ്വേദ ക്ലിനിക്കൽ, ആര്യങ്കാവ്

ആര്യങ്കാവ് ഒൻപതാം വാർഡിൽ പ്രവർത്തിക്കുന്ന ഡി. എ. എം. യോഗ്യതയുള്ള ഒരു ഡോക്ടറാണ് ഇതിന്റെ സാരഥി. ഇൻപേഷ്യന്റ് വിഭാഗം ഇല്ല. അരിഷ്ടാസവങ്ങൾ ഏറിയ പങ്കും ഡോക്ടറുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്നു.

ഗവ:പ്രാഥമികാരോഗ്യ കേന്ദ്രം, അച്ചൻകോവിൽ

പഞ്ചായത്തിന്റെ ഏഴാം വാർഡായ അച്ചൻകോവിലിൽ പ്രവർത്തിക്കുന്നു. ആവശ്യത്തിന് സ്റ്റാഫും ഡോക്ടറും ഇല്ല.

ഗവ: ആയുർവ്വേദ ഡിസ്പൻസറി, അച്ചൻകോവിൽ

പഞ്ചായത്തിന്റെ ഏഴാംവാർഡായ അച്ചൻകോവിലിൽ പ്രവർത്തിച്ചുവരുന്നു. ഒരു ഡോക്ടർ സ്ഥിരമായി ഉണ്ടെങ്കിലും ആവശ്യത്തിന് ഔഷധങ്ങൾ ഇല്ല.

വി. വി. എം. എസ്. ഹോസ്പിറ്റൽ, ഇസ്ഫീൽഡ് എസ്റ്റേറ്റ്

പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ പ്രവർത്തിയ്ക്കുന്നു. തോട്ടം തൊഴിലാളികൾക്കു മാത്രം ചികിത്സ നൽകുന്നു. ലബോറട്ടറി സൗകര്യം ഇല്ല. ആംബുലൻസ് ഉണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ മാനേജുമെന്റിലുള്ളതാണ്.

എസ്റ്റേറ്റ് ഡിസ്പൻസറി, അമ്പനാട്

തോട്ടം തൊഴിലാളികളുടെ ചികിത്സയ്ക്കു വേണ്ടി എസ്റ്റേറ്റ് മാനേജുമെന്റ് നടത്തുന്നു. പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്.

വിദഗ്ദ്ധ ചികിത്സ ലഭിയ്ക്കുന്ന സ്ഥാപനങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. അതിനാൽ ധാരാളം രോഗികൾ പുനലൂർ, ചെങ്കോട്ട തുടങ്ങിയ സ്ഥലങ്ങളിലെ സ്വകാര്യ ആശുപത്രികളെ ആണ് ആശ്രയിക്കുന്നത്.

പ്രശ്നങ്ങൾ:-

1. കഴുതുരുട്ടി, അച്ചൻകോവിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ല.
2. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല.
3. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഗൈനക്കോളജിസ്റ്റ്, ശിശുരോഗവിദഗ്ദ്ധൻ എന്നിവരുടെ സേവനം ലഭ്യമല്ല.
4. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് സ്വന്തമായി വാഹനം ഇല്ല.
5. ആശുപത്രികളിൽ എക്സ്റേ, ലബോറട്ടറി സൗകര്യങ്ങൾ ഇല്ല.
6. ഗവ: ആയുർവ്വേദ ആശുപത്രിയിൽ ആവശ്യത്തിന് ഔഷധങ്ങൾ ഇല്ല.
7. തോട്ടംതൊഴിലാളികളുടെ വീടുകളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാർ സന്ദർശനം നടത്താറില്ല.
8. പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിൽ പോഷകാഹാരക്കുറവ്.
9. കഴുതുരുട്ടി പബ്ളിക്ക് മാർക്കറ്റ് , ആര്യങ്കാവ് പബ്ളിക് മാർക്കറ്റ്, ക്ഷേത്രജംഗ്ഷൻ എന്നിവിടെങ്ങളിൽ ചപ്പു ചവറുകളും മറ്റുമാലിന്യങ്ങളും ചേർന്ന് പകർച്ചവ്യാധികൾ ഉണ്ടാക്കാൻ സാധ്യത.
10. ആര്യങ്കാവ് ക്ഷേത്ര പരിസരത്ത് മണ്ഡലമകരവിളക്ക് സീസണിൽ നടത്തിയിരുന്ന താൽക്കാലിക ഡിസ്പെൻസറി പ്രവർത്തിക്കുന്നില്ല.
11. തീർത്ഥാടന കേന്ദ്രങ്ങളിൽ പൊതു കക്കൂസുകൾ ഇല്ലാത്തതിനാൽ റോഡിനിരുവശവും മലമൂത്ര വിസർജ്ജനം നടത്തുന്നു.
12. 70% കുടുംബങ്ങൾക്കും കക്കൂസ് ഇല്ല.
13. പഞ്ചായത്തിൽ പൊതു ശ്മശാനം ഒന്നും ഇല്ല.
14. പ്രാഥമികാരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് മോർച്ചറിയോ പോസ്റ്റുമോർട്ട സൗകര്യങ്ങളോ ഇല്ല.

സാധ്യതകൾ- ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്റ്റാഫിനെ എത്രയും പെട്ടെന്ന് നിയമിച്ച് നൽകണം.
2. . കഴുതുരുട്ടി പ്രാഥമികാരോഗ്യകേന്ദ്രത്തെ 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം. ലാബോറട്ടറി, എ

ക്സ്റേ സംവിധാനങ്ങൾ ഉണ്ടാകണം. . പ്രാഥമികാരോഗ്യകേന്ദ്രത്തിന് വാഹനം അനുവദിക്കണം. ഗൈനക്കോളജിസ്റ്റ് ശിശുരോഗ വിദഗ്ദൻ എന്നിവരുടെ സേവനം ലഭ്യമാക്കണം.

4. അച്ചൻകോവിൽ ഗവ: ആയൂർവ്വേദ ആശുപത്രിയിൽ ആവശ്യത്തിനുള്ള ഔഷധങ്ങൾ സമയാസമയങ്ങളിൽ എത്തിക്കണം.

5. എല്ലാ കുടുംബങ്ങളിലും ആരോഗ്യ വകുപ്പ് അധികൃതർ ഭവനസന്ദർശനം നടത്താൻ സംവിധാനം ഉണ്ടാകണം.

6. പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ ബോധവല്ക്കരണവും പോഷകാഹാര വിതരണവും നടത്തണം.

7. കഴുതുരുട്ടി പബ്ളിക് മാർക്കറ്റിലും ആര്യങ്കാവ് ക്ഷേത്ര ജംഗ്ഷനിലും മാലിന്യങ്ങൾ നീക്കം ചെയ്യാനും നശിപ്പിക്കാനും സ്ഥിരം സംവിധാനം ഉണ്ടാകണം.

8. മണ്ഡലമകരവിളക്ക് സീസണിൽ ആര്യങ്കാവ് ക്ഷേത്ര പരിസരത്ത് ആരോഗ്യ വകുപ്പിന്റെ താൽക്കാലിക ഡിസ്പെൻസറി പ്രവർത്തനം പുനരാരംഭിക്കണം.

9. കഴുതുരുട്ടി പബ്ളിക്ക് മാർക്കറ്റ് ആര്യങ്കാവ് അച്ചൻകോവിൽ ക്ഷേത്ര ജംഗ്ഷനുകൾ എന്നിവിടെങ്ങളിൽ ആവശ്യമായ പൊതു കക്കൂസുകൾ നിർമ്മിക്കണം.

10. വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകണം.

11. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലും പൊതു ശ്മശാനങ്ങൾ സ്ഥാപിക്കണം.

12. ഫാമിലി വെൽഫെയർസെന്റർ എല്ലാവാർഡുകളിലും പ്രവർത്തനം ആരംഭിയ്ക്കണം.

13. പഞ്ചായത്ത് വകയായി ആംബുലൻസ് വാങ്ങണം.

14. അച്ചൻ കോവിൽ ഫാമിലിവെൽഫെയർ സെന്ററിന്റെ പ്രവേശനകവാടം വാഹനം ഇറക്കാനുള്ള സൗകര്യത്തിലാക്കണം.

15. ആര്യങ്കാവ്, കഴുതുരുട്ടി എന്നിവിടങ്ങളിൽ ഗവൺമെന്റ് ആയൂർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കണം.

16. ആര്യങ്കാവ് പഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കണം.

17. ഗവൺമെന്റ് ആയൂർവ്വേദ-അലോപ്പൊതി ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

18. കഴുതുരുട്ടി പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് മോർച്ചറിയും, പോസ്റ്റുമോർട്ടം സൗകര്യവും ഉണ്ടാക്കണം

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നേത്ര ചികിത്സാക്യാമ്പ്

ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും വികസനം ആ പ്രദേശത്തെ ഗതാഗത സൗകര്യത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സംസ്ഥാനത്തെ പ്രധാന അന്തർ സംസ്ഥാന പാത ഈ പഞ്ചായത്തുവഴി കടന്നുപോകുന്നു. പഞ്ചായത്തിലെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ തീവണ്ടിയും, റോഡുഗതാഗതവുമാണ്. സംസ്ഥാനത്തെ ആദ്യത്തെ തീവണ്ടിപ്പാത ഈ പഞ്ചായത്തിൽകൂടി 12 കി. മി ദൂരം കടന്നുപോകുന്നു എന്നത് എടുത്തുപറയത്തക്ക പ്രത്യേകതയാണ്. അതുപോലെതന്നെ പ്രാധാന്യമേറിയ കൊല്ലം-ചെങ്കോട്ട, തിരുവനന്തപുരം-ചെങ്കോട്ട സംസ്ഥാന ഹൈവേകൾ ഒരുമിച്ച് ചേർന്ന് കടന്നുപോകുന്നു എന്നത് ഈ പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. അയൽ സംസ്ഥാനമായ തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന ഈ പഞ്ചായത്തിൽ ആയിരക്കണക്കിന് ചെറുതുംവലുതുമായ വാഹനങ്ങൾ ദിനംപ്രതി കടന്നുപോകുന്നുണ്ടെങ്കിലും അതിന് പര്യാപ്തമായ ഗതാഗത സൗകര്യമല്ല നിലവിലുള്ളത് എന്നത് പരിതാപകരമാണ്. വിനോദ സഞ്ചാരികളുടെ മനം കവരുന്ന മോട്ടളും, പാലരുവിയും പൗരാണിക സങ്കല്പങ്ങളുടെ സാക്ഷിപത്രമായ ആര്യങ്കാവ്, അച്ചൻകോവിൽ ക്ഷേത്രങ്ങളും നിലകൊള്ളുന്നത് ഈ പഞ്ചായത്തിലാണ്. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ റയിൽവേ, പൊതുമരാമത്തുവകുപ്പ്റോഡുകൾ, പഞ്ചായത്തുറോഡുകൾ എന്നിവ വേർതിരിച്ച് വികസന പദ്ധതികൾ തയാറാക്കേണ്ടതാണ്. ചെക്ക്പോസ്റ്റുകളുടെ സാഹചര്യം കണക്കിലെടുത്ത് ആര്യങ്കാവിൽ വാഹനം നിർത്തി പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് സൗകര്യം ലഭിക്കുമാറ് പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതാണ്.

കൊല്ലംചെങ്കോട്ട മീറ്റർഗേജ് റയിൽപാത

റയിൽവേ ഭൂപടത്തിൽ ഈ പഞ്ചായത്തിന് സ്ഥാനം ലഭിക്കുന്നത് കൊല്ലം-ചെങ്കോട്ട മീറ്റർഗേജ് പാത ഇതുവഴികടന്നുപോകുന്നതുകൊണ്ടാണ്. ഇടപ്പാളയത്തും ആര്യങ്കാവിലുമുള്ള രണ്ട് റയിൽവേസ്റ്റേഷനുകൾ ഈ പഞ്ചായത്തിന്റെ പരിധിയിൽ പെടുന്നു. ചരിത്ര പ്രസിദ്ധമായ കോട്ടവാസൽ തുരങ്കം ഈ പഞ്ചായത്തിന്റെ കിഴക്ക്ഭാഗത്തായി ഒന്നര കി. മി നീളത്തിൽ സ്ഥിതിചെയ്യുന്നു. പാസഞ്ചർ ട്രെയിൻ ഉൾപ്പെടെ പത്തോളം യാത്രാ തീവണ്ടികളും അനേകം ഗുഡ്സ് ട്രെയിനുകളും ഈ പാത വഴി കൊല്ലത്തേക്കും ചെങ്കോട്ടവഴി തിരുനൽവേലി, മദ്രാസ് ഭാഗങ്ങളിലേക്കും സർവ്വീസ് നടത്തുന്നു. ഈ മേന്മകൾ അവകാശപ്പെടുമ്പോഴും ഇതിനുശേഷം സ്ഥാപിച്ച പല പാതകളും ബ്രോഡ്കേജ് പാതയാക്കിയിട്ടും റയിൽവേ മന്ത്രാലയം ഈ പാതകൾ ബ്രോഡ്ഗേജ് ആക്കാമെന്ന് പ്രഖ്യാപിക്കുന്നതല്ലാതെ മറ്റ് നടപടികളൊന്നുമെടുക്കുന്നില്ല.

നിലവിലുള്ള രണ്ട് റയിൽവേസ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിച്ച് യാത്രക്കാർക്കും കച്ചവടക്കാർക്കും പ്രയോജനപ്പെടുത്താൻ കഴിയുന്നതരത്തിലുള്ള വികസനം അനിവാര്യമാണ്. കാലാകാലങ്ങളായി കഴുതുരിട്ടി നിവാസികളുടെ ചിരകാല ആഗ്രഹമായ കഴുതുരിട്ടി റയിൽവേ ഹാൾട്ട്സ്റ്റേഷൻ ഇന്നും സങ്കല്പമായിതന്നെ നിലനിൽക്കുകയാണ്. പഞ്ചായത്തിലെ 7 വാർഡുകളിലുള്ള ജനങ്ങൾക്ക് സൗകര്യമായി എത്തിച്ചേരുവാൻകഴിയുന്ന ഒരു പ്രദേശമായതുകൊണ്ട് ഈ ആവശ്യത്തിന്റെ പ്രാധാന്യം ഏറുകയും ചെയ്യുന്നു. അമ്പനാട്, ഈസ് ഫീൽഡ്, വെഞ്ചർ തുടങ്ങിയ തോട്ടങ്ങളിൽ തൊഴിലെടുക്കുന്നവർക്ക് ജില്ലയുടെ പടിഞ്ഞാറെ അറ്റത്തുനിന്നും കഴുതുരിട്ടി, നെടുമ്പാറ തുടങ്ങിയ കേന്ദ്രങ്ങളിൽ ജോലിചെയ്യുന്ന സർക്കാർ അർദ്ധസർക്കാർ ജീവനക്കാർ പുനലൂർ കൊല്ലം കൊട്ടാരക്കര എന്നിവിടങ്ങളിൽ വിദ്യാഭ്യാസത്തിനുപോകുന്ന വിദ്യാർത്ഥികൾ തമിഴ്നാടുമായി ബന്ധപ്പെട്ട് ക്രയവിക്രയം നടത്തുന്ന വ്യാപാരികൾ ഇവർക്കെല്ലാം പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു റയിൽവേ സ്റ്റേഷനായിരിക്കും കഴുതുരിട്ടിയിലേത്. കൊല്ലം-തിരുനൽവേലി റയിൽവേ പാത ബ്രോഡ്ഗേജായി ഉയർത്തിയും കഴുതുരിട്ടിയിൽ റയിൽവേ ഹാൾട്ട് സ്റ്റേഷൻ സ്ഥാപിച്ചും അടിയന്തിര നടപടി ഉണ്ടാകണമെന്ന് ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കുന്നു.

സാദ്ധ്യതകൾ പരിഹാരമാർഗ്ഗങ്ങൾ

1. കൊല്ലംചെങ്കോട്ട റയിൽപാത ബ്രോഡ്ഗേജാക്കുക.
2. കഴുതുരിട്ടിയിൽ റയിൽവേ ഓവർബ്രിഡ്ജ് സ്ഥാപിക്കുക.
3. വ്യവസായ വ്യാപാര ടൂറിസം മേഖലകളുടെ വികസനത്തിന് സഹായിക്കുന്ന വിധത്തിൽ സർവ്വീസുകൾ ആരംഭിക്കുക.
4. കഴുതുരിട്ടിയിൽ റയിൽവേ ഹാൾട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
5. കൂടുതൽ തീവണ്ടിസർവ്വീസുകൾ നടത്തുക.
6. കമ്പാർട്ടുമെന്റുകൾ വൃദ്ധിയായി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുക.
7. മലയോര റയിൽപാത അന്തർ സംസ്ഥാന വ്യാപാര, വ്യവസായിക വാണിജ്യ സാദ്ധ്യതകൾ വർദ്ധിപ്പിക്കും.

അന്തർ സംസ്ഥാന പാതകൾ

സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട അന്തർ സംസ്ഥാനപാതകളിൽ രണ്ടെണ്ണമാണ് കൊല്ലംചെങ്കോട്ട അന്തർ സംസ്ഥാന പാതയും തിരുവനന്തപുരം ചെങ്കോട്ട അന്തർ സംസ്ഥാന പാതയും. ഈ രണ്ടു റോഡുകളും തെന്മലയിൽ ഒന്നിച്ച് ചേർന്ന് ഏക പാതയായി ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഈ സംയുക്തപാതയ്ക്ക് നാമമാത്രമായ വീതിയെയുള്ളു. വാഹനങ്ങൾ സുഗമമായി കടന്നുപോകുന്നതിന് ആവശ്യമായ വീതി വർദ്ധിപ്പിച്ച് ഈ പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് ദേശീയ പാതയായി ഉയർത്തേണ്ടതാണ്. ഈ മലയോര റോഡിൽ വാഹന ഗതാഗത തടസം അസാധാരണ സംഭവമല്ല. റോഡിൽ തടസം നേരിട്ടാൽ കേരളത്തിലേക്ക് കടന്നുവരാൻ മറ്റ് യതൊരു മാർഗ്ഗങ്ങളുമില്ല 1992ൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഈ റോഡ് പൂർണ്ണമായും ഒലിച്ചുപോകുകയും ഒരു വർഷത്തോളം പഞ്ചായത്തിലുള്ളവർക്ക് തമിഴ്നാടുമായോ സമീപ പ്രദേശങ്ങളുമായോ ബന്ധപ്പെടാൻകഴിയാതെ ഒറ്റപ്പെട്ട ഒരു തുരുത്തുപോലെ കഴിയേണ്ടിവന്നത് സമീപകാല ചരിത്രമാണ്. ഇതൊരു സമാന്തര പാതയുടെ നിർമ്മാണത്തിലേക്ക് വിരൽ ചൂണ്ടുന്നു. തമിഴ്നാട് സർക്കാർ ചെങ്കോട്ടമുതൽ സംസ്ഥാന അതിർത്തിവരെ ഈ പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് വീതി വർദ്ധിപ്പിച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കോട്ടവാസൽമുതൽ പുനലൂർ വരെ ശബരിമല റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിനു ശേഷം യാത്രാ സൗകര്യം കുറേ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കൂടുതൽ വികസനങ്ങൾ അനിവാര്യമാണ്.

24 മണിക്കൂറും ഒരുപോലെ തിരക്കുപിടിച്ച റോഡാണ് ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ളത്. ആര്യങ്കാവ് ചെക്ക്പോസ്റ്റുകളിൽ ഏതുസമയവും വാഹനങ്ങളുടെ നീണ്ടനിരതന്നെ കാണപ്പെടുന്നുണ്ട്. മണിക്കൂറുകളോളം ഗതാഗത തടസം നേരിടുന്ന ഈ ഭാഗത്ത് പാർക്കിംഗ് സൗകര്യത്തിന്റെ ആവശ്യകത ചൂണ്ടികാണിക്കുന്നു. സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുമുതൽ, വെഹിക്കിൾ ചെക്ക്പോസ്റ്റ്വരെ മൂന്ന് കിലോമീറ്റർ ദൂരം 16 മീറ്റർ വീതിയിൽ ഗതാഗത സൗകര്യവും പാർക്കിംഗ് സൗകര്യവും ഉണ്ടാക്കണം. ടൂറിസം മേഖലകൂടിയായ ഈ പ്രദേശത്തുകൂടി അയൽ സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക്പോകുന്ന നിരവധി വാഹനങ്ങൾ, നൂറോളം യാത്രാ ബസുകൾ ജീപ്പുകൾ ഇരുചക്രവാഹനങ്ങൾ ഇവയെ ഉൾക്കൊള്ളുവാൻ നിലവിലുള്ള പാത പര്യപ്തമല്ല.

തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് കന്നുകാലികളെ നടത്തിക്കൊണ്ടുവരുന്നത് ഈ പാതവഴിയാണ്. മാസംതോറും പതിനായിരക്കണക്കിന് കന്നുകാലികളെ ഇത്തരത്തിൽ നടത്തിക്കൊണ്ടുവരുന്നതുമൂലം നിലവിലുള്ള ഗതാഗത കുരുക്ക് കൂടുതൽ സങ്കീർണ്ണമാകുന്നു എന്നത് എടുത്ത് പറയത്തക്കതാണ്.

ഓയിൽ ഗ്യാസ് പെട്രോൾ ടാങ്കറുകൾ, ചരക്കുലോറികൾ, കച്ചി വാഹനങ്ങൾ, മറ്റ് വാഹനങ്ങൾ മിക്കപ്പോഴും അപകടത്തിൽ പെടുന്ന ഭാഗങ്ങളാണ് കഴുതുരിട്ടിപാലം, മുരുകൻ പാഞ്ചാൽ ബ്രിഡ്ജ്, ആര്യങ്കാവ് ഓവർ ബ്രിഡ്ജ് എന്നിവ. ആര്യങ്കാവിലെ ഓവർ ബ്രിഡ്ജ് വീതികൂട്ടി പുതുക്കിപണിതും മുരുകപാഞ്ചാൽ പാലം വീതികൂട്ടിയും മറ്റ് വീതികുറഞ്ഞ കലുങ്കുകൾ പുതിക്കിപ്പണിതും സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

പട്ടിക 1

ആര്യങ്കാവ് പഞ്ചായത്തു വഴി അന്തർ സംസ്ഥാന പാതയിലൂടെ കടന്നുപോകുന്ന വാഹനങ്ങളെ സംബന്ധിച്ച വിവരം (പ്രതിദിനം)

വാഹനങ്ങൾ	എണ്ണം
1. യാത്രാ ബസുകൾ	75
2. ടൂറിസ്റ്റ് ബസുകൾ	45
3. കാറുകൾ	200
4. ഓട്ടോറിക്ഷ	35
5. വാൻ	50
6. ജീപ്പുകൾ	300
7. സൈക്കിൾ	100
8. ലോറി	950
9. ഇരുചക്രവാഹനങ്ങൾ	150
10. ട്രാക്ടർ	3
11. ടാങ്കറുകൾ	35
12. കാളവണ്ടി	5
13. മറ്റ് വാഹനങ്ങൽ	50
14. കന്നുകാലികൾ	2000

പരിഹാരമാർഗ്ഗങ്ങൾ

1. കൊല്ലം-ചെങ്കോട്ട, തിരുവനന്തപുരം-ചെങ്കോട്ട റോഡുകൾ ദേശിയപാതയുടെ നിലവാരത്തിലാക്കണം.
2. ചെക്ക്പോസ്റ്റുകൾ ഉള്ള സ്ഥലങ്ങലിൽ റോഡിന് കൂടുതൽ വീതി വർദ്ധിപ്പിച്ച് പാർക്കിംഗ് സൗകര്യം ഉണ്ടാക്കണം.
3. കഴുതുരിട്ടി-തെന്മല റോഡ് കോൺക്രീറ്റ്ചെയ്ത് വീതികൂട്ടുക.
4. സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റ്മുതൽ വെഹിക്കിൾ ചെക്ക്പോസ്റ്റുവരെ 16 മീറ്റർ വീതിയിൽ ഗതാഗത യോഗ്യമാക്കുക.
5. ആര്യങ്കാവ് ഓവർബ്രിഡ്ജ്, മുരുക പാഞ്ചാൽ ഓവർബ്രിഡ്ജ് എന്നിവ വീതികൂട്ടി പുതുക്കിപണിയുക.

മറ്റ്പൊതുമരാമത്ത് വകുപ്പ് റോഡുകൾ

1. അച്ചൻകോവിൽറോഡ്:- കേരള അതിർത്തിയായ അച്ചൽകോവിൽ കോട്ടവാസൽ മുതൽ അച്ചൻകോവിൽ ജംഗ്ഷൻവരെയുള്ള റോഡാണിത്. പഞ്ചായത്തിലെ മറ്റൊരന്തർ സംസ്ഥാനപാതയായ ഇത് പഞ്ചായത്ത് ആസ്ഥാനത്തുനിന്നും 55 കി. മീ ദൂരത്തിൽ കിടക്കുന്ന അച്ചൻകോവിലിൽ എത്തിചേരുന്നതിനുള്ള ഏക ആശ്രയമാണ്. അച്ചൻകോവിൽ ക്ഷേത്രം, സ്കൂൾ, വിവിധ ആഫീസുകൾ, ആശുപത്രികൾ എന്നിവ ഇവിടെ സ്ഥിതി ചെയ്യുന്നു. ടാറിട്ട പാതയാമെങ്കിലും വനം പ്രദേശത്തുകൂടിയുള്ള യാത്രയ്ക്ക് ഒട്ടും സുരക്ഷിതവും സഞ്ചായരയോഗ്യതവുമല്ല. ഉരുൾപൊട്ടലിൽ തകർന്നുപോയ റോഡുകൾ നാളിതുവരെ പുനരുദ്ധരിച്ചിട്ടില്ല. അച്ചൻകോവിലാറിന്റെ പോഷകനദികൾക്ക് കുറുകേയാണ് ഈ പാത കടന്നുപോകുന്നതെന്ന് പറയുമ്പോൾ തന്നെ യാ

ത്രാ ദുരിതത്തിന്റെ തോത് മനസ്സിലാകും വർഷകാലത്ത് റോഡ് ഗതാഗതം പാടെതാറുമാറാകുന്നു. വനം വകുപ്പിന്റെയും പൊരുവരാമത്തുവകുപ്പിന്റെയും സഹായത്തോടെ ഈ റോഡ് ടാറിട്ട് സൗരക്ഷിച്ച് സുരക്ഷിത ഗതാഗത സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. തീർത്ഥാടന സമയമായാൽ തമിഴ്നാട് ആന്ധ്രതുടങ്ങിയ സംസ്ഥാനങ്ങളിലെ അയ്യപ്പ ഭക്തന്മാർ പ്രധാനമായും ഈ റോഡ് ആശ്രയിച്ചാണ് വരുന്നതും പോകുന്നതും. അച്ചൻകോവിലുമായി ബന്ധപ്പെടുന്നതിനുള്ള മറ്റൊരു പാതയാണ് അലിമുക്ക്-അച്ചൻകോവിൽ റോഡ്. ഈ പാതടാറിട്ട് സഞ്ചാരയോഗ്യമാക്കുന്നതോടെ പുനലൂരിൽ എത്തിച്ചേരുക എന്നത് അനായാസമാകുന്നു. കൂടാതെ അച്ചൻകോവിൽ-കോന്നി റോഡിൽ കല്ലേലിക്കും തുറയ്ക്കും ഇടയിൽ 20 കി. മീ ദൂരം വീത് കൂട്ടി ടാറ് ചെയ്ത് സഞ്ചാരയോഗ്യമാക്കിയാൽ ശബരിമല തീർത്ഥാടകർക്ക് ശബരിമലയിൽ എത്തിചേരുന്നതിനുള്ള എളുപ്പമാർഗ്ഗമാകും ഈപാത പത്തനംതിട്ട-അച്ചൻകോവിൽ മധുര-അന്തർ സംസ്ഥാന പാതയായി ഉയർത്തി തമിഴ്നാടുമായി മധ്യതിരുവിതാംകൂറിലെ കോട്ടയം, ആലപ്പുഴ ഭാഗങ്ങളുമായി എളുപ്പത്തിൽ ബന്ധപ്പെടാൻ സാധിക്കുന്നതുമാണ്.

2. കഴുതുരുട്ടി-കോഫി എസ്റ്റേറ്റ് റോഡ്

പഞ്ചായത്തിലെ പ്രാധാന്യ മർഹിക്കുന്ന മറ്റൊരു പാതയാണിത്. ഈ റോഡുമാർഗ്ഗം നെടുമ്പാറ പൂത്തോട്ടം അമ്പനാട്, അച്ചൻകോവിൽ തോട്ടം തുടങ്ങിയ പ്രദേശങ്ങളിൽ എത്തിച്ചേരുന്നു കേവലം 3 മീറ്റർ മാത്രം വീതിയുള്ളതും ഭാഗികമായി പൊതുമരാമത്തിന്റെ നിയന്ത്രണത്തിലുള്ളതും ബാക്കി എസ്റ്റേറ്റ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ളതുമാണ്. കൂടാതെ, നാഗമല, മാമ്പഴത്തറഭാഗങ്ങളിൽ എത്തിചേരുവാനുള്ള ഏക ആശ്രയവും ഈ പാതവഴി നെടുമ്പാറയിൽ എത്തിപോകുക എന്നതാണ്. ഉരുൾപൊട്ടലിൽ തകർന്നുപോയ ഈ പാത ഇപ്പോഴും പൂർവ്വ സ്ഥിതിയിൽതന്നെ. ധാരാളം തോട്ടംതൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലെ 6 വാർഡുകളെ നേരിട്ടു ബന്ധിക്കുന്ന ഒരു പാതയാണിത്. അരണ്ടൽ ഒമ്പതുമുക്കിൽ നിന്നും അച്ചൻകോവിൽ എസ്റ്റേറ്റ് വഴി വനമധ്യത്തിൽകൂടി ടെമ്പിൾ അച്ചൻകോവിലേക്കുള്ള "വെട്ട്റോഡ്" ഗതാഗത യോഗ്യമാക്കിയാൽ അച്ചൻകോവിൽ നിവാസികൾക്ക് പഞ്ചായത്ത് ആസ്ഥാനമായി ബന്ധപ്പെടാനുള്ള ദൂരം 25 കി. മി ആയി ചുരുങ്ങും അരണ്ടൽ ഒമ്പതുമുക്കിൽ അവസാനിക്കുന്ന കോഫി എസ്റ്റേറ്റ് പാതയിൽ നിന്നും വെറും പത്തു കി. മി മാത്രം ടാർചെയ്താൽ ടെമ്പിൾ അച്ചൽ കോവിലിൽ എത്തിച്ചേരാം.

നെടുമ്പാറ മുസ്ലീംപള്ളിക്ക് സമീപം കാൽനൂറ്റാണ്ടു മുമ്പ് പൊതുമരാമത്തുവകുപ്പ് പാലംപണിയാരംഭിച്ചെങ്കിലും ഇന്നും പണി പൂർത്തിയായിട്ടില്ല. ഈ പാലത്തിന്റെ പണിപൂർത്തിയാക്കി ടാർചെയ്യാത്ത ഭാഗം ടാർചെയ്ത് സഞ്ചാര യോഗ്യമാക്കണം.

പൂത്തോട്ടം തടിപ്പാലം പൊളിച്ചുമാറ്റി കോൺക്രീറ്റ് പാലമാക്കുകയും അടഞ്ഞുകിടക്കുന്ന ഓടകളും കലങ്കുകളും മെയിന്റൻസ് ചെയ്ത് വാഹന ഗതാഗതത്തിനും കാൽനടയാത്രയ്ക്കും പര്യാപ്തമായ രീതിയിൽ ആക്കേണ്ടതാണ്. നിലവിലുള്ള മൂന്നാം ഡിവിഷൻ, റ്റി. സി. എൻ. എം. എച്ച്. എസ്, രണ്ടാം ഡിവിഷൻ പൂത്തോട്ടം കലുങ്കുകൾ പുനർനിർമ്മാണം നടത്തേണ്ടതാണ്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിലെല്ലാം കലുങ്ക് നിർമ്മിച്ച് റോഡിന്റെ വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.

ഈ പാതയിൽ പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത ഭാഗങ്ങൾ കൂടി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കാൻ സത്വര നടപടി സ്വീകരിക്കണം.

നെടുമ്പാറമുതൽ തെന്മല പഞ്ചായത്തിലുൾപ്പെട്ട നാഗമല, കുറവൻതാവളം, ചാലിയക്കരവഴി പുനലൂരിലേക്ക് കടന്നുപോകുന്നതും താലൂക്ക് ആസ്ഥാനത്ത് എത്തിചേരാൻ കഴിയുന്നതും അന്തർ സംസ്ഥാന റോഡായ കൊല്ലം-ചെങ്കോട്ട റോഡിന്റെ സമാന്തരമായി നിർമ്മിക്കാൻ സാധ്യതയുള്ളതുമായ ഒരു പാതയാണ് കഴുതുരുട്ടി-കുറവൻതാവളം-ചാലിയക്കര-പുനലൂർ റോഡ് ഇതിന്റെ വികസനം അടിയന്തിരമായി നടപ്പാക്കണം.

3. കഴുതുരിട്ടി-ആനച്ചാടിപാലം-തകരപ്പുര വഴി വെഞ്ചർ

അന്തർ സംസ്ഥാന പാതയായ കൊല്ലം-ചെങ്കോട്ട റോഡുമായി ബന്ധപ്പെട്ട് കിടക്കുന്നതും രണ്ട് കി. മി. ദൂരമുള്ളതും ഒന്നര കി. മി പാതമാത്രം ടാർചെയ്തിട്ടുള്ളതുമായ പഞ്ചായത്തിലെ പൊതുമരാമത്തിന്റെ അധീനതയിലുള്ളതുമായ ഒരു പ്രധാന പാതയാണിത്. 3, 4 വാർഡുകളിലെത്തിചേരുന്നതിന് ഈ പാത ഉപകരിക്കുന്നു. കാർഷിക മേഖലകളായ ഇരുളൻകാട് ഒമ്പതേക്കർ എന്നീ പ്രദേശങ്ങളുമായും ബന്ധപ്പെടുത്തുന്നു. മേലെ ആനച്ചാടിവഴി ഈ പാത അമ്പനാട് എസ്റ്റേറ്റിലെ അരണ്ടലിലും എത്തിചേരുന്നു. 4 കി. മി ബസ് സർവ്വീസുള്ള ഈ പാത ആറര കി. മി ദൂരം എസ്റ്റേറ്റ് മാനേജ്മെന്റിന്റെ അധീനതയിലാണ്. ഈ ഭാഗങ്ങൾ കൂടി പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്ത് ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം

ഈ റോഡ് വെഞ്ചറിൽ നിന്നും വി. വി. എം. എസ് രണ്ടാം ഡിവിഷൻ കഴുതുരിട്ടി കോഫി എസ്റ്റേറ്റ് റോഡുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ഇത് വാഹന ഗതാഗതത്തിന് സൗകര്യപ്പെടുന്നതോടെ നെടുമ്പാറ ഹൈസ്കൂളിൽ എത്തിചേരുന്നതിനുള്ള ബുദ്ധിമുട്ട് ഒരു വലിയ അളവിൽ ലഘൂകരിക്കാം

4. പാലരുവി റോഡ് (ഫാൾസിലേക്കുള്ള റോഡ്)

കൊല്ലം-ചെങ്കോട്ടറോഡിൽനിന്നും ഈ പഞ്ചായത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ പാലരുവി വെള്ളച്ചാട്ടത്തിലേക്കുള്ള ഒരു പാതയാണിത്. ഈ പാതയുടെ നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കുകയും വീതിവർദ്ധിപ്പിക്കുകയും ചെയ്ത് ഗതാഗതം സുഗമമാക്കേണ്ടതാണ്.

പഞ്ചായത്തുറോഡുകൾ

ആകെ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ എണ്ണം 25 ആണ്. 2.800 കി. മീ ടാർ ചെയ്തതും 1.940 കി. മീ മെറ്റൽചെയ്തതും 31.910 കി. മീ മൺറോഡുമാണ്. ഇവയിൽ ടാർ, മെറ്റൽ റോഡുകൾ പരസ്പരം വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. യാത്രാ വാഹനങ്ങൾ സർവ്വീസ് നടത്തുന്നവയും ഇതിൽപെടുന്നു.

പട്ടിക 2

റോഡുകളുടെ വിവരം

ക്ര.ന	റോഡിന്റെ ഇനം	എണ്ണം	ദൂരം
1	ടാറ് റോഡ്	3	2.800 കി.മീ
2	മെറ്റൽറോഡ്	3	1.940 കി.മീ
3	മൺറോഡ്	19	31.910 കി.മീ

റോഡുകൾ ദൈർഘ്യവും വീതിയും കുറഞ്ഞവയാണ്. വന മേഖലകളിൽ കൂടിയാണ് ഒട്ടുമിക്ക റോഡുകളും കടന്നുപോകുന്നത്. അങ്ങനെയല്ലാത്തവ എസ്റ്റേറ്റ് മാനേജ് മെന്റിന്റെ അധീനതയിലുള്ള ഭൂവിഭാഗത്തിലൂടെയും . അക്കാരണങ്ങളാൽ തന്നെ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും വീതി കൂട്ടുന്നതിനും പ്രത്യേക അനുമതികൾ തേടിപോകേണ്ടിവരികയും അവ ലഭ്യമാകാതിരിക്കുകയോ കാല താമസം നേരിടുകയോ ചെയ്യുന്നു. കാലാകാലങ്ങളിൽ പഞ്ചായത്ത് ചുരുങ്ങിയ ദൂരം റോഡുകൾ വിവിധ പദ്ധതി ഫണ്ടുകളുപയോഗിച്ച് മെറ്റിലിങ്ങും ടാറിംങ്ങും നടത്തിവരുന്നതും പഞ്ചായത്തിന്റെ തനതുഫണ്ടും വില്ലേജ് റോഡ് മെയിന്റനസ് ഗ്രാന്റുകളും ഉപയോഗിച്ച് മെയിന്റൻസ് നടത്തി സംരക്ഷിച്ചപോരുന്നുമുണ്ട്. എന്തുതന്നെയായാലും റോഡുകളുടെ പൊതു സ്ഥിതി ആശാ വഹമെന്ന് പറയുക വയ്യ.

1. വെഞ്ചർ-ഇരുളൻകാട് റോഡ്

പഞ്ചായത്തിലെ പ്രധാന കാർഷിക മേഖലകളിലൊന്നാണ് ഇരുളൻകാട് ഏകദേശം 200 കുടുംബങ്ങൾ ഇവിടെ വസിക്കുന്നു. 4 കി. മീ ദൂരമുള്ള ഈ റോഡിന്റെ മെറ്റലിങ്ങിനും ടാറിങ്ങിനും നടപടിയുണ്ടാവണം.

2. തകരപ്പുര- ഇരുളൻകാട്-നെടുമ്പാററോഡ്

ആകെ ആറര കി. മി നീളം വരുന്ന ഈ പാതയുടെ 5 കി. മീ ദൂരം ഹാരിസൺ കമ്പിനി വകയാണ്. ഇതിൽ ഒന്നര കി.മീ പഞ്ചായത്ത് മെയിന്റനസ് ചെയ്തുവരുന്നു. കോഫി എസ്റ്റേറ്റ് പാതയുമായും കൊല്ലം ചെങ്കോട്ട പാതയുമായും ബന്ധിപ്പിക്കാവുന്ന ഒരു ലിങ്ക് പാതയാണിത്. പഞ്ചായത്ത് ഏറ്റെടുത്ത് ഈ റോഡ് പൂർണ്ണമായും വീതികൂട്ടുകയും വളവുകൾ നിവർത്തിയെടുക്കുകയും മെറ്റലിങ്ങും ടാറിങ്ങും നടത്തി സഞ്ചാരയോഗ്യമാക്കുകയും ചെയ്യണം.

3. തകരപ്പുര-ഫ്ളോറൻസ്-ചേനഗിരിറോഡ്

കൊല്ലംചെങ്കോട്ട റോഡിനെ ആര്യങ്കാവുമായി ബന്ധിപ്പിക്കുന്ന ഫ്ളോറൻസ് വാർഡിലെ പ്രധാന റോഡാണിത്.. 9 കി. മി ദൂരമുള്ള ഈ റോഡ് മെറ്റലിങ്ങ് പോലും നടത്തിയിട്ടില്ല. പ്രധാനപ്പെട്ട കാർഷിക തോട്ടം മേഖലകളിൽ ഉൾപ്പെടുന്ന ഈ പാതയുടെ അവസ്ഥ ദയനീയമാണെങ്കിലും സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട് കോർപ്പറേഷൻ ഒരു സർവ്വീസ് നടത്തിവരുന്നു. ഈ റോഡ് കൊല്ലം ചെങ്കോട്ട റോഡിലെ കഴുതുരിട്ടി, ആര്യങ്കാവ് എന്നീസ്ഥലങ്ങളുമായി ബന്ധപ്പെട്ട ഒരു പാരലൽ റോഡാണെന്നതിനാൽ ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് മെറ്റലിങ്ങ് ടാറിങ്ങ് നടത്തി ഗതാഗത സുഗമമാക്കണം

4. ഇടപ്പാളയം പള്ളിമുക്ക്-നാല്സെന്റ് കോളനി-തേവർകാട്കോളനി അപ്രോച്ച് റോഡ്

പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന കഴുതുരിട്ടി ആറിന്റെ അക്കരെയുള്ള പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കൊല്ലം ചെങ്കോട്ട റോഡിന് സമാന്തരമായി സ്ഥിതിചെയ്യുന്നതുമായ ഒരു പാതയാണ്. നിലവിലുള്ള നീളം 1 കി. മീ മാത്രമാണ്. റോഡിന്റെ നീളം കൂട്ടി കഴുതുരിട്ടിയുമായി ബന്ധിപ്പിക്കുന്നതിന് ആറിന് കുറുകെ പാലം നിർമ്മിച്ച് ടാറിങ്ങ് നടത്തി പ്രസ്തുത റോഡിന്റെ വികസനത്തിന് നടപടികളുണ്ടാകണം. പട്ടികജാതി സെക്ടറിൽ തന്നെ ഈ റോഡിന്റെ വികസനം സാദ്ധ്യമാക്കേണ്ടതാണ്.

5. ആര്യങ്കാവ്-ചേനഗിരി-തലപ്പാറ-അച്ചൻകോവിൽ റോഡ്

വളരെയേറെ വികസന സാദ്ധ്യതകളുള്ളതും തലപ്പാറ, കുളിർകാട് ഭാഗങ്ങളിൽനിന്ന് കാല്നടയായി ജനങ്ങളെത്തുന്നതുമായ ഒരു പാതയാണിത്. വനമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന ഈ പാത യാത്രാ സൗകര്യമാക്കിയാൽ അച്ചൻകോവിൽ ക്ഷേത്ര ജംഗ്ഷനിൽനിന്നും ആര്യങ്കാവിൽ എത്തിച്ചേരുന്നതിനുള്ള ദൂരം 23 കി. മീ യായി കുറയ്ക്കുന്നതിന് കഴിയും. ചേനഗിരി തലപ്പാറ തോടിന് കുറുകെ പാലം പണിത് ആവശ്യമായ കലുങ്കുകൾ കെട്ടിയും 11 കി. മീ ദൂരം റോഡുണ്ടാക്കിയും ഈ പാത ഗതാഗതയോഗ്യമാക്കാം. കാർഷിക വിഭവങ്ങൾ തമിഴ്നാടുമായി ബന്ധപ്പെടുത്തി വിപണനം നടത്തുന്നതിന് ഈ റോഡിന്റെ വികസനം സഹായകമാകും.

6. ആര്യങ്കാവ് റെയിഞ്ചാഫീസ് ജംഗ്ഷൻ- രാജാകൂപ്പ്-റോസ്മലറോഡ്

പഞ്ചായത്തിലെ ഏലം, ഗ്രാമ്പു, കുരുമുളക്, ജാതി തുടങ്ങിയ നാണ്യവിളകൾ ഈ പഞ്ചായത്തിൽവൻതോതിൽ കൃഷിചെയ്യുന്നകർഷകർ വസിക്കുന്ന പ്രദേശമാണ് 47 ഏക്കറും, രാജാകൂപ്പും. തേക്ക് തോട്ടങ്ങളാലും വനപ്രദേശങ്ങളാലും ചുറ്റപ്പെട്ടുകിടക്കുന്ന ഇവിടെ എത്തിചേരുന്നതിന് ഒരേഒരാശ്രയം ഈ പാതയാണ്. വനംവകുപ്പിന്റെ വികസന പദ്ധതിയിൽപെടുത്തി ഈ പാതയുടെ വികസനത്തിന് പ്രത്യേക സ്കീം ഉണ്ടാക്ക

ണം. കുളത്തൂപ്പുഴ പഞ്ചായത്തിന്റെ ഭാഗമായ പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ തിങ്ങി വസിക്കുന്ന റോസ് മലയിൽ സുഗമമായി എത്തി ച്ചേരുന്നതിനും കാർഷിക വിളകളുടെ വിപണനത്തിനും ഈ റോഡിന്റെ വികസനം സഹായകമാകും ഈ റോഡിന്റെ 7 കി. മീ ദൂരം ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലും ബാക്കിവരുന്ന 6 കി. മി ദൂരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലുമാണ്

7. ആര്യങ്കാവ് പട്ടികവർഗ്ഗകോളിനി-കരിമ്പിൻതോട്ടം അപ്രോച്ച്റോഡ്

കൊല്ലംചെങ്കോട്ട റോഡിൽ ആര്യങ്കാവ് റയിൽവേസ്റ്റേഷൻ ജംഗ്ഷനിൽ നിന്നാരംഭിച്ച് പട്ടികവർഗ്ഗകോളനിയിലൂടെ കരിമ്പിൻതോട്ടംവഴി കൊല്ലംചെങ്കോട്ട റോഡിലെ കോട്ടവാസലിൽ എത്തിചേരുന്ന ഈ റോഡിന്റെ പട്ടിക വർഗ്ഗ കോളനിവരെയുള്ള 350 മീറ്റർ ദൂരം പഞ്ചായത്ത് ടാറിങ്ങ് നടത്തിയിട്ടുള്ളതും ബാക്കി 4 കി. മീ ഭാഗം മൺറോഡുമാണ്. പ്രസ്തുത റോഡിന്റെ വീതി കൂട്ടുന്നതിനും ആവശ്യമായ കലുങ്കുകളും പാലവും നിർമ്മിച്ച് ടാറിങ്ങ് നടത്തിയെടുത്താൽ കൊല്ലം ചെങ്കോട്ട റോഡിന്റെ ഒരു അപ്രോച്ച് റോഡാക്കി മാറ്റുന്നതിനും കഴിയും. ഒരു പരിധിവരെആര്യങ്കാവിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് ഈ റോഡിന്റെ വികസനം സാദ്ധ്യമാക്കും.

8. ആര്യൻങ്കാവ് പാണ്ഡ്യൻപാറ-കടമാൻപാറ-സ്വർണ്ണഗിരിറോഡ്

പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക മേഖലയായ പാണ്ഡ്യൻപാറ, കടമാൻപാറ, തലപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽകൂടെ കടന്ന ചേനഗിരി എസ്റ്റേറ്റിലെത്തുന്ന ഈ റോഡിന്റെ ദൗർഘ്യം 8 കി. മി ആണ്. ഭാഗീകമായി പഞ്ചായത്ത് ടാറിങ്ങും മെറ്റലിങ്ങും നടത്തിയിട്ടുണ്ട്. ബാക്കിവരുന്ന ഏഴര കിലോമീറ്റർ മൺറോഡ് ആവശ്യമായ കലുങ്കുകളും ചപ്പാത്തുകളും നിർമ്മിച്ച് വീതികൂട്ടി ടാറിങ്ങ് നടത്തി ഗതാഗത സുഗമമാക്കുന്നതിന് അടിയന്തിര നടപടികളുണ്ടാക്കണം. തൊഴിലാളികളുടെ യാത്രാ സൗകര്യം കാർഷിക വിളകളുടെ ഗതാഗതം എന്നിവ കണക്കിലെടുത്ത് പ്രത്യേക പദ്ധതി തയാറാക്കി ഒരു ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനും നടപടികളുണ്ടാകണം.

9. അച്ചൻകോവിൽ ഹരിജൻകോളനി റോഡ്

കൊല്ലം ജില്ലയിൽ പട്ടിക ജാതിക്കാർക്കായി ബഹു: സർക്കാർ 100 ഏക്കർ ഭൂമി നൽകി 100 കുടുംബങ്ങളെ പുനരധിവസിപ്പിച്ച അച്ചൻകോവിൽ ഐ. എച്ച്. ഡി. പി. കോളനിയിൽ ഇന്ന് 200 ഓളം കുടുംബങ്ങൾ താമസിച്ചുവരുന്നു. ജില്ലയിലെ ഏറ്റവും വലിയ പട്ടിക ജാതികോളനിയായ അച്ചൻകോവിലിൽ ഐ. എച്ച്. ഡി. പി. കോളനി ഒരു കാർഷിക മേഖലകൂടിയാണെയെന്നത് ശ്രദ്ധേയമാണ്. ഈ കോളനി നിവാസികളുടെ ഉയർച്ചതന്നെ ലക്ഷ്യമിട്ടുകൊണ്ട് പട്ടിക ജാതി കോളനി റോഡ് വികസനത്തിന് പ്രത്യേക സ്കീം ഉണ്ടാക്കണം. കൂടാതെ കോളനിയിലേക്ക് ഒരു ബസ് സർവ്വീസ് ആരംഭിക്കുന്നതും കോളനി നിവാസികൾക്ക് ആശ്വാസമാകും.

10. പൂത്തോട്ട-പത്തേക്കർ റോഡ്

70 ഓളം കുടുംബങ്ങൾ വസിക്കുന്ന കാർഷിക പ്രാധാന്യം ഏറെയുള്ള പ്രദേശമാണ് പഞ്ചായത്തിലെ രണ്ടാം വാർഡിൽപെട്ട പൂത്തോട്ടം പത്തേക്കർ. പട്ടികജാതി കുടുംബങ്ങൾ കൂടുതൽ വസിക്കുന്ന ഈ പ്രദേശം ഐ. എച്ച്. ഡി. പി കോളനിയായി പ്രഖ്യാപിച്ച് റോഡ് വികസനത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. റോഡ് ടാറിങ്ങ് നടത്തുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

11. കരിമരം ജഗ്ഷൻ-കിണറ്റിൻകര റോഡ്

വളരെ പ്രാധാന്യമർഹിക്കുന്ന റോഡ് വി. വി. എം. എസ് ആശുപത്രിക്ക് സമീപം കരിമരം ജംഗ്ഷനിൽനിന്നാരംഭിച്ച് കിണറ്റിൻകരയിലെത്തുന്നു. രണ്ട് കി. മീ പാതയിൽ 1 കി. മീ കമ്പിനി വകയിലും ശേഷിക്കുന്ന 1 കി. മീ കാർഷിക മേഖലയിലും കൂടെ കടന്നുപോകുന്നു. ഇപ്പോൾ ഗതാഗത യോഗ്യമല്ല. കാർഷിക മേഖലയെന്ന പ്രാധാന്യംകണക്കിലെടുത്ത് ഗതാഗതയോഗ്യമാക്കണം.

12. പാലരുവി റോഡ്

പാലരുവി ഫാൾസ് റോഡിനും ആറ്റിനും അക്കരെയായി 40 ഏക്കറുകളിൽ അതിവസിക്കുന്ന കർഷക കുടുംബങ്ങളുടെ ചിരകാലാഭിലാഷമാണ് ഈ റോഡിന്റെ വികസനവും പാലവും. ഈ റോഡ് വികസനത്തിന് പാലം നിർമ്മിക്കുന്നതിനും നടപടികളുണ്ടാകണം.

13. ആര്യങ്കാവ്- സ്വർണ്ണംവിളക്കാട് റോഡ്

ആര്യങ്കാവ് കരിമ്പിൻതോട്ടം റോഡുമായി ബന്ധപ്പെട്ട് കിടക്കുന്ന ഈ റോഡ് സ്വർണ്ണവിളക്കാട് വസിക്കുന്ന കർഷക കുടുംബങ്ങൾക്ക് ഗതാഗത സുഗമമാക്കുന്നതിന് ആവശ്യമായ കലുങ്ക് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

14. പാണ്ഡ്യൻപാറ-എട്ടേക്കർ റോഡ്

എട്ടേക്കർ എന്ന കാർഷിക മേഖലയിലേക്കുള്ള ഈ പാത വികസിപ്പിച്ച് സഞ്ചാര യോഗ്യമാക്കണം.

15. വെഞ്ചർ-രാജചോലറോഡ്

3-ാം വാർഡിൽപെട്ട കാർഷിക മേഖലയിൽകൂടി കടന്നുപോകുന്ന ഈ റോഡിന്റെ പൊട്ടികിടക്കുന്ന ഭാഗങ്ങൾ സൈഡ് വാൾകെട്ടി സംരക്ഷിച്ച് സഞ്ചാരയോഗ്യമാക്കണം.

16. വെഞ്ചർ-മേലെ ആനച്ചാടി-അരങ്ങൽ ഒമ്പതുമുക്ക്റോഡ്

റ്റി. ആർ & റ്റി കമ്പിനിവക സ്വകാര്യ മേഖലയിലുള്ള ഈ റോഡ് പലഭാഗങ്ങളും കമ്പിനി ടാറിങ്ങ് നടത്തിയിട്ടുണ്ടെങ്കിലും വീതികുറഞ്ഞ ഭാഗങ്ങൾ വീതികൂട്ടിയും വളവുകൾ നിവർത്തിയും ശേഷിക്കുന്ന ഭാഗങ്ങൾ ടാറിങ്ങ് നടത്തിയും സഞ്ചാര യോഗ്യമാക്കിയാൽ 100 കണക്കിന് തോട്ടംതൊഴിലാളികൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും അത് ഒരനുഗ്രഹമാകും. കൂടാതെ കഴുതുരുട്ടി കോഫി എസ്റ്റേറ്റ് റോഡിന്റെ ഒരു പാരലൽ റോഡാക്കിമാറ്റാവുന്നതുമാണ്. പല വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പണികൾ നടത്തണമെന്ന ഗ്രാമസഭാനിർദ്ദേശം പരിഗണിക്കേണ്ടതാണ്.

17. അച്ചൻകോവിൽ ലക്ഷംവീട് കോളനിറോഡ്

പട്ടികജാതി കുടുംബങ്ങൾധാരാളം വസിക്കുന്ന അച്ചൻകോവിൽ ലക്ഷംവീട് കോളനിയിലേക്കുള്ള പ്രസ്തുത പാതയുടെ വികസനം പട്ടികജാതി സെക്ടറിൽതന്നെ നടത്താവുന്നതാണ്. റോഡിന്റെ വികസനത്തിന് നടപടികളുണ്ടാവണം. ഈ റോഡ് ടാറിങ്ങും, മെറ്റലിങ്ങും നടത്തണം.

18. മറ്റ് റോഡുകൾ

അച്ചൻകോവിൽ പട്ടികജാതി കോളനി കുഴിഭാഗംറോഡ്, അച്ചൻകോവിൽ നാല്സെന്റ് കോളനിറോഡ്, മുന്നുമുക്ക് കുഴിഭാഗം റോഡ്, പട്ടികജാതി കോളനി-ഫോറസ്റ്റ് ബൗണ്ടറിറോഡ് തുടങ്ങി ഒറ്റപ്പെട്ടുകിടക്കുന്ന

അച്ചൻകോവിൽ ഗ്രാമത്തിലെ ചെറു റോഡുകളുടെ വികസനത്തിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കൂടാതെ ഇടപ്പാളയം പള്ളി ജംഗ്ഷനിൽ നിന്ന് കിഴക്കേഭാഗത്തുള്ള റോഡിന്റെയും നെടുമ്പാറ സ്കൂളിലേക്കുള്ള റോഡിന്റെയും വികസനത്തിന് നടപടികളുണ്ടാവണം.

പുതിയ റോഡുകൾ നിർമ്മിക്കേണ്ടവ

1. നെടുമ്പാറ-മലഭാഗം റോഡ്

നെടുമ്പാറ സ്കൂളിന് സമീപത്തുനിന്ന് നെടുമ്പാറ 27 മലഭാഗത്തേക്ക് 2 കി. മീ ദൂരം പുതിയ റോഡു നിർമ്മിക്കുക.

2. കിഴക്കേ കുഴിഭാഗം റോഡ് (അച്ചൻകോവിൽ)

അച്ചൻകോവിൽ പട്ടിക ജാതി കോളനി റോഡിൽ നിന്ന് കിഴക്കേ കുഴിഭാഗം കോളനിവരെയുള്ള ഒന്നര കി. മീ നീളം പുതിയ റോഡ് നിർമ്മിക്കുക. ആയതിലേക്ക് ആവശ്യമായിവരുന്ന ഭൂമി പൊന്നിൻവിലയ്ക്കെടുക്കുക.

3. മുരുകൻപാഞ്ചാൽ-ഇടപ്പാളയം റോഡ്

മുരുകൻ പാഞ്ചാൽ കാർഷിക മേഖലയിൽ കൂടെ ഇടപ്പാളയം പള്ളി ജംഗ്ഷനിലേക്ക് കൊല്ലം ചെങ്കോട്ട റോഡിന് സമാന്തര പാതനിർമ്മിക്കുക. (നീളം 3 കി.മീ)

4. ആര്യങ്കാവ് പട്ടികജാതി കോളനിറോഡ്

ആര്യങ്കാവ് രാജകൂപ്പ്റോഡും സ്വർണ്ണവിളക്കാട് റോഡുംതമ്മിൽ ബന്ധപ്പെടുത്തി ആര്യങ്കാവ് പട്ടികജാതി കോളനിയിൽകൂടെ പുതിയ റോഡ് നിർമ്മിക്കുക (നീളം2 കി. മീ)

മറ്റ് ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ ഗതാഗതത്തിന് ഉപകരിക്കുന്ന റോഡുകളിൽ ഏറിയ പങ്കും എസ്റ്റേറ്റ് മേഖലയിലും എസ്റ്റേറ്റ് മാനേജുമെന്റിന്റെ അധീനതയിലുള്ളതുമാണ്. ഈ പാതകളുടെ മെയിന്റെനസ് കമ്പിനികൾ നേരിട്ട് നടത്തുന്നു. എന്നാൽ ഇവയിലേറിയ പങ്കും ഗതാഗതയോഗ്യമല്ല. പ്രസ്തുത റോഡുകളുടെ സംരക്ഷണം പഞ്ചായത്തോ പൊതുമരാമത്തു വകുപ്പോ ഏറ്റെടുത്ത് നടത്തണമെന്ന് ഗ്രാമ സഭകൾ നിർദ്ദേശിക്കിന്നു. എസ്റ്റേറ്റ് വകറോഡ് എന്നതിനാൽ വർഷത്തിലൊരു ദിവസം ഗതാഗതം നിരോധിച്ച് പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിക്കുന്നു.
2. പൊതുജന ക്ഷേമത്തിൻരെ ഭാഗമായി പൊതുജന താല്പര്യം മുൻനിർത്തി പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രവർത്തികൾക്ക് എസ്റ്റേറ്റ് മാനേജ് മെന്റിൽനിന്ന് യഥേഷ്ടാനുമതി ഉണ്ടാകണം.

നടപ്പാലങ്ങൾ (പുതിയതായി നിർമ്മിക്കേണ്ടവ)

1. അച്ചൻകോവിൽ ശമശാനത്തേക്കും അതോടൊപ്പം ആറിനക്കരയുള്ള വാസ സ്ഥലങ്ങളിലേക്കും കൃഷിസ്ഥലങ്ങളിലേക്കും ഒരു നടപ്പാലം പോലുമില്ലാത്തത് പൊതുജനങ്ങൾക്ക് വളരെ ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. വർഷകാലമായാൽ അക്കരെയുള്ള ജനങ്ങൾ ഒറ്റെപ്പെട്ടുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. അച്ചൻകോവിൽ ആറിനു കുറുകെ ഒരു നടപ്പാലം നിർമ്മിച്ച് ഇതിന് പരിഹാരമുണ്ടാക്കുകയും ഇതിന് പഞ്ചായത്ത് മുന്തിയ പരിഗണന നൽകണം.
2. കഴുതുരിട്ടിയാറിന് കുറുകെ അരുണോദയം കോളനിയുമായി ബന്ധപ്പെട്ട് നടപ്പാലം നിർമ്മിക്കുക.
3. കഴുതുരിട്ടിയാറിനു കുറുകെ തേവർകാട് കോളനിയുമായി ബന്ധപ്പെട്ട് നടപ്പാലം നിർമ്മിക്കുക.
4. പാലരുവി ആറിന് കുറുകെ നടപ്പാലം നിർമ്മിക്കുക.
5. ഇളപ്പാളയം 12 ഏക്കർ കാർഷിക ഭൂമിയുമായി ബന്ധപ്പെട്ട് നടപ്പാലം നിർമ്മിക്കുക.

യാത്രാ സൗകര്യം

യാത്രാ സൗകര്യത്തിന്റെകാര്യത്തിൽ ഈ പഞ്ചായത്ത് ഒട്ടും സംതൃപ്തമല്ല. കൊല്ലം-ചെങ്കോട്ട തീവണ്ടിപാതയിലൂടെയുള്ള നാമമാത്രമായ തീവണ്ടികൾ കാർഷിക വ്യവസായിക മേഖലയ്ക്ക് പറ്റിയ തരത്തിലുള്ളവയല്ല. കൂടുതൽ സർവ്വീസു നടത്തിയും വൃത്തിയുള്ള കമ്പാർട്ടുമെന്റുകൾ ഘടിപ്പിച്ചും യാത്രാ സൗകര്യം മെച്ചപ്പെടുത്തേണ്ടതാവുന്നു.

കൊല്ലം-ചെങ്കോട്ട, തിരുവനന്തപുരം-ചെങ്കോട്ട അന്തർ സംസ്ഥാന പാതവഴി പാസ്റ്റ് പാസഞ്ചർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും വാഹനങ്ങളിലെ തിരക്ക് കണക്കിലെടുക്കുമ്പോൾ കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്.

അച്ചൻകോവിലിലേയ്ക്കും കൂടുതൽ യാത്രാബസുകൾ ആരംഭിക്കേണ്ടതാണ്.

തോട്ടംമേഖലയിലെ നെടുമ്പാറ, പുത്തോട്ടം, അമ്പനാട്, മിഡിൽ, വെഞ്ചർ, ഫ്ളോറൻസ് ഭാഗങ്ങളിലേക്ക് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്.

ആര്യങ്കാവിൽനിന്നും കൂടുതൽ ബസ്സ് സർവ്വീസുകൾ പുനലൂർ, കുളത്തൂപ്പുഴ ഭാഗങ്ങളിലേക്ക് ആരംഭിക്കേണ്ടതാണ്. പാസ്റ്റ് പാസഞ്ചർ ബസുകളിലെ ഫെയർ സ്റ്റേജ് പുനർനിർണ്ണയം ചെയ്യേണ്ടതും കഴുതുരിട്ടിയിൽ ഫെയർസ്റ്റേജ് അനുവദിക്കേണ്ടതുമാണ്.

അച്ചൻകോവിലിൽനിന്നും സംസ്ഥാന തലസ്ഥാനം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേക്ക് ദീർഘ ദൂര സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്.

അമ്പനാട്-തെങ്കാശി റൂട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ അനുവദിക്കുകയും അമ്പനാട് ഹാൾട്ടിംഗ് സ്റ്റേഷനാക്കുകയുംചെയ്യുക.

കഴുതുരിട്ടിയിലും ആര്യങ്കാവിലും യൂറിനിൽ, ലാട്രിൻ സൗകര്യത്തോടുകൂടിയ വെയിറ്റിംഗ്ഷെഡ് സ്ഥാപിക്കണം

ബസ്ഡിപ്പോ

അതിർത്തി പഞ്ചായത്ത് എന്ന പരിഗണന നൽകി കെ. എസ്.ആർ. ടി. സിയുടെ ഒരു ബസ് ഡിപ്പോ ആര്യങ്കാവിൽ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അന്തർ സംസ്ഥാന സർവ്വീസുകൾ സുഗമമായി നടത്തുന്നതിന് ഇത് ഏറെ ഉപകരിക്കും

ദിനം പ്രതി വികസനം പ്രാപിച്ചുവരുന്ന പാലരുവി വിനോദ സഞ്ചാര മേഖല, ആര്യങ്കാവ് ക്ഷേത്രം തുടങ്ങിയവയുടെ പ്രാധാന്യംകൂടി കണക്കിലെടുത്ത് ഒരു ബസ് ഡിപ്പോ ആരംഭിക്കേണ്ടത് ഒരാവശ്യംതന്നെയാണ്. ഡിപ്പോയ്ക്ക് ആവശ്യമായ സ്ഥലം ആര്യങ്കാവ് ജംഗ്ഷന് സമീപം ലഭ്യമാണ്.

സ്വകാര്യബസുകൾക്കുള്ള പെർമിറ്റ്

രൂക്ഷമായ യാത്രാക്ലേശംപരിഹരിക്കുന്നതിലേക്ക് പുനലൂർ-തെങ്കാശി, കുളത്തൂപ്പുഴ-തെങ്കാശി റൂട്ടുകളിൽ സ്വകാര്യബസുകൾക്ക് പെർമിറ്റ് നൽകേണ്ടതാണ്.

ഊർജ്ജം

ശാസ്ത്ര തത്വമനുസരിച്ച് ഊർജ്ജം നിർമ്മിക്കുവാനോ നശിപ്പിക്കുവാനോ കഴിയാത്ത ഒന്നാണ്. ഊർജ്ജമില്ലാത്ത അവസ്ഥയോ അചിന്തനീയവും. പകൽ സമയത്ത് പോലും അന്ധകാരം തളം കെട്ടിനിൽക്കുന്ന ഈ വനഭൂമിയുടെ കാര്യം പറയേണ്ടതുണ്ടോ.

പഞ്ചായത്തിലെ പ്രധാന ഊർജ്ജമേഖല വൈദ്യുതിയാണ്. കാറ്റ് സോളാർ സ്രോതസ്സുകളുടെ സാദ്ധ്യതയും കണ്ടെത്തി ഊർജ്ജ പ്രതിസന്ധി പരിഹരിക്കാവുന്നതാണ്. പാചകാവശ്യങ്ങൾക്ക് പ്രധാനമായും വിറക് ഉപയോഗിക്കുന്നു. വനപ്രദേശമായതുകൊണ്ട് വിറകിന് ദൗർലഭ്യമില്ലെങ്കിലും വനനശീകരണത്തിന് വഴിവെയ്ക്കുന്നു. പെട്രോളിയം ഗ്യാസ്, [illegible] അടുപ്പുകൾ, പരീക്ഷത്ത് അടുപ്പുകൾ, പ്രഷർ കുക്കറുകൾ ഇവയൊക്കെ നാമമാത്രമാണ്. പ്രധാനകൃഷിവിളയായ റബ്ബറിൽ നിന്നും ലഭിക്കുന്ന ആസിഡുവെള്ളം ചാണകവുമായി സംയോജിപ്പിച്ച് ' പാചക ഗ്യാസ് ' ചെറുയൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ആര്യങ്കാവ് കേന്ദ്രീകരിച്ച് ഒരു ഗ്യാസ് ഏജൻസിയും, പെട്രോൾ പമ്പും ബോർഡർ പഞ്ചായത്തായ ആര്യങ്കാവിന്റെ സ്വപ്നമാണ്.

കെ. വി. ലൈനുകൾ

പഞ്ചായത്തിൽ ഭാഗികമായി മാത്രമേ വൈദ്യുതി എത്തിച്ചേർന്നിട്ടുള്ളൂ. തമിഴ് നാട്ടിലെ രാമകുണ്ഠത്തു നിന്നും ഇടമണ്ണിലേയ്ക്കുള്ള 220 KV ലൈൻ ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. കൂടാതെ തെന്മല പവർഹൗസിൽ ഉൽപാദിപ്പിക്കുന്ന 10 മെഗാവാട്ട് വൈദ്യുതിയും ഇടമൺ പവർസ്റ്റേഷനിൽ എത്തിച്ചേരുന്നു. ഇവിടെ നിന്നും 11 KV ലൈനുകൾ വഴി തോട്ടം, ആര്യങ്കാവ്, അച്ചൻകോവിൽ തുടങ്ങിയ പ്രദേശത്ത് 14 LT ട്രാൻസ്ഫോമറുകൾ വഴി വൈദ്യുതിവിതരണം ചെയ്യുന്നു.

വോൾട്ടേജ് ക്ഷാമം

കേരളത്തിലുടനീളം അനുഭവപ്പെടുന്ന പവർകട്ട്, വോൾട്ടേജ്ക്ഷാമം ഈ പഞ്ചായത്തിലും അതീരൂക്ഷമാണ്. മിക്കസമയങ്ങളിലും വൈദ്യുതിയുണ്ടാകാറില്ല. അഥവാ ഉണ്ടായാൽ തന്നെ വോൾട്ടേജ് കുറവ്. ആകെയുള്ള ഒൻപതു വാർഡുകളിൽ ആറുവാർഡുകളിലും കമ്പനിവക ലയങ്ങളിലാണ് ഗ്രാമവാസികൾ താമസിക്കുന്നത്. സന്ധ്യകഴിഞ്ഞാൽ മിന്നാമിനുങ്ങിന്റെ വെളിച്ചം മാത്രം.

ട്രാൻസ്ഫോമറുകൾ

196.84 ച.കി.മി. വിസ്തീർണ്ണത്തിൽ വ്യാപിച്ച് കിടക്കുന്ന ഈ പഞ്ചായത്തിൽ വൈദ്യുത വിതരണത്തിന് ആകെ 14 LT ട്രാൻസ്ഫോമറുകൾ ആണുള്ളത്. വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നതിനും ലൈൻ ട്രിപ്പ് ആകുന്നതിനും പ്രധാന കാരണം ട്രാൻസ്ഫോമറുകളുടെ കുറവാണ്.

ആര്യങ്കാവ് സെയിൽസ്ടാക്സ് ജംഗ്ഷൻ, അച്ചൻകോവിൽ ഹരിജൻകോളനി, തകരപ്പുര, പ്രീയാ റബ്ബർ ടീ കമ്പനി താഴെത്തോട്ടം, രാജാകുപ്പ് തുടങ്ങിയ ഭാഗങ്ങളിൽ ആടിയന്തിരമായി ട്രാൻസ്ഫോമർ സ്ഥാപിക്കുകയും പുത്തോട്ടം ട്രാൻസ്ഫോമറിന്റെ ശേഷി 25 ൽ നിന്ന് 100 ആയി വർദ്ധിപ്പിക്കുകയും വേണം.

വൈദ്യുത ലൈനുകൾ

തോട്ടം മേഖലയായ 6 വാർഡുകളിലും ജനങ്ങൾ താമസിക്കുന്നത് കോളനികൾപോലെ സ്ഥിതി ചെയ്യുന്ന ലയങ്ങളിലാണ്. ഡിവിഷനുകളിലുള്ള തമ്മിലുള്ള വൈദ്യുത ബന്ധം നാമമാത്രമായിട്ടുള്ളതും സന്ധ്യമയങ്ങിയാൽ അന്ധകാരം തളംകെട്ടിനിൽക്കുന്നുതുമാണ് ഇതിന് പരിഹാരം അടിയന്തിരമായി കാണേണ്ടതുണ്ട് ആവശ്യമായ പുതിയ ലൈനുകൾ വലിച്ചോ നിലവിലുള്ള ലൈനുകൾ ദീർഘിപ്പിച്ചോ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്.

നെടുമ്പാറ വാർഡിൽ കഴുതുരുട്ടി മുതൽ നെടുമ്പാറ മസ്റ്റർ ഗ്രൗണ്ട് വരെയും നെടുമ്പാറ മുതൽ വി. വി. എം. എസ്സ് വരെയും ഫാക്ടറി ജംഗ്ഷൻ മുതൽ സന്യാസി മലക്ഷേത്രംവരെയും പുതിയ ലൈൻ വലിച്ചു തെ

രുവ് വിളക്ക് സ്ഥാപിക്കണം.

പൂത്തോട്ടം രണ്ടാംഡിവിഷൻ മുതൽ പൂത്തോട്ടം പത്തേക്കർവരെയും വി. വി. എം. എസ് മുതൽ കരിമ രക്കാനവരെയും പുതിയ ലൈൻ വലിച്ച് വൈദ്യുതിയെത്തിക്കേണ്ടതാണ്. പട്ടികജാതി കുടുംബങ്ങൾ കൂടുത ലായി താമസമുള്ളതും കാർഷിക മേഖലയുമാണ് ഈ പ്രദേശങ്ങൾ.

വെഞ്ചർ വാർഡിൽ രാജാച്ചോല ഇരുളൻകാട് ഭാഗങ്ങളിൽ വെഞ്ചർ ട്രാൻസ്ഫോമറിൽ നിന്ന് ലൈൻ വലിച്ച് വൈദ്യുത കണക്ഷൻ നൽകുകയും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും വേണം. രണ്ടും കാർഷിക പ്രാധാന്യമുള്ള ഒറ്റപ്പെട്ട പ്രദേശങ്ങളാണ്.

കഴുതുരുട്ടി 11 കെ. വി ലൈൻ തകരപ്പുര വരെ നീട്ടി അവിടെ ട്രാൻസ്ഫോർമർ സ്ഥാപിച്ച് കാർഷിക മേ ഖലയായ ഇരുളൻകാട്, തകരപ്പുര ഭാഗങ്ങളിലും തൊഴിലാളികൾ അധിവസിക്കുന്നതും വൈദ്യുതി എത്തി ച്ചേർന്നിട്ടില്ലാത്തതുമായ ഫ്ളോറൻസ്, തലപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതാണ്. കഴുതുരുട്ടിയിൽ നിന്നും 2 കി. മീ. ദൂരം മാത്രം ലൈൻ വലിച്ചാൽ ഈ പദ്ധതിയ്ക്ക് സാധ്യമാകുന്നതാണ്. അ ടിയന്തിരപ്രാധാന്യം ഈ വൈദ്യുത ലൈനിന് നൽകേണ്ടതാണ്.

അറണ്ടൽ വാർഡിൽ നിലവിലുള്ള ട്രാൻസ്ഫോർമറിൽ നിന്നും പുതിയ ത്രീ ഫേസ് ലൈൻ വലിച്ച് മാ മൂട്, തെങ്ങുമർ ലയം വരെയും, അറണ്ടൽ ഒൻപത് മുക്ക് മുതൽ നിലവിലുള്ള സ്ട്രീറ്റ്ലൈറ്റ് ലൈനിനു പുറ മേ രണ്ട് കമ്പികൾ കൂടി വലിച്ച് മസ്റ്റർഗ്രൗണ്ട് ഭാഗത്തുള്ള ലയങ്ങൾക്കും വൈദ്യുതി എത്തിക്കേണ്ടതാണ്. അ റണ്ടൽ ഒൻപത് മുക്കിൽ നിന്ന് മേട്ടുലയം വരെ പുതിയ ലൈൻ വലിച്ച് വൈദ്യുതിയും തെരുവ് വിളക്കുംസ്ഥാ പിക്കണം

അമ്പനാട്(കിഴക്ക്) വാർഡിൽ പ്രീയാ എസ്റ്റേറ്റിൽ മേലെ തോട്ടത്തിൽ 1 KM ദൂരം ലൈൻ വലിച്ച് മേലെ തോട്ടത്തിലെ ലയങ്ങൾക്ക് വൈദ്യുതി എത്തിക്കുകയും തെരുവിളക്ക് സ്ഥാപിക്കുകയും വേണം. അച്ചൻകോ വിൽ താഴെ തോട്ടത്തിൽ പുതിയ 11 KV ലൈൻ വലിച്ച് ട്രാൻസ്ഫോമർ സ്ഥാപിച്ച് ലയങ്ങൾ വൈദ്യുതീകരി ക്കുന്നതിനും തെരുവുവിളക്ക് സ്ഥാപിക്കുന്നതിനും നടപടി ഉണ്ടാകണം. ഇത്തരത്തിൽ 2 KM ദൂരം വൈദ്യു തി ലൈൻ വലിക്കേണ്ടതാണ്.

മെത്താപ്പ് മുതൽ മിഡിൽ ഡിവിഷൻ കറുപ്പസ്വാമി ക്ഷേത്രം വരെ 4 KM ദൂരം പുതിയ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുകയും. മിഡിൽ ആശുപത്രി മുതൽ നാലു ലയം വരെ 1 കി. മീ ദൂരം പുതിയ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുകയും വേണം. മിഡിൽ താഴെ തോട്ടത്തിൽ നിലവിൽ ഒരു വഴി വിളക്ക് മാത്രമേ ഉള്ളൂ. 2 കി. മീ ദൂരം പുതിയ ലൈൻ വലിച്ച് ലയങ്ങൾ വൈദ്യുതീകരിക്കുകയും തെരുവു വിളക്ക് സ്ഥാപിക്കുകയും വേണം.

അച്ചൻ കോവിൽ വാർഡിൽ അച്ചൻ കോവിൽ -ശ്മശാനം പാതയിൽ 350 മി. നീളം പുതിയ ലൈൻ വ ലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുകയും, 250മി വീതം ലൈൻ വലിച്ച് അച്ചൻകോവിൽക്ഷേത്രം കുളക്കടവ്, ഹൈസ്ക്കൂൾ മുക്ക് - കുളക്കടവ് തുടങ്ങിയ വഴികളിൽ തെരുവ് വിളക്ക് സ്ഥാപിക്കേണ്ടതുമാണ്. നിലവിലു ള്ള അച്ചൻ കോവിൽ ലൈനിൽ നിന്നും 250 മി നീളത്തിൽ പുതിയ ലൈൻ വലിച്ച കുഴിഭാഗം പ്രദേശത്തെ വീ ടുകൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി എത്തിക്കണം. എല്ലാം പട്ടികജാതി കുടുംബങ്ങളാണ്. ഹരിജൻ കോളനിയിൽ പുതുതായി ട്രാൻസ്ഫോമർ സ്ഥാപിച്ച് ഹരിജൻകോളനി വീടുകളുടെ വൈദ്യുതീകരണം പൂർത്തിയാക്കുകയും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും വേണം. 250 മി പുതിയലൈൻ വലിച്ചാൽ ഹരി ജൻ കോളനിയിലേയ്ക്കും 50 മി ലൈൻ വലിച്ചാൽ 4 സെന്റ് കോളനിയിലേയ്ക്കും വീടുകൾക്ക് വൈദ്യുതി വിതരണം നടത്താൻ സാധിക്കുന്നതാണ്.

കഴുതുരുട്ടി വാർഡിൽ ഇടപ്പാളയം പള്ളി മുതൽ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ പുതിയ ലൈൻ വ ലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം. ഏകദേശം 1 1/2 J-i ദൂരം മാത്രം ലൈൻ വലിച്ചാൽ മതിയാകുന്ന താണ്. ആനച്ചാടിപ്പാലം മുതൽ 4 KM ദൂരം കൈവശ സ്ഥലത്തുകൂടി പുതിയ ലൈൻ വലിച്ച് വീടുകൾക്ക് വൈദ്യുതിയും തെരുവ് വിളക്കും സ്ഥാപിക്കേണ്ടതാണ്.

ആര്യങ്കാവിൽ നിന്ന് 7 കി.മീ 11 K.V ലൈൻ വലിച്ച് കാർഷീക-നാണ്യ വിള മേഖലയായ രാജാകൂപ്പിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ഫോമർ സ്ഥാപിക്കണം. വീടുകൾക്ക് വൈദ്യുതിയും തെരുവ് വിളക്കും സ്ഥാപിക്കേണ്ടണ്ടതുമാണ്. കാർഷീക-നാണ്യവിളകൾക്ക് ജലം നനയ്ക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ട് ഇതുമൂലം പരിഹരിക്കുകയും, മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്യുന്നതിന് സാധിക്കുകയും ചെയ്യും.

ആര്യങ്കാവ് മോട്ടൽ മുതൽ പാലരുവി വെള്ളച്ചാട്ടം വരെ പുതിയ ലൈൻ വലിച്ച് 4 KM ദൂരം തെരുവ് വിളക്ക് സ്ഥാപിക്കേണ്ടതുമാണ്. പാണ്ഡ്യൻ പാറ മുതൽ കടമാൻ പാറവരെ 2 KM ദൂരം പുതിയ ലൈൻ വലിച്ച വീടുകൾക്ക് വൈദ്യുതി വിതരണം നടത്തേണ്ടതുമാണ്. കാർഷീകമേഖലയിൽപ്പെടുന്നതും വാഴ, കുരുമുളക്, ഗ്രാമ്പൂ.... തുടങ്ങിയ കൃഷികൾക്ക് വെള്ളം പമ്പുചെയ്യുന്നതിനാവശ്യമായ പൊതു കിണറും മോട്ടോറും സ്ഥാപിക്കുന്നതിനുമിത് ഇടയാക്കും. നിലവിലുള്ള ആര്യങ്കാവ്-കരിമ്പിൻ തോട്ടം ലൈനിലും ആര്യങ്കാവ്-കരയാളംമെത്ത് ലൈനിലും നിന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതുമാണ്.

തോട്ടം തൊഴിലാളികൾ അധിവസിക്കുന്ന സ്വർണ്ണഗിരി പ്രദേശം അടിയന്തിരമായി വൈദ്യുതിയെത്തിയ്ക്കേണ്ടതാണ്. മേലെ ആനച്ചാടിയിൽ നിന്ന് പുതിയ ലൈൻ വലിച്ച് പ്രസ്തുത പ്രദേശത്ത് വൈദ്യുതിയെത്തിക്കാം. ഇവിടെ നിന്നും ലൈൻ 30 കി. മി കൂടി നീട്ടി തലപ്പാറവരെയും വൈദ്യുതി എത്തിക്കാവുന്നതാണ്. താഴെ ആനച്ചാടിയിൽ നിന്ന് മേലെ ആനച്ചാടി വരെ നിലവിലുള്ള ലൈനിന് പുറമേ രണ്ട് ഫേസ് ലൈനുകൾകൂടി വലിച്ച് എസ്റ്റേറ്റ് ലയങ്ങൾ കൂടി വൈദ്യുതീകരിക്കുകയും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും വേണം. നിലവിലുള്ള നശിച്ചുപോയ തെരുവ് വിളക്കുകൾ മാറ്റി പുതിയവ സ്ഥാപിക്കേണ്ടതാണ്.

സോഡിയം വേപ്പർലാമ്പുകൾ

മഞ്ഞ് ഏറ്റവും കൂടുതൽ അവുഭവപ്പെടുന്ന ഒരു പ്രദേശമാണിത്. അതുകൊണ്ട് തന്നെ വെള്ളപ്രകാശം ഫലവത്തല്ലതാനും. സോഡിയം വേപ്പർലാമ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ ഇതിന് പരിഹാരം കണ്ടെത്താൻ സാധിക്കും. സംസ്ഥാന അതിർത്തി മുതൽ കൊല്ലം-ചെങ്കോട്ട പാതയിൽ തെന്മല വളരെ അധികം അപകട സാദ്ധ്യതയുള്ള പ്രദേശമാണ്, കൂടാതെ വിനോദ സഞ്ചാര മേഖലയും.

കഴുതുരുട്ടി ജംഗ്ഷനിൽ പഞ്ചായത്താഫീസിന് മുൻവശത്തും, ആനച്ചാടി പാലത്തിന് സമീപത്തും ഓരോ സോഡിയം വേപ്പർലാമ്പുകൾ അടിയന്തിരമായി സ്ഥാപിക്കണം. ഇടപ്പാളയം പള്ളി, റയിൽവേസ്റ്റേഷൻ, പാലരുവി മോട്ടൽ, ആര്യങ്കാവ് ജംഗ്ഷൻ, ആർ. ഒ ജംഗ്ഷൻ, അമ്പലംമുക്ക്, സെയിൽടാക്സ്, പാണ്ഡ്യൻപാറ റോഡ്, നെടുമ്പാറ, പൂത്തോട്ടം, അരണ്ടൻ, മിഡിൽ, മെത്താപ്പ്, ലോവർ ആനച്ചാടി, മേലെ ആനച്ചാടി, വെഞ്ചർ ഫ്ളോറൻസ്, ഒ. എസ്, അച്ചൻകോവിൽ എച്ച്. എസ്. മുക്ക്, ടെമ്പിൾ മുക്ക്, ആർ. ഒ ജംഗ്ഷൻ, ഡി. എഫ്. ഒ ജംഗ്ഷൻ ഇവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള ബൾബുകൾ സ്ഥാപിച്ചിട്ടുള്ള വിളക്കുകൾ മാറ്റി ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുമാണ്.

പട്ടിക

ക്രമ	ഉപഭോക്താക്കൾ	എണ്ണം
1	ഗാർഹികം	1434
2.	വ്യാപാരം	105
3.	വ്യാവസായികം	10
4.	കാർഷികം	7
	തൻവർഷത്തെ കണക്ഷൻ	
5.	ഓർഡിനറി	100
6.	ഓ. ടി. പി	10
7.	ഓ. വൈ. ഈ. സി	40

	അപേക്ഷകരുടെ എണ്ണം	
8.	ഓർഡിനറി	42
9.	ഓ. ടി. പി	5
10.	ഓ. വൈ. ഇ. സി	10
11.	തെരുവുവിളക്കുകൾ	110
12.	ബൾബുകൾ	80
13.	ട്യൂബുകൾ	30
14.	വൈദ്യുതീകരിച്ച ഹരിജൻകോളനികൾ	2
15.	ട്രാൻസ്ഫോമറുകളുടെ എണ്ണം	14

ആര്യങ്കാവ് മോട്ടോർ വെഹിക്കൾ ചെക്ക്പോസ്റ്റ് മുതൽ സെയിൽടാക്സ് ചെക്ക്പോസ്റ്റ്വരെ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കാത്ത പോസ്റ്റുകളിൽ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കണം ആര്യങ്കാവ് പാലരുവി പട്ടയസ്ഥലത്തേക്ക് റോഡിൽകൂടി 1 കി. മീ ലൈൻ വലിച്ച് ട്യൂബ് ലൈറ്റ് സ്ഥാപിക്കണം

പാണ്ഡ്യൻപാറ-ആറേക്കർ, സ്വർണ്ണഗിരി- ആറേക്കർ പുതിയ ലൈൻവലിച്ച് തെരുവുവിളക്ക് സ്ഥാപിക്കണം.

കേബിൾ ലൈനുകളുടെ സാധ്യത

പഞ്ചായത്തിലെ 95%വൈദ്യുത ലൈനുകളും റബ്ബർ തോട്ടങ്ങളിലൂടെയോ വനഭൂമിക്ക് സമീപംകൂടിയോ വനത്തിലൂടെയോ ആണ് കടന്നുപോകുന്നത്. കാലവർഷമായിക്കഴിഞ്ഞാൽ മരംവീണ് ലൈനുകൾ പൊട്ടിവീഴുന്നത് നിത്യ സംഭവം. ദിവസങ്ങളോളം വൈദ്യുതി വിതരണമില്ലാത്ത അവസ്ഥ. ഇത്തരം പ്രദേശങ്ങളിൽ കേബിൾ ലൈനുൾ ഇടുന്നതിന് കെ. എസ്. ഇ. ബി തയാറാകണം.

കോളനികളിലെ വൈദ്യുത പ്രശ്നം

പഞ്ചായത്തിലെ അംഗീകൃത കോളനികളിലെ രണ്ടെണ്ണം പട്ടിക ജാതി കോളനിയും രണ്ടെണ്ണം പട്ടിക വർഗ്ഗ കോളനിയുമാണ്. ഗിരിജൻ കോളനികൾ രണ്ടും വൈദ്യുതീകരിച്ചതാണ്. എന്നാൽ ഹരിജൻ കോളനികൾ ഭാഗീകമായി മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. വോൾട്ടേജ് ക്ഷാമം രൂക്ഷവുമാണ്. അച്ചൻകോവിൽ ഹരിജൻ കോളനിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. അംഗീകാരം ലഭിക്കേണ്ട അനേകം ഹരിജൻ കോളനിയും പഞ്ചായത്തിലുണ്ട്. അച്ചൻകോവിൽ കിഴക്കേ കുഴിഭാഗം, അച്ചൻകോവിൽ - ലക്ഷം വീട് കോളനി, അച്ചൻകോവിൽ - നാല് സെന്റ് കോളനി വൈദ്യുതി ലൈനുകൾ അടിയന്തിരമായി സ്ഥാപിക്കണം. കഴുതുരുട്ടി-നാല്സെന്റ് കോളനിയിൽ, അടിയന്തിരമായി വൈദ്യുതിയെത്തിക്കണം.

പുകയില്ലാത്ത അടുപ്പുകൾ

പുകയിൽ അടങ്ങിയിട്ടുള്ള കാർബൺ മോണോക്സൈഡ്, കാർബൺ ഡയോക്സൈഡ് പല ശ്വാസകോശ രോഗങ്ങൾക്കും കാരണമാണ്. പഞ്ചായത്തിലെ മിക്ക വീടുകളിലും വിറകടുപ്പാണ് ഉള്ളത്. ചുരുക്കം ചില ഭവനങ്ങളിൽ മണ്ണെണ്ണ സ്റ്റൗ ഭാഗീകമായി ഉപയോഗിക്കുന്നു. കേന്ദ്ര ഗവ. സഹായത്തോടെ പ്രവർത്തിക്കുന്ന അനെർട്ട്, ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ ഏജൻസികൾ പുകയില്ലാത്ത അടുപ്പുകൾ സബ്സിഡൈസിഡ് റേറ്റിൽ ചെയ്തുകൊടുക്കുന്നുണ്ട്. ഒരു സെറ്റ് അടുപ്പിന് രൂപ 245 ആണ് ഈടാക്കുന്നത്. ഇതിൽ രു.100/-സബ്സിഡി ലഭിക്കും പട്ടികജാതി-വർഗ്ഗവിഭാഗക്കാർക്ക് 75% സബ്സിഡി നൽകുന്നു. ഈ ഏജൻസികൾ അടുപ്പ് ഫിറ്റ് ചെയ്യുന്നു. ഇത്തരം അടുപ്പുകൾ പഞ്ചായത്തിൽ വിരളമാണ്. ഇതിന് പ്രചാരം ലഭിച്ചാൽ ഇന്ധനലാഭവും വനനശീകരണവും തടയാൻ സാധിക്കും.

പാചകഗ്യാസ് ഇവിടെ ലഭ്യമല്ല. ലഭ്യമാക്കേണ്ടത് അടിയന്തിരാവശ്യമാണ്. മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, മണ്ണെണ്ണയുടെ ദൗർലഭ്യം ഇവ പരിഹരിക്കാൻ സിവിൽ സപ്ലൈസ് ഡിപ്പാർട്ട് മെന്റ് മുൻകൈയെടുക്കണം പഞ്ചായത്തിൽ എൽ. പി. ജി ഗ്യാസ് ഏജൻസിയ്ക്ക് ലൈസൻസ് നൽകണം.

ഗോബർഗ്യാസ് പദ്ധതി

പെട്രോളിയം ഗ്യാസ് കണക്ഷൻ ലഭിക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ആര്യങ്കാവ് പോലുള്ള മലയോരപഞ്ചായത്തുകൾക്ക് സ്വന്തംവീട്ടിൽ തന്നെ ലാഭകരമായി ഗ്യാസ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പദ്ധതിയാണ് ഗോബർഗ്യാസ് പ്ളാന്റ്. ഖാദി ബോർഡിൽ നിന്ന് 5000/- വരെ സബ്സിഡി ലഭിക്കുന്നതാണ്. മിക്കവാറും വീടുകളിൽ ഒന്നിലധികം കന്നുകാലികളുമുണ്ട്. അതോടൊപ്പം റബ്ബർഷീറ്റ് ഉത്പാദനവും ഉണ്ട്. ചാണകവും റബ്ബർ ഷീറ്റ് ഒറയൊഴിച്ചതിനു ശേഷമുള്ള ആസിഡ് വെള്ളവും കൂടി സംയോജിപ്പിച്ച് ടാങ്കിൽ നിറച്ചാൽ തീവ്രതയുള്ള ഫ്ളെയിം ലഭിക്കുന്നതാണ്. ഇതിന് വൻ സാധ്യത കാണുന്നു. തോട്ടം മേഖലകളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതാണ്.

കാറ്റിൽ നിന്ന് വൈദ്യുതി

പഞ്ചായത്തിലെ അമ്പനാട്, അച്ചൻകോവിൽ, ആനച്ചാടി കോട്ടവാസൽ ഭാഗങ്ങളിൽ ശക്തിയായ കാറ്റ് ലഭിക്കുന്ന ഭാഗങ്ങളാണ്. ഇവിടെ പങ്കകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാവുന്നതാണ്.

സൂര്യ പ്രകാശത്തിൽ നിന്ന് വൈദ്യുതി

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളാണ് അമ്പനാട്, അച്ചൻകോവിൽ. അച്ചൻകോവിൽ എസ്റ്റേറ്റിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും വഴി വിളക്ക് പ്രകാശിപ്പിക്കുന്നതിനും കഴിയുന്നതാണ്. ഇപ്രകാരം താഴെതോട്ടത്തിൽ പൊതുവിളക്കുകൾ സ്ഥാപിക്കാൻ കഴിയും.

പെട്രോൾ പമ്പ്

സംസ്ഥാന ബോർഡർ പഞ്ചായത്തായ ആര്യങ്കാവിൽ ദിനം പ്രതി കടന്നു പോകുന്നത് ആയിരകണക്കിന് വാഹനങ്ങളാണ്. മലയോരപ്രദേശമായ ഈ പഞ്ചായത്തിൽ പെട്രോൾ ലഭിക്കണമെങ്കിൽ തെന്മലയിലോ, പുനലൂരിലോ, കുളത്തുപ്പുഴയിലോ എത്തിച്ചേരണം. വാഹനങ്ങളുടെ തിരക്ക് കണക്കിലെടുത്ത് ബോർഡർ പഞ്ചായത്ത് എന്ന പരിഗണനയും നൽകി ഒരു പെട്രോൾ - ഡീസൽ പമ്പിന് ആര്യങ്കാവിൽ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഗ്യാസ് ഏജൻസി

സമീപ പ്രദേശങ്ങളിൽ ഗ്യാസ് ഏജൻസി ഉള്ളത് പുനലൂരിൽ ആണ്. ഇവിടെ നിന്നും എൽ. പി. ജി സിലണ്ടറുകൾ കൊണ്ടുവരിക വളരെ ബുദ്ധിമുട്ട് മാത്രമല്ല പുനലൂരിൽ നിന്നും കണക്ഷൻ കിട്ടുക വളരെ അസാദ്ധ്യവും. ഇത് പരിഗണിച്ച് ആര്യങ്കാവിൽ ഒരു ഗ്യാസ് ഏജൻസി നൽകേണ്ടതാണ്.

സാദ്ധ്യതകൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം
2. ലൈൻ ട്രിപ്പ് ആകുന്നത് ഒഴിവാക്കണം.
3. സ്ട്രീറ്റ് ലൈറ്റുകൾ ജംഗ്ഷനുകളിൽ സോഡിയം വേപ്പർലാമ്പുകൾ ആക്കണം.
4. ഗ്രൂപ്പടിസ്ഥാനത്തിൽ ഗോബർഗ്യാസ്

5. പാചകവാതകം, പെടോളിയം ഡീസൽ ഓയിൽ

6. കാറ്റ്പങ്കകൾ, സോളാർപാനൽ

പരിഹാരമാർഗ്ഗം

1. പുതിയ ട്രാൻസ് ഫോമറുകൾ സ്ഥാപിച്ചും നിലവിലുള്ള പുത്തോട്ടം ട്രാൻസ്ഫോമറിന്റെ ശേഷി വർദ്ധിപ്പിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.

2. തെന്മല നിന്ന് കൃ. എസ് റോഡിന് സമാന്തരമായി പുതിയ 11 കെ. വി ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ നെടുമ്പാറ ലൈനിന്റെ തിരക്ക് ഒഴിവാക്കുന്നതിനും, ലൈൻ ട്രിപ്പായാൽ കഴുതുരിട്ടി ലൈനിൽ നിന്നും പിടിച്ചുനൽകുന്നതിനും സാധിക്കും.

3. ജംഗ്ഷനുകളിൽ സോഡിയം ലാമ്പുകൾ സ്ഥാപിച്ചാൽ കൂടുതൽ ശക്തിയുള്ളതും മഞ്ഞുള്ള സമയങ്ങളിൽ പോലും റോഡ് ഗതാഗതം സുഗമമാക്കും. അപകടങ്ങൾ ഒഴിവാക്കാൻ കഴിയും.

4. തോട്ടം ലയങ്ങളിൽ ഒരു ലയത്തിലെ എല്ലാ കുടുംബക്കാർക്കും കൂടി ഒരു ടാങ്ക് നിർമ്മിച്ച് ഗോബർ ഗ്യാസ് ഗ്രൂപ്പടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് പരിഹാരം കാണാവുന്നതാണ്.

5. ബോർഡർ പഞ്ചായത്തായതിനാൽ എൽ. പി. ജി ഏജൻസി, പെട്രോൾ, ഡീസൽ ഏജൻസി തുടങ്ങിയാൽ ഗ്യാസ്, പെട്രോൾ, ഡീസൽ വിതരണം സുഗമമാക്കാം.

6. കാറ്റിൽ നിന്നും സൂര്യ പ്രകാശത്തിൽ നിന്നും വൈദ്യുതി ഉല്പ്പാദിപ്പിച്ചു ഉയർന്ന പ്രദേശങ്ങളിലെ വൈദ്യുത ക്ഷാമത്തിന് പരിഹാരം കാണാം.

മറ്റ് ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. കഴുതുരിട്ടി ആര്യങ്കാവ്, അച്ചൻകോവിൽ ക്യാഷ് കളക്ഷൻ സെന്റർ അനുവദിക്കുക

2. പുറംപോക്ക് നിവാസികൾക്ക് വൈദ്യുത കണക്ഷൻ നൽകുക.

3. തോട്ടം മേഖലകളിൽ നടപ്പാക്കാവുന്ന വികസനപ്രവർത്തനങ്ങളിൽ പഞ്ചായത്ത് എസ്റ്റേറ്റ് കൂട്ടായ തീരുമാനം.

4. തെരുവുവിളക്കുകൾക്ക് പ്രത്യേകം മീറ്റർ ഉപയോഗിക്കാത്ത തെരുവുവിളക്കുകൾക്ക് തീരുവ നൽകരുത്.

മാർക്കറ്റ്

കാർഷിക-വ്യവസായിക മേഖലകളിൽ മാർക്കറ്റുകളുടെ സ്വാധീനം എടുത്തുപറയേണ്ടതാണ്. ആര്യങ്കാവ് പഞ്ചായത്തിൽ രണ്ട് പൊതുമാർക്കറ്റുകളാണുള്ളത്. കഴുതുരുട്ടി പഞ്ചായത്തു മാർക്കറ്റും, ആര്യങ്കാവ് പഞ്ചായത്തു മാർക്കറ്റും. ഈ രണ്ടു മാർക്കറ്റുകളും തമിഴ്നാടിനോടടുത്ത് സ്ഥിതിചെയ്യുന്നതിനാൽ വൻവികസന സാദ്ധ്യതകളുള്ളതാണ്. പഴങ്ങൾ, പച്ചക്കറി, തുണിത്തരങ്ങൾ എന്നിവ തമിഴ്നാട്ടിൽ നിന്നും ഈ മാർക്കറ്റുകളിൽ എത്തുന്നു. ഈ പ്രദേശത്തുള്ള തേങ്ങ, അടക്ക, വെറ്റില, മറ്റു കാർഷികോല്പന്നങ്ങൾ എന്നിവ തമിഴ്നാട്ടിൽ നിന്നുള്ള വ്യാപാരികൾ വാങ്ങിക്കൊണ്ടു പോകുന്നു.

കഴുതുരുട്ടി പഞ്ചായത്ത് മാർക്കറ്റ്

പുനലൂർ, കുളത്തൂപ്പുഴ എന്നീ മാർക്കറ്റുകൾക്ക് കിഴക്കുള്ള പ്രധാന മാർക്കറ്റാണിത്. ഞായറാഴ്ച ദിവസങ്ങളിൽ നടക്കുന്ന ഈ മാർക്കറ്റിൽ പഞ്ചായത്തിലെ എട്ടു വാർഡുകളിൽ നിന്നും, തെന്മല പഞ്ചായത്തിൽനിന്നും ആളുകൾ എത്തുന്നുണ്ട്. വളരെ തിരക്കുള്ള ഈ മാർക്കറ്റിന്റെ പുരോഗതിക്ക് സ്ഥലപരിമിതി ഒരു തടസ്സമാണ്. അടുത്തകാലത്ത് മാർക്കറ്റ് കോൺക്രീറ്റു ചെയ്ത് സംരക്ഷിച്ചിട്ടുണ്ടെങ്കിലും ചുറ്റുമതിൽ ഇല്ലാത്തതിനാൽ കന്നുകാലികൾ അതിക്രമിച്ചു കയറി വൃത്തിഹീനമാക്കുന്നു. ഈ പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ ഈ മാർക്കറ്റിൽ നിന്നാണ് വാങ്ങുന്നത്.

ആര്യങ്കാവ് പഞ്ചായത്തു മാർക്കറ്റ്

ആര്യങ്കാവ് പഞ്ചായത്തിൽ 9-ാം വാർഡിലാണ് ഈ മാർക്കറ്റ്. ശനിയാഴ്ചതോറുമാണ് ഇതിന്റെ പ്രവർത്തനം. വിശാലമായ സ്ഥലമുണ്ടെങ്കിലും മാർക്കറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ല. വ്യാപാരികളുടേയും ഉപഭോക്താക്കളുടെയും എണ്ണം കുറഞ്ഞുവരുന്നു. ജെ. ആർ. വൈ സ്കീമിൽ താല്ക്കാലിക സ്റ്റാളുകൾ നിർമ്മിച്ചിട്ടുണ്ട്. മാർക്കറ്റിന് ചുറ്റുമതിൽ ഇല്ല. ഈ മാർക്കറ്റിനോടനുബന്ധിച്ച് കന്നുകാലിചന്ത കൂടി ആരംഭിക്കുവാൻ സാധ്യതയുണ്ട്.

സാധ്യതകൾ

1. കഴുതുരുട്ടി മാർക്കറ്റിന് കോമ്പൗണ്ടു വാളും ഓടകളും നിർമ്മിക്കുക.
2. ആര്യങ്കാവ്, കഴുതുരുട്ടി മാർക്കറ്റുകളിൽ സ്ഥിരം സ്ളോട്ടർ സൗകര്യം ഏർപ്പെടുത്തുക.
3. ആര്യങ്കാവു മാർക്കറ്റിന് കോമ്പൗണ്ടു വാളും വാഹനം കയറാനുള്ള റോഡും നിർമ്മിക്കുക.
4. ആര്യങ്കാവിൽ കാലിച്ചന്ത ആരംഭിക്കുക. തമിഴ്നാട്ടിൽ നിന്നെത്തുന്ന കന്നുകാലികളുടെ വ്യാപാരം ഇവിടെ നടക്കാൻ സാധ്യതയുണ്ട്. പഞ്ചായത്ത് വരുമാനം വർദ്ധിക്കുകയും ചെയ്യും.
5. അച്ചൻ കോവിൽ പ്രദേശത്ത് ഒരു പൊതുമാർക്കറ്റ് ആരംഭിക്കണം. ആ പ്രദേശത്തുള്ള കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും, നിത്യോപയോഗ സാധനങ്ങളുടെ വാങ്ങലിനും അതുപയോഗപ്പെടും.
6. മാർക്കറ്റുകൾക്ക് ബോർഡ് സ്ഥാപിക്കുക.
7. കഴുതുരുട്ടി മാർക്കറ്റിനോടു ചേർന്നുള്ള ഷോപ്പിംഗ് കോപ്ലക്സിന്റെ അറ്റ കുറ്റപ്പണികൾ അടിയന്തിരമായി ചെയ്യുക.
8. പബ്ലിക്ക് മാർക്കറ്റുകളിൽ നിന്നുള്ള മാലിന്യങ്ങളും, ചപ്പുചവറുകളും സംസ്കരിക്കുവാൻ അതതു മാർക്കറ്റുകളിൽ സൗകര്യം ഉണ്ടാക്കുക.
9. മാർക്കറ്റും പരിസരപ്രദേശങ്ങളും ശുചിയായി സൂക്ഷിക്കുക.

പൊതുവിതരണം

സംസ്ഥാനത്തെ ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു ഘടകം വിലക്കയറ്റമാണ്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ഒരു പരിധിവരെ വിലക്കയറ്റം നിയന്ത്രിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ പ്രധാന പൊതുവിതരണ കേന്ദ്രങ്ങൾ വാർഡുകളിൽ പ്രവർത്തിക്കുന്ന റേഷൻകടകളും, കഴുതുരുട്ടിയിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുമാണ്.

കഴുതുരുട്ടി മാവേലിസ്റ്റോർ

കഴുതുരുട്ടിയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ അവശ്യ സാധനങ്ങൾ മിതമായ വിലയ്ക്ക് നൽകുന്നു. ഉത്സവ കാലങ്ങളിൽ വലിയ തിരക്ക് അനുഭവപ്പെടുന്ന ഈ സ്ഥാപനത്തിൽ ജീവനക്കാരുടെ എണ്ണം കുറവാണ്. ഞായറാഴ്ച ദിവസം പ്രവർത്തനമുള്ള ഈ സ്ഥാപനത്തിന് തിങ്കളാഴ്ച അവധിയാണ്.

റേഷൻകടകൾ

ഈ പഞ്ചായത്തിന്റെ ഒമ്പതു വാർഡുകളിലായി10 റേഷൻ കടകൾ പ്രവർത്തിക്കുന്നു. റേഷൻകടകളിലേക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയവ പുനലൂർ നിന്നാണ് കൊണ്ടു വരേണ്ടത്. ഉൾ പ്രദേശങ്ങളിൽ സാധനങ്ങൾ എത്തിക്കുവാൻ കൂലിച്ചെലവ് വളരെ കൂടുതലാണ്. 3368 റേഷൻ കാർഡുടമകളാണ് ഈ പഞ്ചായത്തിലുള്ളത്.

പൊതുവിതരണം സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

സാധ്യതകൾ

1. ആര്യങ്കാവ്, അച്ചൻകോവിൽ, വെഞ്ചർ, അമ്പനാട് എന്നീ സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകളുടെ ശാഖകൾ ആരംഭിക്കണം
2. റേഷൻ കാർഡില്ലാത്ത എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് അനുവദിക്കണം.
3. പുതിയ മണ്ണെണ്ണ പെർമിറ്റുകൾ അനുവദിക്കുക.
4. റേഷൻ മൊത്ത വിതരണ ഡിപ്പോ കഴുതുരുട്ടിയിൽ ആരംഭിക്കുക.

പട്ടിക 1

ക്ര.ന	വിവരം	എണ്ണം
1	റേഷൻകടകൾ	10
2	റേഷൻ കാർഡുടമകൾ	3368
3	പ്രായപൂർത്തിയായവർ	14162
4	കുട്ടികൾ	1814
5	അനുവദിച്ച യൂണിറ്റുകൾ	30138
6	ആകെ അംഗങ്ങൾ	15976
7	വൈദ്യുതീകരിച്ച വീടുകൾ	661
8	വൈദ്യുതീകരിക്കാത്ത വീടുകൾ	2707

വിതരണ വിവരം (പട്ടിക)

ക്ര.ന	ഇനം	അളവ്
1	അരി (നോർമൽ)	16812 കി. ഗ്രാം
2	അരി (സബ്സിഡി)	13326 കി. ഗ്രാം
	ആകെ	**30138 കി. ഗ്രാം**
3.	ഗോതമ്പ്	30138 കി. ഗ്രാം
4.	മണ്ണെണ്ണ	14857 ലിറ്റർ
5	പെർമിറ്റ്-18	195.500
	ആകെ	**15052.500 ലിറ്റർ**
6.	പഞ്ചസാര	6390.400 കി. ഗ്രാം

പാർപ്പിടവും പരിസര ശുചീകരണവും

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ പാർപ്പിട പ്രശ്നം വളരെ രൂക്ഷമാണ്. ആര്യങ്കാവ് പഞ്ചായത്തിൽ മൊത്തം 5071 കെട്ടിടങ്ങൾ ഉള്ളതായിട്ടാണ് കണക്ക്. ടി കെട്ടിടങ്ങളുടെ കോൺക്രീറ്റ്, ഓട് മേഞ്ഞവ, ഓലമേഞ്ഞവ കുടിൽ എന്നിവ തരംതിരിച്ച് താഴെപട്ടികയിൽ ചേർത്തിരിയ്ക്കുന്നു. പഞ്ചായത്തിലെ ഒൻപതു വാർഡുകളിലെ 6 വാർഡുകളിലെ ഭൂരിഭാഗം ജനങ്ങളും എസ്റ്റേറ്റ് മേഖലയിലെ തൊഴിലാളികളാണ്. അവർ വസിക്കുന്നത് എസ്റ്റേറ്റ് വക ലയങ്ങളിലാണ്. ഒരു ലയത്തിൽ 6 കുടുംബങ്ങളാണ് താമസിയ്ക്കുന്നത്. ഒരു കുടുംബത്തിന് ഒരു അടുക്കള, ഒരു മുറി, വരാന്ത ഇതാണ് ലയങ്ങൾക്കുള്ളിലുള്ള സൗകര്യം. ലയങ്ങളിലെ സ്ഥലസൗകര്യം പരിമിതവും അപര്യാപ്തവുമാണ്. വൈദ്യുതിലയങ്ങളുടെ അടുത്ത് എത്തിയിട്ടുണ്ടെങ്കിൽ പോലും അപൂർവ്വം ലയങ്ങളിൽ മാത്രമേ വൈദ്യുതി കണക്ഷൻ കമ്പനിനൽകിയിട്ടുള്ളു. ലയങ്ങൾ യഥാസമയം റിപ്പയർ ചെയ്യുന്നതിന് എസ്റ്റേറ്റ് മാനേജുമെന്റ് തയ്യാറാകുന്നില്ല. ലയങ്ങൾക്കൊപ്പം ലാട്രിൻ സൗകര്യം എല്ലാ ഇടങ്ങളിലും ഏർപ്പെടുത്തിയിട്ടില്ല. ഉള്ളവതന്നെ വളരെ പഴകിയതും പൊട്ടി ഒലിയ്ക്കുന്നവയുമാണ്. പഞ്ചായത്തിൽ സ്വന്തമായി പാർപ്പിടം ഇല്ലാത്തവരുടെ വാർഡുതിരിച്ചുള്ളലിസ്റ്റ് പട്ടിക രണ്ടിൽ ചേർത്തിരിയ്ക്കുന്നു. പ്രസ്തുത പട്ടിക പരിശോധിച്ചാൽ സ്വന്തം വസ്തു ഉണ്ടായിട്ടും വീട് നിർമ്മിയ്ക്കുന്നതിന് കഴിയാത്തവരുടേയും വസ്തുവും വീടും ആവശ്യമുള്ള വരുടേയും വിവരങ്ങൾ ബോദ്ധ്യമാകുന്നതാണ്. വർഷങ്ങൾക്കുമുമ്പ് പഞ്ചായത്തിൽനിന്നും ഇടപ്പാളയം, ആര്യങ്കാവ് എന്നിവിടങ്ങളിൽ ലക്ഷം വീട് പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ച് നൽകിയിട്ടുള്ളതും ഇതേ പദ്ധതി പ്രകാരം അച്ചൻകോവിലിൽ 4 സെന്റ് ഭൂമിവീതം വിതരണം ചെയ്തിട്ടുള്ളതുമാണ്. ആര്യങ്കാവ്, ഇടപ്പാളയം എന്നിവിടങ്ങലിലെ ഓ. എൽ. എച്ച്. എസ് കോളനികളിലെ വീടുകൾ പച്ചക്കട്ട കൊണ്ടുനിർമ്മിച്ചതാകയാൽ വർഷങ്ങളുടെ പഴക്കത്തിൽ കെട്ടിടങ്ങൾക്ക് ബലക്ഷയം ഉണ്ടായിട്ടുണ്ട്. ടി കോളനികളിൽ ഇടപ്പാളയം കോളനിയിലെ വീടുകൾക്ക് മാത്രമാണ് നാമമാത്രമായ മെയിന്റനൻസ് നടത്തിയിട്ടുള്ളത്. ലക്ഷം വീടുകൾക്ക് അടിയന്തിരമായ പുതുക്കിപണിയൽ ജോലികൾ ആവശ്യമാണ്. അച്ചൻ കോവിൽ പടിഞ്ഞാറുഭാഗത്തെ ലക്ഷംവീട് കോളനിയിൽ 40 വീടുകൾ ഉള്ളതിൽ ഭൂരിഭാഗവും പുൽക്കുടിലുകളാണ്. ഇതിലെ ഭൂരിഭാഗം കുടിലുകളിലും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരും മറ്റുപിന്നോക്ക വിഭാഗക്കാരുമാണ് താമസം. പട്ടികജാതിക്കാർ ഏറെ വസിക്കുന്നതുകൊണ്ട് പട്ടികജാതി സെക്ടറിൽ ഏതെങ്കിലും സ്കീം പ്രസ്തുത കോളനിയിൽ ഏർപ്പെടുത്താവുന്നതാണ്. കിഴക്കുഭാഗത്തെ കോളനിയിലേയും സ്ഥിതി ഇതുതന്നെയാണ്. അച്ചൻകോവിൽ ലക്ഷംവീട് കോളനിയിലെ കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിയ്ക്കുന്നതിന് പ്രത്യേകം സ്കീം ഉണ്ടാകണം.

പട്ടിക 1

കെട്ടിടങ്ങൾ സംബന്ധിച്ചത്

വാർഡ്	കെട്ടിടങ്ങളുടെ ആകെ എണ്ണം	ഒന്നിലധികം നിലയുള്ളത്	കോൺക്രീറ്റ്	ഓട്	ഓല/പുല്ല്	മറ്റുള്ളവ
1	371	2	–	–	40	329
2	370	–	6	20	12	332
3	407	–	3	150	50	204
4	486	–	3	85	125	273
5	481	2	4	110	4	361

6	322	–	–	106	22	194
7	789	–	14	256	181	338
8	802	3	12	376	211	200
9	1043	7	76	360	40	560
ആകെ	**5071**	**14**	**118**	1463	**685**	**2791**

വീടില്ലാത്തവരുടെ വിവരം

വാർഡ് നമ്പർ	സ്ഥലം ഉണ്ട് വീടില്ല	സ്ഥലവും വീടും ഇല്ലാത്തവർ	ആകെ
1	10	--	10
2	15	25	40
3	25	15	40
4	--	15	15
5	--	15	15
6	--	30	30
7	100	50	150
8	100	50	150
9	45	40	85

പട്ടിക 3

കോളനി നിവാസികൾ, വീടില്ലാത്തവർ

കോളനിയുടെ പേര്	കുടുംബങ്ങൾ	വീടില്ലാത്തവർ
1. ഇടപ്പാളയം 4 സെന്റ് കോളനി	36	5
2. ഇടപ്പാളയം തേവർകാട് കോളനി	40	10
3. ഇടപ്പാളയം ആറുമുറിക്കടകോളനി	40	15
4. അച്ചൻകോവിൽ 4 സെന്റ് കോളനി	24	22

പഞ്ചായത്തിൽ നിന്ന് ആച്ചൻകോവിലിലും ഇടപ്പാളയത്തും ഭൂരഹിതർക്കും 4 സെന്റ് ഭൂമി വീതം നൽകി പുനരധിവസിപ്പിക്കുന്ന സ്കീമിൽ കഴുതുരുട്ടി L.P.S. ന് സമീപമുള്ള കോളനിയിൽ 36 കുടുംബങ്ങളേയും അച്ചൻകോവിൽ 4 സെന്റ് കോളനിയിൽ 24 കുടുംബങ്ങളേയും പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇടപ്പാളയം തേവർകാട് കോളനിയിൽ റെയിൽവേസ്റ്റേഷനുസമീപം 40 കുടുംബങ്ങളേയും ഇടപ്പാളയം ആറുമുറിക്കട കോളനിയിൽ 40 കുടുംബങ്ങളേയും ഭൂമി നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കോളനിനിവാസികളിൽ ഇനിയും പാർപ്പിടം ഇല്ലാത്ത കുടുംബങ്ങളുടെ വിവരം പട്ടിക മൂന്നിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭവനരഹിതർക്ക് വീട് നൽകുന്നതിന് പഞ്ചായത്ത് ഉൾപ്പെടെയുള്ള നിലവിലുള്ള ഏജൻസികളുടെ പ്രവർത്തനം ഒട്ടും പര്യാപ്തമല്ലാ എന്ന് കാണുന്നു. വീട് നിർമ്മിക്കുന്നതിന് പഞ്ചായത്ത്/ സർക്കാർ ഗ്രാന്റ് യഥാർത്ഥ നിർമ്മാണച്ചിലവിന്റെ പകുതി മാത്രമാണ്. ഈ തുക കൊണ്ട് പാവപ്പെട്ടവർക്ക് വീട് നിർമ്മാണം പൂർത്തീകരിയ്ക്കാൻ കഴിയാതെ വരുന്നു. പൂർത്തീകരിക്കുന്നവരാകട്ടെ കടക്കെണിയിലും. കൊല്ലം ചെങ്കോട്ടറോഡിന്റ് വികസനത്തിന് കഴുതുരുട്ടി, ആര്യങ്കാവ് ഭാഗങ്ങളിൽ നിന്നും പുനരധിവസിപ്പിക്കേണ്ടവരെ മുൻകൂട്ടി കണ്ടെത്തി പരിഹാരം ഉണ്ടാക്കണം.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം

പാർപ്പിടപ്രശ്നം ഈ പഞ്ചായത്തിൽ കൂടുതൽ സങ്കീർണ്ണമാണെന്ന് പറഞ്ഞുവല്ലോ? ഇത് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് ഏഴാം വാർഡായ അച്ചൻകോവിലിലാണ്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വനമേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ വന പ്രദേശത്ത് പാറപൊട്ടിച്ചെടുക്കുന്നതിനും തടികൾ കൊണ്ട് വരുന്നതിനും പോകുന്നതിനും അനുമതികൾ വാങ്ങേണ്ടിവരുന്നു. പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെടാത്ത മറ്റ് ദുർബലവിഭാഗക്കാർക്ക് നിലവിൽ വീട് വയ്ക്കുന്നതിന് വർഷാവർഷം ധനസഹായം ലഭിക്കുന്നത് പരമാവധി പത്തുപേർക്കാണ്. പ്രസ്തുത വിഭാഗത്തിൽ പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് കൂടുതൽ സ്കീമുകൾ ഉണ്ടാവണം. പ്രതിവർഷം നൂറുപേർക്കെങ്കിലും ഈ വിഭാഗത്തിൽ നിന്നുള്ളവർക്ക് വീടുവച്ച് നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാകേണ്ടതാണ്. ഈ പഞ്ചായത്തിൽ ഹൗസിംഗ് സഹകരണ സംഘങ്ങൾ നിലവിലില്ല. തൊഴിലാളികളുടെ വേതനം ദിനം പ്രതി കൂടിവരുന്നു. എന്നിട്ടും തൊഴിലാളികളെ ആവശ്യത്തിന് കിട്ടാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

പഞ്ചായത്തുകളിൽ കക്കൂസില്ലാത്ത വീടുകൾ 1188 ഇവയുടെ വാർഡുതിരിച്ചുള്ള എണ്ണം പട്ടിക 4 ൽ ചേർത്തിരിക്കുന്നു. എസ്റ്റേറ്റ് വക ലയങ്ങളിൽ ഭൂരിഭാഗവും ലയങ്ങളോടൊപ്പം കക്കൂസ് സൗകര്യങ്ങളില്ല. ഉള്ളവതന്നെ ഏറെയും പൊട്ടിനശിച്ചവയാണ്. കൂടുതലും വന പ്രദേശത്തെ താമസക്കാരായതിനാൽ വീടിനൊപ്പം കക്കൂസ് നിർമ്മിക്കുന്നതിൽ തല്പരരുമല്ല. ശുചിത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ വീട് നിർമ്മിച്ചിട്ടുള്ളവർ വളരെ പരിമിതമാണ്. പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

പട്ടിക 4കക്കൂസില്ലാത്ത കുടുംബങ്ങൾ

വാർഡ്	എണ്ണം
1	22
2	30
3	32
4	15
5	190
6	42
7	200
8	208
9	165

1. കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുന്നതിന് നടപടികളുണ്ടാവണം.
2. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.
3. ലക്ഷം വീടുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയാറാക്കണം.
4. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതിയിൽ ആവശ്യമായ ഭൂമി എടുത്ത് വിതരണം ചെയ്യുക
5. കൊല്ലം ചെങ്കോട്ട റോഡ് വികസനത്തിന് ഭാവിയിൽ ഒഴിപ്പിക്കേണ്ടതായ കുടുംബങ്ങളെ മുൻകൂട്ടി കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് സ്കീം തയാറാക്കുക.
6. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടില്ലാത്തവരുടെ ലിസ്റ്റ് പ്രത്യേകമായി എടുത്ത് മുൻഗണനാക്രമത്തിൽ തയ്യാറാക്കി കുറഞ്ഞ വർഷംകൊണ്ട് പാർപ്പിടം നിർമ്മിച്ച് നല്കുന്നതിന് പദ്ധതി ആവിഷ്കരിക്കണം.

7. നാല് സെന്റ് കോളനികളിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും താമസിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാരല്ലാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പാർപ്പിടം ഇല്ലാത്തവർക്ക് പ്രത്യേകം സ്കീം തയാറാക്കുക മം. ഇത്തരക്കാർക്ക് നിലവിൽ വർഷാവർഷം അനുവദിക്കുന്ന സർക്കാർ സ്കീമുകളിലെ വീടുകളുടെ എണ്ണം ചുരുങ്ങിയത് പത്തിരട്ടിയായി വർദ്ധിപ്പിക്കുക.

8. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ദരിദ്രവിഭാഗത്തിൽപെട്ട മറ്റുള്ളവർക്കും പാർപ്പിടനിർമ്മാണത്തിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ നിന്നും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ പാറ പൊട്ടിച്ചെടുക്കുന്നതിന് നടപടികളുണ്ടാവണം.

9. വീടുവയ്ക്കുന്നതിന് ആനുകൂല്യം ലഭിച്ചാലും ആയത് ചെയ്യാൻ കഴിയില്ല എന്ന് കണക്കാക്കി തീരെ അവശരായ ചില ആൾക്കാർക്കും ഗിരിവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിന് ഉദ്യോഗസ്ഥരും മറ്റ് അധികാരികളും മടികാട്ടുന്നു. ഇത്തരകാർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ട ജനകീയ സമിതികൾ ഉണ്ടാവണം. കെട്ടിട നിർമ്മാണ സഹകരണചുമതല സംഘങ്ങളെ ഏൽപ്പിച്ചാലുമതിയാകും.

10. എസ്റ്റേറ്റ് ലയങ്ങളിലെ പഴകിയ ലയങ്ങൾ അടിയന്തിരമായി പുതുക്കിപണിയുന്നതിനും മറ്റുള്ളവ കൃത്യമായി കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തുന്നതിനും നടപടികളുണ്ടാവണം.

11. കുറഞ്ഞചിലവിൽ ഭവന നിർമ്മാണം സാദ്ധ്യമാക്കുന്നതിന് നിർമ്മിതി കേന്ദ്രം, ലാറിബേക്കർ സെൽ, തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം ഈ പഞ്ചായത്തിൽ ലഭ്യമാക്കണം.

12. ഹൗസിംഗ് ബോർഡിന്റെ പദ്ധതികൾക്ക് പ്രചാരം നൽകുകയും കൈവശ രേഖ മാത്രമുള്ളവർക്കും വായ്പ ലഭിക്കുന്നതിന് പ്രത്യേക ഉത്തരവിനായി ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെടണം.

13. വിവിധ സഹായ പദ്ധതികളിൽ ആനു കൂല്യം ലഭിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗകാർക്കും വിവിധ വിഭാഗങ്ങൾക്കും റവന്യൂ ആഫീസുകളിൽ നിന്നും പ്രത്യേകിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നും ഉള്ള വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ട് വരുന്നത് ഒഴുവാക്കണം.

14. ഭവന നിർമ്മാണ രംഗത്തെ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യതയ്ക്ക് ആവശ്യമായ നടപടികളുണ്ടാവണം. കൂടാതെ ട്രൈസം സ്കീമിൽ മേസന്ത്രി ഒരു വിഷയമാക്കി യുവാക്കളെ ഇതിലേക്ക് പ്രോത്സാഹിപ്പിക്കണം.

15. ഭവന നിർമ്മാണത്തിന് വിവിധ സ്കീമുകളിൽ നൽകുന്ന ഗ്രാന്റ് തുക നിലവിലുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കുക.

16. സർക്കാർ ഏജൻസി വഴി അനുവധിക്കുന്ന വീടുകൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കാല താമസം നേരിടുന്നത് ഒഴിവാക്കണം.

17. ഭവന വായ്പ നൽകുന്നതിന് പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള എല്ലാ ബാങ്കുകൾക്കും സഹകരണ സംഘങ്ങൾക്കും ടാർജറ്റ് നിശ്ചയിച്ച് നൽകുക.

18. പൂർത്തി ആവാത്ത വീടുകളുടെ പൂർത്തീകരണത്തിന് അടിയന്തര നടപടികൾ കൈക്കൊള്ളണം. വളരെ മുമ്പ് അനുവദിച്ച വീടുകൾക്ക് നിലവിൽ നൽകുന്ന ഗ്രാന്റ് തുകപ്രകാരം ബാക്കിതുക അനുവദിച്ച് പൂർത്തീകരിക്കുന്നതിന് അടിയന്തിരമായി നടപടിയുണ്ടാകണം.

19. പട്ടയം ലഭിക്കാത്ത വർഷങ്ങളായി ശേഷിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് അടിയന്തിരമായി നടപടിയുണ്ടാവണം. 1977 നു മുമ്പ് വനഭൂമി കൈവശം ലഭിച്ചവർക്ക് പട്ടയം ലഭിക്കണം.

20. വീടുകളുടെ പൂർത്തീകരണത്തിന് പ്രത്യേകമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണം.

21. നിലവിലുള്ള ബ്ലോക്ക് ഹൗസിംഗ് എക് സ്റ്റൻഷൻ ഓഫീസറുടെ സേവനം പഞ്ചായത്ത് തലത്തിൽ ഫലവത്താക്കണം.

22. ഓല, പുല്ല് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് സ്ഥിരമായ മേൽക്കൂര നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം.

23. ആധുനിക രീതിയിലുള്ള കക്കൂസ് നിർമ്മിച്ച് നൽകുന്നതിന് വിവിധ പദ്ധതികൾ ആവിശ്കരിക്കുക. 5 വർഷംകൊണ്ട് എല്ലാ വീടുകൾക്കും കക്കൂസെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് നടപടികളുണ്ടാവണം. ശുചിത്ത ബോധം വളർത്തുകയും ചെയ്യുക.

24. സന്നദ്ധ സംഘടനകളെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കൂടുതൽ പ്രോത്സാഹിപ്പിക്കുക.

25. സൗജന്യമായി നൽകുന്ന വീടുകളും വസ്തുക്കളും ഇഷ്ടദാനമൊഴികെ മറ്റ് യാതൊരു കരാറിന്മേലും കൈമാറ്റം ചെയ്യുന്നത് നിരോധിക്കുക. കൂടാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ, പ്ലോട്ടുകൾ അർഹരായവർക്ക് നൽകുന്നതിന് നടപടിയുണ്ടാവണം.

സാമൂഹ്യക്ഷേമം

ഒരു പ്രദേശത്തിന്റെ സാമൂഹ്യക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ആ പ്രദേശത്തെ ദരിദ്രജനവിഭാഗങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, പ്രാദേശിക സവിശേഷതകൾ വിശകലനം ചെയ്യേണ്ടതുണ്ട്. കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരഗ്രാമമായ ആര്യങ്കാവ് പഞ്ചായത്തിലെ ജനസംഖ്യ 15585 ആണ്. കർഷകർ, കർഷകതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, വനമേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികൾ എന്നിവരുൾപ്പെടുന്നതാണ് ഇവിടുത്തെ ജനസഞ്ചയം. ജനസംഖ്യയുടെ 25-30 ശതമാനം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളാണ്. 75% കുടുംബങ്ങളും ദാരിദ്ര്യമനുഭവിക്കുന്നവരാണെങ്കിലും ഐ. ആർ. ഡി. പി. സർവ്വേ കണക്കുകൾ ഇത് അംഗീകരിക്കുന്നില്ല. ഒരു പ്രദേശത്തെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാതെ വികസനമെന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാനാവില്ല.

അവശജനവിഭാഗങ്ങളുടെ ക്ഷേമത്തിന് പ്രത്യേക പരിഗണന നൽകുക എന്നതാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കാതലായ ലക്ഷ്യം. സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യപരിപാലനം, സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ഉറപ്പുവരുത്തൽ, വിധവകൾ, വൃദ്ധർ, അഗതികൾ, വികലാംഗർ, രോഗികൾ, എന്നിവരുടെ സംരക്ഷണം തുടങ്ങി സാമൂഹ്യക്ഷേമ പദ്ധതികളുടെ ഒരു ശൃംഖല തന്നെ വികസനത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. എന്നാൽ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഈ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി ലഭിച്ചു എന്ന പറയാൻ കഴിയില്ല.

സഹായപദ്ധതികളെക്കുറിച്ചുള്ള അജ്ഞത, ഉദ്യോഗസ്ഥതലത്തിലുള്ള കാലതാമസം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ക്ഷേമപ്രവർത്തനനടത്തിപ്പിന് വിലങ്ങുതടിയാകുന്നു. ത്രിതല പഞ്ചായത്തു ഭരണ സംവിധാനത്തിൻ കീഴിൽ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതോടെ ഈ അവസ്ഥയ്ക്ക് മാറ്റം വരുമെന്നു പ്രതീക്ഷിക്കാം.

വിവിധ പെൻഷൻ പദ്ധതികൾ

1. വാർദ്ധക്യകാല പെൻഷൻ

വാർദ്ധക്യത്തിൽ ആശ്രയത്തിന് മറ്റാരുമില്ലാത്ത വൃദ്ധജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതിയാണിത്. അർഹതയുള്ള എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ 12 പേർക്ക് മാത്രമാണ് ഈ പെൻഷൻ ലഭിക്കുന്നത്.

2. വിധവാ പെൻഷൻ

അകാലത്തിൽ വൈധവ്യം സംഭവിച്ച സ്ത്രീകൾക്കു വേണ്ടിയുള്ള പ്രതിമാസ പെൻഷൻ പദ്ധതിയാണിത്. ഈ പെൻഷൻ വിതരണത്തിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഈ പ്രദേശത്ത് 36 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്.

3. കർഷകത്തൊഴിലാളി പെൻഷൻ

തൊഴിൽ ചെയ്യുവാനുള്ള ആരോഗ്യം നഷ്ടപ്പെട്ട കർഷകത്തൊഴിലാളികൾക്ക് വേണ്ടിയുള്ള പ്രതിമാസ പെൻഷൻ പദ്ധതിയാണിത്. 14 പേർക്ക് ഈ പ്രദേശത്ത് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്.

4. വികലാംഗപ്പെൻഷൻ

പഞ്ചായത്തിൽ 136 വികലാംഗർ ഉള്ളതായി വികലാംഗരെ സംബന്ധിച്ച സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 2

5 വയസ്സിൽതാഴെ		5-10		10-18		18-25		25-45		45-60		60ന് മുകളിൽ		ആകെ		
പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ												
-	-	-	-	-	-	14	8	22	8	16	14	51	36	87	7	3	10	3	-	3	83	53	136

പട്ടിക 3

വൈകല്യങ്ങൾ

ചലനം	കാഴ്ച	കേഴ്വി സംസാരം	മന്ദബുദ്ധി	ഒന്നിലധികം വൈകല്യം	മറ്റിനം	ആകെ
76	11	18	9	18	4	136

വികലാംഗക്ഷേമത്തിനുള്ള വിവിധ പദ്ധതികൾ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നുണ്ട്. ഇവർക്ക് തൊഴിൽപരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിൽ ഇല്ല. ഇവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. വികലാംഗ പെൻഷൻ ലഭിക്കുന്നവർ 27 പേരുണ്ട്.

പട്ടിക 4

പഞ്ചായത്തിൽ നടപ്പാക്കിയ സഹായപദ്ധതികൾ

ക്രമ.നമ്പർ	പദ്ധതിയുടെ വിവരം	സഹായം ലഭിച്ചവരുടെ എണ്ണം
1	വാർദ്ധക്യകാല പെൻഷൻ	12
2	വിധവാ പെൻഷൻ	36
3	വികലാംഗപെൻഷൻ	27
4	ടി. ബി. പെൻഷൻ	2
5	ക്യാൻസർ ചികിത്സാ സഹായം	5
6	കുഷ്ഠരോഗ ചികിത്സ	12
7	വിധവകളുടെ പെൺമക്കൾക്ക് വിവാഹ സഹായം	6
8	തൊഴിലില്ലായ്മ വേതനം	99
9	പുനരധിവാസ പദ്ധതി	92 കുടുംബങ്ങൾ
10	പ്രകൃതിക്ഷോഭ സഹായം	413
11	ജീവഹാനി സഹായം കുട്ടികൾ, മുതിർന്നവർ	4+7=11
12	കർഷക തൊഴിലാളി പെൻഷൻ	14
13.	സ്വയം തൊഴിൽ സഹായം	2

പട്ടിക 5

ജെ. ആർ. വൈ. സ്കീമിൽ നടപ്പാക്കിയ നിർമ്മാണപ്രവർത്തനങ്ങൾ 1996

ക്ര. ന	ഏറ്റെടുത്ത പണികൾ	1996 വർഷത്തിൽ
		ചിലവാക്കിയതുക
1	ഇടപ്പാളയം 4 സെന്റ് കോളനി റോഡുവികസനം	90,000 രൂപ
2	ടി. സി. എൻ. എം ഹൈസ്കൂളിന് ഓടയും, സൈഡ് വാളും	25,000 രൂപ
3	പഞ്ചായത്ത് സാസ്കരാരിക നിലയം സൈഡ്വാൾ കെട്ടൽ	20,000 രൂപ
4	10 ഹരിജന കുടുംബങ്ങൾക്ക് വീടു വച്ചുനൽകൽ	1,15,600 രൂപ
	ആകെ	2,50,600 രൂപ

D.W.C.R.A

വനിതകൾക്കുള്ള വ്യവസായ സംരംഭങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയാണിത്. ഈ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരമുള്ള വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തുപ്രദേശത്ത് ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള വ്യവസായങ്ങളാണ് പരിഗണിക്കേണ്ടത്. പ്രാദേശിക വിപണികൂടി കണ്ടെത്തിയാൽ ഏറെനല്ലത്. പക്ഷേ ഈ പദ്ധതിയിലൂടെയുള്ള വ്യവസായ സംരഭങ്ങൾ ഏറ്റെടുക്കുവാൻ സ്ത്രീകൾ മുന്നോട്ടു വരുന്നില്ല. പഞ്ചായത്തുതലത്തിൽ ബോധവൽക്കരണവും, അനുഭവജ്ഞാനമുള്ള വനിതാ വ്യവസായ സംരഭകരുടെ പ്രോത്സാഹനവും ഉണ്ടെങ്കിൽ ഈ സ്ഥിതി മാറ്റിയെടുക്കാനാവും. ഈ പദ്ധതിയിൽ 2 യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

പട്ടിക 6

വർഷം	ഇനം	പ്രവർത്തിക്കുന്ന അംഗങ്ങൾ	റിമാർക്ക്
95–96	തയ്യൽ യൂണീറ്റ്	11	പ്രവർത്തനം ആരംഭിച്ചിട്ടില്ല
95–96	ബീഡി തെറുപ്പ് യൂണിറ്റ്	12	പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഐ. ആർ. ഡി. പി

ദാരിദ്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതിയാണിത്. ഇതിലേയ്ക്കായി പ്രത്യേക സർവ്വേ നടത്തി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള എല്ലാ കുടുംബങ്ങളും ആ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. നിലവിലുള്ള ലിസ്റ്റ് സംബന്ധിച്ച വിവരങ്ങൾ

പട്ടിക 7

ആകെ	ദാരിദ്ര്യരേഖയ്ക്ക്	ഇതുവരെ സഹായം	സഹായം ലഭിക്കാത്ത
കുടുംബങ്ങൾ	താഴെയുള്ള കുടുംബങ്ങൾ	ലഭിച്ച കുടുംബങ്ങൾ	കുടുംബങ്ങൾ
2032	645	201	444

ശുചിത്വപരിപാടി

ശുചിത്വപരിപാലനം ശരിയായി നടത്തിയാൽ ഒട്ടനവധി രോഗങ്ങൾ ഒഴിവാക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത വീടുകൾ 1188 ആണ്. കഴിഞ്ഞ പദ്ധതിക്കാലത്ത് 52 കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. ഒരു വീടിന് ഒരു കക്കൂസ് എന്ന ലക്ഷ്യം നേടേണ്ടിയിരിക്കുന്നു.

വനിതാ ശിശുക്ഷേമം

വനിതാ ശിശുക്ഷേമ രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് നടന്നിട്ടില്ല. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണം സന്തുഷ്ട കുടുംബം എന്ന ലക്ഷ്യത്തിലധിഷ്ഠിതമാണ്. ഈ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമ യൂണിറ്റുകളാണ് അംഗൻവാടികൾ. ഗർഭണികൾ, മുലയൂട്ടുന്ന അമ്മമാർ, അഞ്ചുവയസ്സുവരെയുള്ള കുട്ടികൾ എന്നിവരുടെ ശാരീരീക മാനസ്സിക ബൗദ്ധിക വികാസത്തിന് അങ്കൻ വാടിയുടെ പ്രവർത്തനം അനിവാര്യമാണ്. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് അംഗൻവാടികൾ ഈ പഞ്ചായത്തിന്റെ 7-ാം വാർഡിൽ പ്രവർത്തിക്കുന്നു. മറ്റ് 8 വാർഡുകളിൽ അംഗനവാടികളില്ല. അംഗൻവാടികളുടെ പ്രവർത്തനങ്ങൽ വിലയിരുത്തുവാനും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുവാനും ജന പ്രതിനിധി ചെയർമാനായുള്ള വെൽഫെയർ സമിതികൾ രൂപീകരിക്കണം.

എസ്റ്റേറ്റ് ബാലവാടികൾ

ഈ പഞ്ചായത്തിലെ 6 വാർഡുകൾ സ്വകാര്യ തോട്ടം മേഖലയാണ്. ഈ പ്രദേശത്തെ കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യ പരിപാലനം എസ്റ്റേറ്റ് മാനേജ്മെന്റ് വക ബാലവാടികളിലൂടെ നിർവ്വഹിക്കപ്പെടുന്നു. 13 ബാലവാടികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില ബാലവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. എസ്റ്റേറ്റിലെ ചില ഡിവിഷനുകളിൽ വനിതാ ശിശുക്ഷേമ രംഗത്ത് യാതൊരു ക്ഷേമ പരിപാടികളും നടപ്പിലാക്കിയിട്ടില്ല. തൃപ്തികരമായി പ്രവർത്തിക്കാത്ത ഡിവിഷനുകളിൽ ഐ. സി. ഡി. എസ് ന്റെ പോഷക ആഹാര വിതരണ പദ്ധതി നടപ്പാക്കണം.

അഗതി മന്ദിരം

അനാഥരായ ബാലികാ, ബാലൻമാരെ പുനരധിവസിപ്പിക്കുന്നതിന് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ അഗതി മന്ദിരങ്ങൾ ജില്ലാതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. അർഹതയുള്ളവരെ കണ്ടെത്തി അധികാരികളുടെ ശുപാർശയോടെ അവരെ ഈ മന്ദിരങ്ങളിൽ എത്തിക്കുന്ന പ്രവർത്തനം നമ്മുടെ ഈ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

ബാലഭവൻ

കുറ്റവാസന, അക്രമ വാസന എന്നിവയുള്ള 14 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ സംരക്ഷണത്തിനുള്ള സ്ഥാപനമാണിത്. ഇവരെ കണ്ടെത്തി ഈ സ്ഥാപനങ്ങളിൽ എത്തിക്കാനുള്ള പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു.

ആഫ്റ്റർ കെയർ ഹോം

അപഥ സഞ്ചാരിണികളായ വനിതകളെ സൻമാർഗ്ഗത്തിന്റെ പാതയിലേക്ക് കൊണ്ടുവാരാനും തൊഴിൽ പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാനുള്ള സഹായങ്ങൾ ചെയ്യുവാനും വേണ്ടിയുള്ള കേന്ദ്രങ്ങളും ജില്ലാതലത്തിലുണ്ട്.

സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ധനസഹായം എത്തിക്കുന്ന മറ്റ് ചില പദ്ധതികളും സാമൂഹ്യ ക്ഷേമ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. വിവാഹിതയല്ലാത്ത അമ്മ, ഉപേക്ഷിക്കപ്പെട്ട സ്ത്രീ, ബലാൽക്കാരത്തിന് വിധേയയായ സ്ത്രീ, മാരകമായ അസുഖം ബാധിച്ച ഭർത്താവുള്ള സ്ത്രീ, വിധവ, സംഘർഷത്തിലോ അല്ലാതെയോ വധിക്കപ്പെട്ട ആളുടെ ഭാര്യ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകൾക്ക് അവരുടെ സംഘടന മുഖേനയും അപേക്ഷ നൽകാവുന്നതാണ്.

പ്രശ്നങ്ങൾ

1. സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളുടെ കുറവ്.
2. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത.
3. ഉദ്യോഗസ്ഥ തലത്തിലുള്ള കാലതാമസം.
4. ഐ. ആർ. ഡി. പി സർവ്വേയിലുള്ള അപാകത.
5. സന്നദ്ധ സംഘടനകളുടെ കുറവ്.
6. സ്ത്രീകളുടെ അദൃശ്യത.

സാധ്യതകൾ, ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഒന്നു മുതൽ ഏഴുവരെ വാർഡുകളിൽ ഇപ്പോൾ നിലവിലുള്ള ബാലവാടികൾ, അംഗൻ വാടികൾ എന്നിവയ്ക്കു പുറമേ സാമൂഹ്യക്ഷേമ വകുപ്പിന്റെ ഓരോ അംഗൻവാടികൾ കൂടി പ്രവർത്തനമാരംഭിക്കണം.
2. എട്ടാം വാർഡിൽ ഇടപ്പാളയം ലക്ഷംവീട്, ആറുമുറിക്കട ഭാഗങ്ങളിൽ രണ്ട് അംഗൻവാടികൾ പ്രവർത്തനമാരംഭിക്കണം
3. ഒൻപതാം വാർഡിൽ പട്ടികവർഗകോളനി, പട്ടികജാതി കോളനി, കരയാളർമെത്ത് ഭാഗങ്ങളിൽ മൂന്ന് അംഗൻ വാടികൾ പ്രവർത്തനമാരംഭിക്കണം.
4. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ഓരോ അംഗൻവാടിക്കും വെൽഫയർ സമിതികൾ രൂപീകരിക്കണം.
5. അംഗൻവാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ ആരംഭിക്കണം
6. എല്ലാ വാർഡുകളിലും D.W.C.R.A പദ്ധതി പ്രകാരമുള്ള വനിതാ വ്യാവസായ യൂണിറ്റുകൾ ആരംഭിക്കണം.
7. സാമൂഹ്യക്ഷേമ വകുപ്പിന്റെ ക്ഷേമ-പെൻഷൻ പദ്ധതികളുടെ വിവരങ്ങൾ ഓരോ വാർഡിലും വാർത്താ ബോർഡുകൾ സ്ഥാപിച്ച് അതിൽ പ്രദർശിപ്പിക്കണം.
8. ഐ. ആർ. ഡി. പി പുനർ സർവ്വേ നടത്തി അർഹതയുള്ള എല്ലാ കുടുംബങ്ങളേയും ലിസ്റ്റിൽ ഉൾപ്പെടുത്തണം.
9. സ്വയം തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.
10. പഞ്ചായത്ത് കേന്ദ്രമായി ഒര വൃദ്ധസദനം ആരംഭിക്കണം.
11. ക്ഷേമ-പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, ഉദ്യോഗസ്ഥർ, എന്നിവരടുങ്ങുന്ന സമിതി രൂപീകരിക്കണം.
12. വികലാംഗരുടെ ക്ഷേമത്തിനു വേണ്ടി അവരുടെ തൊഴിൽ സഹകരണ സംഘം രൂപീകരിക്കണം.
13. പെൻഷൻ പദ്ധതികളിൽ അർഹതയുള്ളവരെയെല്ലാം ഉൾപ്പെടുത്തണം. പെൻഷൻ തുക കാലികമായി വർദ്ധിപ്പിക്കുകയും കൃത്യസമയത്ത് വിതരണം ചെയ്യുകയും വേണം.
14. ശുചിത്വ പരിപാലന പരിപാടിയുടെ ഭാഗമായി കക്കൂസുകൾ ഇല്ലാത്ത എല്ലാവീടുകൾക്കും സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ കക്കൂസുകൾ നിർമ്മിച്ചുനൽകണം.
15. വ്യാജ മദ്യ നിർമ്മാണവും വിപണനവും തടയാൻ വാർഡു തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം.
16. എസ്റ്റേറ്റ് മേഖലയിൽ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് ആവശ്യമായ സഹായ സഹകരണങ്ങൾ മാനേജ്മെന്റ് നൽകണം.

ദേശീയസമ്പാദ്യ പദ്ധതി

ഈ പഞ്ചായത്തിൽ 96 വർഷം ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം മൊത്തം നിക്ഷേപകരിൽനിന്നായി 15, 84, 347/- രൂപ നിക്ഷേപമായി പോസ്റ്റോഫീസ് രേഖകളിൽനിന്നും മനസ്സിലാക്കുന്നു.

ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പഞ്ചായത്ത് ആത്മാർത്ഥമായ സഹകരണമാണ് നടത്തി വരുന്നത്.

സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

ദൈനംദിന ആവശ്യങ്ങൾക്ക് ഉപയുക്തമാകുമാറ് പണം എപ്പോൾ വേണമെങ്കിലും നിക്ഷേപിക്കാനും തിരിച്ചെടുക്കുവാനും സൗകര്യമുള്ള ഒരു പദ്ധതിയാണ് പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്. തുടങ്ങാൻ 200 രൂപ മതി. ഒരു വ്യക്തിയുടെ പേരിൽ ഒന്നോ അതിലധികമോ അക്കൗണ്ടുകളിലായി ആകെ നിക്ഷേപം 50,000 രൂപയിൽ കവിയരുത്. രണ്ടോ, മൂന്നോ വ്യക്തികളുടെ പേരിലുള്ള ജോയന്റ് അക്കൗണ്ടിൽ 1 ലക്ഷം രൂപ വരെ നിക്ഷേപിക്കാം. പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് 5.5% നിരക്കിൽ പലിശ നൽകുന്നു. പലിശ ആധായ നികുതി നിയമം സെക്ഷൻ 10 അനുസരിച്ച് പൂർണ്ണമായും നികുതി വമുക്തമാണ്.

ഒരു മൈനറുടെ പേരിൽ രക്ഷകർത്താവിന് അക്കൗണ്ട് തുടങ്ങാം. പത്തുവയസ് പൂർത്തിയായ കുട്ടികൾക്ക് സ്വന്തംപേരിലും അക്കൗണ്ട് തുടങ്ങാം. ഹെഡ് പോസ്റ്റാഫീസിലും എല്ലാ സബ് പോസ്റ്റാഫീസിലും 250 രൂപയിൽ കുറയാതെ നിക്ഷേപമുള്ളവർക്ക് ആവശ്യപ്പെട്ടാൽ ചെക്ക് ബുക്ക് ലഭിക്കുന്നതും തുടർന്ന് ചെക്ക് മുഖേന ഇടപാട് നടത്താവുന്നതുമാണ്.

റെക്കറിംഗ് ഡിപ്പോസിറ്റ്

ചെറുകിട വരുമാനക്കാർക്ക് ഏറ്റവും അനുയോജ്യമായ നിക്ഷേപ പദ്ധതിയാണ് പോസ്റ്റോഫീസ് റെക്കറിംഗ് ഡിപ്പോസിറ്റ്. ഒരു വ്യക്തി തനിച്ചോ, രണ്ട് പേർക്ക് കൂട്ടായോ, മൈനർക്ക് സ്വന്തംപേരിലോ, രക്ഷിതാവിന് മൈനറുടെപേരിലോ അക്കൗണ്ട് തുടങ്ങാം. 10 രൂപയും അതിൻമേൽ 5 രൂപയുടെ ഗുണിതങ്ങളായ തുകയും പ്രതിമാസ നിക്ഷേപമായി കുറഞ്ഞത് 5 വർഷത്തേക്ക് നിക്ഷേപിക്കാം. പ്രതിമാസ നിക്ഷേപം വീഴ്ചവരുത്തിയാൽ 10 രൂപാ അക്കൗണ്ടിന് ഒരു മാസം 20 പൈസാ നിരക്കിൽ പിഴ പലിശ നൽകി അക്കൗണ്ട് തുടരാം. 6 മാസത്തേയും 12 മാസത്തേയും മുൻകൂർ നിക്ഷേപത്തിന് റിബേറ്റ് ലഭിക്കുന്നതാണ്. കാലാവതിക്കു ശേഷം 5 വർഷത്തേക്കുകൂടി തുക പിൻവലിക്കാതെ അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുകയോ തുടർന്ന് നിക്ഷേപം നടത്തി അക്കൗണ്ട് തുടരുകയോ ചെയ്യാവുന്നതാണ്. ഇങ്ങനെ കാലാവധിക്കുശേഷം അക്കൗണ്ട് തുടരുമ്പോഴും പ്രസ്തുത അക്കൗണ്ടിനും 12.5% നിരക്കിൽ കൂട്ടുപലിശ ലഭിക്കുന്നതാണ്. 50 രൂപ വരെയുള്ള പ്രതിമാസ നിക്ഷേപത്തിന് സൗജന്യ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാണ്. അക്കൗണ്ട് ആരംഭിച്ച് ഒരു വർഷത്തിനു ശേഷം നിക്ഷേപത്തിന്റെ പകുതി തുകവരെ ലോൺ എടുക്കാനുള്ള സൗകര്യങ്ങളുണ്ട്.

പോസ്റ്റാഫീസ് ടൈം ഡിപ്പോസിറ്റ്

സ്ഥിര നിക്ഷേപമായി 50 രൂപയും അതിന്റെ ഗുണിതങ്ങളും 1 വർഷം, 2 വർഷം, 3 വർഷം, 5 വർഷം എന്നീ കാലയളവുകളിലേക്ക് പോസ്റ്റാഫീസ് ടൈം അക്കൗണ്ടിൽ സ്വീകരിക്കുന്നു. ഒരു വ്യക്തിക്ക് സ്വന്തംപേരിലും മൈനറുടെപേരിലും രണ്ട് വ്യക്തികൾക്ക് കൂട്ടായും അക്കൗണ്ട് തുടങ്ങാം. കൂടാതെ ട്രസ്റ്റുകൾക്കും കോ ഓപ്പറേറ്റീവുകൾക്കും അംഗങ്ങളുടെ പേരിലും അക്കൗണ്ട് തുടങ്ങാവുന്നതാണ്. അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പരിധിയില്ല. പലിശ ത്രൈമാസമായി കണക്കാക്കി ആണ്ടുതോറും നൽകുന്നു.

മാസ വരുമാന പദ്ധതി

നിക്ഷേപ തുകയുടെ പലിശ പ്രതിമാസം ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ആറു വർഷമാണ് നിക്ഷേപത്തിന്റെ കാലാവധി. 6000 രൂപയുടെ ഗുണിതങ്ങളായി തുക നിക്ഷേപിക്കാം. ഒരാൾക്ക് 2,04,000 രൂപയും രണ്ട് പേർക്ക് കൂട്ടായി 4,08,000 രൂപയുമാണ് പരമാവധി നിക്ഷേപിക്കാവുന്ന തുക. 13% നിരക്കിൽ പ്രതിമാസം പലിശ ലഭിക്കുന്നു. കാലാവധിയെത്തിയാൽ നിക്ഷേപ തുകയുടെ 10% ബോണസായി ലഭിക്കുന്നു. നിക്ഷേപം നടത്തി ഒരു വർഷത്തിനു ശേഷം 5% കിഴിവോടുകൂടിയും 3 വർഷത്തിനു ശേഷം കിഴിവു കൂടാതെയും നിക്ഷേപ തുക എപ്പോൾ വേണമെങ്കിലും തിരിച്ച് വാങ്ങാം.

നാഷണൽ സേവിംഗ്സ് സർട്ടിഫിക്കേറ്റ് VIII ഇഷ്യൂ

ഉയർന്ന പലിശ നിരക്കും ആദായനികുതി ആനുകൂല്യവും ഒത്തുചേർന്ന ഈ സർട്ടിഫിക്കറ്റുകൾ 100 രൂപ 500 രൂപ 1000 രൂപ 10,000 രൂപ എന്നീ മുഖവിലയ്ക്ക് പോസ്റ്റാഫീസുകളിൽ നിന്നും ലഭിക്കും. കാലാവധി 6 വർഷമണ്.12% കൂട്ടുപലിശ നിരക്കിൽ പലിശ ലഭിക്കും. പ്രായപൂർത്തി യായ വ്യക്തിക്ക് സ്വന്തംപേരിലും കൂട്ടായും മൈനറുടെ പേരിലും മൈനർക്ക് സ്വന്തംപേരിലും സർട്ടിഫിക്കേറ്റ് വാങ്ങാം. ബാങ്കിംഗ് കമ്പിനികൾ കോർപ്പറേഷനുകൾ റജിസ്റ്റർചെയ്തിട്ടുള്ള അസോസിയേഷനുകൾ എന്നിവയ്ക്കും സർട്ടിഫിക്കേറ്റ് വാങ്ങാവുന്നതാണ്. നിക്ഷേപത്തിന് 12% അർത്ത വാർഷികനിരക്കിൽ കൂട്ടുപലിശ ലഭിക്കുന്നു. 1000 രൂപ മുഖവിലയ്ക്കുള്ള സർട്ടിഫിക്കറ്റ് 6 വർഷം തികയുമ്പോൾ 2015 രൂപയായി വർദ്ധിക്കുന്നു. ഈ സർട്ടിഫിക്കേറ്റിന്റെപേരിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആദായനികുതി നിയമം സെക്ഷൻ 80L സെക്ഷൻ 88 എന്നിവ അനുസരിച്ചുള്ള നികതിയിളവ് ലഭിക്കുന്നു.

ഇന്ദിരാവികാസ് പത്ര

ഏറ്റവും ഉയർന്ന ആദായം ലഭിക്കുന്നതും അതേസമയം കറൻസി നോട്ടുപോലെ വിനിമയംചെയ്യാവുന്നതുമായ ഒരു സർട്ടിഫിക്കേറ്റാണിത്. 200 രൂപ, 500 രൂപ, 1000 രൂപ, 5000 രൂപ എന്നീ മുഖവിലയ്ക്കുള്ള ഇന്ദിരാ വികാസ് പത്ര പോസ്റ്റോഫീസുകളിൽനിന്ന് ലഭിക്കുന്നു. സർട്ടിഫിക്കറ്റുകൾക്ക് മുഖവിലയുടെ പകുതിവില നൽകിയാൽമതി. നിക്ഷേപം അഞ്ചരവർഷംകൊണ്ട് ഇരട്ടിക്കുന്നു. നിക്ഷേപത്തിന് സാധാരണ നിരക്കിൽ 18.2% വും ആദായം ലഭിക്കുന്നു. ഉന്ദിരാ വാകാസ് പത്ര വാങ്ങാൻ അപേക്ഷകന്റെ വിലാസമോ, അപേക്ഷയോ നൽകേണ്ടതില്ല. വികാസ് പത്രം വാങ്ങി അഞ്ചരവർഷം തികഞ്ഞാൽ അവ വാങ്ങിയ പോസ്റ്റോഫീസിൽ നിന്നതന്നെ മുഖവില കൈപ്പറ്റാവുന്നതാണ്. സർട്ടിഫിക്കേറ്റിന്റെ പുറത്ത് നിക്ഷേപകന്റെ മേൽവിലാസം എഴുതി ഒപ്പിട്ട് വയ്ക്കാവുന്നതാണ്.

കിസാൻ വികാസ് പത്ര

ഇന്ദിരാ വികാസ് പത്രയെപോലെതന്നെ ഉയർന്ന ആദായം ലഭിക്കുന്നതും നിക്ഷേപകന്റെ പേരിൽ നൽകുന്നതുമായ കിസാൻ വികാസ് പത്ര 100 രൂപ 500 രൂപ, 1000 രൂപ 5000 രൂപ 10,000 രൂപ 50,000 രൂപ എന്നീ മുഖവിലയ്ക്ക് എല്ലാ പോസ്റ്റാഫീസുകളിൽനിന്നും ലഭിക്കുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കിസാൻ വികാസ്പത്രവാങ്ങാം. നിക്ഷേപ കാലാവധി അഞ്ചരവർഷമാണ്. നിക്ഷേപത്തിന് 18.2% മാണ് സാധാരണ വാർഷിക പലിശനിരക്ക്. അഞ്ചര വർഷംകൊണ്ട് നിക്ഷേപം ഇരട്ടിക്കുന്നു. രണ്ടര വർഷത്തിനു ശേഷം ആവശ്യമുണ്ടെങ്കിൽ സർട്ടിഫിക്കറ്റ് പണാക്കാം

പബ്ളിക് പ്രോവിഡന്റ് ഫണ്ട്

എല്ലാ ഹെഡ്പോസ്റ്റാഫിസുകളിലും സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യയിലും അതിന്റെ അസോസിയേറ്റ് ബാങ്കുകളിലും ദേശസാൽകൃതബാങ്കുകളുടെ ചില ശാഖകളിലും പബ്ളിക്ക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ആരം

ഭിക്കാം. പ്രായപൂർത്തിയായ ഒരുവ്യക്തിക്കും കുട്ടികളുടെപേരിൽ രക്ഷകർത്താവിനും അക്കൗണ്ട് തുടങ്ങാം അവിഭക്ത ഹിന്ദു കുടുംബത്തിന്റെ പേരിലും അക്കൗണ്ട് തുടങ്ങാം. ഒരുവർഷത്തെ ഏറ്റവും കുറഞ്ഞ നിക്ഷേപം 100 രൂപയും ഏറ്റവും കൂടിയത് 60,000 രൂപയുമാണ്.. ഇപ്പോൾ നിലവിലുള്ള പലിശ നിരക്ക് 12% കൂട്ടുപലിശയാണ്. അക്കൗണ്ടിന്റെ കാലാവധി 15 വർഷമാണ്. മൂന്നാം വർഷംമുതൽ ലോൺ എടുക്കാനും ഏഴാം വർഷംമുതൽ പണം പിൻവലിക്കാനും സൗകര്യമുണ്ട് ആദായനികുതി സെക്ഷൻ 88 അനുസരിച്ചും സെക്ഷൻ 10 അനുസരിച്ചും നികുതിയിളവ് ലഭിക്കുന്നു. അക്കൗണ്ടിൽ ഉള്ളപണം സ്വത്ത് നികുതിയിൽ നിന്നും പൂർണ്ണമായും ഒഴുവാക്കപ്പെട്ടിരിക്കുന്നു. അക്കൗണ്ട് ജപ്തി ചെയ്യാൻ കോടതിയ്ക്ക് അധികാരമില്ല.

പെൻഷൻ നിക്ഷേപ പദ്ധതി

കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും പെൻഷൻപറ്റിയവർക്കും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ പറ്റിയവർക്കും, പെൻഷൻ ആനുകൂല്യങ്ങൾ നിക്ഷേപിക്കാൻ ആരംഭിച്ചിട്ടുള്ള പദ്ധതിയാണിത്. പെൻഷൻ ആനുകൂല്യങ്ങൾ (പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ തുക സറണ്ടർ ലീവ് തുക, ഗ്രൂപ്പ് ഇൻഷ്വറൻസ് തുക) ലഭിച്ച് മൂന്നു മാസത്തിനകം നിക്ഷേപിച്ചിരിക്കണം. ഈ പദ്ധതിയിൽ 1000 രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കാം. കാലാവതി 3 വർഷമാണ്. നിക്ഷേപത്തിന് 10% വാർഷിക നിരക്കിൽ പലിശ അർദ്ധവാർഷീകമായി നൽകുന്നു. പലിശ ആധായനികുതി നിയമം പത്താം വകുപ്പനുസരിച്ച് പൂർണ്ണമായും നികുതി വിമുക്തമാണ്.

നാഷണൽ സേവിംഗ്സ് കിം 1992

നാഷണൽ സേവിംഗ്സ് കീം 1992 പ്രാബല്യത്തിൽ വന്നത് 1992 ഒക്ടോബർ 1-ാം തീയതിമുതൽക്കാണ്. ഒരു വ്യക്തിക്ക് സ്വന്തംപേരിലും രണ്ടുപേർക്ക് കൂട്ടായും അക്കൗണ്ട് തുടങ്ങാം. രക്ഷകർത്താവിന് മൗനറുടെ പേരിലും അക്കൗണ്ട് ആരംഭിക്കാം. നൂറു രൂപയും അതിന്റെ ഗുണിതങ്ങളായ തുകയും നിക്ഷേപിക്കാം. 11 % കൂട്ടുപലിശ നിരക്കിൽ ആദായം ലഭിക്കുന്നതാണ്. ഓരോ കലണ്ടർ മാസത്തിലും അവസാനം തുകയ്ക്ക് പലിശ കണക്കാക്കി അതാതു സാമ്പത്തിക വർഷം പലിശ രേഖപ്പെടുത്തുന്നു. പലിസ എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. അക്കൗണ്ട് ആരംഭിച്ചതിനു ശേഷമുള്ള നാലാമത്തെ സാമ്പത്തിക വർഷാവസാനം നിക്ഷേപകന്റെ ഇഷ്ടാനുസരണം പണം പിൻവലിക്കാം. നിക്ഷേപ തുകയ്ക്ക് ആദായനികുതി നിയമം സെക്ഷൻ 88 അനുസരിച്ചും പലിശയ്ക്ക് സെക്ഷൻ 80 L അനുസരിച്ചും നികുതിയിളവ് ലഭിക്കുന്നു.

പട്ടിക

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്-പോസ്റ്റോഫീസ് സമ്പാദ്യപദ്ധതി-1996

നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ്		സേവിംഗ്സ് ബാങ്ക്		റെക്കറിങ്ങ് ഡിപ്പോസിറ്റ്		മഹിളാ സമൃദ്ധി യോജന	
ഒടിക്കിയ തുക	പിൻവലിച്ച തുക	ഒടിക്കിയ തുക	പിൻവലിച്ച തുക	ഒടിക്കിയ തുക	പിൻവലിച്ച തുക	ഒടിക്കിയ തുക	പിൻവലിച്ച തുക
-	-	5,00,676	5,46,656	10,55,251	10,05,981	8220	-

ഇന്ദിരാവികാസ് പത്ര		കിസാൻവികാസ് പത്ര		ടൈം ഡിപ്പോസിറ്റ്	
ഒടിക്കിയ തുക	പിൻവലിച്ച തുക	ഒടിക്കിയ തുക	പിൻവലിച്ച തുക	ഒടിക്കിയ തുക	പിൻവലിച്ച തുക
2400	500	-	-	17800	-

സംസ്കാരം

കേരള പിറവിക്കുമുമ്പ് ഈ പ്രദേശം ഇപ്പോൾ തമിഴ്നാടിന്റെ ഭാഗമായ ചെങ്കോട്ടതാലൂക്കിൽ ആയിരുന്നു. തമിഴ്നാടിനോടു ചേർന്നു കിടക്കുന്നതിനാൽ തമിഴ് സംസ്കാരത്തിന്റെ സ്വാധീനം ഈ പ്രദേശത്തുകാണാം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു കുടിയേറിപാർത്ത വ്യത്യാക്ഷ ജാതി, മതവിഭാഗങ്ങളും അവരുടെ സംസ്കാരവും ഇവിടെ സമന്വയിയ്ക്കുന്നു. പഞ്ചായത്തിന്റെ ആറ് വാർഡുകളിൽ തമിഴ് വംശജർ ഭൂരിപക്ഷമാണ്. ഇവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി തമിഴ്മീഡിയം സ്കൂളുകളും ഇവിടെ പ്രവർത്തിയ്ക്കുന്നുണ്ട്. ഹിന്ദു, ക്രിസ്ത്യൻ മുസ്ലീം മതവിഭാഗങ്ങൾ വളരെ സൗഹാർദ്ദത്തോടെ കഴിയുന്ന പ്രദേശമാണിത്.

തീർത്ഥാടന കേന്ദ്രങ്ങൾ

ആര്യങ്കാവ് ശ്രീധർമ്മശാസ്താക്ഷേത്രം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഒരു മേജർ ക്ഷേത്രമാണിത്. അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ശരാശരി 50 ലക്ഷം ഭക്തജനങ്ങൾ വർഷംതോറും ഈ ക്ഷേത്രത്തിൽ ദർശനത്തിന് എത്തുന്നു. മറ്റുശാസ്താ ക്ഷേത്രങ്ങളിൽ നിന്നു വ്യത്യസ്തമായി ശാസ്താവിന്റെ വിവാഹചടങ്ങുകൾ 'തൃക്കല്യാണം" എന്ന പേരിൽ ഈ ക്ഷേത്രോത്സവത്തോടനുബന്ധിച്ചു നടക്കുന്നു. തമിഴ് സൗരാഷ്ട്രബ്രാഹ്മണർ വധുവിന്റെ ആൾക്കാരായി എത്തിച്ചേരുന്നു. ഇവരുടെ താമസം, ഭക്ഷണം എന്നിവ ദേവസത്തിൽനിന്ന് സൗജന്യമായി നൽകിപ്പോരുന്നു. കമനീയമായി അലങ്കരിച്ച രണ്ടു പല്ലക്കുകൾ വധൂ വരന്മാരുടെ വിഗ്രഹവും വഹിച്ച് ക്ഷേത്രപ്രദക്ഷിണ നടത്തുന്നു. തമിഴ് ആചാരപ്രകാരമുള്ള വിവാഹചടങ്ങുകളോടനുബന്ധിച്ച് കളഭത്തിനു പുറമേ മഞ്ഞച്ചരടുകളും സ്ത്രീകളുടെ ഇടയിൽ വിതരണം നടത്തുന്നു. ഈ മഞ്ഞച്ചരടുകൾ ലഭിയ്ക്കുന്ന കുമാരിമാർക്ക് അടുത്ത ഉത്സവത്തിനുമുമ്പായി മംഗല്യഭാഗ്യം ഉണ്ടാകുമെന്ന് വിശ്വസിക്കപ്പെടുന്നു.

അച്ചൻകോവിൽ ശ്രീധർമ്മശാസ്താക്ഷേത്രം.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ളതാണ് ഈ ക്ഷേത്രവും. പ്രതിവർഷം ഇരുപത് ലക്ഷത്തോളം ഭക്തജനങ്ങൾ ഈ ക്ഷേത്രത്തിൽ ദർശനത്തിന് എത്തുന്നു. ഡിസമ്പർ മാസത്തിലാണ് ഈ ക്ഷേത്രത്തിലെ ഉത്സവം. കല്പാത്തി കഴിഞ്ഞാൽ രഥോത്സവം നടക്കുന്നത് കേരളത്തിൽ ഈ ക്ഷേത്രത്തിൽമാത്രമാണ്. കറുപ്പൻ തുള്ളൽ ഈ ക്ഷേത്രോത്സവത്തിന്റെ മുഖ്യചടങ്ങാണ്. വിഷം തീണ്ടലിന് ഈ ക്ഷേത്രത്തിൽനിന്നു നൽകുന്ന തീർത്ഥജലം ദിവ്യ ഔഷധമാണെന്ന് വിശ്വസിയ്ക്കപ്പെടുന്നു. പന്തളം രാജകൊട്ടാരത്തിന് ഈ ക്ഷേത്രവുമായി ബന്ധമുള്ളതായി ചരിത്രരേഖകളിൽ കാണുന്നു.

മറ്റുള്ള ആരാധനാലയങ്ങൾ

തമിഴ് വംശജർ കൂടുതലായി താമസിയ്ക്കുന്ന പ്രദേശങ്ങളിൽ തമിഴ് നാട്ടിൽകാണുന്നതരത്തിലുള്ള കോവിലുകൾ ഉണ്ട്. കറുപ്പൻ തുള്ളൽ, മൃഗബലി തുടങ്ങിയ ചടങ്ങുകൾ ചിലകോവിലുകളിൽ ഇപ്പോഴുമുണ്ട്.

ക്രിസ്തുമത വിശ്വാസികളുടെ പള്ളികൾ ആര്യങ്കാവ്, ഇടപ്പാളയം, നെടുമ്പാറ, അമ്പനാട് തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ട്. ഈ പള്ളികളിലെ പെരുനാൾ വളരെ ആർഭാടപൂർവ്വം ആഘോഷിച്ചുവരുന്നുണ്ട്. ആര്യങ്കാവ് സെന്റ് ജോർജ് പള്ളിയിലെ പെരുനാൾ ആഘോഷങ്ങളിൽ പങ്കെടുക്കുന്നവർക്ക് അപ്പവും കോഴി ഇറച്ചിയും വിതരണം ചെയ്യുന്നു.

കഴുതുരുട്ടി, നെടുമ്പാറ, ഇടപ്പാളയം, എന്നീസ്ഥലങ്ങളിൽ മോസ്ക്കുകൾ ഉണ്ട്. റംസാൻ ബക്രീദ് തുടങ്ങിയവ ഈ പ്രദേശത്തെ മുസ്ലീം ജനവിഭാഗം ആഘോഷിയ്ക്കുന്നു. നബിദിനറാലിയും, മത പ്രസംഗ പരമ്പ

രയും മോസ്ക്കുകളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്. അച്ചൻ കോവിൽ പള്ളിവാസലിൽ ഒരു കബറ ടക്കവുമുണ്ട്.

ആചാരുഷ്ടാനങ്ങൾ

ആചാരാനുഷ്ടാനങ്ങളിൽ മതപരമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും വേഷത്തിൽ പ്രകടമായ മാറ്റം ഇ ല്ല. പുരുഷന്മാർ മുണ്ടും ഷർട്ടും ധരിക്കുന്നു. സ്ത്രീകൾക്ക് സാരിയാണ് പ്രിയം. കൗമാര പ്രായക്കാരായ പെൺകൊടിമാർക്ക് ചുരിദാറിനോടാണ് പ്രിയം. തമിഴ് സ്ത്രീകൾ നീളംകൂടിയതരം ചേലയാണ് ഉടുക്കുന്നത്. മൂക്കുത്തി ഇവർക്ക് ഒഴിച്ചുകൂടാനാവാത്ത ആഭരണമാണ്. പുറകിൽ ഞൊറിഞ്ഞിട്ടമുണ്ടും ചട്ടയും ധരിച്ച് കാ തിൽ വലിയ സ്വർണ്ണ വളയങ്ങൾ ധരിച്ച പ്രായമേറിയ ക്രിസ്ത്യൻ സ്ത്രീകളേയും ചുരുക്കമായി കാണാം.

ഒരു കാലത്ത് കാടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന ആദിവാസികൾ വിദ്യാഭ്യാസ പരമായി പിന്നിലാ ണെങ്കിലും ആധുനിക വേഷവിധാന ങ്ങളിൽ തല്പരരാണ്. മാസമുറക്കാലത്ത് സ്ത്രീകളെ പ്രത്യേകകുടി ലിൽ പാർപ്പിയ്ക്കുന്ന ആചാരം ഇവർക്കുണ്ട്. തമിഴ് വംശജർ ഏറെയുള്ളതോട്ടം മേഖലയിൽ പൊങ്കൽ, ആടി, ദീപാവലി എന്നീ ഉത്സവങ്ങൾ ആർഭാടമായി ആഘോഷിയ്ക്കുന്നു. തമിഴ് പെൺകുട്ടികൾ ഋതുമതിയാകു മ്പോൾ വളരെ ആർഭാടത്തോടുകൂടിയ "ചടങ്ങു കല്യാണം" എന്ന ചടങ്ങ് നടത്തുന്നു.

ആചാരാനുഷ്ഠാനങ്ങളിൽ വൈവിദ്ധ്യം ഉണ്ടെങ്കിലും ഉത്സവങ്ങളിലും പെരുനാളുകളിലും ജാതിമതഭേ ദമില്ലാതെ എല്ലാവരും പങ്കെടുക്കുന്നുണ്ട്. ജാതീയമായ ഉച്ചനീചത്വം ഈ പ്രദേശത്ത് ഇല്ല എന്നത് എടുത്തു പറയേണ്ടതാണ്.

സാംസ്കാരിക പുരോഗതിയും ട്രേഡ്യൂണിയനുകളും

ആറു വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന റബ്ബർ, തേയില തോട്ടങ്ങളിൽ പണിയെടുക്കുന്ന തോട്ടം തൊവിലാളികളും വനമേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിയ്ക്കുന്ന മറ്റു മൂന്നു വാർഡുക ളിലെ തൊഴിലാളികളും സാംസ്കാരികപുരോഗതിനേടിയതിനുപിന്നിലെ ശക്തി ശക്തമായ ട്രേഡ് യൂണിയ നുകളാണ്. ആദ്യകാലത്ത് തോട്ടം മേഖലയിൽ തൊഴിൽ എടുത്തിരുന്നവരുടെ ജീവിതം മൃഗതുല്യമായിരു ന്നു. ന്യായമായ വേതനമോ അടിസ്ഥാനസൗകര്യങ്ങളോ അവർക്ക് നൽകിയിരുന്നില്ല. 1951 മുതൽ വിവിധ ട്രേ ഡ്യൂണിയനുകളുടെ പ്രവർത്തനം ആരംഭിച്ചു. തോട്ടം മേഖലകളിലെ മുഴുവൻ തൊഴിലാളികളും ട്രേഡ്യൂണി യനുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിയ്ക്കുന്നത്.

തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിലും അടിസ്ഥാന സൗകര്യങ്ങളിലും കാലോചിതമാ യ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ ട്രേഡ്യൂണിയനുകൾക്ക് കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികളുടെ ജീവിതനില വാരത്തിലുണ്ടായ മാറ്റം സാംസ്കാരികരംഗത്തും പ്രതിഫലിയ്ക്കുന്നുണ്ട്.

സാംസ്കാരിക സ്ഥാപനങ്ങൾ:- ഈ പ്രദേശത്ത് മാതൃകാപരമായി പ്രവർത്തിയ്ക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ വിരളമാണ്. വളരെപരിമിതമായ ഗ്രന്ഥശാലാസൗകര്യങ്ങൾ ചില വാർഡുകളിൽ ഉണ്ട്. സജീവ പ്രവർത്തനമുള്ള കലാസാംസ്കാരിക സംഘടനകളും കുറവാണ്. ഓണംപോലുള്ള ഉത്സവവേളകളിൽ ഉ യർന്നുവരികയും തുടർന്ന് അസ്തമിക്കുകയും ചെയ്യുന്ന ആർട്ട്സ് ക്ലബ്ബുകൾ നിരവധിഉണ്ട്.

ഗ്രന്ഥശാലകൾ

1. ആര്യങ്കാവ് പബ്ലിക്ക് ലൈബ്രറി & റീഡിങ്ങ് റും
2. പി. ഒ ജോർജ്ജ് മെമ്മോറിയൽ ലൈബ്രറി, നെടുമ്പാറ
3. ട്രേഡ്യൂമിയൻ പബ്ലിക്ക് ലൈബ്രറി, പുത്തോട്ടം
4. ജീവാമെമ്മോറിയൽ പബ്ലിക് ലൈബ്രറി & റീഡിങ്ങ് റും, ആനച്ചാടി.
5. സുഗതൻ മെമ്മോറിയൽ ലൈബ്രറി & റീഡിങ്ങ് റും, കഴുതുരുട്ടി.

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ ഗ്രന്ഥശാലാ സൗകര്യത്തോടുകൂടിയ സാംസ്കാരികനിലയം കഴുതുരുട്ടിയിൽ പണിപൂർത്തിയാക്കിയിട്ടുണ്ട്. ആര്യങ്കാവ് ഇടപ്പാളയം കേന്ദ്രങ്ങളായി യുവദീപ്തി, സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടങ്ങിയ സംഘടനകൾ പ്രവർത്തിയ്ക്കുന്നുണ്ട്. മനോരമ ബാലജന സഖ്യവും മാതൃഭൂമി സ്റ്റഡിസർക്കിളും ഇവിടെ പ്രവർത്തിയ്ക്കുന്നു. അച്ചൻകോവിൽ, ആര്യങ്കാവ് എന്നിവിടങ്ങളിൽ ഓരോ ഭക്തി ഗാനമേളാ ട്രൂപ്പുകൾ ഉണ്ട്

വർത്തമാന പത്രങ്ങൾ

മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, ദീപിക, ദേശാഭിമാനി, മംഗളം രാഷ്ട്രദീപിക, മാദ്ധ്യമം, ഇൻഡ്യൻ എക്സ്പ്രസ് ദിനമലർ എന്നീ പത്രങ്ങൾപ്രചാരത്തിലുണ്ട്. ഭാഷാ പോഷിണി, കേരള ശബ്ദം, മാതൃഭൂമി, മംഗളം, മനോരമ, ഇൻഡ്യാടുഡേ, നാന, ചിത്രഭൂമി തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളും ബാലഭൂമി, ബാലമംഗളം, ബാലരമ തുടങ്ങിയ ബാലപ്രസിദ്ധീകരണങ്ങളും പ്രചാരത്തിലുണ്ട്.

കായികരംഗം:- നാടൻ രീതിയിലുള്ള കായിക വിനോദങ്ങൾ ഈ പ്രദേശത്ത് കാണാനില്ല. വോളീബാൾ, കബഡി, ക്രിക്കറ്റ് തുടങ്ങിയകളികൾ എല്ലാ വാർഡുകളിലും നിലവിലുണ്ട്. ഓണാഘോഷത്തിനോടനുബന്ധിച്ച് എല്ലാ വാർഡുകളിലും കായിക മത്സരങ്ങൾ നടക്കാറുണ്ട്. അടുത്തകാലത്ത് അച്ചൻ കോവിലിൽ അന്തർ സംസ്ഥാന കബഡി മത്സരം സംഘടിപ്പിച്ചിരുന്നു. നെടുമ്പാറയിൽ വർഷംതോറും റ്റി. എം. അപ്പുക്കുട്ടൻ നായർമെമ്മോറിയൽ ട്രോഫിക്കുവേണ്ടിയുള്ള വോളിബാൾ മത്സരം നടക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ കേരളോത്സവം നടത്താറുണ്ടെങ്കിലും പങ്കാളിത്തം വളരെ കുറവാണ്.

പ്രശ്നങ്ങൾ:

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല
2. ഗ്രന്ഥശാലകൾ പലവാർഡുകളിലും ഇല്ല.
3. കലാസാംസ്കാരിക സംഘടനകളുടെ കുറവ്
4. പരിളീലനസ്ഥാപനങ്ങളുടെ അപര്യാപ്തത
5. വിസ്തൃതമായ കളിസ്ഥലങ്ങൾ ഇല്ലായ്മ

സാദ്ധ്യതകൾ ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലകൾ നിലവിലില്ലാത്ത വാർഡുകളിൽ ഗ്രാമപഞ്ചായത്ത് വക ഗ്രന്ഥശാലകൾ സ്ഥാപിക്കണം.
2. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
3. എല്ലാ വാർഡിലും യുവാക്കളെ സംഘടിപ്പിച്ച് ആർട്ട്സ്, സ്പോട്ട്സ് ക്ലബ്ബുകൾ രൂപീകരിക്കുകയും കലാകായിക മത്സരങ്ങൾ സംഘടിപ്പിയ്ക്കുകയും ചെയ്യണം. പ്രതിഭകളെ കണ്ടെത്തി വി ദഗ്ദ്ധപരിശീലനം നൽകണം
4. എല്ലാവാർഡുകളിലും വിശാലമായകളിസ്ഥലങ്ങൾ ഉണ്ടാക്കണം.
5. വിവിധ കലകളിൽ പരിശീലനം നൽകുന്നതിന് പഞ്ചായത്തിൽ ഒരു പരിശീലന കേന്ദ്രം ആരംഭിയ്ക്കണം. പഠിതാക്കളിൽ നിന്ന് മിതമായ ഫാസ് ഈടാക്കാവുന്നതാണ്.
6. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കേരളോത്സവത്തിനു മുന്നോടിയായി വാർഡ് തലമത്സരങ്ങൾ നടത്തണം.
7. റ്റി. വി. കിയോസ്ക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവനിർമ്മിച്ച് ടി. വി. സ്ഥാപിക്കണം.

വനിതാ ക്ഷേമം

കേരളത്തിന്റെ കിഴക്കൻ മലയോര പ്രദേശമാണ് ആര്യങ്കാവു ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ ഒൻപത് വാർഡുകൾ ഉണ്ട്. ഇതിൽ 1 മുതൽ 6 വാർഡുകളും തോട്ടം മേഖലയാണ്. ബാക്കി മൂന്ന് വാർഡുകൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. തോട്ടം മേഖലകളിൽ സ്ത്രീ പുരുഷന്മാർ തുല്യവേതനത്തിൽ പണിയെടുക്കുന്നു. ഈ പഞ്ചായത്തിൽ വനിതാ വിദ്യാഭ്യാസം നന്നേകുറവാണ്.

റബ്ബർ,തേയില തോട്ടം മേഖലയിലെ തൊഴിലാളികൾ ഇതിൽ ഒന്നാം വിഭാഗത്തിൽപ്പെടുന്നു. കൂടുതലും തമിഴ് സംസാരിക്കുന്നവരാണ്. തമിഴ് – മലയാളം സംസ്ക്കാരമാണ് നിലനിന്നുവരുന്നത്. എസ്റ്റേറ്റ് ആനുകൂല്യങ്ങൾ കിട്ടുന്ന തൊഴിച്ചാൽ സർക്കാർതലത്തിലുള്ള യാതൊരുവിധ ആനുകൂല്യങ്ങളും സ്ത്രീ തൊഴിലാളികൾക്ക് കിട്ടുന്നില്ല. എസ്റ്റേറ്റ് മേഖലയിൽ നിരക്ഷരർ കൂടുതലാണ്. സാക്ഷരതാപ്രസ്ഥാനത്തിന്റെ ഭാഗമായി അല്പം അക്ഷരം പഠിച്ചു മറന്നു പോയവർ.

രണ്ടാമത്തെവിഭാഗമാണ് കർഷകതൊഴിലാളിസ്ത്രീകൾ. ചെറുകിടകർഷകരാണ് ഭൂരിഭാഗവും. റബ്ബർ, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ ഉത്പാദിപ്പിക്കുന്നവരാണ്. ഇവവിറ്റഴിക്കുന്നതിനുള്ള മാർഗ്ഗങ്ങളില്ല. പുറത്തുകൊണ്ടുപോയി കിട്ടുന്ന വിലയ്ക്ക് വില്ക്കുകയാണ്. ഈ പഞ്ചായത്തിൽ കാർഷികമേഖല ആകെ തകർന്നിരിക്കുകയാണ് പകുതിയിലേറെ വനിതകൾ ഗൾഫ് പണത്തിന്റെ ഹുങ്ക് കാണിക്കാൻ പണിയുന്ന രമ്യഹർമ്മ്യങ്ങൾക്കും പഞ്ചായത്തിലെ റോഡുപണിയ്ക്ക് കല്ലും കട്ടയും മണ്ണും ചുമക്കുന്നവരുമായി മാറി. വികസനപ്രക്രിയയിലെ കുറഞ്ഞ സ്ത്രീപങ്കാളിത്തം മറികടക്കണമെങ്കിൽ ഇന്നു നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വൻതോതിൽ സ്ത്രീകളെ പങ്കെടുപ്പിയ്ക്കേണ്ടതുണ്ട്. സ്ത്രീകളുടെ സാമൂഹ്യ പദവിയ്ക്കു എതിരായി നില്ക്കുന്ന ഘടകങ്ങളെ സൂക്ഷ്മമായി തിരിച്ചറിയുകയും അവ പരിഹരിക്കാനുള്ള പരിപാടികൾ ആവിഷ്കരിയ്ക്കുകയുമാണ് പ്രധാനം

വിദ്യാഭ്യാസം ഉണ്ടായിട്ടും ചെറിയ കുടുംബം ആയിട്ടും വരുമാനം ഉണ്ടാക്കുന്ന പണികളിൽ ഏർപ്പെടുന്ന സ്ത്രീകൾ വളരെ കുറവാണ്. സമ്പത്ത് ഉത്പാദനവുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലെ അവരുടെ സ്വയം പര്യാപ്തതയും കുടുംബത്തിന്റെ ക്ഷേമവും ഉറപ്പുവരുത്താനാകൂ. ഇതിന് പഞ്ചായത്തിലെ സ്ത്രീകളുടെ മൊത്തം തൊഴിലിന്റെ ശക്തി കണക്കാക്കേണ്ടത് ആവശ്യമാണ്. സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാളും കൂടുതലാണ്.

അംഗനവാടികൾ

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ ആകെ രണ്ട് അംഗനവാടികൾ ഉണ്ട്. ഇത് 7– ാം വാർഡായ അച്ചൻകോവിലിൽമാത്രമായിട്ടാണ്. മറ്റ് 8 വാർഡുകളിലും അംഗനവാടികൾ ഇല്ല. എസ്റ്റേറ്റ് മേഖലയായ 6 വാർഡുകളിൽ എസ്റ്റേറ്റ് മാനേജ്മെന്റ് ബാലവാടികൾ ഉണ്ട്. എന്നിരുന്നാൽ തന്നെയും അംഗൻവാടികൾ അത്യാവശ്യമാണ്. കാരണം എസ്റ്റേറ്റിൽ ജോലിയുള്ളവരുടെ കുട്ടികൾക്ക് മാത്രമാണ് ബാലവാടിയിൽ പ്രവേശനം ഉള്ളത്. മറ്റ് രണ്ട് വാർഡുകളിലും രണ്ട് അംഗൻവാടികൾ വീതം അത്യാവശ്യമാണ്. എല്ലാവാർഡുകളിലും അംഗൻവാടികൾ സ്ഥാപിച്ചാൽ അഭ്യസ്തവിദ്യരായ വനിതകൾക്ക് ഒരു തൊഴിലും ആകും. കുട്ടികളുടെ ആരോഗ്യപരമായ വളർച്ചയ്ക്ക് സഹായകരമായ അങ്കണം, കളിക്കോപ്പുകൾ ഇവ ആവശ്യമാണ്. ഈ കുട്ടികൾക്ക് പാലും മുട്ടയും ആഴ്ചയിൽ ഒരു ദിവസമെങ്കിലും വീഴ്ചസമൃദ്ധമായ ആഹാരവും നൽകേണ്ടതാണ്. ഈ വക കാര്യങ്ങൾ കുട്ടകൾക്ക് ലഭ്യമാണോ എന്നുള്ള പരിശോധനയും പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.

സ്ത്രീകൾ ഗൃഹനാഥകളായിട്ടുള്ള അനവധി വീടുകൾ ഉണ്ട്. വീട്ടുകാര്യങ്ങൾ നോക്കി നടത്തുന്നതിന് ഇവർ വളരെ ഏറെ കഷ്ടപ്പെടുന്നു. ഇവരിൽ അഭ്യസ്ഥവിദ്യരായിട്ടുള്ളവരും കരകൗശലവസ്തുക്കൾ നിർമ്മിക്കാൻ കഴിവുള്ളവരും, കൃഷിപ്പണിയിൽ താൽപര്യം ഉള്ളവരും ഉണ്ട്.

കറിപൗഡർ യൂണിറ്റ്, തയ്യൽ യൂണിറ്റ്, കൂൺകൃഷി, വസ്ത്രനിർമ്മാണം, കുടനിർമ്മാണം, ബുക്ക് ബയന്റിങ്ങ് എന്നിവയിൽ നിപുണരായ വനിതകൾ ഉണ്ട്. അവരുടെ നേതൃത്വത്തിൽ ഇത്തരം കുടിൽ വ്യവസായങ്ങൾ നടപ്പിലാക്കി വനിതകളുടെ വരുമാനം വർദ്ധിപ്പിക്കാം. അവയ്ക്കു വേണ്ടനടപടി സ്വീകരിയ്ക്കണം.

സ്ത്രീകളുടെ ക്ഷേമത്തിന് അത്യന്താപേക്ഷിതമാണ് മദ്യനിരോധനം. മദ്യത്തിന് അടിമകളായ പുരുഷൻമാരുടെ നേതൃത്വത്തിൽ കഴിയുന്ന സ്ത്രീകളുടെ കുടുംബ ജീവിതം പരിതാപകരമാണ്. മദ്യത്തിന് അടിമകളായ പുരുഷവർഗ്ഗത്തിൽ നിന്നാണ് ഏറിയ പങ്കും സ്ത്രീ പീഡനം അനുഭവപ്പെടുന്നത്. സ്ത്രീപീഡനം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ബോധവൽക്കരണം നൽകി കുടുംബ ജീവിതം സുഖകരമാക്കുവാൻ പഞ്ചായത്തുതലത്തിൽ ഒരു ലീഗൽ സെൽ ഉണ്ടാക്കേണ്ടതാണ്. കൂടാതെ സ്വയം വരുമാനം ഉണ്ടാക്കുവാൻ ഉതകുന്ന തൊഴിൽ പരിശീലനവും കൊടുക്കേണ്ടതാണ്.

നിലവിലുള്ള ഗ്രന്ഥശാലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തണം. വീടുപണിതിളിലും കൂലിവേലകളിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ഉപകാര പ്രദം സഞ്ചരിക്കുന്ന വായനശാലയാണ്. ആയതിനാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡുകളിൽ സഞ്ചരിക്കുന്ന വായന ശാല നടപ്പിലാക്കേണ്ടതാണ്. സ്ത്രീകളുടെയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് പ്രധാന പങ്കുവഹിക്കാനുണ്ട്. ഹെൽത്ത് സെന്ററുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും മതിയായ പരിഗണനയും ചികിത്സാസൗകര്യവും ലഭ്യമാക്കണം. സ്ത്രീരോഗ വിദഗ്ധർ ഉണ്ടാകേണ്ടതാണ്. നിലവിലുള്ള ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ഈ ഹെൽത്ത് സെന്ററിന്റെ ശാഖ(സബ്സെന്റർ) എല്ലാ വാർഡുകളിലും സ്ഥാപിക്കേണ്ടതാണ്. ആരോഗ്യ സംരക്ഷണത്തിനായി സ്കൂളുകളിൽ അല്ലെങ്കിൽ പൊതുവായ സ്ഥലത്ത് ആരോഗ്യ പ്രവർത്തകർ പങ്കെടുത്തുകൊണ്ടുള്ള ആരോഗ്യ ക്ലാസുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുക.

ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. ഐ. ആർ. ഡി. പി. ഡി. ഡബ്ലു. സി. ആർ. എ, വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ രൂപീകരിച്ച് ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാമെങ്കിൽ സ്ത്രീകളുടെ തൊഴിൽ മേഖല പുഷ്ടിപ്പെടുത്താവുന്നതാണ്.

മെഴുകുതിരി, റെഡിമെയ്ഡ് ഗാർമന്റ്സ്, കുറ്റിമുല്ല കൃഷി, ആടുവളർത്തൽ, കോഴിവളർത്തൽ, അച്ചാറ് തുടങ്ങിയ തൊഴിൽമേഖല വളർത്തിക്കൊണ്ടുവരുന്നതിന് വേണ്ടുന്ന സഹായങ്ങൽ ചെയ്തുകൊടുണ്ടേതാണെന്ന അഭിപ്രായം ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്നു. വൈവിദ്ധ്യമുള്ളതും ന്യൂനതവുമായ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം പഞ്ചായത്തുതലത്തിലോ ബ്ലോക്ക് തലത്തിലോ നൽകണം.

ഭക്ഷ്യ സംസ്കരണം, കാർഷിക ഉല്പന്ന സംസ്കരണം തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ഓരോ കോളനികളിലും നടപ്പാക്കണം ഡി. ഐ. ആർ. ഡി. പി, ഐ. ആർ. ഡി. പി, വില്ലേജ് ഇന്റസ്ട്രീസ് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടൊപ്പം ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് തദ്ദേശീയമായ ഒരു മാർക്കറ്റിംഗ് ഗ്രൂപ്പ് സംഘടിപ്പിക്കണം. പട്ടിക ജാതിക്കാരായ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കാനും പരിപാടികളുണ്ടാകണം. വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ മാത്രമേ നിലവിലുള്ളു. സ്ത്രീകളുടെ മേൽനോട്ടത്തിൽ ഒരു കൺസ്യൂമർസ്റ്റോർ സഹകരണാടിസ്ഥാനത്തിൽ സ്റ്റോർ ആരംഭിക്കാവുന്നതാണ്. അടുക്കള തോട്ടം നിർമ്മിക്കുന്നതിനും വനിതകളുടെ നേതൃത്വത്തിൽ പ്രത്യേക പരിപാടി ആവിഷ്കരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ:-

1. പൊതുരംഗത്ത് വനിതകളുടെ എണ്ണം കുറവാണ്.
2. മിക്ക തൊഴിൽ രംഗങ്ങളിലും സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.
3. രാഷ്ട്രീയ രംഗത്ത് സ്ത്രീകൾ സ്വയം മുൻപോട്ടു വരുന്നില്ല.

4. സ്ത്രീകളുടെ സംഘടനാ ശക്തിയിൽ നേതൃത്വപരമായ പങ്കും വർദ്ധിപ്പാക്കാൻ അവസരം നൽകുന്നില്ല.

5. എല്ലാ വീടുകളിലും പണക്കാരുടേതായാലും പാവപ്പെട്ടവരുടേതായാലും സ്ത്രീധന പ്രശ്നം വരുമ്പോൾ സ്ത്രീ ഒരു ഭാരമായി തീരുന്നു.

6. മദ്യപാനികളായ ഭർത്താക്കൻമാർ ജീവിക്കാൻപോലും കഴിയാത്ത വേതന തുക കുടിച്ചുതീർക്കുന്നതുകൊണ്ട് വീട്ടിലുണ്ടാവുന്ന പട്ടിണിയും മറ്റു ദുരിതങ്ങളും.

7. എന്തെങ്കിലും ചെറുകിട വ്യാപാരങ്ങൾപോലും ചെയ്തു ജീവിക്കുന്നതിന് മുതൽമുടക്കാൻ മൂലധനമില്ലായ്മ.

8. ഒത്തുചേരാനും ആശയ വിനിയം നടത്താനും വേദികളില്ല. വേദികളുണ്ടെങ്കിൽതന്നെ അവിടേയ്ക്ക് പോകുന്നതിൽ പുരുഷൻ ഉയർത്തുന്ന വിലക്ക്.

9. ഭൗതീക സാഹചര്യം, കുടുംബബാധ്യത, പുരുഷമേധാവിത്വം തുടങ്ങിയ സാഹചര്യങ്ങൾ സ്ത്രീകളെപൊതുരംഗത്ത് എത്തുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം അംഗീകരിക്കണം. സ്ത്രീക്ക് പലജോലികളും നിഷിദ്ധമാണെന്ന ധാരണ സമൂഹത്തിൽനിന്ന് മാറണം. എല്ലാജോലിക്കും കഴിവും തന്റേടവും പ്രാപ്തിയും ഉണ്ടെന്ന് അറിയുകയും അവർക്ക് അവസരങ്ങൾ നൽകുകയും വേണം.

2. എല്ലാ രംഗത്തും സ്ത്രീ പ്രാധിനിധ്യം ഉറപ്പാക്കണം

3. മഹിളാ സംഘങ്ങൾ നിലവിലില്ലാത്ത വാർഡുകളിൽ മഹിളാ മെമ്പർമാർ മുൻകൈയെടുത്ത് സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തന ക്ഷമമാക്കണം

4. സ്ത്രീകൾക്ക് വരുമാനം കൂടുതൽ കിട്ടുന്ന പദ്ധതികൾ അവർക്കുവേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇതിനു മുന്നോട്ടുവരുന്ന സ്ത്രീകൾക്ക് എവിടെനിന്നെല്ലാം സഹായംകിട്ടും, എവിടെനിന്നെല്ലാം പരിശീലനം കിട്ടും എന്നെല്ലാം അറിഞ്ഞ് അവരെ പഞ്ചായത്തുകൾ അറിയിക്കണം.

5. സ്ത്രീധനം കൊടുക്കുന്നതും വാങ്ങിക്കുന്നതും ആവശ്യപ്പെടുന്നതും നിയമാനുസൃതം കുറ്റകരവും ശിക്ഷാർഹവുമാണ്. എന്നാൽ നിയമത്തിലെ പഴുതുകൾ ഇതെല്ലാം യഥേഷ്ടം നടത്താൻ ഇന്നും അനുമതി നൽകുന്നു. അടിയന്തിരമായി ഈ പഴുതുകളടച്ച് പ്രാബല്യത്തിൽകൊണ്ടുവരണം. കുറ്റക്കാരെ തേടിപിടിച്ച് ശിക്ഷയ്ക്ക് വിധേയരാക്കണം.

6. മദ്യപാനത്തിനെതിരെ സ്വയം സംഘടിക്കുവാൻ സ്ത്രീകൾക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ നേതൃത്വം നൽകണം. മദ്യവ്യാപാരികൾക്കെതിരെ സമൂഹത്തെ ജാഗരൂകരാക്കുകയും പോലീസിൽ വിവരം നൽകിയാൽ വിവരം നൽകിയ ആളിന് സംരക്ഷണം നൽകുകയുംചെയ്യണം.

7. ചില്ലറ കച്ചവടക്കാർക്ക്(വനിതകൾക്ക്) സഹകരണ സംഘത്തിൽനിന്നും വായ്പ നൽകാൻപരിപാടി ഉണ്ടാവണം.

8. സ്കൂളിലും അംഗൻവാടികളിലും മഹിളാ സംഘങ്ങൾ ചേരാൻ അനുവാദം നൽകണം.

9. സ്വയം തൊഴിൽകണ്ടെത്തുന്നതിന് കുടുംബ വരുമാനം നോക്കാതെ ലോൺ അനുവദിക്കണം.

10. പെൺകുട്ടികൾക്കുള്ള വിദ്യാഭ്യസ ആനുകൂല്യം വർദ്ധിപ്പിക്കണം.

11. അഭ്യസ്തരായ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി വനിതാ തൊഴിൽ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

സഹകരണ മേഖല

വ്യക്തി സമൂഹത്തിനും, സമൂഹം വ്യക്തിക്കും എന്നതാണ് സഹകരണത്തിന്റെ സന്ദേശം. റോബർട്ട് ഓവൻ (1771-1858) ആണ് സഹകരണ പ്രസ്ഥാനത്തിന്റെ പിതാവ്. ഇംഗ്ലണ്ടിലെ ഉപഭോക്തൃ പ്രസ്ഥാനത്തിന് തുടക്കംകുറിച്ച അദ്ദേഹം ലോകമെമ്പാടുമുള്ള സഹകരണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശ്ശിയായിരുന്നു. 1892 ൽ ഇന്ത്യയിൽ സഹകരണത്തിന്റെ മാർഗ്ഗം പരിഷ്കരിക്കുന്നതിനുള്ള ഔദ്യോഗിക ശ്രമം ആരംഭിച്ചു. 1969 ൽ കേരള സഹകരണ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനം ശക്തമായി. കേരള ജനതയുടെ സാമ്പത്തിക പുരോഗതിക്ക് പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. നമ്മുടെ പ്രദേശത്തുള്ള സഹകരണ സ്ഥാപനങ്ങളുടെ പൊതു സ്ഥിതി അവലോകനം ചെയ്ത് സഹകരണ മേഖലയുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കാണേണ്ടതുണ്ട്. ഈ പ്രദേശത്തിന്റെ കാർഷിക പുരോഗതിക്കുവേണ്ടി സഹകരണ സ്ഥാപനങ്ങൾ വായ്പകൾ നൽകുന്നുണ്ടെങ്കിലും വ്യവസായ മേഖലയിൽ കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാർഷിക ഉല്പന്ന വിപണന സഹകരണ സംഘങ്ങളുടെയും, ക്ഷീരോല്പാദകവിപണന സംഘങ്ങളുടെയും അഭാവം സാമ്പത്തിക മേഖലയിൽ മാന്ദ്യം ഉണ്ടാക്കിയിട്ടുണ്ട്. പലമേഖലകളിലും വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളിലേക്ക് ഗ്രാമ സഭാ നിർദ്ദേശങ്ങൾ വിരൽ ചൂണ്ടുന്നു. 1976 ൽ കേരള സർക്കാർ സഹകരണ സംഘങ്ങൾ വഴി നിക്ഷേപ സമാഹരണത്തിനുള്ള മാർഗ്ഗം തുറന്നതോടുകൂടി സഹകരണ മേഖലയിൽ വമ്പിച്ച സാമ്പത്തിക പുരോഗതി ഉണ്ടായി. ഈ സാമ്പത്തിക പുരോഗതിയുടെ ഗുണ ഫലങ്ങൾ കാർഷിക, കാർഷികേതര വായ്പകളിലൂടെ ഗ്രാമീണ കുടുംബങ്ങളിലുമെത്തി.

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ 8 സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ട് ക്രഡിറ്റ് സ്ഥാപനങ്ങളും 6 നോൺ ക്രഡിറ്റ് സ്ഥാപനങ്ങളുമാണ്. സഹകരണ സ്ഥാപനങ്ങൾക്ക് പുറമേ, ആര്യങ്കാവിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖയും പ്രവർത്തിക്കുന്നു.

ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്ക്

ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘമാണിത്. കൊല്ലവർഷം 1124 ൽ ആര്യങ്കാവ് വിവിധോദ്ദേശ സഹകരണ സംഘം ക്ലിപ്തം നമ്പർ 2965 എന്ന പേരിൽ ആരംഭിച്ച സ്ഥാപനമാണ് ഇന്നത്തെ ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്ക്. സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ള ഈ ബാങ്കിൽ നാല് ജീവനക്കാരുണ്ട്. 627.1 അംഗങ്ങളുള്ള ഈ ബാങ്കിനോടനുബന്ധിച്ച് വല്ലം ഡിപ്പോയും ടെക് സ്റ്റയിൽ ഡിപ്പോയും പ്രവർത്തിക്കുന്നു 25,00000 രൂപ അംഗീകൃത മൂലധനമുള്ള ഈബാങ്കിലെ ഓഹരി നിക്ഷേപം 11,15,419 രൂപയാണ്. 1995-96 വർഷത്തെ നിക്ഷേപം 55,23,600 രൂപയും കാർഷിക കാർഷികേതര വായ്പകൾ 99,08,472 രൂപയുമാണ്. 5000 രൂപ മുതൽ 25000 രൂപവരെ സ്വലയുള്ള ചിട്ടികൾ ഈ ബാങ്ക് നടത്തുന്നുണ്ട്. ഓണക്കാലത്ത് ഓണ ചന്തകളും നടത്തുന്നുണ്ട്. ബാങ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ നിക്ഷേപം കുറവാണ്. അതിനാൽ അംഗങ്ങളുടെ ആവശ്യത്തിനനുസൃതമായി വായ്പ വിതരണം നടത്തുവാൻ ജില്ലാ സഹകരണ ബാങ്കിന് ആശ്രയിക്കേണ്ടിവരുന്നു.

അച്ചൻകോവിൽ സർവ്വീസ് സഹകരണബാങ്ക്

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ ആര്യങ്കാവ് സർവ്വീസ് സഹകരണബാങ്കിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയ അച്ചൻകോവിൽ വാർഡിൽ 18-12-1975 ൽ അച്ചൻ കോവിൽ സർവ്വീസ് സഹകരണബാങ്ക ക്ലിപ്തം നമ്പർ കൃ 501 എന്ന പേരിൽ ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചു. 1435 അംഗങ്ങളുള്ള ഈ ബാങ്കിൽ 2 ജീവ

നക്കാരുണ്ട്. ബാങ്കിന്റെ അംഗീകൃത മൂലധനം 10 ലക്ഷം രൂപയും ഓഹരി മൂലധനം 1,64,050 രൂപയുമാണ്. 3,01,270 രൂപ നിക്ഷേപമുള്ള ഈ ബാങ്ക്. 6,72,137 രൂപ കാർഷിക കാർഷികേതര വായ്പ്പയായി നൽകിയിട്ടുണ്ട്. വായ്പ നൽകുന്നതിനു പുറമേ ചിട്ടികൾ സഹകരണ മാവേലിസ്റ്റോർ എന്നിവയും ഈ ബാങ്ക് നടത്തുന്നുണ്ട്. ഈ ബാങ്കിന് സ്വന്തമായി കെട്ടിടമില്ലാത്തത് ബാങ്കിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

ആര്യങ്കാവ് പട്ടികവർഗ്ഗ സഹകരണ സംഘം

ആര്യങ്കാവ് ഒമ്പതാം വാർഡിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൽ 82 അംഗങ്ങളും ഒരു ജീവനക്കാരിയുമുണ്ട്. ആര്യങ്കാവ് വില്ലേജിൽ അച്ചൻകോവിലിലൊഴികെയുള്ള പ്രദേശങ്ങൾ പ്രവർത്തന പരിധിയായുള്ള ഈ സംഘത്തിന് അംഗങ്ങളിൽനിന്നും 2260 രൂപയും സർക്കാരിൽ നിന്നും 26000 രൂപയും ഓഹരി മൂലധനമുണ്ട്. പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും 1 ലക്ഷം രൂപയും സഹകരണ വകുപ്പിൽ നിന്നും 70000 രൂപയും പ്രവർത്തനമൂലധനമായുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സംഘം സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ച. 1,54,000 രൂപ ഉപയോഗിച്ച് സ്വന്തം കെട്ടിടം നിർമ്മിച്ചുവരുന്നു. വന വിഭവങ്ങളുടെ സംഭരണവും വിപണനവും സംഘംവഴി നടക്കുന്നു. പട്ടിക വർഗ്ഗ വകുപ്പിൽനിന്നു ലഭിച്ച 30500 രൂപ ചിലവാക്കി പത്ത് പേർക്ക് ഈറ്റ വ്യവസായത്തിൽ പരിശീലനം നൽകിയിട്ടുണ്ട്

ഇടപ്പാളയം പട്ടികജാതി സ ഹകരണ സംഘം

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് പ്രദേശം പ്രവർത്തന പരിധിയായുള്ള ഈ സംഘത്തിൽ 219 അംഗങ്ങളുണ്ട്. സർക്കാരിൽ നിന്നും 50000 രൂപ പ്രവർത്തന മൂലധനവും 15000 രൂപ ഗ്രാന്റും 75000 രൂപ കെട്ടിട ഗ്രാന്റും ലഭിച്ചിട്ടുണ്ട്. ഈറ്റ ഉപയോഗിച്ച് പനമ്പ് നിർമ്മിക്കുന്ന പ്രവർത്തനം ഈ സംഘം നടത്തുന്നു. പനമ്പു നെയ്ത്തിൽ 25 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്

ആര്യങ്കാവ് ഫോറസ്റ്റ് കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി

പത്തനാപുരം താലൂക്കിൽ തെന്മല, പുനലൂർ, അച്ചൻകോവിൽ വനം ഡിവിഷനുകൾ പ്രവർത്തനപരിധിയായി രൂപീകരിച്ചിട്ടുള്ള ഈ സംഘത്തിൽ 140 അംഗങ്ങളുണ്ട്. 40,000 രൂപ ഓഹരി മൂലധനവുമുള്ള ഈ സ്ഥാപനം ആര്യങ്കാവ് 9-ാം വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വനമേഖലയിലുണ്ടാവുന്ന തൊഴിലുകൾ ഏറ്റെടുത്ത് നടപ്പാക്കുകയാണ് ലക്ഷ്യം.

ഇസ്ഫീൽഡ് എസ്റ്റേറ്റ് എപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ആര്യങ്കാവ് പഞ്ചായത്തിന്റെ ഒന്നാം വാർഡായ നെടുമ്പാറയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 596 അംഗങ്ങളുണ്ട്. 95,910 രൂപ ഓഹരി മൂലധനമുള്ള ഈ സംഘത്തിൽ രണ്ട് ജീവനക്കാരുണ്ട്. എസ്റ്റേറ്റ് തൊഴിലാളികൾക്ക് ന്യായവിലക്ക് പലവ്യജ്ഞന സാധനങ്ങൾ സംഘംവഴി നൽകുന്നു. 5000 രൂപമുതൽ 25.000 രൂപവരെ സലയുള്ള ചിട്ടികൾ നടത്തുന്ന ഈ സംഘം എസ്റ്റേറ്റിലെ സ്ഥിരം തെഴിലാളികൾക്ക് ക്രഡിറ്റ് സൗകര്യം നൽകുന്നുണ്ട്.

അച്ചൻകോവിൽപട്ടികവർഗ്ഗ സഹകരണ സംഘം

വനവിഭവങ്ങളുടെ സമാഹരണവും വിപണനവും ഈ സംഘം നടത്തുന്നുണ്ട്. ആര്യങ്കാവ് പഞ്ചായത്തിലെ ഏഴാംവാർഡിൽ സ്ഥിതിചെയ്യുന്ന ഈ സംഘംവഴി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് സാധ്യതകളുണ്ട

ആര്യങ്കാവ് മിൽക്ക് കോ ഓപ്പറ്റേറ്റീവ് സൊസൈറ്റി കൃ-931/87

പാലുല്പാദന വിപണ മേഖലയിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഈ സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്.

പട്ടിക 1

ക്രെഡിറ്റ് സഹകരണ ബാങ്കുകൾ സംബന്ധിച്ച വിവരം

സ്ഥാപനത്തിന്റെ പേര്	രജിസ്ട്രേഷൻ വർഷം	അംഗസംഖ്യ	അംഗീകൃത ഷെയർ മൂലധനം	പ്രവർത്തനമൂലധനം	സർക്കാർ ഷെയർ	നിക്ഷേപം	അനുവദിച്ച വായ്പകൾ കാർഷികം	കാർഷികേതരം	തുക	വായ്പാകുടിശ്ശിക തുക	വായ്പാകുടിശ്ശിക ശതമാനം	സ്വന്തം കെട്ടിടം
ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്ക് Ltd. No. 2965	1-9-1124 (M. E)	6271	2500000	1115410	99000	5523600	1894442	8014030	9908472	5600000	619700	141117
അച്ചൻകോവിൽ സർവ്വീസ് സഹകരണ ബാങ്ക് Ltd. No. Q 501	18-12-1975	1435	1000000	164050	41500	301270	346006	326131	672137	1116874	696550	99955

പ്രശ്നങ്ങൾ

1. കാർഷികമേഖലയിലെ വായ്പാവിതരണ കുറവ്.
2. സാധാരണ വായ്പകളുടെ തുകകുറവും ജാമ്യ വ്യവസ്ഥകളുടെ കാഠിന്യവും
3. സഹകരണ കൺസ്യൂമർ സ്റ്റോറുകളുടെ കുറവ്
4. ബാങ്ക് ശാഖകളുടെ കുറവ്.
5. നിക്ഷേപങ്ങളുടെ കുറവ്.
6. ജീവനക്കാരുടെ കുറവ്
7. പ്രചരണ പ്രവർത്തനങ്ങളുടെ കുറവ്
8. ഭൗതീക സാഹചര്യകുറവ്
9. അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ്

സാദ്ധ്യതകൾ ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കാർഷിക വായ്പ തുക വർദ്ധിപ്പിക്കുക.
2. പഞ്ചായത്ത് തലത്തിലുള്ള കാർഷിക ഉല്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി സംഭരിച്ച് വിപണനം നടത്തുക.
3. കാർഷിക ഉല്പന്നങ്ങളുടെ ഉറപ്പിൽ വായ്പ അനുവദിക്കുക.
4. വെഞ്ചർ അമ്പനാട് ആര്യങ്കാവ് പ്രദേശങ്ങളിൽ സഹകരണ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.
5. പഞ്ചായത്ത് പ്രദേശത്ത് മുഴുവൻ കുടുംബാംഗങ്ങളെയും ബാങ്കിൽ അംഗങ്ങളാക്കുകയും നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുക.
6. കഴുതുരിട്ടിയിൽ ആര്യങ്കാവ് സഹകരണ ബാങ്കിന്റെ ശാഖ ആരംഭിക്കുക
7. വളം, കീടനാശിനി വ്യാപാരങ്ങൾ മെച്ചപ്പെടുത്തുക
8. ആര്യങ്കാവ് പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനപരിതിയിൽ ശേന്തുരണി റെയിഞ്ച്കൂടി ഉൽപ്പെടുത്തുക.
9. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളോടനുബന്ധിച്ച് കൺസ്യൂമർ സ്റ്റോറുകൾ നടത്തുക.
10. ആര്യങ്കാവ് പട്ടികവർഗ്ഗ സഹകരണ സംഘം മുഖേന ഗോട്ട്ഫാം ആരംഭിക്കുക
11. ഇടപ്പാളയം പട്ടികജാതി സഹകരണ സംഘം മുഖേന ബാമ്പൂ പ്ലൈ യൂണിറ്റ് തുടങ്ങുക
12. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കുക.
13. ഈറ്റ, ചൂരൽ, മുള തുടങ്ങിയ അസംസ്കൃത വസ്തുക്കൾ സംഘങ്ങൾ നേരിട്ട് സംഭരിക്കുവാൻ വനംവകുപ്പ് നടപടികൾ സ്വീകരിക്കണം
14. പഞ്ചായത്ത് തലത്തിൽ ക്ഷീര സഹകരണ സംഘവും, വാർഡുകൾ കേന്ദ്രീകരിച്ച് യൂണിറ്റുകളും രൂപീകരിക്കുക.
15. അച്ചൻകോവിൽ കേന്ദ്രമായി ക്ഷീര സഹകരണ സംഘം റജിസ്ട്രർ ചെയ്ത് പാലുല്പാദനവും വിപണനവും നടത്തുക.
16. സ്വന്തമായി കെട്ടിടമില്ലാത്ത സഹകരണസ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടികളുണ്ടാക്കുക

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1991 ലെ സെൻസസ് പ്രകാരം ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 15585 ആണ്. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 3904 ഉം, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 368 ഉം ആണ്. എന്നാൽ പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിന്റെ കണക്കനുസരിച്ച് പട്ടിക വർഗ്ഗക്കാരുടെ എണ്ണം 530 ആണ്. ആകെ ജന സംഖ്യയുടെ 28% വരുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് ഒമ്പാതാം പദ്ധതിയിൽ അർഹമായ പരിഗണന നൽകേണ്ടത് അത്യാവശ്യമാണ്. ഈ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി അവരുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രായോഗികമായ സമീപനമാണ് ഒമ്പതാം പദ്ധതിയിൽ ഉണ്ടാകേണ്ടത്.

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 7, 9 വാർഡുകളിലാണ് പട്ടിക വർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾ എല്ലാ വാർഡുകളിലുമായി അധിവസിക്കുന്നു. ഈ വിഭാഗങ്ങൾക്കുവേണ്ടി നാല് കോളനികളാണ് ഈ പ്രദേശത്തുള്ളത്. അവയുടെ വിവരം ചുവടെചേർക്കുന്നു.

പട്ടിക 1

പട്ടികജാതി-പട്ടിവർഗ്ഗ കോളനികൾ

പട്ടികവർഗ്ഗകോളനി	പട്ടികജാതി കോളനി
1. പട്ടികവർഗ്ഗകോളനി അച്ചൻകോവിൽ	1. ഐ. എച്ച്. ഡി. പി. കോളനി കരയാളർതോട്ടം ആര്യങ്കാവ്
2. പട്ടികവർഗ്ഗ കോളനി ആര്യങ്കാവ്	2. ഐ. എച്ച്. ഡി. പി കോളനി അച്ചൻകോവിൽ

പട്ടിക 2

പട്ടികവർഗ്ഗ കുടുംബങ്ങളുടെ പൊതുവിവരം

കോളനിയുടെപേര്	ആകെ കുടുംബങ്ങൾ	അംഗസംഖ്യ			വീടുകളുടെ എണ്ണം				ഭവനരഹിതർ
		പു	സ്ത്രീ	ആകെ	കോൺക്രീറ്റ്	ഓട്	ഓല	ആകെ	
1. പട്ടികവർഗ്ഗകോളനി അച്ചൻകോവിൽ	75	170	180	350	–	44	21	65	10
2. പട്ടിക വർഗ്ഗകോളനി ആര്യങ്കാവ്	33	95	85	180	19	5	–	24	9
ആകെ	**108**	**265**	**265**	**530**	**19**	**49**	**21**	**89**	**19**

(അവലംബം-പട്ടികവർഗ്ഗവികസന വകുപ്പ്)

പട്ടിക വർഗ്ഗ വിഭാഗങ്ങൾ

ആര്യങ്കാവ്, അച്ചൻകോവിൽ വനാന്തരങ്ങളിൽ അധിവസിച്ചിരുന്ന മലമ്പണ്ടാരങ്ങൾ എന്ന ആദിവാസി വിഭാഗമാണ് ആര്യങ്കാവിലെ പട്ടിക വർഗ്ഗക്കാർ വന പ്രദേശങ്ങളിൽ മാറിമാറി താമസ്സിച്ചുവന്നിരുന്ന. ഈ വിഭാഗത്തിന്റെ പുനരധിവാസത്തിനുവേണ്ടി അച്ചൻകോവിൽ ആര്യങ്കാവ് പ്രദേശങ്ങളിൽ രണ്ട് കോളനികൾ

സ്ഥാപിച്ചിട്ടുണ്ട്. വനവിഭങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്ന ഈ വിഭാഗങ്ങൾ വളരെയേറെ ചൂഷണത്തിന് വിധേയരാണ്. അവർ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. പാരമ്പര്യ വനങ്ങൾ നശീകരണം നേരിട്ടതിന്റെ ഫലമായി വന വിഭവങ്ങളുടെ ലഭ്യതയും കുറഞ്ഞു. വന മേഖലയുമായി ബന്ധപ്പെട്ട തൊഴിലുകൾ ഇവർക്ക് അന്യമാണ്. കാട്ടിലെ തൊഴിലും നാട്ടിലെ തൊഴിലും ലഭിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. കേരളത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായി ഇവരെ പൊതു ധാരയിലേക്ക് കൊണ്ടുവരുവാൻ ഭാഗീകമായി കഴിഞ്ഞു എന്നത് വിസ്മരിക്കുന്നില്ല. വിദ്യാഭ്യാസ ആരോഗ്യ പ്രശ്നങ്ങളിൽ വളരെയേറെ പുരോഗതി കൈവരിക്കേണ്ടിയിരിക്കുന്നു. മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും വീടും, അംഗങ്ങൾക്ക് തൊഴിലും നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

പട്ടികജാതി വിഭാഗങ്ങൾ

ആര്യങ്കാവ് ഗ്രാമപഞ്ചായത്തുകലിലെ 9 വാർഡുകളിലായി അധിവസിക്കുന്ന പട്ടികജാതി വിഭാഗത്തിൽ കുറവ, പുലയ, പറയ, പള്ളൻ, ചക്കിലിയൻ തുടങ്ങിയവർ ഉൾപ്പെടുന്നു 3 മുതൽ 6 വരെ വാർഡുകളിൽ തമിഴ്നാട്ടിൽ കാണുന്ന പള്ളൻ ചക്കിലിയ വിഭാഗക്കാരാണ് കൂടുതൽ. ആര്യങ്കാവ്, അച്ചൻകോവിൽ പ്രദേശങ്ങളിൽ രണ്ട് ഐ. എച്ച്. ഡി. പി കോളനികളുണ്ട്. പട്ടിക ജാതി വിഭാഗങ്ങൾ ഏറെയുള്ള തോട്ടം മേഖലയിൽ ഇവരുടെ പുനരധിവാസത്തിന് പദ്ധതികളില്ല. റബ്ബർ തേയില തോട്ടങ്ങളിലെ തൊഴിലാലികളാണ് ഇവർ. 7, 8, 9 വാർഡുകളിലെ പട്ടിക ജാതി വിഭാഗങ്ങൾ വന മേഖലയുമായും നിർമ്മാണ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട ജോലികളാണ് ചെയ്യുന്നത്. പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ പദ്ധതികളുണ്ട് എങ്കിലും ഈ വിഭാഗത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടുകളില്ല. സ്കൂൾ വിദ്യാഭ്യാസം ഈ വിഭാഗം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇവരുടെ എണ്ണം അംഗുലീപരിമിതമാണ്.

പൂർണ്ണമായും ദാരിദ്ര്യ രേഖയ്ക്ക് താവെവരുന്ന ഈ വിഭാഗങ്ങളിൽ വളരെ കുറച്ച്പേർക്ക്മാത്രമേ ഐ. ആർ. ഡി. പി പോലുള്ള പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുള്ളു. പ്രയോജനം ലഭിച്ചവരിൽ ഭൂരിപക്ഷവും ഇത് വേണ്ട രീതിയിൽ വിനിയോഗിച്ച് കാണുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമ സമിതി

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് പദ്ധതിവിഹിതത്തിൽ ആവശ്യമായ തുക വകയിരുത്തണം. ഈ വിഭാഗത്തിൻറെ ഉന്നമനത്തിന് ചിലവാക്കുന്ന തുക ഇവരുടെ കൈയ്യിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ വിഭാഗങ്ങൾക്കുവേണ്ടി നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനായി പ്രത്യേക സമിതികൾ രൂപീകരിക്കുന്നത് അഭികാമ്യമാണ്.

പാർപ്പിടം

പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിലും പുറത്തും അധിവസിക്കുന്ന മുഴുവൻ ഭവന രഹിത പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും ഈടും ഉറപ്പും വൃത്തിയുമുള്ള വീടുകൾ നിർമ്മിച്ച് നൽകണം. ഇപ്പോൾ ഭവന നിർമ്മാണത്തിന് നൽകുന്ന സാമ്പത്തിക സഹായം പാർപ്പിട നിർമ്മാണ വസ്തുക്കളുടെ വില നിർമ്മാണ തൊഴിലാളികളുടെ കൂലി എന്നിവയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണ്. ഭവന നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിക്കണം.

കക്കൂസ്

പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങളിൽ 75% ത്തിനും സ്വന്തമായി കക്കൂസുകളില്ല. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകാനുള്ള സംവിധാനം വേണം.

കുടിവെള്ളം

സ്വന്തമായി കിണറില്ലാത്ത കുടുംബങ്ങളാണ് അധികവും കുടിവെള്ളം നൽകുന്നതിനുള്ള പൈപ്പ് ലൈൻ സംവിധാനം നിലവിലില്ല. കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചും, മറ്റ് കുടുംബങ്ങൾക്ക് കിണർ നിർമ്മിച്ച് നൽകിയും ഇതിന് പരിഹാരം കാണേണ്ടതാണ്.

വൈദ്യുതി

പട്ടികജാതി പട്ടിക വർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. എന്നാൽ പുറത്ത് താമസ്സിക്കുന്ന എല്ലാ കുടുംബങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. റോഡ് പുറമ്പോക്കിലും റയിൽവേ പുറമ്പോക്കിലും മറ്റ് കൈവ ശ ഭൂമികളിലും വൈദ്യുതി എത്തിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം

ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിന് സർക്കാർ തലത്തിൽ വളരെയേറെ സഹായങ്ങൽ നൽകുന്നു ണ്ടെങ്കിലും വിദ്യാഭ്യാസ പരമായി ഇവർ വളരെ പിന്നോക്കമാണ്. സാമ്പത്തികമായും, സാമൂഹ്യമായും പി ന്നോക്കം നിൽക്കുന്ന ഈ വിഭാഗങ്ങളിലെ രക്ഷിതാക്കൾ നിത്യവൃത്തിക്ക് കൂലിപണിക്ക് പോകുന്നതിനാൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ വേണ്ടെത്ര ശ്രദ്ധചെലുത്തികാണുന്നില്ല. അച്ചൻകോവിലിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ഹോസ്റ്റൽ നിലവിലുണ്ട്. നെടുമ്പാറ, കഴുതുരുട്ടി, ആര്യങ്കാവ്, അച്ചൻകോ വിൽ പ്രദേശങ്ങളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഹോസ്റ്റലുകൾ സ്ഥാപിക്കണം. പ ഠനോപകരണങ്ങൾ, സ്കൂൾ യൂണിഫോം തുടങ്ങിയവ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകണം.

അംഗൻവാടികൾ

പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. ഈ വിഭാ ഗങ്ങൾ അനുഭവിക്കുന്ന സാമൂഹ്യ പിന്നോക്കാവസ്ഥ ഉന്മൂലനം ചെയ്യുവാൻ വരും തലമുറയ്ക്കെങ്കിലും കഴി യണമെങ്കിൽ ശൈശവം മുതൽ കൂടുതൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ആരോഗ്യം, ശുചിത്വം തുടങ്ങിയ കാ ര്യങ്ങളിൽ കൂടുതൽ ബോധവൽക്കരണം അനിവാര്യമാണ്. ഓരോ പട്ടികജാതി പട്ടികവർഗ്ഗ കോളനികളോടും ചേർന്ന് അംഗൻവാടികൾ രൂപീകരിക്കണം.

സംസ്കാരിക സ്ഥാപനങ്ങൾ

ഈ വിഭാഗങ്ങളുടെ സാംസ്കാരിക പുരോഗതിക്ക് ആവശ്യമായ ഗ്രന്ഥശാലകളും കാലാ കായിക ക്ലബ്ബുകളും രൂപീകരിക്കണം. ഈ വിഭാഗങ്ങളുടെ തനതായ കലകൾ പ്രോത്സാഹനം ലഭിക്കാത്തതിനാൽ ന ശിച്ചുകൊണ്ടിരിക്കുകയാണ്. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങളായ ഗ്രന്ഥ ശാലകൾ ഇവർ ഉപ യോഗപ്പെടുത്തുന്നില്ല. ഈ വിഭാഗങ്ങൾക്കുവേണ്ടി സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ ആരംഭിക്കണം.

തൊഴിൽ പരിശീലന സ്ഥാപനങ്ങൾ

കൂലിപ്പണിമാത്രം ആശ്രയിച്ച് കഴിയുന്ന ഈ വിഭാഗങ്ങൾക്ക് മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം നൽകേണ്ടതാണ്. മേശൻ, മരപ്പണി, ഇലട്രീഷൻ, പ്ലംമ്പിംഗ് തുടങ്ങിയ തൊഴിലുകളിൽ പരിശീല നം നൽകുവാൻ ഒരു കേന്ദ്രം ആരംഭിക്കണം. സ്വയം തൊഴിൽ പദ്ധതികൾ ഏറ്റെടുക്കുവാൻ സാമ്പത്തിക സ ഹായത്തിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കണം.

സഹകരണ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ 7, 9 വാർഡുകളിൽ പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. വന മേഖലകളിൽനിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ ഈ സംഘങ്ങൾവഴി വിറ്റഴിക്കുന്നു. ഇടപ്പാളയത്ത് പട്ടിക ജാതി സഹകരണ സംഘം പ്രവർത്തിക്കുന്നു. ഈറ്റകൊണ്ടുള്ള പനമ്പുനെയ്ത്തിന് പരിശീലനം നൽകുന്ന ഈ സ്ഥാപനം മൂലധനമില്ലാത്തതിനാൽ തകർച്ചയുടെ വക്കിലാണ്.

പ്രശ്നങ്ങൾ

1. ഭവന രാഹിത്യം
2. കക്കൂസുകളില്ലാത്ത വീടുകൾ,
3. കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള ക്ഷാമം.
4. വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ
5. തൊഴിലില്ലായ്മ.
6. ആരോഗ്യ-ശുചിത്വകാര്യങ്ങളിലെ പിന്നോക്കാവസ്ഥ
7. സ്വന്തമായി ഭൂമിയില്ലായ്മ

സാദ്ധ്യതകൾ-ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഭവന രഹിത പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകമണം.
2. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഈ വിഭാഗങ്ങൾക്ക് അമ്പത് സെന്റ് വീതം കൃഷിഭൂമി നൽകണം.
3. ഭവന നിർമ്മാണത്തിനുള്ള സഹായധനം വർദ്ധിപ്പിക്കണം.
4. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് അവ നിർമ്മിച്ച് നൽകണം
5. ശുദ്ധ ജലവിതരണത്തിനായി കുഴൽകിണറുകൾ നിർമ്മിക്കണം.
6. കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.
7. എല്ലാവീടുകളിലും വൈദ്യുതി നൽകുക.
8. കോളനികളിലേക്കാവശ്യമായ റോഡുകൾ നിർമ്മിക്കുക.
9. എല്ലാ വാർഡുകളിലും അംഗൻവാടികളും ക്രഷുകളും സ്ഥാപിക്കുക
10. വിവിധ തൊഴിലുകളിൽ പരിശീലനം നൽകുവാൻ സ്ഥാപനങ്ങളുണ്ടാവണം.
11. തൊഴിൽ പരിശീലനം ലഭിച്ചവർക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ധന സഹായം നൽകണം.
12. വനിതകൾക്ക് തയ്യൽ, കോഴിവളർത്തൽ, ആടുവളർത്തൽ, പച്ചക്കറി കൃഷി, ഉദ്യാന കൃഷി എന്നിവയ്ക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകണം.
13. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനുവേണ്ടി ജനകീയ സമിതികൾ രൂപീകരിക്കണം.
14. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനിയിൽ ആരോഗ്യ ബോധവൽക്കരണവും വൈദ്യ പരിശോധനയും നടത്തണം
15. അച്ചൻകോവിൽ, ആര്യങ്കാവി, കഴുതുരിട്ടി, നെടുമ്പാറ എന്നിവടങ്ങളിൽ-പട്ടികജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഹോസ്റ്റലുകൾ സ്ഥാപിക്കണം.
16. കുട്ടികൾക്ക് പഠനോപകരണങ്ങൾ സ്കൂൾ യൂണിഫോം എന്നിവ സൗജന്യമായി നൽകണം.
17. അച്ചൻകോവിലിൽ ട്രൈബൽ ഹോസ്റ്റലിന് പുതിയ കെട്ടിടവും ഫർണ്ണിച്ചറും നൽകണം. ആവശ്യമായ സ്റ്റാഫിനെ അനുവദിക്കണം.
18. ഇടപ്പാളയം, കഴുതുരുട്ടി നാലുസെന്റ് കോളനികളും പൂത്തോട്ടം 10 ഏക്കറും ഐ. എച്ച്. ഡി. പി കോളനികളായി പ്രഖ്യാപിക്കണം.
19. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി സഞ്ചരിക്കുന്ന ഗ്രന്ഥശാലകളാരംഭിക്കണം.
20. തനതായ കലകൾ പ്രോത്സാഹിപ്പിക്കുവാൻ കലാ കായിക ക്ലാസുകൾ രൂപീകരിക്കുക
21 പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന സഹായ പദ്ധതികളെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുവാൻ പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്ററാരംഭിക്കുക.
22. വനമേഖലയിലെ തൊഴിലുകളുടെ 30 % ഈ വിഭാഗങ്ങൾക്ക് നീക്കിവയ്ക്കണം.

വിഭവസമാഹരണം

വികസനത്തിന് വിഭവം വേണം. ഇതിലേയ്ക്കാവശ്യമായ വിഭവം സ്വരൂപിക്കാൻ കഴിയുന്നത് സാമ്പത്തികവും മനുഷ്യപ്രയത്നം വഴിയുമാണ്. സാമ്പത്തിക വിഭവത്തിന്റെ കാര്യത്തിൽ ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് വളരെ പിറകിലാണ്. പഞ്ചായത്തിന്റെ നിലനില്പുതന്നെ സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന ഗ്രാന്റുകളെ ആശ്രയിച്ചാണ്. പഞ്ചായത്തിന്റെ തനതായ വരുമാനം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറവാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി പഞ്ചായത്തിന് ലഭിക്കേണ്ട നികുതികളും ഫീസുകളും ലാൻഡ് സെസ് ഒഴികെ 100% പിരിച്ചെടുത്തു വരുന്നു. ലാൻഡ് സെസ് ഇനത്തിൽ പഞ്ചായത്ത് പ്രദേശത്തെ എസ്റ്റേറ്റുകളിൽ നിന്ന് നല്ലൊരു തുക പിരിഞ്ഞുകിട്ടാനുണ്ട്. പട്ടിക 1 പരിശോധിച്ചാൽ ആയത് ബോദ്ധ്യമാകും. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ 1995-96 വർഷത്തെ വരവ് സംബന്ധിച്ച കാര്യവിവരങ്ങൾ പട്ടിക 1 ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനത്തിൽ നിന്നും പ്രതിവർഷം രണ്ടു തവണകളായി മൂന്നു ലക്ഷം രൂപ ആഫീസ് പ്രവർത്തിച്ചുവരുന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടനിർമ്മാണചെലവിന്റെ ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് ബോർഡിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് ഇനിയും ഒടുക്കേണ്ടതുകയുടെ വിവരങ്ങൾ പട്ടിക 2 ൽ ചേർത്തിരിക്കുന്നു.

പട്ടിക 1

വരവ് സംബന്ധിച്ച വിവരങ്ങൾ

ജനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	98987.00	77161.00	21826.00
തൊഴിൽ നികുതി	164124.00	159249.00	4875.00
ലാൻഡ് സെസ്	654772.00	268151.65	386620.35
ചന്ത വരവ്	77866.00	77866.00	- -
കെട്ടിടങ്ങളുടെ വാടകവരവ്	56407.00	56407.00	- -
ലൈസൻസ് ഫീസ്	3446.00	3446.00	- -
വസ്തു കൈമാറ്റനികുതി 25%	400000.00	400000.00	- -
വസ്തു കൈമാറ്റനികുതി 25%	179171.00	179171.00	
സർക്കാർ ഗ്രാന്റുകൾ	795017.00	795017.00	- -
മറ്റ് പലവിധവരവുകൾ	11646.90	11646.90	- -
ആകെ	**2441436.90**	**2028175.55**	**423321.35**

പട്ടിക 2

ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടനിർമ്മാണം.

റൂറൽ ഡവലപ്പ്മെന്റ് ബോർഡിന് ഒടുക്ക് വരുത്തേണ്ട തുകവിവരം.

മുതൽ	പലിശ	ഒടുക്കേണ്ട തീയതി
84280	48883	30-9-96(കുടിശ്ശിക)
84280	42772	31-3-97
84280	36662	30-9-97
84280	30552	31-3-98
84280	24441	30-9-98
84280	18331	31-3-99
84280	12221	30-9-99
84282	6110	31-3-2000

കെട്ടിടനികുതി

കെട്ടിടങ്ങളുടെ വ്ർഷിക വാടക നിശ്ചയിക്കുകയും ആയതിൽ നിന്നും 10% കിഴിവ് വരുത്തി (അറ്റകുറ്റപ ണികൾക്ക്) അതിന്റെ 6% വരുന്ന തുകയാണ് പ്രതിവർഷ കെട്ടിടനികുതിയായി ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് ഈടാക്കി വരുന്നത്. സ്റ്റാൻഡിങ്ങ് കമ്മിറ്റിയാണ് നികുതി നിശ്ചയിക്കുന്നത്. കെട്ടിടനികുതിയിനത്തിൽ ആര്യ ങ്കാവ് ഗ്രാമപഞ്ചായത്തിന്റെ ഒരു വർഷത്തെ വരവ് 77161.00 രൂപാ മാത്രമാണ്. കുടിലുകളെ കെട്ടിടനികുതി യിൽ നിന്നും ഒഴുവാക്കിയിട്ടുണ്ട്. മറ്റ് സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ ചെറിയൊരു തുകയാണ് ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കുന്നത്. പഞ്ചായത്തിൽ കൂറ്റൻ കെട്ടിടങ്ങൾ ഇല്ലാത്ത തും ഉള്ളവതന്നെ ഏറിയ പങ്കും നികുതി ചുമത്താൻ പര്യാപ്തമല്ലാത്തതുമാണ് ഈ കുറവിന്റെ മുഖ്യകാര ണം.

തൊഴിൽ നികുതി.

ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സർക്കാർ സ്ഥാപനങ്ങളിൽനിന്നും, സ്കൂളുകളിൽ നിന്നും, പൊ തുമേഖലാസ്ഥാപനങ്ങളിൽ നിന്നും, എസ്റ്റേറ്റുകളിൽ നിന്നും, ജീവനക്കാരിൽ നിന്നുമാണ് തൊഴിൽ നികുതി ഈടാക്കിവരുന്നത്. തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലായിട്ടാണ് പിരിച്ചെടുക്കുന്നത്. നികുതി ഒടു ക്കുന്നതിന് പല ജീവനക്കാരും വിമുഖതകാട്ടുന്നതായി കണ്ടു വരുന്നുണ്ട്. പലപ്പോഴും കോടതി മുഖേനെ നി കുതി ഈടാക്കേണ്ട സ്ഥിതിയും സംജാതമാകുന്നുണ്ട്. തൊഴിൽ നികുതിയിനത്തിൽ 95-96 വർഷത്തെ പഞ്ചാ യത്തിന്റെ വരവ്വിവരം പട്ടിക 1 ൽ ചേർത്തിട്ടുണ്ട്.

വിനോദനികുതി

മിക്ക പഞ്ചായത്തുകളിലും വിനോദനികുതി പഞ്ചായത്തിന്റെ സുപ്രധാന വരുമാനമാർഗ്ഗമാണ്. എന്നാൽ ആര്യങ്കാവ് ഗ്രമപഞ്ചായത്തിന് ഈ ഇനത്തിൽ യാതൊരു തുകകളും വരുമാനമായി ലഭിക്കുന്നില്ല. സിനിമാ തിയേറ്ററുകൾ ഒന്നുപോലും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലാ എന്നതാണ് ഇതിന് കാരണം.

ചന്തവരവ്

ആര്യങ്കാവ് ഗ്രമപഞ്ചായത്തിന് രണ്ട് പബ്ലിക് മാർക്കറ്റുകളാണുള്ളത്. സ്വകാര്യ മാർക്കറ്റുകൾ ഇല്ല. ഒന്ന് കഴുതുരുട്ടി പബ്ലിക്ക് മാർക്കറ്റ്, രണ്ട് ആര്യങ്കാവ് പബ്ലിക്ക് മാർക്കറ്റ്. പ്രസ്തുത മാർക്കറ്റുകളിലെ ഗേറ്റു ഫീസ് പിരിവ്, ആട്, മാട്, മാംസ വ്യാപാരം എന്നീ വകകൾക്കുള്ള അവകാശം ഓരോവർഷവും പ്രത്യേകം പ്രത്യേകമായി ലേലം ചെയ്തു നൽകുന്നു. ഈ ഇനത്തിൽ 95-96 വർഷം ലഭിച്ചതുക പട്ടിക 1 ൽ ചേർത്തിട്ടുണ്ട്.

ആര്യങ്കാവ് പബ്ലിക്ക് മാർക്കറ്റിൽ എത്തുന്ന വ്യാപാരികളുടെയും പൊതുജനങ്ങളുടെയും വരവ് അനുദിനം കുറഞ്ഞുവരുന്നതുമൂലം പ്രസ്തുത ചന്തയിൽ നിന്നുള്ള വരവ് നന്നേകുറഞ്ഞുവരികയുമാണ്.

ലൈസൻസ് ഫീസ്

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വ്യാപാര ശാലകളിൽ നിന്നും, സ്ഥാപിക്കപ്പെട്ടിട്ടുള്ള യന്ത്ര സാമഗ്രികളിൽ പോലും ചുമത്തപ്പെട്ടിട്ടുള്ള ലൈസൻസ് ഫീസാണ് പഞ്ചായത്തിന്റെ വരവിന്റെ ഒരു ഭാഗം. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ 95-96 വർഷം വ്യാപാര വ്യവസായ ശാലകളെയാണ് ലൈസൻസ്ഫീസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടിക അഞ്ചിൽ വിശദവിവരം ചേർത്തിരിയ്ക്കുന്നു. അവയിൽനിന്നും ഫീസ് ഇനത്തിൽ പ്രസ്തുത വർഷം ഈടാക്കിയ തുക സംബന്ധിച്ച വിവരം പട്ടിക 1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഗ്രാന്റുകൾ

വില്ലേജ് റോഡ് മെയിന്റനൻസ്ഗ്രാന്റ്, മൈനർ ഇറിഗേഷൻ ഗ്രാന്റ്, വെഹിക്കിൾ ടാക്സ് കാമ്പൻസേഷൻ, അടിസ്ഥാനനികുതി ഗ്രാന്റ്, വസ്തു കൈമാറനികുതി, അൺടൈയ്ഡ്ഫണ്ട് എന്നീ ഇനങ്ങളിലുള്ള ഗ്രാന്റുകളും ഫണ്ടുകളുമാണ് പഞ്ചായത്തിന്റെ വരുമാനത്തിൽമുഖ്യപങ്കുവഹിയ്ക്കുന്നത്. 95-96 വർഷം പഞ്ചായത്തിനു ലഭിച്ച പ്രസ്തുത ഗ്രാന്റ് തുകകളെ സംബന്ധിച്ച വിവരം പട്ടിക 3 ൽ ചേർത്തിരിക്കുന്നു.

വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് തുകയിനത്തിൽ ഒരു ചെറിയ തുകയാണ് ലഭിച്ചുവരുന്നത്. അതോടൊപ്പം വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഇനത്തിലും ലഭിച്ചുവരുന്ന തുക നന്നേകുറവാണ്. പഞ്ചായത്ത് പ്രദേശത്തുള്ള എസ്റ്റേറ്റ് റോഡുകളേയും ഫോറസ്റ്റ് റോഡുകളേയും കൂടി ഉൾപ്പെടുത്തി ആവശ്യമായ പ്രൊപ്പോസലുകൾ നൽകി തുക വർദ്ധിപ്പിച്ചുകിട്ടാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

പട്ടിക 3

ഗ്രാന്റു തുകകളുടെ ലഭ്യത സംബന്ധിച്ച്

95-96 വർഷം

ഗ്രാന്റിനം	ലഭിച്ചതുക
വില്ലേജ് റോഡ്മെയിന്റൻസ് ഗ്രാന്റ്	43265
മൈനർ ഇറിഗേഷൻ ഗ്രാന്റ്	150
വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ	98035
വസ്തു കൈമാറ്റനികുതി. 25%	400000
വസ്തുകൈമാറ്റനികുതി 75%	179171
അടിസ്ഥാനനികുതി ഗ്രാന്റ്	298357
അൺടൈയ്ഡ്ഫണ്ട്	355210
ആകെ.	1374188

കെട്ടിടങ്ങളുടെ വാടക ഇനത്തിലുള്ള വരവ്

പഞ്ചായത്ത് റൂറൽ ഡവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തിൽ നിർമ്മിച്ചിട്ടുള്ളഷോപ്പിംഗ് കോം പ്ലെക്സ് കെട്ടിടത്തിൽ 26 മുറികൾ പ്രതിമാസ വാടകയ്ക്ക് ലേലം ചെയ്തു നൽകിയിട്ടുള്ളതാണ്. കൂടാതെ പ ഞ്ചായത്ത് തനത് ഫണ്ട്ഉപയോഗിച്ച് 6 മുറികളുള്ള ഒരുകെട്ടിടവും നിർമ്മിച്ച് പ്രതിമാസ വാടകയ്ക്ക് ലേലം ചെയ്തു നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ പഞ്ചായത്തിന്റെ 95-96 വർഷത്തെ വരവ് സംബന്ധിച്ച വിവ രം പട്ടിക 1 ൽ ചേർത്തിട്ടുണ്ട്.

മറ്റുവകുപ്പുകളിൽനിന്നും ലഭിച്ചിട്ടുള്ള തുക.

ഈ ഇനത്തിൽ 95-96 വർഷം ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ പ ട്ടിക 4 ൽ ചേർക്കുന്നു.

പട്ടിക 4

മറ്റുവകുപ്പുകളിൽനിന്നും ലഭിച്ച തുക.

വകുപ്പ്	ലഭിച്ച തുക
മൃഗസംരക്ഷണം	25000
ആരോഗ്യം	4469
കൃഷി	43865
പി.ഡബ്ലിയു. ഡി	13400
ഹരിജനക്ഷേമം	10400
വിദ്യാഭ്യാസം	1300
പട്ടിക വർഗ്ഗ ക്ഷേമം	1300
ആകെ	**99734**

പട്ടിക 5

ലൈസൻസ് ഫീസ് സംസബന്ധിച്ച വിവരങ്ങൾ.

വാർഡ്	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	ആകെ
1	-	1	3	4
2	-	1	1	4
3	-	3	3	6
4	-	1	2	3
5	-	2	6	8
6	-	1	3	4
7	-	9	32	41
8	-	6	36	42
9	1	8	25	34
	1	32	113	146

ചെലവുകൾ

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ 95-96 വർഷത്തെ മൊത്തം ചെലവിൽ 66.68% വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് മറ്റിനങ്ങളിലും വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകകളേ സംബന്ധിക്കുന്ന വിവരം പട്ടിക 6 ൽ ചേർത്തിരിയ്ക്കുന്നു.

പട്ടിക 6

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	ചെലവഴിച്ച തുക	ശതമാനം
ഭരണം	677623.00	32.31%
പൊതുമരാമത്ത്	756155.00	36.06%
വിദ്യാഭ്യാസം	10455.00	0.498%
പൊതുജനാരോഗ്യം	8628.00	0.411%
തെരുവുവിളക്ക്	266165.00	12.69%
സോഷ്യൽ വെൽഫെയർ (I. C. D. S)	1170.00	0.55%
മറ്റ് ഇനങ്ങൾ	376442.00	17.95%
ആകെ	2096638.00	

വിഭവസമാഹരണത്തിന്മേലുള്ള നിർദ്ദേശങ്ങൾ പ്രശ്നങ്ങൾ, സാദ്ധ്യതകൾ സംബന്ധിച്ച്.

നിർദ്ദേശം/പ്രശ്നങ്ങൾ

1. ഭൂനികുതി കുടിശിക.
2. വിനോദനികുതിയുടെ ഇല്ലായ്മ
3. പഞ്ചായത്ത് മാർക്കറ്റിലെ വാണിജ്യമാന്ദ്യം
4. ലൈസൻസ്ഫീസ് വരവിനത്തിലുള്ള കുറവ്.
5. വില്ലേജ്റോഡ് മെയിന്റനൻസ് ഗ്രാന്റ്, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ എന്നിവയിലെ കുറവ്.
6. വിഭവശേഖരണത്തിൽ ജനപങ്കാളിത്തം ഇല്ലായ്മ.
7. കത്താത്ത തെരുവുവിളക്കുകളുടെ പണമടയ്ക്കൽ.

സാദ്ധ്യതകൾ

ഭൂനികുതികുടിശിക

1. ഊർജ്ജിതനടപടികൾ സെക്രട്ടറിയുടേയും ജീവനക്കാരുടെയും സമിതി അംഗങ്ങളുടേയു ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ നടത്തേണ്ടതുമാണ്.
2. കഴുതുരുട്ടിയിലോ ആര്യങ്കാവിലോ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഒരു സിനിമാശാല സ്ഥാപിക്കണം.
3. ആര്യങ്കാവ് പബ്ലിക്മാർക്കറ്റിന്റെ ഇന്നത്തെ നിലവാരം ആവശ്യമായ പണികൾ നടത്തിയും ആവശ്യമായ പ

രസ്യങ്ങൾ നൽകിയും വ്യാപാരികളേയും ഉപഭോക്താക്കളെയും ചന്തയിൽ എത്തുന്നതിന് നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

4. വൻകിട, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് വൻകിട, ചെറുകിട വ്യവസായികളെ പഞ്ചായത്ത് പ്രദേശത്തേയ്ക്ക് ആകർഷിയ്ക്കുന്നതിനും നടപടികൾ ഉണ്ടാകണം.

5. എസ്റ്റേറ്റ് മേഖലയിൽ കടന്നുപോകുന്ന റോഡുകളേയും ഫോറസ്റ്റ് റോഡുകളേയും പഞ്ചായത്ത് റോഡുകളായി പുനർനിർണ്ണയം ചെയ്യുകയും അതുപ്രകാരം ഗ്രാന്റുതുക വർദ്ധിപ്പിയ്ക്കുന്നതിന് നടപടികൾ ഉണ്ടാകുകയും വേണം.

6. ദേശീയ സമ്പാദ്യ പദ്ധതിയിലേയും ജനങ്ങളെകൂടുതൽ ഉൾപ്പെടുത്തുന്നതിനുള്ള തീവ്രശ്രമം ഉണ്ടാകേണ്ടതാണ്.

7. തെരുവു വിളക്കുകൾക്ക് പ്രത്യേകമീറ്റർ സ്ഥാപിച്ച് റീഡിങ്ങ് കണക്കാക്കി വൈദ്യുതിചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ ഉണാടാകണം.

മറ്റു സാദ്ധ്യതകൾ

അയൽ സംസ്ഥാനമായ തമിഴ്നാട് വഴി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികളെ സംസ്ഥാനാതിർത്തി ആയ ആര്യങ്കാവിൽ തടഞ്ഞുനിർത്തി ആവശ്യമായ കുത്തിവയ്പ്പുകൾക്ക് വിധേയമാക്കിയശേഷം മാത്രം കേരളത്തിലേക്കു കടത്തിവിടുന്നതിന് ആര്യങ്കാവിൽ ഒരു ചെക്ക് പോസ്റ്റും, കുത്തിവയ്പ്പിനാവശ്യമായ സജ്ജീകരണങ്ങളും ഉണ്ടാക്കുക. ഇപ്രകാരം കുത്തിവയ്പ് നടത്തുന്നതിന് ഒരു നിശ്ചിത ഫീസ് ചുമത്തുകയും ഫീസ് ഈടാക്കി പഞ്ചായത്തിന്റെ വരുമാനത്തിലേയ്ക്ക് മാറ്റുകയും ചെയ്യുന്നതിന് നടപടിഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു കല്യാണ മണ്ഡപം/കമ്മ്യൂണിറ്റിഹാൾ സ്ഥാപിയ്ക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന് സ്വന്തമായി ഒരു ആംബുലൻസ് അനുവദിച്ചാൽ ആയത് പൊതുജനനന്മയും തദ്വാരാപഞ്ചായത്തിന് വരുമാന മാർഗ്ഗവും ആയിത്തീരും. പഞ്ചായത്ത് ടാക്സിചാർജ്ജ് ഇനത്തിൽ ചെലവഴിച്ചുവരുന്നതുകലഭിയ്ക്കാനും കഴിയും.

മറ്റ് വകുപ്പുകളുടെ അധീനതയിലുള്ളതും പഞ്ചായത്തിൽ കൂടി ഒഴുകുന്നതുമായ അരുവികൾ, തോടുകൾ, നദികൾ എന്നിവയിലെ മണൽവാരുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകേണ്ടതാണ്. അത് പഞ്ചായത്തിന്റെ നല്ലൊരുവിഭവ സമാഹരണമാർഗ്ഗമായി തീരുന്നതാണ്.

കെട്ടിട നികുതി വീടുകളുടെ ചതുരശ്ര വിസ്തീർണ്ണം അടിസ്ഥാനമാക്കി നിശ്ചയിച്ച് നിലവിലുള്ള രീതി പുതുക്കി ഏകീകൃത സ്വഭാവത്തിലാക്കുക.

പഞ്ചായത്തിൽ എത്തിച്ചേരുന്ന ടൂറിസ്റ്റു വാഹനങ്ങൾക്ക് പാലരുവിയിൽ പാർക്കിംങ്ങ് സൗകര്യം ഉണ്ടാക്കി ആയതിന് ഫീസ് ഈടാക്കാൻ നടപടി ഉണ്ടാകണം.

ആര്യങ്കാവിലെ പബ്ലിക് മാർക്കറ്റ് (കായ്കറിചന്ത) കന്നുകാലി ചന്തയാക്കിമാറ്റുക.

ടൂറിസം

ടൂറിസം വികസന സാദ്ധ്യത വളരെ അധികമുള്ള ഒരു പഞ്ചായത്താണിത്. തമിഴ്നാടിനോടു ചേർന്നു കിടക്കുന്നതും പ്രകൃതിരമണീയവുമായ സഹ്യസാനുക്കളും, പാലരുവി വെള്ളച്ചാട്ടവും ബോഡിലോൺ തോട്ടവും അമ്പനാട് തേയിലതോട്ടവും അച്ചൻകോവിൽ-ആര്യങ്കാവ് ശാസ്താക്ഷേത്രങ്ങളും സമീപ പ്രദേശത്തെ കല്ലട പവ്വർഹൗസ്, ഡാം, ഒറ്റക്കൽ ലുക്ക് ഔട്ട് തുടങ്ങിയവയും പഞ്ചായത്തിലെ ടൂറിസം വികസന സാദ്ധ്യത കളിലേയ്ക്കു വിരൽ ചൂണ്ടുന്നു. പ്രതിദിനം ആയിരക്കണക്കിന് വിനോദസഞ്ചാരികളാണ് ഇവിടങ്ങളിൽ എത്തിച്ചേരുന്നത്.

പാലരുവി വികസന സാദ്ധ്യത:-

പ്രകൃതിയുടെ വാട്ടർ ഷവറാണ് പാലരുവി ഉൾവനത്തിലൂടെ ഒഴുകിവരുന്ന നീരുറവകളിലെ ഔഷധഗുണമുള്ളവെള്ളം പാലരുവിയിൽ ഏകദേശം ആയിരം അടി താഴ്ചയിലേയ്ക്ക് ചിന്നിച്ചിതറിഅന്തിരീക്ഷത്തിന് കുളിർമയും കാഴ്ചയ്ക്ക് പാലൊഴുക്കിന്റെ തിളക്കവും നൽകുന്ന ദൃശ്യം വിവരണാതീതമാണ്. ഇവിടെ എത്തുന്ന വിനോദ സഞ്ചാരികൾക്ക് യാതൊരു സൗകര്യങ്ങളുമില്ല. കാഴ്ചയ്ക്ക് ആനന്ദം തരുന്നതാണെങ്കിലും അപകടകാരിയുമാണ് ഈ പ്രദേശം. സംരക്ഷണത്തിലെ അപര്യാപ്തതയാണ് ഇതിനു കാരണം. യുവടൂറിസ്റ്റുകൾക്ക് പാലരുവി ഉത്ഭവസ്ഥാനം കണ്ടെത്തുന്നതിനുള്ള ആവേശം സ്വാഭാവികമാണ്. വഴുവഴുപ്പുള്ള പാറയിൽ തെന്നിതാഴേയ്ക്കുപതിച്ച് മരണമടഞ്ഞവരുടെ എണ്ണം വളരെ അധികമാണ്.

പാലരുവിയിൽ കുറ്റാലം മോഡൽ സൗകര്യങ്ങൾ ചെയ്താൽ ഇത് ഒരു വൻ ടൂറിസ്റ്റ് കേന്ദ്രമായി തീരും എന്നതിന് രണ്ടു പക്ഷമില്ല. പാലരുവിയിൽ നിലവിലുള്ള നിബിഡവനഭൂമിയ്ക്ക് നാശം സംഭവിയ്ക്കാത്ത രീതിയിൽ ഒരു പാർക്കും മാൻ, മയിൽ, വിവിധ പക്ഷികൾ ഇവയെ സ്വതന്ത്രമായി വളർത്തുന്നതിന് സൗകര്യവും ഉണ്ടാക്കുക. വിവിധ മത്സ്യ ശേഖരങ്ങളെ ഉൾക്കൊള്ളിച്ച് ഒരു അക്വേറിയം സ്ഥാപിക്കുക. സാഹസികത ഇഷ്ടപ്പെടുന്ന ടൂറിസ്റ്റുകൾക്കായി ഒരു റോപ്പ് വേ സാദ്ധ്യതയും പരീക്ഷണവിധേയമാക്കാവുന്നതാണ്. വെള്ളച്ചാട്ടത്തിന് മുകൾ ഭാഗത്ത് മണ്ഡപത്തിൽ എത്തിച്ചേരുന്നതിന് അപകട സാദ്ധ്യത ഒഴിവാക്കി ആകർഷകമായ രീതിയിൽ പടികൾ നിർമ്മിയ്ക്കുക. എത്തിച്ചേരുന്ന ടൂറിസ്റ്റുകൾക്ക് വിശ്രമാരാമങ്ങളും വാഹനങ്ങൾ സുരക്ഷിതമായി പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുക, ഭക്ഷണ സൗകര്യങ്ങൾക്ക് ആവശ്യമായ റസ്റ്റോറന്റുകൾ സ്ഥാപിയ്ക്കുക എന്നിവ വികസനത്തിന്റെ പ്രാഥമികപടിയായി ചെയ്യേണ്ടതാണ്.

രാജാക്കന്മാർ താവളമായി ഉപയോഗിച്ചിട്ടുള്ളതിന്റെ പല അവശിഷ്ടരേഖകളും ഇവിടെ നിലനില്ക്കുന്നുണ്ട്. കുളിക്കുന്നതിനുള്ള മണ്ഡപം, കുതിരലായം എന്നിവ. ഉരുൾപൊട്ടലിൽ ഇതിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം പഴമനിലനിർത്തിക്കൊണ്ട് പുനരുദ്ധരിയ്ക്കാവുന്നതും പുനരുദ്ധരിയ്ക്കേണ്ടതുമാണ്.

പാലരുവിയിൽ ഒരു ഐസ്ക്രീം, ബേക്കറി യൂണിറ്റ് ആരംഭിയ്ക്കുന്നതി അഭിലഷണീയമാണ് ബോൾഗാട്ടിപാലസ് മാതൃക ഇവിടെ അവലംബിയ്ക്കാവുന്നതാണ്. പാലരുവിതോടിന് ഇരുവശവും കോൺക്രീറ്റ് സീറ്റുകൾ ക്രമീകരിച്ച് വിശ്രമിയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

പാലരുവിയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും കുളിയ്ക്കുന്നതിന് സൗകര്യമായ രീതിയിൽ പ്രത്യേകം പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തണം.

മോട്ടൽ:- കേരള സംസ്ഥാന ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ ഒരു സ്ഥാപനമാണിത്. മൂന്ന്കിടക്കകൾ, കോൺഫറൻസ്ഹാൾ, വിശാലമായ ഡോർമറ്ററികൾ, പാർക്കിങ്ങ് ഗ്രൗണ്ട് എന്നിവ ഉൾപ്പെടെ വിനോദ സഞ്ചാരികളെ ആകർഷിയ്ക്കുന്നതിനു വേണ്ടി സർക്കാർ ഒരുക്കിയിട്ടുള്ള സ്ഥാപനമാണിത്. ഇവിടെ മിതമാ

യ വിലയ്ക്കു ഭക്ഷണ-പാനിയങ്ങൾ ലഭിക്കുന്നുണ്ട്. റയിൽവേ ലൈനിനും കൊല്ലം ചെങ്കോട്ട റോഡിനും സമീപത്ത് പാലരുവിയിലേക്കുള്ള സ്റ്റാർട്ടിങ്ങ് പോയിന്റിലാണ് ഇതിന്റെ സ്ഥാനം. ഈ സ്ഥാപനത്തോടനുബന്ധിമായി പൂന്തോട്ടം, സ്റ്റാച്ച്യൂസ്, മറ്റ് ആകർഷകോപാധികൾ എന്നിവകൂടി നിർമ്മിക്കുകയാണെങ്കിൽ അത് ഏറെ ആകർഷകമായിരിയ്ക്കും. ഇവയ്ക്കുപുറമേ ഈ ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിച്ച് എത്തിയ്ക്കുന്നതിന് റയിൽവേ ഒരു ടൂറിസ്റ്റ് ട്രെയിൻ സർവ്വീസ് നടപ്പാക്കാൻ ശ്രമിച്ചാൽ അത് ഏറെ പ്രയോജനപ്രദമായിരിയ്ക്കും.

നിലവിലുള്ള ബോഡിലോൺ തേക്ക് പ്ളാന്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ ചെയ്ത് തറയിൽ സ്റ്റേഡിയത്തിലെ പുല്ല് വച്ചുപിടിപ്പിച്ച് മനോഹരമാക്കി കോൺക്രീറ്റ് സീറ്റുകൾ, കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ എന്നിവ ക്രമീകരിച്ച് ഒരു നല്ല പാർക്കാക്കി മാറ്റാവുന്നതാണ്.

കോട്ടവാസൽ, ഒറ്റക്കൽ മോഡലിൽ ഒരു പിരമിഡ് നിർമ്മിച്ച് തമിഴ്നാട്-കേരള സംസ്കാരസംയോജനത്തിന് മാതൃകയാക്കാവുന്നതാണ്.

അമ്പനാട്-അച്ചൻകോവിൽ എസ്റ്റേറ്റ്-പൊൻമുടിമാതൃക

പൊൻമുടി മലയേക്കാൾ വളരെ ആകർഷകമായ കാഴ്ചയാണ് ആനച്ചാടി, അമ്പനാട്, അച്ചൻകോവിൽ തേയിലത്തോട്ടം ഭാഗങ്ങളിൽ ഉള്ളത്. ഈ ഭാഗങ്ങൾ ടൂറിസം ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു വേണം കരുതാൻ. ഡിപ്പാർട്ടുമെന്റ് അല്പമൊന്നു ശ്രദ്ധിച്ചാൽ ടൂറിസ്റ്റുകളെ ഈ മേഖലയിലേയ്ക്കാകർഷിയ്ക്കാൻ സാദ്ധ്യതകൾ ഏറെയാണ്.

വിനോദസഞ്ചാരികൾക്ക് സംരക്ഷണം

കേരളമെന്നും അതിഥിസൽക്കാരത്തിൽ മുൻപന്തിയിലാണ്. ആ ആതിഥ്യ ഉത്സുകതയാണ് വിദേശികളേയും സ്വദേശികളേയും വിനോദസഞ്ചാരകേന്ദ്രങ്ങളിലേയ്ക്ക് ആകർഷിയ്ക്കുന്ന മുഖ്യഘടകവും. എന്തെല്ലാംപരാധീനതകൾ ഉണ്ടെങ്കിലും ഗ്രാമത്തിലെത്തുന്ന ടൂറിസ്റ്റുകൾക്ക് മതിയായ സംരക്ഷണവും സുരക്ഷിതത്വവും നൽകുന്നതിൽ ഉറപ്പു നില്ക്കേണ്ടതാണ്. ആര്യങ്കാവിൽ ഒരു പോലീസ് സ്റ്റേഷൻ ഉണ്ടാകേണ്ട ആവശ്യത്തിലേയ്ക്ക് ഇത് വിരൽ ചൂണ്ടുന്നു. പാലരുവിയിൽ ടൂറിസ്റ്റ് പോലീസിനെയും ടൂറിസ്റ്റ് ഗൈഡിനേയും നിയോഗിക്കേണ്ടതാണ്. മോട്ടലിനോടൊപ്പം ബിയർപാർലർ ആരംഭിക്കണം.

പട്ടിക 1

പ്രദിദിനം പാലരുവിയിൽ വന്നുപോകുന്ന ടൂറിസ്റ്റ് വാഹനങ്ങളും ടൂറിസ്റ്റുകളും

ക്ര.ന	ടൂറിസ്റ്റുകൾ	ടൂറിസ്റ്റുകളുടെ എണ്ണം	ടൂറിസ്റ്റ്വാഹനങ്ങൾ
1	വിദേശിയർ	50	8
2	അന്യസംസ്ഥാനക്കാർ	60	12
3	സ്വദേശിയർ	200	25.

അച്ചൻകോവിൽ 'ഒടി'



ബോഡിലോൺ പ്ലാന്റേഷൻ
(ലോകത്തിലെ ആദ്യത്തെ സ്റ്റമ്പ് തേക്കുതോട്ടം)

വനം

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രധാന ഘടകമാണ് വനം. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 196.84 ച:കി:മീ ആണ്. ഇതിൽ വനഭൂമി ഉൾപ്പെടെ ആൾപാർപ്പുള്ള പ്രദേശം 79.6 ച: കി: മീ ആണ്. അവശേഷിക്കുന്ന 117.24 ച:കി:മീ ഘോരവനമാണ്. സഹ്യസാനുക്കളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ ഗ്രാമത്തിന്റെ പ്രകൃതി രമണീയത വർദ്ധിപ്പിയ്ക്കുന്നതും വനഭൂമിതന്നെ. രണ്ട് ഫോറസ്റ്റ് ഡിവിഷനുകളിലും മൂന്ന് ഫോറസ്റ്റ് റെയിഞ്ചുകളിലുമായിട്ടാണ് ഈ വന ഭൂമി സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വന ഭൂമി തടസ്സമാണെങ്കിലും വനം വകുപ്പ് തനതായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷൻ

അച്ചൻകോവിൽ ഡിവിഷന്റെ കീഴിൽ കോന്നി, ചിറ്റാർ റെയിഞ്ചുകളിലായിട്ടാണ് വനമുള്ളത്. വളരെ അധികം വികസന സാദ്ധ്യതകളുൾ ഉള്ളതും ടൂറിസം സാദ്ധ്യത ഉള്ളതുമായ വനപ്രദേശമാണ് ഇവിടെ ഉള്ളത്. അച്ചൻ കോവിൽ ക്ഷേത്രസാന്നിദ്ധ്യം തമിഴ് നാട്ടിൽ നിന്നും മദ്ധ്യ കേരളത്തിലേക്ക് കടക്കാനുള്ള പാത ഇതെല്ലാം ഈ വന പ്രദേശത്തിന്റെ പ്രത്യേകതയാണ്. വന ഭൂമിയിൽ ഗിരിജനങ്ങൾതാമസമുണ്ട്. ടൂറിസം, വനം വകുപ്പ് സംയുക്തമായി അച്ചൽകോവിൽ വനത്തിൽ കുതിരസവാരി, ആനസവാരി മരമുകളിൽ ഒടി, കാന്റീൻ തുടങ്ങിയ സൗകര്യങ്ങൽ ക്രമീകരിച്ചിട്ടുണ്ട്. സിംഹവാലൻ കുരങ്ങ്, പുള്ളിപ്പുലി, പന്നി, മുള്ളൻപന്നി, മ്ലാവ് തുടങ്ങിയ മൃഗങ്ങളും മയിൽ, തത്ത, മൈന, കുയിൽ, വേഴാമ്പൽ തുടങ്ങിയ പക്ഷികളും കാണപ്പെടുന്നു. മലമ്പാമ്പ് ഈ വനത്തിലെ പ്രത്യേകതയാണ്.

ലോകഭക്ഷ്യപരിപാടി:-

ലോക ഭക്ഷ്യപരിപാടിയിൽ ഉൾപ്പെടുത്തി 1991-92 വർഷംമുതൽ 1996-97 ഒക്ടോബർമാസം വരെ ജനറൽ ഫണ്ടിൽ നിന്നും 317029 രൂപയും പറമ്പിക്കുളം ഡിവിഷനിൽനിന്നു ലഭിച്ച ഒരു ലക്ഷം രൂപയും ഉപയോഗിച്ച് അഞ്ച് സൗജന്യ മെഡിക്കൽ ക്യാമ്പ്, ക്യാൻസർ പരിശോധനാ ക്യാമ്പ്, പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ രണ്ട് കിണറുകൾ, 4 കുഴൽകിണറുകൾ ഇവനിർമ്മിക്കുകയും 44 വീടുകളുടെ അറ്റകുറ്റ പണികൾ നടത്തിയ്ക്കുകയും ഹരിജന വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ മിത്രനികേതനത്തിൽ വിട്ട് തയ്യൽപരിശീലനം, ഹരിജൻകോളനിയിൽ 15 തേനീച്ചകൂടുകൾ, ഹരിജൻ കോളനിയിൽ കുരുമുളക് തോട്ടം അച്ചൻ കോവിൽ ഗിരിജൻ ഹോസ്റ്റലിൽ 150 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് തുടങ്ങിയ പരിപാടികൾ നടപ്പാക്കകയുണ്ടായി. പദ്ധതികൾക്കായിനാലു ലക്ഷത്തി അയ്യായിരത്തിതൊണ്ണൂറ്റിനാല് രൂപ ചെലവിടുകയുണ്ടായി.

19-ാം എസ്. എൻ. സി. സി മീറ്റിങ്ങിൽ അച്ചൻകോവിൽ ഡിവിഷനിൽ നിന്നു നൽകിയ പദ്ധതി പ്രവർത്തനങ്ങളിൽ 6 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം കിട്ടിയ പദ്ധതികൾ പട്ടികയിൽ നിന്ന് മനസിലാക്കാം.

പട്ടിക 1

ക്രമനമ്പർ	ഇനം	തുക (ലക്ഷത്തിൽ)
1	അച്ചൻകോവിൽ ഗവ:ഹൈസ്കൂളിൽ പെൺകുട്ടികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കാൻ ഷെഡ്	2.50
2	അച്ചൻകോവിൽ ഗവ:ഹൈസ്കൂളിന് പമ്പ്സെറ്റ്	1.50
3	അച്ചൻകോവിൽ ഗവ:ഹൈസ്കൂളിൽ ടോയ്ലറ്റ് ബ്ലോക്കും സേഫ്റ്റിടാങ്കും	1.00
4	അച്ചൻകോവിൽ ട്രൈബൽ ഹോസ്റ്റ ലിന് ടോയ്ലറ്റ് ബ്ലോക്ക്	0.50
5	ഹരിജൻ സൊസൈറ്റി ആഫീസും ഗോഡൗണും	1.50
6	കുടിവെള്ള സൗകര്യത്തിന് കിണർ	1.50

തെന്മല ഡിവിഷൻ: ആര്യങ്കാവ് റെയിഞ്ച്

ആര്യങ്കാവ് പഞ്ചായത്തിൽ പൂർണ്ണമായും ഉൾപ്പെടുന്ന ഒരു റയിഞ്ചാണിത്. വിസ്തീർണ്ണം 74.34 ച: കി: മീറ്റർ. തെന്മല വനംവകുപ്പ് ഡിവിഷനിൽ ഉൾപ്പെട്ട ഈ റയിഞ്ചിന്റെ മേൽ നോട്ടത്തിൽ വളരെയധികം വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. പല അപൂർവ്വ സസ്യങ്ങളും വൃക്ഷങ്ങളും ഈ റയിഞ്ചിന്റെ പ്രത്യേകതയാണ്. കഴിഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി ആര്യങ്കാവ് ട്രൈബൽ കോളനിയിലും, കടമാൻ പാറയിലുമായി മൂന്ന് കിണറുകൾ കുഴിപ്പിച്ചു. ഗിരിജനങ്ങൾക്ക് കടമാൻപാറയിൽ ഷെഡുകൾ നിർമ്മിച്ചു നൽകി. 19 ഗിരിജന ഭവനങ്ങളുടെ അറ്റ കുറ്റപണികൾ നടത്തി. അഞ്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ലോകഭക്ഷ്യപദ്ധതിപ്രകാരം 3 മെട്രിക് ടൺ അരി, എണ്ണ, പയർ എന്നിവ വിതരണം ചെയ്തു. ആര്യങ്കാവ്, റോസ്മല റോഡിന്റെ പണി നടത്തി.

ഭാവിപ്രവർത്തനങ്ങൾ.

അടുത്ത അഞ്ച് വർഷത്തേയ്ക്ക് ആര്യങ്കാവ് റയിഞ്ചിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികയിൽ പറയുന്ന പ്രകാരമുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

പട്ടിക 2

ക്രമ.ന	ഉദ്ദേശിക്കുന്ന പണികൾ	അളവ്	ഉദ്ദേശ തുക
1.	ആര്യങ്കാവ് ഗിരിജൻകോളനിയിൽ വീട് നിർമ്മാണം	5	8 ലക്ഷം
2.	കടമാൻപാറ ഗിരിജൻകോളനിയിൽ വീട് നിർമ്മാണം	2	2.10 ലക്ഷം
3.	ആര്യങ്കാവ് ഗിരിജൻ കോളനിക്ക് ചുറ്റുമതിൽ നിർമ്മാണം	1	10 ലക്ഷം
4.	ക്യൂ. എസ്. റോഡ്-ഗിരിജൻകോളനി റോഡ് നിർമ്മാണം	1 കി.മി	3 ലക്ഷം
5.	ഗിരിജൻ കോളനി റോഡിന്റെ അറ്റകുറ്റപണി	1 കി.മി	2.25 ലക്ഷം
6.	കടമാൻപാറ-പാണ്ഡ്യൻപാറ റോഡ് നിർമ്മാണം	2 കി.മി	6 ലക്ഷം
7.	കടമാൻ പാറ-പാണ്ഡ്യൻപാറ റോഡ് അറ്റകുറ്റപണി	2 കി.മി	4 ലക്ഷം
8.	ഗിരിജൻ കോളനിയിൽ ബാലവാടിനിർമ്മാണം	1	2 ലക്ഷം
9.	ഗിരിജൻ കോളനിയിൽ കമ്മ്യൂണിറ്റിഹാൾ	1	4 ലക്ഷം
10.	ഗിരിജൻ കോളനിയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപണി	19	3 ലക്ഷം
11.	ഗിരിജൻ കോളനിയിൽ കക്കൂസ് നിർമ്മാണം	1	5 ലക്ഷം

മൃഗങ്ങൾ, പക്ഷികൾ

1993 ൽ നടന്ന വന്യജീവി സെൻസസ് പ്രകാരം 12 ഇനം മൃഗങ്ങൾ കാണപ്പെടുന്നു. എന്നാൽ പക്ഷികളുടെ സെൻസസ് നടത്തിയിട്ടില്ല. സാധാരണ കാണപ്പെടുന്ന പക്ഷികൾ കാക്ക, കുരുവി, പരുന്ത്, മൈന, തത്ത, മരങ്കൊത്തി, കാട, കൊക്ക്, കുയിൽ, പ്രാവ്, വേഴാമ്പൽ, കരിംങ്കൊക്ക്, കാട്ടുകോഴി, പൊന്മാൻ, ഊമൻ, വാലുകുലുക്കിപക്ഷി, മഞ്ഞക്കിളി, അരിപ്രാവ്, കരിയിലക്കിളി, ഉപ്പൻ തുടങ്ങിയവയാണ്. വന്യജീവികളുടെ കണക്ക് രണ്ട് രീതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഒന്ന് നേരിട്ട് ജീവിയെകണ്ട് തിട്ടപ്പെടുത്തുക, രണ്ട് വന്യജീവികൾ നടന്ന കാൽപ്പാദങ്ങളുടെ അടയാളം, വിസർജ്ജ്യവസ്തുക്കൾ ഇവയിൽ നിന്നും മനസിലാക്കി രേഖപ്പെടുത്തുന്നത്. 14 ട്രാൻ സെക്റ്റുകളായി തിരിച്ചാണ് സർവ്വേ നടത്തിയത്.

പട്ടിക

ക്രമ	മൃഗത്തിന്റെ പേര്	നേരിട്ടുള്ള സർവ്വേ			ബ്ലോക്കടയാളസർവ്വേ			
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആകെ
1	മ്ലാവ്	6	6	12	6	6	12	24
2.	കാട്ടുപന്നി	4	17	21	6	20	26	47
3.	മലയണ്ണാൻ	3	10	13	2	4	6	19
4.	നാടൻ കുരങ്ങ്	17	40	57	19	80	99	156
5.	കേഴ	2	3	5	1	4	5	10
6.	കരിങ്കുരങ്ങ്	1	1	2	1	5	6	8
7.	കൂരൻ	1	1	2	1	5	6	8
8.	മുയൽ	1	1	2	2	3	5	7
9.	കീരി	1	1	2	1	–	1	3
10.	ആന	1	1	2	15	1	16	18
11.	ഉടുമ്പ്	1	1	2	–	–	–	2
12.	മുള്ളൻപന്നി	1	–	1	–	–	–	1
13.	പുള്ളിമാൻ	2	1	3	–	–	–	3
14.	മരപ്പട്ടി	1	–	1	–	–	–	1
15.	വെരുക്	1	1	2	–	–	–	2
16.	കരടി	1	1	2	4	2	6	8
17.	കാട്ടുപട്ടി(ചെന്നായ്)	9	3	12	–	–	–	12
18.	കടുവ	1	–	1	–	1	1	2
19.	പുലി	1	1	2	2	–	2	4

പ്രധാന സസ്യജാലങ്ങൾ

അപൂർവ്വ സസ്യങ്ങൾ നിറഞ്ഞ ഒരു വനമേഖലയാണിത്. ഈ റയിഞ്ചിൽ 1539 ഹെക്ടർ തേക്ക് 385 ഹെക്ടർ യൂക്കാലിപ്റ്റസ്, 45 ഹെക്ടർ മറ്റിനം തോട്ടങ്ങൽ കഴിച്ച് ബാക്കി 5405 ഹെക്ടർ സ്വാഭാവിക വനവുമാണ്. പ്രധാന സസ്യങ്ങൾ, തേക്ക്, ഈട്ടി, പുളിവാക, ഉന്നം, ആഞ്ഞിലി, പ്ലാവ്, ഇലവ്, പുന്ന, മലവേപ്പ്, ഈയോലി,

വേങ്ങ, പെരുമരം, ചോരപൈൻ, മുള്ളുവേങ്ങ, കൊന്ന, വയണ, കുമ്പിൾ, വെന്തേക്ക്, കുളവ്, വെങ്കോട്ട, അമ്പഴം, മഹാഗണി, തേന്മാവ്, താന്നി, മരുതി, ചീനിമരം, മൈല തുടങ്ങിയവയാണ്.

മണ്ണൊലിപ്പ്:- കിഴക്കാൻ തൂക്കായ വനപ്രദേശമാണ് കൂടുതലും. മണ്ണൊലിപ്പ് സാദ്ധ്യത വളരെ കൂടുതലായതിനാൽ ഭൂമിയുടെ ഉയരം കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു.

ഉരുൾപൊട്ടൽ:- ഉരുൾപൊട്ടൽ വളരെ കൂടുതലുള്ള പ്രദേശമാണിത്. 1992 ൽ ഉണ്ടായ ഏകദേശം 192 ഉരുൾപൊട്ടലുകളിൽ ഈ പ്രദേശത്തെ തേക്ക്, യൂക്കാലി പ്ലാന്റേഷനുകളും, വന പ്രദേശങ്ങളും നശിച്ചുപോയി. 25 ലക്ഷം രൂപയുടെ നാശനഷ്ടം ആര്യങ്കാവ് റയിഞ്ചിലുണ്ടായി. പഞ്ചായത്തിലെ ആകെ നഷ്ടം അൻപത് കോടി രൂപയോളമായിരുന്നു.

സാമൂഹ്യ വനവൽക്കരണ പരിപാടി:-

വിസ്തീർണ്ണത്തിൽ ഏറിയ പങ്കും വനഭൂമിയായതിനാൽ സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തി രണ്ട് കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

വനനശീകരണം:- പഞ്ചായത്തിൽ വനഭൂമി കൈയ്യേറ്റം നടക്കുന്നില്ല എങ്കിലും വനവിഭങ്ങൾ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. കൂടാതെ പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയിലാണ് ഒരു വിഭാഗം ആളുകൾ താമസിച്ച് വരുന്നത്. കൈവശക്കാർക്ക് പട്ടയം നൽകുകയും ഫോറസ്റ്റ് ഭൂമിക്ക് ജണ്ടകെട്ടി തിരിക്കുന്നതിനു പകരം കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിച്ച് മുള്ളുവേലിയിടുകയും, വനഭൂമിയിൽ താമസിക്കുന്നവർക്ക് അത്രയും ഭൂമി വനത്തിന് പുറത്ത് നൽകി വനനശീകരണത്തിന് വിരാമമിടേണ്ടതാണ്. ആര്യങ്കാവ് റയിഞ്ചിൽ വനനശീകരണമില്ല.

വനവൽക്കരണം:- സംസ്ഥാനത്തെ മൊത്ത വനഭൂമിയുടെ അളവ് വളരെ കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ വന ഭൂമിയുടെ അളവിൽ കുറവ് വന്നിട്ടില്ലായെങ്കിലും സ്വാഭാവിക വനം കുറഞ്ഞിട്ടുണ്ട്. കൂടുതൽ മരം വച്ചുപിടിപ്പിക്കുന്നതിലുപരി വനവും, ഭൂമിയും നശിക്കാതെ സ്വാഭാവിക വനം നിലനിർത്തുന്നതിനാണ് വകുപ്പ് ശ്രദ്ധിക്കുന്നത്.

ബോഡീലോൺ പ്ലാന്റേഷൻ:- ലോകത്തിലാദ്യമായി സ്റ്റമ്പ് തേക്കു നട്ടുവളർത്തിയ തേക്കിൻതോട്ടം ഈ റയിഞ്ചിൽ പെടുന്നു. കൊല്ലം-ചെങ്കോട്ട റോഡിനു സമീപം സ്ഥിതിചെയ്യുന്ന തേക്ക് മരങ്ങൾക്ക് 110 വർഷം പഴക്കമുണ്ട്. ടൂറിസ്റ്റുകൾക്ക് ഒരു കാഴ്ചയാണീതോട്ടം.

സാദ്ധ്യതകൾ

ആര്യങ്കാവ് റയിഞ്ച്:- പ്ലാൻ, നോൺ പ്ലാൻ, വെസ്റ്റേൺ ഗട്ട് പദ്ധതികളിൽ ഉൾപ്പെടുത്തിചെയ്യാവുന്ന ചുവടെ പട്ടികയിൽ പറയുന്ന പദ്ധതികൾക്ക് സാദ്ധ്യത നിർദ്ദേശിക്കുന്നു.

പട്ടിക

പ്ലാൻ പ്രോജക്റ്റ്

ക്രനമ്പർ	പേര്	എണ്ണം
1	വാച്ച് ടവറുകൾ	5
2	തീയണക്കുന്നതിനുള്ള ഉപകരണങ്ങൾ	–
3	ജീപ്പ്, ബൈക്ക്(മെയിന്റൻസ് ഉൾപ്പെടെ)	
4.	പുതിയ ജീപ്പ് വാങ്ങൽ	5
5.	ഫയർലൈൻ നിർമ്മാണം	250 കെ. എം.
6.	ഫയർ വാക്കുലേഴ്സ്	1500

7	തൈകൾക്ക് ചുറ്റുമതിൽ	21 ഹെക്ടർ
8.	ക്ലെയിം നമ്പർ കട്ടിങ്ങ്	150 ഹെക്ടർ
9.	ആന ട്രഞ്ച്	5
10	ലോറാന്തൽ കട്ടിങ്ങ്	2500 ഹെക്ടർ
11.	കയ്യാല നിർമ്മാണം	5
12.	പില്ലറുകളുടെ നിർമ്മാണം	250
13.	കയ്യാല മെയിന്റെൻസ്	250
14.	റിഹാബിലിറ്റേഷൻ ഓഫ് ന്യൂ ഏറിയ	10 ഹെക്ടർ
15.	റോസ്വുഡ് പ്ലാന്റേഷൻ മെയിന്റൻസ്	12 ഹെക്ടർ
16.	അരി വിതരണം	100 മെട്രിക് ടൺ
17.	എണ്ണ	10 മെട്രിക് ടൺ
18.	ഗോതമ്പ്	10 മെട്രിക് ടൺ

ഓപ്പറേഷൻ വാട്ടർ സ്പ്രെഡ് or പ്രോജക്റ്റ് എലിമെന്റ്

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി റിവർ ഷെഡുകളും ചെക്കു ഡാമുകളും, ഈറ്റ, മുള നടീലും, വാച്ച് ടവറുകളുടെ നിർമ്മാണവും മരങ്ങൾക്ക് നമ്പരിടൽ, നിലവിലുള്ളവയുടെ സംരക്ഷണം. മെയിന്റനൻസ് പണികൾ നടത്തേണ്ടതാണ്.

ഫീൽഡർ ഡെവലപ്പ്മെന്റ് പ്രോഗ്രാം

വനഭൂമിയിൽ വൃക്ഷങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിയ്ക്കൽ, വനപ്രദേശ സംരക്ഷണം മറ്റനുബന്ധപ്ലാന്റേഷൻ, മെയിന്റനൻസ് എന്നിവ നടപ്പാക്കണം.

ട്രൈബൽ സബ്പ്ലാൻ

വനഭൂമിയിൽ താമസിക്കുന്ന ഗിരിജനങ്ങളുടെ ഉന്നമനത്തിന് വിവിധ പദ്ധതികൾ വനംവകുപ്പു നടപ്പാക്കിവരുന്നുണ്ട്. അടുത്ത പദ്ധതിക്കാലത്ത് നടപ്പാക്കാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതികൾ പട്ടികയിൽ ചേർത്തിട്ടുണ്ട്. ഗിരിജനങ്ങൾക്ക് എന്തെല്ലാം ആശ്വാസ നടപടികൾ നടപ്പാക്കിയാലും അവർക്ക് വിദ്യാഭ്യാസത്തിന്റെ അഭാവവും തൊഴിൽ ലഭ്യതയുടെ കുറവും ഇന്നും പ്രശ്നമായിത്തന്നെ ശേഷിയ്ക്കുന്നു എന്നത് വസ്തുതയാണ്. വിദ്യാഭ്യാസം ഉള്ളവർക്ക് അർഹമായ ജോലികൾ നൽകിയും നിർബന്ധമായും വിദ്യാഭ്യാസം നൽകുന്നതിന് സാഹചര്യങ്ങൾ സൃഷ്ടിച്ച് വിദ്യാഭ്യാസം നൽകുക വഴിയുംമാത്രമേ അവരുടെ ഉന്നമനം സാദ്ധ്യമാകു. ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിലെ ജനവിദ്യാകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനൽകേണ്ടതും അവിടെ വാർത്താമാദ്ധ്യമമായി റ്റി. വി സ്ഥാപിച്ചുനൽകേണ്ടതുമാണ്.

മണ്ണ് സംരക്ഷണം.

മണ്ണ് സംരക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തി റബ്ബർ നേഴ്സറി സംരക്ഷിയ്ക്കുന്നതിനും അവ ഹരിജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും സാദ്ധ്യത ഉള്ളതാണ്. കിഴക്കാം തൂക്കായ വനപ്രദേശങ്ങലിൽ മണ്ണൊലിപ്പ് തടയുന്നതിന് കോണ്ടൂർ ബണ്ഡുകൾ നിർമ്മിച്ച് സംരക്ഷണ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

റോഡുകളും കെട്ടിടങ്ങളും

വനഭൂമിയിലുള്ളതും ആൾക്കാർ ഉപയോഗിയ്ക്കുന്നതുമായ റോസ്മല റോഡ് ഉരുൾപൊട്ടൽ മൂലം താറുമാറായികിടക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള ഈ റോഡിന്റെ പണി മെറ്റലി

ങ്ങും ടാറിങ്ങും നടത്തി സംരക്ഷിയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ജീവനക്കാരുടെ താമസസൗകര്യാർത്ഥം ആവശ്യമായ ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു നൽകി അവയുടെ കാലാകാലങ്ങളിലെ മെയിന്റനൻസ് നടത്തി സംരക്ഷിയ്ക്കുകയും വേണം.

നോൺ പ്ലാൻ പദ്ധതി

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഫർണിച്ചറുകൾ വാങ്ങുക, വാട്ടർ പമ്പ്, കിണർ എന്നിവയുടെ നിർമ്മാണം ജീവനും സ്വത്തിനും ഭീക്ഷണിയായി നില്ക്കുന്ന മരങ്ങൾ മുറിച്ചുമാറ്റൽ എന്നീ ജോലികൾ ചെയ്യാവുന്നതാണ്.

പശ്ചിമ ഘട്ട വികസന പദ്ധതി

ഈറ്റ, മുള എന്നീവ പ്ലാന്റ് ചെയ്യുക ഉള്ളവ സംരക്ഷിയ്ക്കുക, മണ്ണ് സംരക്ഷണം, മെഡിസിനൽ പ്ലാന്റേഷൻ തുടങ്ങിയ പരിപാടികൾ നടപ്പാക്കാവുന്നതാണ്.

തെന്മല ഡിവിഷൻ

തെന്മല ഡിവിഷനിൽപ്പെട്ട വനപ്രദേശം ഈ പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിവരെയും കഴുതുരുട്ടി തോടുമുതൽ അമ്പനാട് എസ്റ്റേറ്റ് ഭാഗംവരെയും വ്യാപിച്ചുകിടക്കുന്നു.

സാദ്ധ്യതകൾ:-

1. പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പദ്ധതി.
2. വനഭൂമിവഴിയുള്ള ഗതാഗത-വാർത്താവിനിമയ മാർഗ്ഗങ്ങൾ
3. ബോധവൽക്കരണം-സാംസ്കാരിക പ്രവർത്തനങ്ങൾ.
4. വിനോദ സഞ്ചായരം പരിപോഷിപ്പിക്കൽ
5. വനവൽക്കരണം, വന നശീകരണം തടയൽ
6. ജനവിദ്യാകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണവും, ടെലിവിഷൻ നൽകലും.

പരിഹാരമാർഗങ്ങൾ:-

1. വനഭൂമിയുടെ അതിർത്തികളിലും വൃക്ഷങ്ങൾ അതികമില്ലാത്ത പ്രദേശങ്ങളിലും കൈത, പ്ലാവ്, കശുമാവ്, വാഴ, മാവ്, പുളി തുടങ്ങിയ കാർഷിക വൃക്ഷ തൈകളും, ഗ്രാമ്പു, ഏലം, ജാതി, കുരുമുളക് തുടങ്ങിയ നാണ്യവിളകളും വച്ച് പിടിപ്പിച്ച് പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ നൽകാൻകഴിയുന്നതാണ്.
2. വനഭൂമികളിൽകൂടി സമീപ പ്രദേശങ്ങളിൽ എത്തിചേരേണ്ട പ്രദേശങ്ങളിൽ ഗതാഗത-വാർത്താവിനിമയ മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിന് നിലവിൽ പല പ്രയാസങ്ങളും അനുഭവപ്പെടുന്നു. ഇത് പരിഹരിക്കാൻ വനവകുപ്പ് തന്നെ നേരിട്ട് വികസനപ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.
3. കലാ കായിക മത്സരങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, സാംസ്കാരിക പ്രവർത്തനങ്ങൾ ഇവ പഞ്ചായത്തുമായി സഹകരിച്ച് നടപ്പാക്കണം.
4. പാലരുവി മോട്ടൽ ഇവ പ്രയോജനപ്പെടുത്തി വിനോദ സഞ്ചായരം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാൻപാർക്ക്, അക്വേറിയം തുടങ്ങിയവ സ്ഥാപിക്കേണ്ടതാണ്.
5. വനവിഭവങ്ങളായ ചൂരൽ, ഈറ, മുള എന്നിവ ഉപയോഗിച്ച് പട്ടികവർഗ്ഗകാർക്ക് തൊഴിൽ ലഭ്യമാക്കാൻ സഹായിക്കുകയും ഈട്ടി, തേക്ക് തുടങ്ങിയ വൃക്ഷങ്ങൾ വനം വകുപ്പിന്റെ നിയന്ത്രണത്തിൽ ഫർണിച്ചറാക്കി മാറ്റുന്നതിന് കഴിയുമാറ് വ്യവസ്ഥകൾക്ക് മാറ്റം വരുത്തുകയും അതുവഴി പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് സാധിക്കുകയും ചെയ്യും.
6. അച്ചൻകോവിൽ, ആര്യങ്കാവ്, ഇടപ്പാളയം ജനവിദ്യാകേന്ദ്രങ്ങൾക്ക് മൂന്ന് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകി പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സാക്ഷരതാ നിലവാരവും വായനാ ശീലവും വർദ്ധിപ്പിക്കുന്നതിന് കഴിയുന്ന 3 സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റേണ്ടതാണ്. കൂടാതെ ഇവരുടെ ഒരുതൊഴിൽ പരിശീലന കേന്ദ്രവുമാക്കി മാറ്റാൻ കഴിയുന്നതാണ്.

ഉപസംഹാരം

ഒന്പതാം പദ്ധതി രൂപീകരണത്തിനാവശ്യമായ വികസന പ്രശ്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പഞ്ചായത്തു വികസനറിപ്പോർട്ടിൽ ആസൂത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികമായി പ്രാധാന്യമർഹിക്കുന്ന ടൂറിസം, വനം തുടങ്ങിയ ചില വിഷയങ്ങൾ കൂടി അധികമായി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രായോഗിക നിർദ്ദേശങ്ങൾ പൂർണമായും റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. വികസന സെമിനാറിൽ നടക്കുന്ന ഗ്രൂപ്പു ചർച്ചകളിൽ ഉയർന്നുവരുന്ന പുതിയ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കാവുന്നതാണ്. പഞ്ചായത്തുഭരണ സമിതി നിയോഗിക്കുന്ന കർമ്മ സമിതികൾ വികസനറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സ്കീമുകളാക്കി മാറ്റുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭിക്കുന്ന പദ്ധതി വിഹിതത്തിനനുസൃതമായി മുൻഗണനാക്രമം നിശ്ചയിച്ച് സ്കീമുകൾ നടപ്പാക്കുകയും ചെയ്യും. മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ പ്രാദേശിക അസന്തുലിതാവസ്ഥ ഇല്ലാതാക്കുന്നതിന് പൂർവ്വകമായി സ്കീമുകൾ നടപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിജ്ഞാബദ്ധവുമാണ്.

ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ സഹകരിച്ച ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ, കാരണവന്മാർ തുടങ്ങിയ ഏവർക്കും ആര്യകാവു ഗ്രാമപഞ്ചായത്തിന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

INSTITUTE OF LOCAL ADMINISTRATION ★ KERALA ★ THRISSUR-680581

4207

ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്